Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
Vol.5 / Issue 2/ Pages32
30
ജൂലൈ 2025
ബുധനാഴ്ച
1200 കർക്കിടകം 14

www.vachakam.com
news@vachakam.com

01America | 11Canada | 12Keralam | 17India | 20Socialmedia | 22Cinema | 26Sports | 28Technology | 30World



# ഹമാസിനെ പുറത്താക്കാൻ അറബ് രാജ്യങ്ങൾ
# ഗാസ വിട്ടുപോകൂ!!!

ന്യൂയോർക്ക്: ഇസ്രയേലിന്റെ ആക്രമണങ്ങൾ അവസാനിപ്പിക്കാൻ ഗാസയിലെ ഭരണം ഉപേക്ഷിക്കാൻ ഹമാസ് തയ്യാറാവണമെന്ന് അറബ് രാജ്യങ്ങളും യൂറോപ്യൻ യൂണിയനും ആവശ്യപ്പെട്ടിരിക്കുകയാണ്. സൗദി അറേബ്യ, ഖത്തർ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളാണ് ഹമാസിനോട് ഭരണം വിട്ടുപോകാൻ നിർദേശിച്ചിരിക്കുന്നത്.ഇസ്രയേലിനും പലസ്തീനുമിടയിൽ ദ്വിരാഷ്ട്ര പരിഹാരം പുനരുജ്ജീവിപ്പിക്കുന്നത് സംബന്ധിച്ച് ഐക്യരാഷ്ട്ര സഭ സമ്മേളനത്തിൽ അംഗീകരിച്ച ഏഴ് പേജുള്ള രേഖയിലാണ് ഈ രാജ്യങ്ങൾ ഇക്കാര്യം ആവശ്യപ്പെട്ടത്. നിർദേശത്തെ അറബ് ലീഗും യൂറോപ്യൻ യൂണിയനും ഉൾപ്പെടെ പതിനേഴ് രാജ്യങ്ങൾ പിന്തുണച്ചു. നിലവിലെ യുദ്ധത്തിന് കാരണമായ, 2023 ഒക്ടോബർ 7-ലെ ഹമാസ് ആക്രമണത്തെ യുഎൻ പ്രമേയം അപലപിക്കുകയും ചെയ്തു.'ഗാസയിലെ യുദ്ധം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി, പലസ്തീൻ രാഷ്ട്രം എന്ന ലക്ഷ്യത്തിനു വേണ്ടി, ഗാസയിലെ ഭരണം ഹമാസ് അവസാനിപ്പിക്കുകയും ആയുധങ്ങൾ പലസ്തീൻ അതോറിറ്റിക്ക് കൈമാറുകയും വേണം.' യുഎൻ അംഗീകരിച്ച പ്രഖ്യാപനത്തിൽ പറയുന്നു. ഇസ്രയേലും ഹമാസും ഗാസ വിട്ടുപോകണമെന്നും പലസ്തീൻ അതോറിറ്റിക്ക് പ്രദേശത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാൻ അവസരം നൽകണമെന്നും യുഎന്നിലെ പലസ്തീൻ പ്രതിനിധി സംഘം ആവശ്യപ്പെട്ടതിനെ തുടർന്നാണ് പ്രമേയം.ഫ്രാൻസ്, ബ്രിട്ടൻ, കാനഡ തുടങ്ങിയ രാജ്യങ്ങളും രേഖയിൽ ഒപ്പുവെച്ചിട്ടുണ്ട്. ഇസ്രയേലും അമേരിക്കയും യോഗത്തിൽ നിന്ന് വിട്ടുനിന്നു. യുദ്ധം അവസാനിച്ച ശേഷം ഗാസയെ സുസ്ഥിരമാക്കാൻ വിദേശസൈന്യത്തെ വിന്യസിക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു. സൗദി അറേബ്യയ്ക്കൊപ്പം സമ്മേ

ശേഷം പേജ് 8ൽ

# ഇന്ത്യയ്ക്ക് പ്രഹരം, പാക്കിസ്ഥാന് തലോടൽ!

## ഇന്ത്യയ്ക്കുമേൽ 25 ശതമാനം തീരുവയും പാക്കിസ്ഥാന്റെ എണ്ണ ശേഖരത്തിന് കൈത്താങ്ങും, ഇനിയെന്ത്?

ഇന്ത്യയ്ക്ക് 25 ശതമാനം ഇറക്കുമതി തീരുവ ചുമത്തിയിരിക്കുകയാണ് അമേരിക്ക. റഷ്യയിൽ നിന്ന് എണ്ണയും ആയുധങ്ങളും ഇന്ത്യ വാങ്ങുന്നത് ചൂണ്ടിക്കാട്ടിയാണ് ട്രംപിന്റെ പ്രഖ്യാപനം. ഇന്ത്യയിൽ നിന്നുള്ള ചരക്കുകൾ അമേരിക്കയിൽ ഇറക്കുമതി ചെയ്യുമ്പോൾ ഇനി ചെലവ് കൂടും. ഇന്ത്യയ്ക്ക് ഇത് വലിയ തിരിച്ചടിയാണ്. താരിഫ് കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു എങ്കിലും അമേരിക്ക മുഖവിലക്കെടുത്തില്ല. ഓഗസ്റ്റ് ഒന്ന് മുതൽ പുതിയ താരിഫ് ആയിരിക്കുമെന്ന് ട്രംപ് പ്രഖ്യാപിച്ചു. യുക്രൈൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ പോലും റഷ്യയിൽ നിന്ന് എണ്ണയും ആയുധങ്ങളും ഇന്ത്യ വാങ്ങുന്നു എന്നും ട്രംപ് പറയുന്നു.25 ശതമാനം താരിഫ് മാത്രമല്ല ഇന്ത്യയ്ക്കെതിരെ അമേരിക്ക ചുമത്തിയിട്ടുള്ളത്. റഷ്യയുമായി ഇടപാട് തുടരുന്നതിൽ അധിക പിഴയും ചുമത്തിയിട്ടുണ്ട്. ഇന്ത്യ അമേരിക്കയുടെ സൗഹൃദ രാജ്യമാണെങ്കിലും ഇരുരാജ്യങ്ങൾക്കുമിടയിലെ വ്യാപാരം വളരെ കുറവാണ് എന്ന് ട്രംപ് ട്രൂത്ത് സോഷ്യലിൽ കുറിച്ചു. ഇതിന് കാരണം, അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് ഇന്ത്യ ചുമത്തുന്ന അമിത താരിഫ് ആണെന്നും ട്രംപ് പറയുന്നു.മറ്റേതൊരു രാജ്യത്തേക്കാളും ഉയർന്ന താരിഫും പണ ഇതര നിയന്ത്രണങ്ങളും ഇന്ത്യ ചുമത്തുന്നു എന്നാണ് അമേരിക്കയുടെ ആരോപണം. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള വ്യാപാര കരാറിന് അന്തിമ രൂപമായിട്ടില്ല എന്ന് കഴിഞ്ഞ ദിവസം ട്രംപ് മാധ്യമങ്ങളോട് പറഞ്ഞിരുന്നു. ഇന്ത്യയ്ക്കെതിരെ 25 ശതമാനം താരിഫ് ചുമത്തുമെന്നും അദ്ദേഹം സൂചിപ്പിച്ചിരുന്നു. അതേ നിരക്ക് ഇപ്പോൾ പ്രാബല്യത്തിൽ വന്നിരിക്കുകയാണ്.വിയറ്റ്നാമിനും ഇന്തോനേഷ്യയ്ക്കും അമേരിക്ക ഉയർന്ന താരിഫ് ചുമത്തിയ വേളയിൽ ഇന്ത്യയ്ക്കും സമാനമായ താരിഫ് ആകുമെന്ന് വാർത്തകളുണ്ടായിരുന്നു. എന്നാൽ പിന്നീടാണ് ജപ്പാനും യൂറോപ്യൻ രാജ്യങ്ങൾക്കും 15 ശതമാനം താരിഫ് അമേരിക്ക പ്രഖ്യാപിച്ചത്. ഇതോടെ ഇന്ത്യയെയും ഈ ഗണത്തിൽ ഉൾപ്പെടുമോ എന്ന ചോദ്യമുയർന്നു. എല്ലാ പ്രതീക്ഷകളും അസ്ഥാനത്താക്കിയാണ് ട്രംപി

ശേഷം പേജ് 8ൽ

**ഗോവിന്ദച്ചാമിയുടെ ജയിൽ ജീവിതം ..**
(സെർജി ആന്റണി എഴുതുന്നു)
....... പേജ് 07

**ഇരകളെ ചേർത്തുനിർത്താതെ ഇഴയുന്ന പുനരധിവാസം**
....... പേജ് 15

**രാഷ്ട്രീയ വനവാസത്തിന് ഒരുങ്ങുന്നതാര്?**
....... പേജ് 16

**കാട്ടിലുള്ള യമണ്ടൻ കുറുക്കന്മാരേ കടന്നുവരൂ, നാട്ടിലുള്ള 'കുറുക്കന്മാരെ' കൂവിത്തോൽപ്പിക്കൂ പ്ലീസ്...**
....... പേജ് 24

**അങ്ങനെ അതും നേടിയിരിക്കുന്നു ബിജെപി..!**
....... പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ആരോഗ്യവിവരങ്ങൾ ഇനി ആപ്പുകളിൽ!; പുതിയ ഹെൽത്ത് ഡാറ്റ പദ്ധതി പ്രഖ്യാപിച്ചു ട്രംപ് ഭരണകൂടം

ട്രംപ് ഭരണകൂടം സ്വകാര്യ കമ്പനികളുമായി ചേർന്ന് പുതിയ ആരോഗ്യ ഡാറ്റാ സിസ്റ്റം ആരംഭിക്കുന്നതായി റിപ്പോർട്ട്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പുതിയ ആരോഗ്യ സംരംഭം പ്രഖ്യാപിച്ചു എന്നാണ് ലഭിക്കുന്ന റിപ്പോർട്ട്.

ഇതിലൂടെ അമേരിക്കക്കാർക്ക് അവരുടെ സ്വകാര്യ ആരോഗ്യ വിവരങ്ങളും മെഡിക്കൽ റെക്കോർഡുകളും സ്വകാര്യ ടെക് കമ്പനികളുടെ ആപ്പുകളിലേക്കും ആരോഗ്യ സംവിധാനങ്ങളിലേക്കും പങ്കുവെക്കാൻ അവസരമൊരുങ്ങും എന്നാണ് പുറത്തുവരുന്ന വിവരം.

അതേസമയം ആരോഗ്യ അവസ്ഥ മനസ്സിലാക്കാനും ചികിത്സ തുടരാനും ഈ സാങ്കേതിക സംവിധാനം സഹായിക്കുമെന്നും ട്രംപ് വ്യക്തമാക്കി. ഈ പദ്ധതി ഗൂഗിൾ, ആമസോൺ, ആപ്പിൾ തുടങ്ങിയ ടെക് ഭീമന്മാരും യുണൈറ്റഡ് ഹെൽത്ത് ഗ്രൂപ്പ്, സിവിഎസ് ഹെൽത്ത് പോലുള്ള ആരോഗ്യ സംവിധാന കമ്പനികളും ഉൾപ്പെടെ 60ലധികം കമ്പനികൾ പങ്കാളികളായുള്ളതാണ്.

പ്രോജക്ട് പ്രധാനമായും പ്രമേഹം, ഭാരം കുറയ്ക്കൽ, കൃത്രിമ ബുദ്ധി ഉപയോഗിച്ച് രോഗികളെ സഹായിക്കുന്ന ഡിജിറ്റൽ സംവിധാനങ്ങൾ, മെഡിക്കൽ ക്യൂആർ കോഡുകൾ, മരുന്നുകൾക്ക് ട്രാക്കിംഗ് ആപ്പുകൾ തുടങ്ങിയവയെ കേന്ദ്രീകരിച്ചാണ്.



'അമേരിക്കയിലെ ആരോഗ്യ രംഗം നൂറുകണക്കിന് വർഷമായി സാങ്കേതികമായി പിൻതള്ളപ്പെട്ടതാണ്. ഇന്ന് നമ്മൾ ആരോഗ്യസംരക്ഷണ മേഖലയെ ഡിജിറ്റൽ യുഗത്തിലേക്ക് കൊണ്ടുവരുന്നു,' എന്നാണ് ട്രംപ് വ്യക്തമാക്കിയത്.

പദ്ധതി നിയന്ത്രിക്കുന്നത് Centers for Medicare and Medicaid Services (CMS) ആകും.

രോഗികൾക്ക് വ്യക്തമായ സമ്മതം നൽകുന്ന സാഹചര്യത്തിൽ മാത്രം അവരുടെ ഡാറ്റ ഉപയോഗിക്കുമെന്നും സുരക്ഷ ഉറപ്പാക്കുമെന്നും അധികൃതർ പറഞ്ഞു.

എന്നാൽ വിദഗ്ധർ അതിനെ ചോദ്യം ചെയ്യുന്നുണ്ട്. 'ഇത് വലിയ നിയമപരമായും നൈതികമായും സംശയങ്ങൾ ഉണ്ടാക്കുന്നു.

സ്വകാര്യ ആരോഗ്യ വിവരങ്ങൾ ദുർവിനിയോഗം ചെയ്യപ്പെടും എന്ന ഭയം പൊതുജനങ്ങൾക്കുണ്ടാകേണ്ടതാണ്' എന്ന് ജോർജ്ജ് ടൗൺ യൂണിവേഴ്സിറ്റിയിലെ നിയമപ്രൊഫസർ ലാറൻസ് ഗോസ്റ്റിൻ പറഞ്ഞു.

### പുതിയ സിസ്റ്റത്തിന്റെ ഗുണങ്ങൾ

1. ഈ സിസ്റ്റം വഴി ഡോക്ടർമാർക്കും ആപ്പുകൾക്കും രോഗികളുടെ ഡാറ്റയിലേക്കുള്ള തത്സമയം ആക്സസ് ലഭിക്കും.
2. ഓരോ വ്യക്തിയും ആപ്പിൾ ഹെൽത്ത് പോലെയുള്ള മറ്റ് ആപ്പുകളിൽ നിന്നുള്ള ഡാറ്റ ഉപയോഗിച്ച് എഐ അടിസ്ഥാനമാക്കിയുള്ള ആരോഗ്യ നിർദേശങ്ങൾ ലഭിക്കും.
3. അനേകം ഡിജിറ്റൽ ഹെൽത്ത് ആപ്പുകൾ (ഉദാ: Noom, MyFitnessPal മുതലായവ) ഇതിൽ പങ്കാളികളാവും.
4. മെഡിക്കൽ റെക്കോർഡുകൾ വിവിധ ആശുപത്രികളിൽ നിന്ന് എളുപ്പം ഒരേ സ്ഥലത്ത് ലഭ്യമാകും.
5. CMSMedicare.gov-ൽഅത്യുത്തമമായ ആപ്പുകളുടെ ലിസ്റ്റും നൽകും – ഇത് രോഗനിയന്ത്രണത്തിനും ആശുപത്രി തെരഞ്ഞെടുപ്പിനും സഹായിക്കും.

### സ്വകാര്യതാ പ്രശ്നങ്ങൾ

ഈ സിസ്റ്റം രോഗിയുടെ ഭക്ഷണക്രമം, വ്യായാമം, മാനസികാരോഗ്യം പോലുള്ള ഏറ്റവും സ്വകാര്യ വിവരങ്ങൾ വരെ ഉൾപ്പെടുന്ന ഡാറ്റ കൈകാര്യം ചെയ്യും. ഡിജിറ്റൽ പ്രൈവസി മുൻനിർത്തുന്നവർ ഇതിനെ ആശങ്കയോടെയാണ് നോക്കുന്നത്.

## American Diary — 40 years Ago

### *The U.S. and the Kremlin offered new proposals on nuclear weapons tests*



The U.S. and the Kremlin offered new proposals on nuclear weapons tests. The White House announced that President Reagan had suggested that Moscow send observers to witness an underground nuclear test in Nevada. Hours later, Mikhail S. Gorbachev, the Soviet leader, announced he would impose a one-sided, five-month moratorium on nuclear arms tests, starting on Aug. 6, the 40th anniversary of the United States' bombing of Hiroshima. He said the moratorium could be extended if the United States also halted nuclear weapons tests.

July 30, 1985



# ക്രിപ്റ്റോ നിക്ഷേപങ്ങൾക്ക് നിയമപരമായ രൂപം നൽകാൻ നീക്കം ആരംഭിച്ചു ട്രംപ് ഭരണകൂടം

ട്രംപ് ഭരണകൂടം ക്രിപ്റ്റോ നിക്ഷേപങ്ങൾക്ക് നിയമപരമായ രൂപം നൽകാൻ



നീക്കം തുടങ്ങിയതായി റിപ്പോർട്ട്. അമേരിക്കൻ പ്രസിഡന്റായി അധികാരമേറ്റ ഉടൻ തന്നെ, ഡോണൾഡ് ട്രംപ് രൂപീകരിച്ച ക്രിപ്റ്റോ കറൻസി വർക്കിങ് ഗ്രൂപ്പ് ആദ്യത്തെ ഔദ്യോഗിക റിപ്പോർട്ട് പുറത്തിറക്കി എന്നാണ് ലഭിക്കുന്ന വിവരം.

ഈ റിപ്പോർട്ടിൽ, അമേരിക്കയിലെ ഡിജിറ്റൽ നാണയങ്ങൾക്ക് (ക്രിപ്റ്റോ കറൻസികൾക്ക്) കൂടുതൽ വ്യക്തമായ നിയമരൂപം നൽകാൻ കോൺഗ്രസിനോടും സെക്യൂരിറ്റീസ് റെഗുലേറ്ററായ ടഋഇനോടും ആഹ്വാനം ചെയ്യുന്നുണ്ട് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

### റിപ്പോർട്ടിലെ പൊതുവായ നിലപാടുകൾ ഇങ്ങനെ ആണ്

1. കോൺഗ്രസ് പുതിയ ക്രിപ്റ്റോ നിയമം പാസാക്കണം, അതിലൂടെ വിപണിയുടെ നിയമപരമായ ഘടന ഉറപ്പാക്കണം.
2. ക്രിപ്റ്റോ ട്രേഡിങ് പ്ലാറ്റ്ഫോമുകൾക്ക് നാണയങ്ങൾ കസ്റ്റഡി ചെയ്യാൻ അധികാരം നൽകേണ്ടത് ഉൾപ്പെടെ, കൂടുതൽ വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തണം.
3. ക്രിപ്റ്റോ സെക്യൂരിറ്റികൾ പുറത്തിറക്കുന്ന കമ്പനികൾക്ക് പ്രത്യേകമായ വിവരദാന നിയമങ്ങൾ വേണം.

അതേസമയം റഗുലേറ്റർമാർക്കും റിപ്പോർട്ടിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. SEC (സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് കമ്മീഷൻ)യും CFTC (കമോഡിറ്റി ഫ്യൂച്ചേഴ്സ് ട്രേഡിംഗ് കമ്മീഷൻ)ഉം നിലവിലുള്ള അധികാരങ്ങൾ ഉപയോഗിച്ച് ക്രിപ്റ്റോ ടോക്കണുകൾഫെഡറൽതലത്തിൽ വ്യാപാരം ചെയ്യാനുള്ള ചട്ടങ്ങൾ ഉടൻ തന്നെ രൂപപ്പെടുത്തണമെന്ന് വൈറ്റ് ഹൗസ് ആവശ്യപ്പെട്ടു. സുരക്ഷിത മാർഗനിർദ്ദേശങ്ങൾ, റഗുലേറ്ററി സാൻഡ്ബോക്സുകൾ തുടങ്ങിയവ ഉപയോഗിച്ച് പുതിയ ക്രിപ്റ്റോ ഉത്പന്നങ്ങൾ ഉപഭോക്താക്കളിലേക്കെത്തിക്കാൻ അവസരം ഒരുക്കണം എന്നും റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നു.

### റിപ്പോർട്ടിൽ നൂതന ആശയങ്ങൾ ഉൾപ്പെടുന്നു

**ടോക്കൺ നിർമാണം (Tokenization):** ബാങ്ക് നിക്ഷേപങ്ങൾ, സ്റ്റോക്കുകൾ, റിയൽ എസ്റ്റേറ്റ് തുടങ്ങിയവയെ ക്രിപ്റ്റോ അസറ്റുകൾ ആക്കി മാറ്റുന്നതിനുള്ള സംവിധാനം.

**ഡിസെൻട്രലൈസ്ഡ് ഫിനാൻസ് (DeFi)**: മധ്യസ്ഥർ ഇല്ലാതെ ഉപഭോക്താക്കൾക്ക് ഇടപാടുകൾ നടത്താൻ സഹായിക്കുന്ന ബ്ലോക്ക്ചെയിൻ അധിഷ്ഠിത പ്ലാറ്റ്ഫോമുകൾക്ക് നിയമപരമായ അംഗീകാരം.

അതേസമയം ട്രംപ് തന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ തന്നെ ക്രിപ്റ്റോ കറൻസികളെ പിന്തുണച്ചതായി വ്യക്തമാക്കിയിരുന്നു.

ട്രംപിന്റെ കുടുംബം തന്നെ ക്രിപ്റ്റോ നാണയങ്ങൾ ഇറക്കിയിട്ടുണ്ട്, കൂടാതെ World Libetry Financial എന്ന ക്രിപ്റ്റോ പ്ലാറ്റ്ഫോമിൽ ട്രംപ് സ്വതന്ത്ര പങ്കാളിത്തം പുലർത്തുന്നതായും റിപ്പോർട്ടുകൾ പറയുന്നു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy

**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.

# കാലിഫോർണിയ ഗവർണർ സ്ഥാനത്തേക്ക് മത്സരിക്കില്ല; കമല ഹാരിസ്

വാഷിംഗ്ടൺ: 2026ലെ തിരഞ്ഞെടുപ്പിൽ കാലിഫോർണിയ ഗവർണർ സ്ഥാനത്തേക്ക് മത്സരിക്കില്ലെന്ന് മുൻ വൈസ് പ്രസിഡന്റ് കമല ഹാരിസ്.

'ഇപ്പോൾ, എന്റെ നേതൃത്വവും, പൊതുസേവനവും തിരഞ്ഞെടുക്കപ്പെട്ട ഓഫീസിലായിരിക്കില്ല, ഞാൻ വീണ്ടും പുറത്തിറങ്ങി അമേരിക്കൻ ജനതയെ ശ്രദ്ധിക്കാനും, രാജ്യത്തുടനീളമുള്ള തിരഞ്ഞെടുക്കപ്പെട്ട ഡെമോക്രാറ്റുകളെ നിർഭയമായി പോരാടാൻ സഹായിക്കാനും, എന്റെ സ്വന്തം പദ്ധതികളെക്കുറിച്ച് വരും മാസങ്ങളിൽ കൂടുതൽ വിശദാംശങ്ങൾ പങ്കിടാനും ആഗ്രഹിക്കുന്നു. കമല പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു.

അമേരിക്കൻ ഐക്യനാടുകളിൽ, അധികാരം ജനങ്ങളുടെ കൈകളിലായിരിക്കണം. സ്വാതന്ത്ര്യം, അവസരം, നീതി, എല്ലാവരുടെയും അന്തസ്സ് എന്നിവയ്ക്കായി പോരാടാൻ നമ്മൾ, ജനങ്ങൾ നമ്മുടെ ശക്തി ഉപയോഗിക്കണം. ഞാൻ ആ പോരാട്ടത്തിൽ തുടരുമെന്നും കമല കൂട്ടിച്ചേർത്തു.

2019 മുതൽ ഗവർണർ സ്ഥാനം വഹിക്കുന്ന ഡെമോക്രാറ്റായ ഗാവിൻ ന്യൂസമിന്, കാലാവധി പരിധി കാരണം വീണ്ടും തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയില്ല.

അതേസമയം മുൻ പ്രസിഡന്റ് ജോ ബൈഡന്റെയും മുൻ യുഎസ് പ്രതിനിധി കാറ്റി പോർട്ടറിന്റെയും കീഴിൽ ആരോഗ്യമനുഷ്യ സേവന ഡയറക്ടറായി സേവനമനുഷ്ഠിച്ച സേവ്യർ ബെസെറ ഉൾപ്പെടെയുള്ള ഡെമോക്രാറ്റുകൾ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചിട്ടുണ്ട്.

## റീ...പോളിംഗ്




*കന്യാസ്ത്രീകളുടെ ജാമ്യം കേരള ബി.ജെ.പിയുടെ ആവശ്യം ഛത്തീസ്ഗഡ് സർക്കാർ അവഗണിച്ചു*

# ഷിക്കാഗോ സോഷ്യൽ ക്ലബിന്റെ 11ാമത് അന്താരാഷ്ട്ര വടംവലി: ആഗസ്റ്റ് 31 ഞായറാഴ്ച രാവിലെ 9 മണി മുതൽ

ഷിക്കാഗോ: ആഗോള മലയാളി സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിയ ഷിക്കാഗോ സോഷ്യൽ ക്ലബ് നേതൃത്വം നൽകുന്ന 11-ാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ (1300 പൗണ്ട്) ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക് പുരോഗമിക്കുന്നു. മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരു ദിവസം തന്നെ മൂന്നു പ്രോഗ്രാമുകളാണ് നടത്തപ്പെടുക. ആഗസ്റ്റ് 31ന് ഞായറാഴ്ച രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിക്ക് മത്സരങ്ങൾ അവസാനിക്കും.

5 മണി മുതൽ രാത്രി 10 മണി വരെ വൈവിദ്ധ്യമാർന്ന ഇന്ത്യൻ ഭക്ഷണവിഭവങ്ങൾ ആസ്വദിക്കുവാനുള്ള 'ഇന്ത്യ ഫുഡ് ടേസ്റ്റ്' നടത്തപ്പെടും. 7 മണി മുതൽ 10 മണി വരെ അഫ്സലിന്റെ നേതൃത്വത്തിൽ കലാസന്ധ്യ അരങ്ങേറും. ഈ വർഷം പുതിയ സ്ഥലത്താണ് വടംവലി മത്സരം നടക്കുക. വിശാലവും വിപുലവുമായ പാർക്കിംഗ് സൗകര്യങ്ങളുള്ള മോർട്ടൻ ഗോവ് പാർക്ക് ഡിസ്ട്രിക്ട് സ്റ്റേഡിയം (6834 DEMPSTER ST, MORTON GROVE, ILLINOIS 60053) കാണികളെ സ്വീകരിക്കാനുള്ള തയ്യാറെടുപ്പിലാണ്. വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള ടീമുകൾ മത്സരങ്ങളിൽ പങ്കെടുക്കും. ഇരുപതിൽപ്പരം ടീമുകളെയാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. കൃത്യനിഷ്ഠയോടെ ഈ വർഷത്തെ മത്സരങ്ങൾ നടത്തപ്പെടുന്നതാണ്.




പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡന്റ് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയ് കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത്ത് എന്നിവരടങ്ങിയതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. സിറിയക് കൂവക്കാട്ടിലാണ് ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ. കമ്മിറ്റിയിൽ വൈസ് ചെയർമാൻ മാനി കരികുളം, ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫൈനാൻസ് ചെയർ ബിനു കൈതക്കതൊട്ടിയിൽ, പിആർഒ മാത്യു തട്ടാമറ്റം എന്നിവരും മത്സരത്തിന്റെ വിജയത്തിനായി മുന്നിട്ടു പ്രവർത്തിക്കുന്നു.

ആകർഷകമായ സമ്മാനത്തുകയാണ് ഈ വടംവലി മത്സരത്തിന്റെ പ്രത്യേകത. ഒന്നാംസ്ഥാനം നേടുന്ന ടീമിന് 11,111 ഡോളറും മാണി നെടിയകാലായിൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും ലഭിക്കും. ഷിക്കാഗോയിലെ വ്യവസായ പ്രമുഖനായ ജോയി നെടിയകാലായിലാണ് സ്പോൺസർ. രണ്ടാംസ്ഥാനം നേടുന്ന ടീമിന് 5555 ഡോളറും ജോയി മുണ്ടപ്ലാക്കൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും ലഭിക്കും. ഷിക്കാഗോയിലെ വ്യവസായ പ്രമുഖനായ ഫിലിപ്പ് മുണ്ടപ്ലാക്കലാണ് സ്പോൺസർ. മൂന്നാം സ്ഥാനം നേടുന്ന ടീമിന് 3333 ഡോളറും കിഴക്കേക്കുറ്റ് ചാക്കോ & മറിയം മെമ്മോറിയൽ എവർ റോളിങ് ട്രോഫിയുമാണ് ലഭിക്കുക. അറിയപ്പെടുന്ന സ്ഥാപനമായ എലൈറ്റ് ഗെയിമിംഗിനു വേണ്ടി റ്റോണി & ഫ്രാൻസിസ് കിഴക്കേക്കുറ്റ് സ്പോൺസർ ചെയ്തിരിക്കുന്നു. നാലാംസ്ഥാനം ലഭിക്കുന്ന ടീമിന് 1111 ഡോളറാണ് സമ്മാനത്തുക. ഷിക്കാഗോ മംഗല്യ ജൂവലറിക്കു വേണ്ടി ഷൈബു കിഴക്കേ ക്കുറ്റ്, മനീവ് ചിറ്റലക്കാട്ട്, മിഥുൻ മാമ്മൂട്ടിൽ എന്നിവരാണ് സ്പോൺസർമാർ.

2013ൽ സ്ഥാപിതമായ ഷിക്കാഗോ സോഷ്യൽ ക്ലബിന്റെ പ്രഥമ പ്രസിഡന്റ് സൈമൺ ചക്കാലപടവിലാണ്. പിന്നീട് സാജു കണ്ണമ്പള്ളി, അലക്സ് പടിഞ്ഞാറേൽ, പീറ്റർ കുളങ്ങര, ബിനു കൈതക്കതൊട്ടിയിൽ, സിബി കദളിമറ്റം എന്നിവർ പ്രസിഡന്റുമാരായുള്ള കമ്മിറ്റികൾ വിവിധ കാലയളവുകളിൽ സോഷ്യൽ ക്ലബിന്റെ വളർച്ചയ്ക്ക് ഊർജം പകർന്നു.

ആയിരക്കണക്കിന് കാണികളെ പ്രതീക്ഷിക്കുന്ന ഈ വടംവലി മാമാങ്കത്തിലേക്ക് എല്ലാവരെയും സംഘാടകർ സ്വാഗതം ചെയ്യുന്നു. പുതിയ അഡ്രസ് ശ്രദ്ധിക്കുക:

വിശദവിവരങ്ങൾക്ക്: റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡന്റ്) 630-935-9655, സിറിയക് കൂവക്കാട്ടിൽ (ടൂർണമെന്റ് ചെയർമാൻ) 630-673-3382

*മാത്യു തട്ടാമറ്റം*

# കേരളാ കൾച്ചറൽ സെന്റർ പിക്നിക്കും ചെണ്ടമേള പ്രദർശനവും ആഘോഷിച്ചു

ഷിക്കാഗോ: ഷിക്കാഗോ നോർത്ത് വെസ്റ്റേൺ സബർബിൽ പ്രവർത്തിക്കുന്ന കേരളാ കൾച്ചറൽ സെന്റർ വാർഷിക പിക്നിക്കും ചെണ്ടമേള പ്രദർശന മത്സരവും ഗാനസന്ധ്യയും പൂർവ്വാധികം ഭംഗിയോടെ നിരവധിയാളുകളുടെ സാന്നിദ്ധ്യത്തിൽ നടത്തി. രാവിലെ 11 മുതൽ വൈകിട്ട് 6മണിവരെ ഏകദേശം 300 ഓളം ആളുകൾ ആഘോഷങ്ങളിൽ പങ്കെടുത്തു.




ഡോക്ടർ ഈനാസ് എ ഈനാസ്, ഡോക്ടർ തോമസ് ചൊവാറ്റുകുന്നേൽ, കെ.സി.സി.സി പ്രസിഡന്റ് പ്രമോദ് സക്കറിയാസ്, സെക്രട്ടറി ജോസ് ചെന്നിക്കര, മറ്റു കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ നിലവിളക്കു കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു.

ബാർബെക്യൂവും അംഗങ്ങൾ കൊണ്ടുവന്ന ഇതര ലഘുഭക്ഷണങ്ങളും പങ്കെടുത്തവർ ആസ്വദിച്ചു. ആഘോഷങ്ങളിൽ വിവിധ ഗ്രൂപ്പുകൾ, കുടുംബങ്ങൾ അവരുടെ സൗകര്യപ്രദമായ സമയത്തു വന്നു പങ്കെടുത്തു. ഞായറാഴ്ച ആയതിനാൽ പലരും പള്ളിയിൽ പോയതിനു ശേഷമാണ് പിക്നിക് ആഘോഷങ്ങളിൽ പങ്കെടുത്തത്.

കെ.സി.സി.സി സ്ത്രീപുരുഷ ടീമുകൾ സംയുക്തമായി നടത്തിയ ചെണ്ടമേള പ്രദർശനത്തിന് നേതൃത്വം നൽകിയത് മാത്യു ജോസഫ്, നിഷാ സൈജു, ലിറ്റി സുനിൽ, സോഫി പാലിയത്ത്, ലിജി ബാബു, ട്രീസ ആലപ്പാട്ട്, മരിയാ മാത്യു, ലിയാ റ്റോമി, സുനിൽ സിറിയത് തുടങ്ങിയവരായിരുന്നു. ഉച്ചകഴിഞ്ഞ് ഷിക്കാഗോ ചെണ്ട ക്ലബിന്റെ നേതൃത്വത്തിൽ നടത്തിയ ചെണ്ട പ്രദർശന മേളത്തിനു നേതൃത്വം നൽകിയത് അരുൺ നെല്ലാമറ്റം, ശ്യാം എരമല്ലൂർ, ബ്ലെസ്സൺ ജോമി, ജോർജുകുട്ടി, ലിജു, ലാൽ തുടങ്ങിയവരായിരുന്നു. ഇരു ചെണ്ട ടീമുകളും അവരുടെ കലാപ്രകടനം വഴി ശ്രോതാക്കളെ സന്തോഷിപ്പിച്ചു.

പീറ്റർ കൊല്ലപ്പിള്ളി, ജെയിംസ്, ഇടുക്കുത്തറയിൽ, മാത്യു ജോസഫ്, ഷിബു കുര്യൻ തുടങ്ങിയവർ നേതൃത്വം നൽകിയ ഗാനസന്ധ്യയിൽ എല്ലാവരും കൂട്ടമായി പങ്കെടുത്തു. പരിപാടികൾ സന്തോഷകരമായി പര്യവസാനിച്ചു.

ബാർബിക്യൂവിനുള്ള സാധനങ്ങൾ മാരിനേറ്റ് ചെയ്തും അവ പാചകപ്പെടുത്തിയും മുഴുവൻ പിക്നിക്ക് ആഹാര പദാർത്ഥങ്ങളും തയ്യാറാക്കിയത് ഷിബു വെൺമണിയും ഭാര്യ ബിന്ദു, മകൾ ജോസ്‌ലിൻ എന്നിവരായിരുന്നു. പങ്കെടുത്ത മഹതികൾ കൂട്ടമായി എല്ലാ അനുബന്ധ തയ്യാറെടുപ്പുകൾക്ക് നേതൃത്വം നൽകി. പ്ലെയിൻ ഫീൽഡ് ട്രസ്റ്റി ശിവൻ മുഹമ്മ, ഫോമ റീജിണൽ വൈസ് പ്രസിഡന്റ് ജോൺസൺ കണ്ണൂക്കാടൻ, ജോസ് മണക്കാട്ട് (സിഎംഎ) തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

ആഘോഷങ്ങളുടെ സുഗമമായ നടത്തിപ്പിന്നേതൃത്വംനൽകിയത്സന്തോഷ് അഗസ്റ്റിൻ, ഹെറാൾഡ് ഫെഗുരേദോ, പീറ്റർ കൊല്ലപ്പിള്ളി, തോമസ് പ്ലാക്കൽ, ഷിബു കുര്യൻ, മാത്യു ജോസഫ്, ടോം പോൾ, മാഗി സന്തോഷ്, ത്രേസ്യാമ്മ ചെന്നിക്കര, മേരിക്കുട്ടി തോമസ്, ആൻസി നാൽക്കര, മെൽഫ, മാർഗ്രറ്റ് ഫെഗുരേദോ, ടോമി & ഓമന ഇളപ്പുങ്കൽ, ജെയിംസ് എളപ്പുങ്കൽ, ആനി പാത്തിക്കൽ, ജെയിംസ് ഇടുക്കുത്തറ, ഡോ. ചെറിയാൻ & ഏലമ്മ, ഡോ. റോയി തോമസ്, കോശി വൈദ്യൻ, ചിന്നു കവലയ്ക്കൽ, ഡായി പാലിയത്ത്, മനോജ് വെള്ളിത്തറ, മനോജ് ബേബി, ടോം മൂലയിൽ, വിനോദ് തുടങ്ങിയവരായിരുന്നു.

ഇവന്റ്മെയിൻസ്പോൺസേഴ്സായി ടോം സണ്ണി (ഫിനാൻഷ്യൽ സ്ട്രാറ്റജിക് ഇങ്ക്), എലാൻ സുരേന്ദ്രൻ (മെഡികെയർ), ഡൈനാസ്റ്റി ഹോം കെയർ, ജെയിംസ് കുരുവിള (ഫാമിലി ഡെന്റൽ പ്രാക്ടീസ്), ജോസഫ് സിറിയക്ക്, ടോം പോൾ (റിഡ്ജ് പാർട്ടി & ഗ്രിൽ), ഹെറാൾഡ് ഫെഗുരേദോതുടങ്ങിയവരായിരുന്നു.സെക്രട്ടറി ജോസ് ചെന്നിക്കര പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് ഇരു ചെണ്ട ടീമുകൾക്കും ഗാനഗന്ധർവ്വന്മാർക്കും, ബാർബെക്യൂ തയ്യാറാക്കിയ ഷിബുവെൺമണിക്കും വിശിഷ്ടാതിഥികൾക്കും സ്പോൺസേഴ്സിനും നന്ദി പ്രകാശിപ്പിച്ചു.

# നാടിന്റെ നന്മ ഉത്സവമാക്കിയ കൂടല്ലൂർ ഗ്രാമോത്സവം

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയ മൈതാനത്തു വച്ച് ഷിക്കാഗോ കൂടല്ലൂർ നിവാസികളുടെ സംഗമം 'ഗ്രാമോത്സവം' പ്രൗഢോജ്ജ്വലമായി നടത്തപ്പെട്ടു.

കഴിഞ്ഞ 27 വർഷവും മുടങ്ങാതെ നടത്തപ്പെടുന്ന സംഗമം ഈ വർഷം ജൂലൈ 27 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ വലിയ ജനപങ്കാളിത്തത്തോടെ ആഘോഷപൂർവം നടത്തപ്പെട്ടു.

വിവിധ കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ വ്യത്യസ്തങ്ങളായ പരിപാടികളും ഗ്രാമീണ തനിമ പുലർത്തുന്ന വിവിധ മത്സരങ്ങളും എല്ലാ പ്രായവിഭാഗങ്ങളെയും കോർത്തിണക്കിയും നടത്തപ്പെട്ടു. കൂടല്ലൂർ എന്ന അനുഗ്രഹീത ഗ്രാമത്തിന്റെ നന്മ അനുഭവിച്ച് അറിഞ്ഞ ഏവർക്കും കൂടല്ലൂർ ഗ്രാമോത്സവം ഒരു നവ്യാനുഭവമായി മാറി.





# കൊപ്പേലിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനു ഭക്തിനിർഭരമായ സമാപനം

കൊപ്പേൽ (ടെക്സാസ്): കേരളസഭയുടെ പുണ്യവും ഭാരതത്തിന്റെ പ്രഥമ വിശുദ്ധയുമായ വി. അൽഫോൻസാമ്മയുടെ പത്തു ദിവസം നീണ്ട തിരുനാളിനു കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ ദേവാലയത്തിൽ ഭക്തിനിർഭരമായ സമാപനം. അമേരിക്കയിലെ ഭരണങ്ങാനം എന്നറിയപ്പെടുന്ന കൊപ്പേൽ സെന്റ് അൽഫോൻസാ ദേവാലയത്തിൽ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ നടന്ന തിരുനാളുകളിൽ നൂറുകണിക്കിനു വിശ്വാസികൾ പങ്കെടുത്തു അൽഫോൻസാമ്മയുടെ അനുഗ്രഹം തേടി.

പ്രധാന തിരുനാൾ ദിവസമായ ജൂലൈ 27 ഞായറാഴ്ച വൈകുന്നേരം 6ന് നടന്ന ആഘോഷമായ തിരുനാൾ കുർബാനയിലും, ശുശ്രൂഷകളിലും ഷിക്കാഗോ രൂപതാ മെത്രാൻ മാർ. ജോയ് ആലപ്പാട്ട് മുഖ്യ കാർമ്മികനായി. ഇടവക വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസി. വികാരി ഫാ. ജിമ്മി എടക്കുളത്തൂർ, ഫാ. ജോസഫ് അലക്സ് എന്നിവർ സഹകാർമ്മികരായിരുന്നു. ടെക്സാസിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അനേകർ തിരുനാളുകളിൽ പങ്കെടുക്കുവാനും, അൽഫോൻസാമ്മയോടുള്ള നിയോഗങ്ങൾക്കും നന്ദിസൂചകമായി ദാസൻ ദാസി സമർപ്പണത്തിൽ പങ്കുചേരുവാനും കൊപ്പേലിൽ ഒഴുകിയെത്തി.

തിരുനാളിനോടനുബന്ധിച്ചുള്ള ഇടവകയുടെ പ്രത്യേക നിയോഗമായി ഷംഷാബാദ് രൂപതക്കുവേണ്ടി ഒരു പുതു ദേവാലയം നിർമ്മിച്ചുനൽകുവാനുള്ള സാമ്പത്തികസമാഹരണത്തിനും ഇടവക വിശ്വാസികൾ പങ്കുചേർന്നു. ഇടവകാംഗങ്ങളായിരുന്നു ഈ വർഷത്തെ തിരുനാളിനു പ്രസുദേന്തിയായത്. രൂപതാ മെത്രാൻ മാർ. ജോയ് ആലപ്പാട്ട് തിരുനാൾ സന്ദേശം നൽകി. ആഘോഷങ്ങൾക്കുപരി അൽഫോൻസാമ്മയെ മാതൃകയാക്കുവാനും, ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തി അതിൽ അടിയുറച്ചു ജീവിക്കുവാനും കഴിയണമെന്ന് മാർ. ജോയ് ആലപ്പാട്ട് വിശ്വാസികളെ ഉദ്ബോധിപ്പിച്ചു.

മൂന്നു ജൂബിലികളിലൂടെയാണ് ഈ തിരുനാൾ കടന്നു പോകുന്നതെന്നും മാർ. ജോയ് ആലപ്പാട്ട് ഓർമ്മിപ്പിച്ചു. ഒന്ന് ഫ്രാൻസീസ് മാർപാപ്പ ഉദ്ഘാടനം ചെയ്ത യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ 2000-ാമത് വാർഷികത്തിനു ശേഷമുള്ള 2025-ാം വർഷ മഹാജൂബിലിയുടെ അനുസ്മരണത്തിലും, അതുപോലെ ഷിക്കാഗോ രൂപത അമേരിക്കയിൽ 2001ൽ ആരംഭിച്ചു, ഇരുപത്തിയഞ്ചാമത് വർഷത്തിലേക്കു കടന്നതിന്റെ ആഘോഷവേളയിലും, കൂടാതെ ഇന്ത്യക്കു പുറത്തുള്ള ആദ്യ രൂപതയായ ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതയുടെ പ്രഥമ മെത്രാനായി മാർ. ജേക്കബ് അങ്ങാടിയത്ത് അഭിഷിക്തനായതിന്റെ ജൂബിലിയും ആഘോഷിക്കുന്നു.

ഒരു നല്ല സഭാസമൂഹത്തെ വാർത്തെടുക്കുവാൻ സീറോ മലബാർ രൂപതയുടെ കീഴിൽ വിശ്വാസികൾക്ക് ഈ വേളയിൽ കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചു യുവജങ്ങളുടെ വിശ്വാസ വളർച്ചയിലും, സീറോമലബാർ പൈതൃകം രൂപീകരിക്കുന്നതിലും അമേരിക്കയിലെ സീറോമലബാർ രൂപത സുപ്രധാന പങ്കു വഹിച്ചു. ഈ അവസരത്തിൽ ഏവരും ദൈവത്തോട് നന്ദിയുള്ളവരായിരിക്കണമെന്നും മാർ. ആലപ്പാട്ട് വിശ്വാസികളെ ഓർമ്മിപ്പിച്ചു.

വി. കുർബാനക്ക് ശേഷം പള്ളിചുറ്റിയുള്ള ആഘോഷമായ തിരുനാൾ പ്രദക്ഷിണവും, ചെണ്ട മേളവും തുടർന്ന് പരിശുദ്ധ കുർബാനയുടെ ആശീർവാദവും, നൊവേനയും, ലദീഞ്ഞും, നേർച്ച വിതരണവും നടന്നു. നൂറുകണക്കിന് ഭക്തർ തിരികളേന്തിയുള്ള പ്രദക്ഷിണത്തിൽ പങ്കുചേർന്നു. സ്നേഹവിരുന്നോടെയാണ് തിരുനാളിനു സമാപനമായത്. തിങ്കളാഴ്ച വൈകുന്നേരം പരേതരുടെ ആത്മശാന്തിക്കുവേണ്ടിയുള്ള ബലിയർപ്പണത്തോടെ തിരുനാളിന്റെ കൊടിയിറങ്ങി.

ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, ഫാ. ജിമ്മി എടക്കുളത്തൂർ, ഇടവക ട്രസ്റ്റിമാരായ ജോഷി കുര്യാക്കോസ്, റോബിൻ കുര്യൻ, റോബിൻ ജേക്കബ് ചിറയത്ത്, രഞ്ജിത്ത് മാത്യു തലക്കോട്ടൂർ, സെബാസ്റ്റ്യൻ പോൾ (സെക്രട്ടറി) എന്നിവരടങ്ങുന്ന പാരീഷ് കൗൺസിലും ഇടവകയിലെ കുടുംബ യൂണിറ്റുകളും തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

*മാർട്ടിൻ വിലങ്ങോലിൽ*



# കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ സംഘടിപ്പിച്ച KAN Cruise 2025: സമുദ്രയാത്രയുടെ ഒരു മലയാളി ഉത്സവം

നാഷ്‌വിൽ: ടെന്നീസിയിലെ മലയാളി സമൂഹത്തിന്റെ കുടുംബ സൗഹൃദത്തിനും ഐക്യത്തിനും ഊന്നൽ നൽകി കൊണ്ട്, കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ (KAN) വിജയകരമായി സംഘടിപ്പിച്ച KAN Cruise 2025 ജൂലൈ 18 മുതൽ 21 വരെ നാല് ദിവസങ്ങളിലായി റോയൽ കരീബിയൻ ഫ്രീഡം ഓഫ് ദ സീസ് ക്രൂസിൽ നടന്നു. ജൂലൈ 18ന് വൈകുന്നേരം ഫ്ളോറിഡയിലെ മയാമിയിൽനിന്നും ആരംഭിച്ച യാത്ര രണ്ടാം ദിനം Perfect Day at Coca Cay ദ്വീപും മൂന്നാം ദിനം Nassau ബഹാമസും സന്ദർശിച്ച ശേഷം നാലാം നാൾ മയാമിയിൽ തിരിച്ചെത്തി.

എഴുപതോളം അംഗങ്ങൾ പങ്കെടുത്ത ഈ സമുദ്രയാത്ര വിനോദ സഞ്ചാരത്തിന് ഉപരിയായി കുട്ടികൾക്കും മുതിർന്നവർക്കുമെല്ലാം അവരുടെ സാംസ്കാരിക ഐക്യത്തിന്റെ ഒരു പ്രത്യേകത കൂടി വിളിച്ചറിയിക്കുന്നതായിരുന്നു.

പ്രവാസജീവിതത്തിലെ തിരക്കുകൾക്കിടയിൽ, കുടുംബങ്ങൾക്കൊപ്പം സമുദ്രതീരങ്ങൾ അനുഭവിക്കുകയും, മനസ്സുതുറന്ന സംഭാഷണങ്ങൾ നടത്തുകയും ചെയ്ത ഈ യാത്ര, സാമൂഹ്യബന്ധംവിപുലമാക്കുന്നതിന് വലിയ വേദിയായി കൂടി മാറി.

വിവിധ തലമുറകളെ ഒരേ വേദിയിൽ കൂട്ടിച്ചേർക്കുന്ന ഇത്തരം യാത്രകൾ കമ്യൂണിറ്റിബന്ധങ്ങൾ വളർത്താനും വഴിയൊരുക്കും. ഗഅച ഈൗശലെ 2025 പങ്കെടുത്തവരുടെ മനസ്സിൽ എന്നും തങ്ങിനിൽക്കുന്ന ഒട്ടേറെ മുഹൂർത്തങ്ങൾ സമ്മാനിച്ച ഒരു യാത്രയായിയിരുന്നു. അക്ഷരാർത്ഥത്തിൽ സമുദ്രയാത്രയുടെ ഒരു മലയാളി ഉത്സവം തന്നെയായി ഇത് മാറി.






# In Loving Memory





## Mathew
Oravankara
July 31st, 2025

## Mary Mathew
Oravankara
May 1st, 2025

*Sorrowing Families*

അമേരിക്ക വാചകം

# മലങ്കര ഓർത്തഡോക്സ് സഭാ സൗത്ത് വെസ്റ്റ് ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ്, അറ്റ്ലാന്റ 2025ന് കൊടിയിറങ്ങി



അറ്റ്ലാന്റ: മലങ്കര ഓർത്തഡോക്സ് സഭാ സൗത്ത് വെസ്റ്റ് ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് അറ്റ്ലാന്റ ഹയാത്ത് റീജൻസി ഹോട്ടലിൽ സമാപിച്ചു. ശൈനോ വ് ഹുൽമോനോ എന്നു നാമകരണം ചെയ്തിരുന്ന കോൺഫറൻസിന് 16-ാം തീയതി ബുധനാഴ്ച കൊടി ഉയർന്നു. അഭി.ഡോ. തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനം അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനി തിരികൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. ഫാ.ഡോ. തിമോത്തി തോമസ്, ഫാ. മാറ്റ് അലക്സാണ്ടർ, സീനാ മാത്യു, റവ. കെ.ജെയിംസൺ, ഭദ്രാസന സെക്രട്ടറി ഫാ.സജീവ് മാത്യൂസ് ജോർജ്, കോൺഫറൻസ് ഡയറക്ടർ ഫാ.ജോർജ്ജ് ഡാനിയേൽ, കോൺഫറൻസ് കൺവീനർ പ്രസാദ് ജോൺ, ഭദ്രാസന കൗൺസിൽ മെമ്പേഴ്സ്, മാനേജിംങ് കമ്മറ്റി അംഗം, ഭദ്രാസന അദ്ധ്യാത്മിക സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ വേദി അലങ്കരിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു.

2 - കോരി.5:1819 വാക്യങ്ങൾ ആസ്പദമാക്കിയുള്ളതായിരുന്നു ഈ വർഷത്തെ മുഖ്യ ചിന്താവിഷയം (Reconciliation & Healing). കോൺഫറൻസിന്റെ തീം സോങ്ങ് ആയ 'എന്റെകർത്താവും എന്റെ ദൈവവുമേ' (My Lord and My God) സമ്മേളനത്തിൽ വച്ച് അഭി.ഡോ. തോമസ് മാർ ഈവാനിയോസും അഭി.സക്കറിയ മാർ സേവേറിയോസും ചേർന്ന് പ്രകാശനം ചെയ്തു. ഫാ. തോമസ് മാത്യുവിന്റെ വരികൾക്ക് അലക്സ് എബ്രഹാം ഈണം നൽകിയ, ഗാനം ആലപിച്ചത് ഫാ. ബഹനാൻ കോരുത്, ഫാ. സോണി വി. മാണി, ശ്രേയ അന്ന ജോസഫ്, ശ്രവ്യഅന്ന ജോസഫ് എന്നിവർ ചേർന്നാണ്.

കോൺഫറൻസിൽ മുഖ്യപ്രഭാഷകരായി എത്തിയ അഭി. ഡോ.തോമസ് മാർ ഈവാനിയോസ്, അഭി. സഖറിയാ മാർ സേവേറിയോസ്, ഫാ. ഡോ.തിമോത്തി തോമസ്, ഫാ. മാറ്റ് അലക്സാണ്ടർ, സീനാ മാത്യു എന്നിവരുടെ നേതൃത്വത്തിൽ നടന്ന ധ്യാനങ്ങളും ക്ലാസ്സുകളും സിംമ്പോസിയങ്ങളും ഏറെ ചിന്തോദ്ദീപകവും അനുഗ്രഹപ്രദവും ആയിരുന്നു. ഈ വർഷത്തെ കോൺഫറൻസിന്റെ എടുത്തു പറയത്തക്കതും വേറിട്ടതുമായ ഒരു സെക്ഷനായിരുന്നു പ്രശസ്ത കാർട്ടൂണിസ്റ്റും ചിത്രകാരനുമായ ഋഷി ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന കാർട്ടൂൺ ആൻഡ് കാരിക്കേച്ചർ വർക്ക്ഷോപ്പ്. ബുധൻ, വ്യാഴം ദിവസങ്ങളിലായി ഉല്ലാസവഞ്ചി എന്ന പേരിൽ നടത്തിയ കലാസന്ധ്യയിൽ കാണികൾക്ക് മറക്കാനാവാത്ത ദൃശ്യ വിസ്മയമൊരുക്കി. മാർഗ്ഗംകളി, ഡാൻസ്, ഗ്രൂപ്പ്സോംങ്, സോളോ സോംഗുകൾ എന്നിവകൊണ്ട് കലാസന്ധ്യ വിഭവസമൃദ്ധമായി. അമേരിക്കൻ അച്ചായൻ, എന്ന കോമഡി സ്കിറ്റ് ഏവരിലും ചിരിയുടെ മാലപ്പടക്കത്തിനു തിരികൊളുത്തി. മർത്തമറിയം സമാജത്തിന്റെ നേതൃത്വത്തിൽ നടന്ന ഭാഗ്യക്കൂപ്പണുകളുടെ നറുക്കെടുപ്പും ഭാഗ്യശാലികൾക്കുള്ള സമ്മാനദാനവും ഇടവക മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിൽ നടത്തി. സമാപന ദിവസമായ ശനിയാഴ്ച നടന്ന വി. കുർബ്ബാനയിൽ അഭി. സഖറിയാ മാർ സേവേറിയാസ് മുഖ്യ കാർമ്മികത്വം വഹിക്കുകയും ഇടവക മെത്രാപ്പൊലീത്തയും മറ്റ് വൈദികരും സഹകാർമികരാകുകയും ചെയ്തു. തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ വച്ച് സൗത്ത് വെസ്റ്റ് ഭദ്രാസനാധിപൻ അഭി. ഡോ. തോമസ് മാർ ഈവാനിയോസ് തിരുമേനി സമാപന സന്ദേശം നൽകി. ഹൂസ്റ്റൺ ഭദ്രാസന ആസ്ഥാനത്ത് നിർമ്മിക്കുന്ന ചാപ്പലിന്റെ നിർമാണത്തിനുള്ള രൂപരേഖ ഭദ്രാസന സെക്രട്ടറി ഫാ. സജീവ് മാത്യൂസ് ജോർജ് യോഗത്തിൽ അവതരിപ്പിച്ച് വിശദീകരിച്ചു.

കോൺഫ്രൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിയ്ക്കുന്ന സുവനീറിന്റെ പ്രകാശന കർമ്മം അഭി. ഇടവക മെത്രാപ്പോലീത്താ നിർവഹിക്കുകയും സുവനീർ കമ്മിറ്റി കൺവീനർ ഫാ. രാജു ദാനിയേൽ കോർ എപ്പിസ്കോപ്പ സുവനീർ കമ്മിറ്റി പ്രവർത്തനങ്ങളെപ്പറ്റി ആമുഖ പ്രസംഗം നടത്തുകയും ചെയ്തു. കോൺഫ്രൻസിന്റെ എല്ലാ പൊതുസമ്മേളനങ്ങളിലും മുഖ്യ അവതാ രികയായിരുന്നത് ജെന്നി വറുഗീസ്. ഗായക സംഘത്തിന് നേതൃത്വം നല്കിയത് ഫാ. തോമസ് മാത്യു, അലക്സ് ഏബ്രഹാം, സഞ്ജു ഏബ്രഹാം എന്നിവരായിരുന്നു. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്ന് ഗായകസംഘത്തിൽ പങ്കെടുത്ത എല്ലാവരെയും ഇടവക മെത്രാപ്പോലീത്താ അഭിനന്ദിച്ചു. ഈ വർഷത്തെ അറ്റ്ലാന്റാ ഫാമിലി കോൺഫ്രൻസിന് ചുക്കാൻ പിടിച്ച് കോൺഫ്രൻസ് ഒരു വൻ വിജയമാക്കിത്തീർത്ത കോൺഫ്രൻസ് ഡയറക്ടർ ഫാ. ജോർജ്ജ് ഡാനിയേലിന്റെയും ജനറൽ കൺവീനർ പ്രസാദ് ജോണിന്റെയും നേതൃത്വപാടവവും ഏകോപനവും ഇടവക മെത്രാപ്പോലീത്തായും മറ്റ് എല്ലാ വിശിഷ്ട വ്യക്തികളും പ്രത്യേകം ശ്ലാഘിക്കയും പൊന്നാട അണിയിച്ച് അവരെ ആദരിക്കുകയും അനുമോദിക്കുകയും ചെയ്തു. കോൺഫ്രൻസിന്റെ വിജയത്തിനായി പ്രവർത്തിച്ച വിവിധ സബ് കമ്മിറ്റികളെയും അതിന്റെ കൺവീനേഴ്സിനെയും നന്ദി അറിയിക്കുകയും അഭിനന്ദിക്കുകയും ചെയ്തു.

## ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവക ദർശന തിരുനാൾ ഓഗസ്റ്റ് മൂന്നു മുതൽ പതിനൊന്നു വരെ



ഷിക്കാഗോ: ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ ഈ വർഷത്തെ പ്രധാന തിരുനാൾ ഓഗസ്റ്റ് മൂന്നു മുതൽ പതിനൊന്നുവരെ ദർശനത്തിരുനാളായി ആഘോഷിക്കുന്നു. ഇടവക മധ്യസ്ഥയായ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളാണ് ദർശനത്തിരുനാളായി കൊണ്ടാടപ്പെടുന്നത്. ഇടവകസ്ഥാപിതമായിട്ട് പതിനഞ്ചുവർഷങ്ങൾപൂർത്തിയാകുന്ന വേളയിൽ നടത്തപെടുന്ന തിരുനാളിന് മെൻ മിനിസ്ട്രിയിലൂടെ ഇടവകയിലെ എല്ലാ കുടുംബങ്ങളും പ്രസുദേന്തിമാരാകുന്നു എന്ന പ്രത്യേകതകൂടിയുണ്ട്.


ഓഗസ്റ്റ് മൂന്നിന് രാവിലെ പത്തുമണിക്കുള്ള കുർബ്ബാനയ്ക്ക് ശേഷം നടത്തപെടുന്ന പതാകയുയർത്തലോടെയാണ് തിരുക്കർമ്മങ്ങൾക്ക് തുടക്കമാവുക. അന്നത്തെ വി. കുർബ്ബാനയ്ക്ക് ക്നാനായ റീജിയൻ ഡയറക്ടർ മോൺസിഞ്ഞോർ തോമസ് മുളവനാൽ മുഖ്യ കാർമികത്വം വഹിക്കും. ഗുജറാത്ത് മിഷന്റെ സുപ്പീരിയർ ജനറൽ ഫാ. സ്റ്റീഫൻ ജയരാജ് സന്ദേശം നൽകും. തുടർന്ന് തിങ്കൾ മുതൽ ബുധൻ വരെ ആഘോഷമായ ദിവ്യബലിയും മരിയൻ സന്ദേശത്തോടുകൂടിയുള്ള തിരുക്കർമ്മങ്ങളും നടത്തപ്പെടും.

ഫാ. ജോസ് തറക്കൽ, ഫാ. ടോമി വട്ടുകുളം, ഫാ. ജോബി പൂച്ചുകണ്ടത്തിൽ എന്നിവർ ഈ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിക്കും. ഫാ. ജോബി പന്നൂറയിൽ, ഫാ. ജോബി വെള്ളൂക്കുന്നേൽ, ഫാ. ബിൻസ് ചേത്തലിൽ എന്നിവരാണ് വ്യാഴം വെള്ളി, ശനി ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് കാർമികത്വം വഹിക്കുന്നത്. പ്രധാന തിരുനാൾ ദിവസമായ ഓഗസ്റ്റ് 10 ഞായറാഴ്ചത്തെ റാസ കുർബ്ബാനയ്ക്ക് ഫാ. ലിജോ കൊച്ചുപറമ്പിൽ മുഖ്യ കാർമികത്വം വഹിക്കും. ഓഗസ്റ്റ് 8 വെള്ളിയാഴ്ചയിലും, ഓഗസ്റ്റ് 9 ശനിയാഴ്ചയിലും കൂടാരയോഗ കലാമേളയും കലാസന്ധ്യയും നടത്തപ്പെടും. ഓഗസ്റ്റ് 11 തിങ്കളാഴ്ച്ച നടത്തപെടുന്ന മരിച്ചവർക്ക് വേണ്ടിയുള്ള വിശുദ്ധ കുർബ്ബാനയോടും സെമിത്തേരി സന്ദർശനത്തോടെയുമാണ് തിരുക്കർമ്മങ്ങൾ അവസാനിക്കുക.

വികാരി. ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, സെക്രട്ടറി സണ്ണി മേലേടം, തിരുനാൾ കോർഡിനേറ്റേഴ്സായ സിബി കൈതക്കത്തൊട്ടിയിൽ, സ്റ്റീഫൻ ചൊള്ളമ്പേൽ, ജോണിക്കുട്ടി പിള്ളവീട്ടിൽ, പോൾസൺ കുളങ്ങര എന്നിവരുടെ നേതൃത്വത്തിലുള്ള തിരുനാൾ കമ്മറ്റിയാണ് തിരുനാളിന്റെ വിജയത്തിനായി പ്രവർത്തിക്കുന്നത്.

ഷിക്കാഗോ നിവാസികളുടെ ആത്മീയവും ഭൗതികവുമായ സുസ്ഥിതിക്ക് പരിശുദ്ധ അമ്മ വഴിയായി ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിക്കുവാനും, നിയോഗങ്ങൾ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം വഴി യാചിക്കുവാനും ഈ ദർശന തിരുനാൾ ആചാരണത്തിലൂടെ സാധിക്കട്ടെ എന്നും ഏവർക്കും ഈ തിരുനാളിലേക്ക് സ്വാഗതം അരുളുകയും ചെയ്യുന്നുവെന്നും ഇടവക വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു.

*അനിൽ മറ്റത്തിക്കുന്നേൽ*



മാറുന്ന കാലം 16

# ഗോവിന്ദച്ചാമിയുടെ ജയിൽ ജീവിതം



സെർജി ആന്റണി

കൊടും ക്രിമിനൽ ഗോവിന്ദച്ചാമിയുടെ ജയിൽ ചാട്ടവും അയാൾക്കുവേണ്ടിയുള്ള തെരയലും പിന്നീടു പിടികൂടിയതും ഒരു ക്രൈം സിനിമ കാണുന്ന കൗതുകത്തോടെയാണ് കേരളം കണ്ടതും ചർച്ച ചെയ്തതും. പക്ഷേ അതൊരു കൗതുക വാർത്തയായി മാത്രം കണക്കാക്കാനാവില്ല. അതിലുപരി കേരളം പോലൊരു സംസ്ഥാനത്തെ ജയിൽ സംവിധാനത്തിന്റെ കെടുകാര്യസ്ഥതയും കുറ്റവാളികളെ കൈകാര്യം ചെയ്യുന്ന രീതികളും ഇവിടെ ചോദ്യം ചെയ്യപ്പെടുന്നു.

ചില ലാറ്റിനമേരിക്കൻ, ആഫ്രിക്കൻ രാജ്യങ്ങളിൽ കുറ്റവാളികൾ നിയന്ത്രിക്കുന്ന ഭരണകൂടങ്ങളും പോലീസ് സംവിധാനവുമൊക്കെ ഉള്ളതായി കേട്ടിട്ടുണ്ട്. യെമൻ പോലയുള്ള ചില രാജ്യങ്ങളിലാകട്ടെ, ആഭ്യന്തര കലാപവും ഗോത്രവർഗങ്ങളുമൊക്കെ ഇപ്പോഴും നിയമവാഴ്ചയെ ജലരേഖകളാക്കി മാറ്റുന്നതു നാം കാണുന്നു. യെമനിൽ വധശിക്ഷ കാത്തു കഴിയുന്ന മലയാളി നഴ്സ് നിമിഷപ്രിയയുടെ മോചനത്തിനായി നടത്തുന്ന മുറവിളികളും അതിനു നേരിടുന്ന തടസങ്ങളുമൊക്കെ നാം കണ്ടുകൊണ്ടിരിക്കുന്നു.

നമ്മുടെ രാജ്യത്ത് ഇതൊന്നും അല്ലല്ലോ സ്ഥിതി. സുശക്തമായൊരു ഭരണഘടയും ജനാധിപത്യ ഭരണവ്യവസ്ഥിതിയും നിലനിൽക്കുന്ന രാജ്യം. ചട്ടങ്ങളും നിയമങ്ങളും ഏറെ. ജയിൽ ചട്ടങ്ങൾ വേറെ. പക്ഷേ എല്ലാ ചട്ടങ്ങളെയും നിയമങ്ങളെയും മറികടക്കുന്ന പലതും നമ്മുടെ നാട്ടിൽ സംഭവിക്കുന്നു.

സൈ്വരജീവിതം കാംക്ഷിക്കുന്ന സാധാരണ പൊതുജനങ്ങൾക്ക് ഉള്ളതിനേക്കാൾ അവകാശങ്ങളും സുഖസൗകര്യങ്ങളുമല്ലേ ജയിലിൽ കഴിയുന്നവർക്കു ലഭിക്കുന്നത്. അതിക്രൂരമായൊരു കൊലപാതകക്കേസിൽ വധശിക്ഷ വിധിക്കപ്പെട്ടു ജയിലിൽ കഴിയുമ്പോഴും ഗോവിന്ദച്ചാമിക്ക് എല്ലാവിധ സൗകര്യങ്ങളും അവിടെ സജ്ജമായിരുന്നു. ജയിൽ ഭക്ഷണമൊക്കെ കഴിച്ച് ഗോവിന്ദച്ചാമി തടിച്ചു കൊഴുത്തെന്നൊക്കെ മുമ്പ് വാർത്ത വന്നിരുന്നു. ആ ഗോവിന്ദച്ചാമി ദൃശ്യമാധ്യമങ്ങളിൽ ഇപ്പോൾ കൂടുതൽ അരോഗ ദൃഢഗാത്രനായി കാണപ്പെടുന്നു. ജയിൽ ചാടാനുള്ള സൗകര്യത്തിനായി ഗോവിന്ദച്ചാമി ഡയറ്റിംഗ് ആയിരുന്നുവെന്നും വാർത്തയുണ്ട്. ചോറു കുറച്ച് ചപ്പാത്തി ഭക്ഷണമാക്കിയത് അതിന്റെ ഭാഗമായിരുന്നുവത്രേ. തടി കുറച്ച് സെല്ലിലെ കമ്പികൾക്കിടയിലൂടെ കടക്കാനുള്ള മുന്നൊരുക്കമായിരുന്നുവ്രേത ഈ ഭക്ഷണക്രമം.

ഒരു കൈ നഷ്ടപ്പെട്ടിരുന്നുവെങ്കിലും തടവുകാരെ കായിക പരിശീലനത്തിനിറക്കുമ്പോൾ ഗോവിന്ദച്ചാമി നടത്തുന്ന അഭ്യാസപ്രകടനങ്ങൾ സഹതടവുകാരെ അത്ഭുതപ്പെടുത്തുമായിരുന്നു. കണ്ണൂർ തളാപ്പിലെ ഒഴിഞ്ഞ വീടിന്റെ പരിസരത്തെ കിണറ്റിൽനിന്നു കയറിവന്ന ഗോവിന്ദച്ചാമിയുടെ കായികക്ഷമതയും ശരീരത്തിന്റെ ആരോഗ്യാവസ്ഥയും വാർത്താചിത്രങ്ങളിൽനിന്നും വ്യക്തമാണ്.

ജയിൽ ഭക്ഷണത്തെക്കുറിച്ചുള്ള പല വിവരങ്ങളും കൗതുകമുണർത്തുന്നതാണ്. തടവുകാർക്കു നല്ല ഭക്ഷണം നൽകേണ്ടതുതന്നെ. പക്ഷേ ആട്ടിറച്ചി ഉൾപ്പെടെയുള്ള വിഭവങ്ങൾ നൽകണമെന്നതു വലിയ ഉദാരത തന്നെ. കിലോഗ്രാമിന് ആയിരം രൂപ വിലയുള്ള ആട്ടിറച്ചി നാട്ടിൽ എത്ര സാധാരണക്കാർക്കു വാങ്ങിക്കഴിക്കാൻ സാധിക്കും.

കണ്ണൂർ സെൻട്രൽ ജയിൽ ഉൾപ്പെടെ കേരളത്തിലെ പല ജയിലുകളും നിയന്ത്രിക്കുന്നത് അവിടുത്തെ ചില തടവുകാരോ മറ്റു ചില ബാഹ്യ ശക്തികളോ ആണെന്ന കാര്യം പണ്ടേ പുറത്തുവന്നിട്ടുള്ളതാണ്. ഗോവിന്ദച്ചാമിയുടെ ജയിൽ ചാട്ടവും അനുബന്ധ സംഭവങ്ങളും ഇക്കാര്യം ഒരിക്കൽക്കൂടി അടിവരയിടുന്നു. കണ്ണൂർ സെൻട്രൽ ജയിൽ സി.പി. എമ്മുകാരായ ക്രിമിനൽ കേസ് പ്രതികളുടെ തടവറ താവളമാണെന്നും അവിടെ ജയിൽ ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്നത് ഈ തടവുകാരാണെന്നും കെ.പി. സി.സി പ്രസിഡന്റ് സണ്ണി ജോസഫ് മാധ്യമപ്രവർത്തരോടു പറഞ്ഞ ആരോപണം വളരെ ഗുരുതരമായൊരു സാഹചര്യമാണ്.

താടിയും മുടിയും വളർത്തിയാണ് ഗോവിന്ദച്ചാമി ജയിൽ ചാടിയത്. സാധാരണഗതിയിൽ തടവുകാർ താടിയും മുടിയും വളർത്താൻ അനുവദിക്കുന്നതല്ല. നിശ്ചിത സമയം ഇടവിട്ട് മുടി മുറിക്കണമെന്നുമുണ്ട്. ഗോവിന്ദച്ചാമിക്ക് അതിനു ഇളവു കിട്ടിയതെങ്ങിനെയാണ്. ഷേവിംഗ് നടത്തുമ്പോൾ അലർജി ഉണ്ടെന്നു പറഞ്ഞാണ് താടി വളർത്താൻ അനുവദിച്ചതെന്നൊരു വിശദീകരണമുണ്ട്. ജയിലിനുള്ളിൽ കള്ളും കഞ്ചാവും വരെ കിട്ടുമ്പോൾ ഇത്തരം സൗകര്യങ്ങൾ നിസാരമാവാം.

ജയിലിലെ കമ്പി അഴികൾ മുറിക്കാനുള്ള ഉപകരണവും പിടിച്ചിറങ്ങാനുള്ള വസ്ത്രങ്ങളുമൊക്കെ ഗോവിന്ദച്ചാമി എങ്ങിനെ സംഘടിപ്പിച്ചു എന്നതും ദുരൂഹമാണ്. ജയിലിനുള്ളിലെ ജയിൽ എന്നറിയപ്പെടുന്ന, കൊടും കുറ്റവാളികളെ പാർപ്പിക്കുന്ന, അതീവ സുരക്ഷയുള്ള പത്താം നമ്പർ ബ്ലോക്കിൽനിന്നാണ് ഗോവിന്ദച്ചാമി രക്ഷപ്പെട്ടത്.

നാടിനെ പിടിച്ചുകുലുക്കിയ ചില രാഷ്ട്രീയ കൊലപാതകങ്ങളിലെ പ്രതികൾക്ക് കണ്ണൂർ ജയിലിൽ ലഭിച്ചിട്ടുള്ള വഴിവിട്ട സൗകര്യങ്ങൾ ഇതിനുമുമ്പും ഏറെ വിവാദമായിട്ടുണ്ട്. അവകാശ സമരങ്ങൾക്കും തൊഴിലാളി വർഗ പോരാട്ടങ്ങൾക്കും വേണ്ടി ജയിലിൽ കഴിഞ്ഞിട്ടുള്ള നേതാക്കളുടെ പാരമ്പര്യം പാർട്ടിക്കൂറുള്ള കുറ്റവാളികൾ തിരുത്തുമ്പോൾ അതു കേരളത്തിലെ ജനായത്ത ഭരണത്തിന്റെ കടുത്ത ദൗർബല്യമാണ് വ്യക്തമാക്കുന്നത്.

ഒരു കൊടും കുറ്റവാളിയുടെ ജയിൽ ചാട്ടവും അയാളെ പിടികൂടാനുള്ള ശ്രമവും പിടികൂടിയ ശേഷമുള്ള വിശകലനങ്ങളുമാണ് ജൂലൈ 25ന് മലയാളിയുടെ വാർത്താ മണിക്കൂറുകളെ സജീവമാക്കിയത്. ഗോവിന്ദച്ചാമി എന്ന കുറ്റവാളിയുടെ ക്രിമിനൽ ചരിത്രവും മുൻ ഡിജിപി ഉൾപ്പെടെയുള്ള പ്രമുഖ പോലീസ് ഉദ്യോഗസ്ഥരുടെ വിശകലനങ്ങളുമൊക്കെ മണിക്കൂറുകളോളം മാധ്യമങ്ങളുടെ സമയം കവർന്നു. താടി വളർത്തി അരോഗ ദൃഢഗാത്രനായ ഗോവിന്ദച്ചാമിയെ കേരളം ഇന്നു രാവിലെ വീണ്ടും വിശദമായി കണ്ടു. പുറം ലോകം കാണാൻ യോഗ്യതയില്ലാത്ത കുറ്റവാളി എന്നു സുപ്രീംകോടതി വിശേഷിപ്പിച്ചയാളാണ് ഗോവിന്ദച്ചാമി എന്ന ക്രിമിനൽ.




ഗോവിന്ദച്ചാമിയുടെ ജയിൽ ചാട്ട വാർത്തയും അതെക്കുറിച്ചുള്ള ചർച്ചകളും രസകരമാണെങ്കിലും അതു ഗുരുതരവുമായ ചില സാഹചര്യങ്ങൾ വെളിച്ചത്തുകൊണ്ടുവരുന്നുണ്ട്. കണ്ണൂർ സെൻട്രൽ ജയലിൽ നിന്നാണ് ഗോവിന്ദച്ചാമി രക്ഷപ്പെട്ടത്. സെല്ലിൽ ഒറ്റയ്ക്കു താമസിപ്പിച്ചിരുന്ന ഗോവിന്ദച്ചാമി ജയിലഴികൾ അറുത്തു മാറ്റിയും അലക്കാനിട്ടിരുന്ന തുണി ചേർത്തു കെട്ടി അതു വടമാക്കി ഉപയോഗിച്ചു മതിൽ ചാടിയുമാണ് പുറത്തുകടന്നതെന്നാണ് പറയപ്പെടുന്നത്. ഇടതു കൈ മുട്ടിനുതാഴെ മുറിച്ചുമാറ്റപ്പെട്ട ഗോവിന്ദച്ചാമിക്ക് ഇത്തരമൊരു രക്ഷപ്പെടൻ എങ്ങിനെ സാധ്യമായി എന്നത് ദുരൂഹമായിരിക്കുന്നു.

ജയിൽ ചാടാൻ ഇയാൾ ചില പ്ലാനിംഗ് നടത്തിയിരുന്നതായി ജയിൽ ഡിജിപി ബൽറാം കുമാർ ഉപാധ്യായ പറയുന്നുണ്ട്. രാവിലെ ജയിൽ അധികൃതർ സെല്ലിൽ പരിശോധനയ്ക്ക് എത്തിയപ്പോഴാണ് ഇയാൾ അവിടെ ഇല്ലെന്നു കണ്ടെത്തിയത്. കണ്ണൂർ ജയിലിനു സമീപമുള്ള തളാപ്പ് എന്ന പ്രദേശത്ത് രാവിലെ ഒമ്പതോടെ ഗോവിന്ദച്ചാമിയെ കണ്ടതായി നാട്ടുകാർ പറഞ്ഞിരുന്നു. അവരിൽ ചിലർ വിവരം പോലീസിനെയും അറിയിച്ചിരുന്നു. പതിനൊന്നു മണിയോടെ തളാപ്പിലെ ആൾ താമസമില്ലാത്ത ഒരു വീടിനോടു ചേർന്നുള്ള കിണറ്റിൽ ഒളിച്ചിരുന്ന ഗോവിന്ദച്ചാമിയെ പിടികൂടിയത്. അതിന്റെ ദൃശ്യങ്ങൾ സംപ്രേക്ഷണം ചെയ്യുകയുമുണ്ടായി.

നമ്മുടെ ജയിലുകളുടെ അവസ്ഥയും കൊടും കുറ്റവാളികളെപ്പോലും പാർപ്പിക്കുന്നതിന്റെ അശാസ്ത്രീയതയുമൊക്കെ ഗോവിന്ദച്ചാമിയുടെ ജയിൽ ചാട്ട കഥയിലൂടെ ഒരിക്കൽക്കൂടി വ്യക്തമാകുന്നു. അതിസുരക്ഷാ ജയിലിൽനിന്ന് ഇത്തരമൊരു രക്ഷപ്പെടൽ എങ്ങിനെ സാധ്യമായി എന്നതു ഗൗരവമായി അന്വേഷിക്കേണ്ടതുണ്ട്.

2011 ഫെബ്രുവരി ഒന്നിന് ഷൊർണൂർ പാസഞ്ചർ ട്രെയിനിൽനിന്നു സൗമ്യ എന്നു പെൺകുട്ടിയെ തള്ളിയിട്ട് ക്രൂരമായി പീഡിപ്പിക്കുകയും കൊലപ്പെടുത്തുകയും ചെയ്ത കേസിലാണ് ഗോവിന്ദച്ചാമി കേരളമാകെ ശ്രദ്ധിക്കപ്പെട്ടത്. അതിനുമുമ്പുതന്നെ തമിഴ്നാട്ടിൽ ഇയാൾക്കെതിരേ ഒരു ഡസനിലേറെ ക്രിമിനൽ കേസുകൾ ഉണ്ടായിരുന്നു. സ്ത്രീകളെ പീഡിപ്പിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന പ്രത്യേക സ്വഭാവ വൈകൃതമുള്ളയാളാണ് ഗോവിന്ദച്ചാമി എന്ന് ഇയാളെ പിടികൂടിയ ഉദ്യോഗസ്ഥൻ തന്നെ വെളിപ്പെടിത്തിയിട്ടുണ്ട്. ജയിലിൽ ബിരിയാണി വിളമ്പിയില്ലെന്നു പറഞ്ഞു അക്രമം കാട്ടിയതിനു കേസെടുക്കുകയും അതിനു വേറെ ശിക്ഷ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ജയിലിൽ സ്ഥിരം പ്രശ്നങ്ങളുണ്ടാക്കുമായിരുന്നു. പിടികൂടപ്പെട്ടശേഷം ഗോവിന്ദച്ചാമി യാതൊരു ഭാവഭേദവുമില്ലാതെയാണ് പോലീസിനും മാധ്യമങ്ങൾക്കും മുന്നിൽ നിന്നത്.

സൗമ്യ വധക്കേസിൽ ഗോവിന്ദച്ചാമിക്കുവേണ്ടി ഹാജരാകാൻ പ്രമുഖ അഭിഭാഷകരെത്തിയതും വിവാദമായിരുന്നു. തെളിവുകളുടെ അഭാവത്തിൽ സുപ്രീംകോടതി ഗോവിന്ദച്ചാമിയുടെ വധശിക്ഷ ജീവപര്യന്തമാക്കി ഇളവു ചെയ്തിരുന്നു. കണ്ണൂർ ജയിലിൽ ആഘോഷപൂർവമായ താമസമാണ് ഗോവിന്ദച്ചാമിയും മറ്റു പല തടവുകാരും അനുഭവിക്കുന്നതെന്നും വാർത്തകൾ വന്നിട്ടുണ്ട്.

രാഷ്ട്രീയ കൊലപാതകങ്ങളിൽ പ്രതികളായിട്ടുള്ളവരും ശിക്ഷ അനുഭവിക്കുന്നവരുമൊക്കെ ദീർഘകാലം പരോളിൽ പുറത്തു വിലസുന്നതും ജയിലിൽ എല്ലാ വിധ സൗകര്യങ്ങളും അനുഭവിക്കുന്നതും സംബന്ധിച്ച വിവരങ്ങളും പുറംലോകം കൗതുകപൂർവം കേൾക്കാറുണ്ട്. ജയിൽ അധികൃതരും പോലീസുമൊക്കെ പലപ്പോഴും ഇതിൽ പ്രതിസ്ഥാനത്തു നിൽക്കുകയും ചെയ്യുന്നു.

കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളായി കമ്യൂണിസ്റ്റ് നേതാവും മുൻ മുഖ്യമന്ത്രിയുമായിരുന്ന വി.എസ്. അച്യുതാനന്ദന്റെ നിര്യാണവാർത്തയും അദ്ദേഹത്തിന്റെ മൃതദേഹവും വഹിച്ചുകൊണ്ടുള്ള വിലാപയാത്രയും ആലപ്പുഴ വലിയ ചുടുകാട്ടിലെ സംസ്കാര ചടങ്ങുകളുമായിരുന്നു ദൃശ്യമാധ്യമങ്ങൾ ഉൾപ്പെടെയുള്ള എല്ലാ മാധ്യമങ്ങളുടെയും പ്രധാന വാർത്ത. മറ്റു വാർത്തകളെല്ലാം മാറ്റിവച്ച് മണിക്കൂറുകളോളം അതിന്റെ സജീവ സംപ്രേക്ഷണം നടന്നു. അത് അദ്ദേഹം അർഹിക്കുന്ന ആദരവു തന്നെ. തൊട്ടടുത്ത ദിവസം തന്നെ ഗോവിന്ദച്ചാമി എന്ന ക്രിമിനലിന്റെ ജയിൽ ചാട്ടവുമായി ബന്ധപ്പെട്ട വാർത്തയ്ക്കും അതിന്റെ തത്സമയ സംപ്രേക്ഷണത്തിനുമൊക്കെ ഇത്രമാത്രം സമയം ചെലവഴിക്കണോ എന്നൊരു സന്ദേഹം ചിലർ ഉയർത്തുന്നുണ്ട്.

ഗോവിന്ദച്ചാമിയുടെ ജയിൽ ചാട്ട വാർത്ത തങ്ങളാണ് ആദ്യമായി റിപ്പോർട്ട് ചെയ്തതെന്നൊക്കെ വീരവാദം മുഴക്കുന്ന ചാനൽ അവതാരകരെയും കാണാനായി. അതേസമയം ദൃശ്യമാധ്യമങ്ങളുടെ ഉൾപ്പെടെയുള്ള ഈ തുടർച്ചയായ വാർത്താ പ്രക്ഷേപണം ഗോവിന്ദച്ചാമിയെ പിടികൂടുന്നതിനു സഹായകമായി എന്നതും വസ്തുതയാണ്. സിസിടിവി ദൃശ്യങ്ങൾ ഉൾപ്പെടെ പരിശോധിച്ചു അന്വേഷണം ത്വരിതപ്പെടുത്താനും പോലീസിനു സാധിച്ചു. പോലീസിനു വളരെ വിലപ്പെട്ട വിവരങ്ങൾ നൽകിയ മാധ്യമങ്ങളെയും പൊതുജനങ്ങളെയും അന്വഷണത്തിനു നേതൃത്വം കൊടുത്ത കണ്ണൂർ എസ്പി ശ്ലാഘിക്കുകയും ചെയ്തു. കൊടുംകുറ്റവാളികളുമായി ബന്ധപ്പെട്ട ഇത്തരം സംഭവങ്ങൾ വെറും കൗതുക വാർത്തകൾമാത്രമായി മാറാതിരിക്കട്ടെ.



# ഹമാസിനെ പുറത്താക്കാൻ അറബ് രാജ്യങ്ങൾ

(ഒന്നാം പേജ് തുടർച്ച)

ളനത്തിന് അധ്യക്ഷത വഹിച്ച ഫ്രാൻസ്, ഈ പ്രഖ്യാപനത്തെ ചരിത്രപരമെന്നാണ് വിശേഷിപ്പിച്ചത്.

'അറബ് രാജ്യങ്ങളും മിഡിൽ ഈസ്റ്റിലുള്ളവരും ഹമാസിനെ അപലപിക്കുന്നു, ഒക്ടോബർ 7നെ അപലപിക്കുന്നു. ഹമാസിന്റെ നിരായുധീകരണത്തിനായി ആഹ്വാനം ചെയ്യുന്നു. പലസ്തീൻ ഭരണത്തിൽനിന്ന് അവരെ ഒഴിവാക്കാൻ ആവശ്യപ്പെടുന്നു. ഭാവിയിൽ ഇസ്രയേലുമായി ബന്ധം സാധാരണ നിലയിലാക്കാനുള്ള ഉദ്ദേശ്യം വ്യക്തം.' ഫ്രഞ്ച് വിദേശകാര്യ മന്ത്രി ജീൻനോയൽ ബാരോ പറഞ്ഞു.

### അറബ് രാജ്യങ്ങൾ ഹമാസിനെ നാടുകടത്താൻ നിർബന്ധിതരാക്കിയേക്കാം

പ്രാദേശിക ഐക്യത്തിന്റെ അപൂർവ പ്രകടനം പ്രസ്ഥാനത്തെ ഒറ്റപ്പെടുത്തുകയും അത് അനുസരിക്കാൻ നിർബന്ധിതരാക്കുകയും ചെയ്യുമെന്നാണ് വിലയിരുത്തൽ. 22 മാസത്തെ യുദ്ധം അവസാനിപ്പിക്കാൻ മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ ഒരു പുതിയ പദ്ധതിക്ക് പിന്നിൽ ഒന്നിച്ചതോടെ ഹമാസ് നേതാക്കളെ ഗാസ വിട്ടുപോകാൻ നിർബന്ധിതരാക്കും. ഗ്രൂപ്പിന്റെ രണ്ട് പ്രധാന രക്ഷാധികാരികളായ ഖത്തറും തുർക്കിയും, നിരായുധീകരിക്കാനും അധികാരം ഒഴിയാനും നാടുകടത്തൽ സ്വീകരിക്കാനും ഹമാസിന് മേൽ സമ്മർദ്ദം ചെലുത്തുന്ന ഒരു ഫ്രഞ്ച്, സൗദി സമാധാന സംരംഭത്തിന് പിന്തുണ നൽകി രംഗത്തെത്തി.പ്രാദേശിക ഐക്യത്തിന്റെ അപൂർവ പ്രകടനം പ്രസ്ഥാനത്തെ ഒറ്റപ്പെടുത്തുമെന്ന് മുതിർന്ന ഗൾഫ് ഉദ്യോഗസ്ഥർ പറഞ്ഞു, അത് അനുസരിക്കുകയല്ലാതെ മറ്റൊരു മാർഗവും ഹമാസിന് മുന്നിൽ ഇല്ല. ഗാസയിലെ ഇസ്രായേലിന്റെ നീണ്ടതും രക്തരൂക്ഷിതവുമായ യുദ്ധം ഹമാസിനെ വളരെയധികം ദുർബലപ്പെടുത്തി. അവസാന പ്രഹരം നൽകാൻ ഇപ്പോൾ ഒരു 'സുവർണ്ണാവസരം' ഉണ്ടെന്ന് അറബ് ഉദ്യോഗസ്ഥർ വിശ്വസിക്കുന്നു.

### ശുപാർശ ചെയ്യുന്നത്

തുർക്കി, അറബ് ലീഗ് അംഗങ്ങൾ, യൂറോപ്യൻ യൂണിയൻ, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങൾ ഈ ആഴ്ച ഒപ്പുവച്ച ന്യൂയോർക്ക് പ്രഖ്യാപനത്തിന് പിന്നിലാണ് ഹമാസിന്റെ പുതിയ അവസരം. ഒക്ടോബർ 7 ലെ കൂട്ടക്കൊലയെ അപലപിക്കുകയും ഗാസയിലെ ഹമാസ് ഭരണം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന ന്യൂയോർക്ക് പ്രഖ്യാപനമാണിത്. ഹമാസിന്റെ മിക്ക നേതൃത്വവും കൊല്ലപ്പെട്ടു, അതിന്റെ സർക്കാർ കഷ്ടിച്ച് പ്രവർത്തിക്കുന്നു, ഇസ്രായേൽ സൈന്യം ഗാസയുടെ 70 ശതമാനവും നിയന്ത്രിക്കുന്നു. ചെറിയ പോരാട്ട യൂണിറ്റുകൾ മാറ്റിനിർത്തിയാൽ, ഹമാസിന് തുടർച്ചയായ യുദ്ധങ്ങൾ നടത്താനോ ഇസ്രായേലിനുള്ളിൽ ആക്രമണം നടത്താനോ കഴിയില്ല. ഗാസയിലെ ജനസംഖ്യയിൽ നിന്നുള്ള പിന്തുണ ഏകദേശം 6 ശതമാനമായി കുറഞ്ഞുവെന്ന് കരുതപ്പെടുന്നു. ഹമാസിനെ നീക്കം ചെയ്യുന്നത് ഒരു വിനാശകരമായ പ്രതിസന്ധിയായി മാറിയേക്കാം. 60,000ത്തിലധികം പേർ മരിക്കുകയും ഗാസയുടെ ഭൂരിഭാഗവും തകർന്നടിയുകയും ചെയ്യുന്നത് യുദ്ധം അവസാനിപ്പിക്കാനുള്ള അവസരമായി മാത്രമല്ല, പലസ്തീൻ പ്രശ്നം പരിഹരിക്കാനുള്ള പ്രതീക്ഷകൾ പുനരുജ്ജീവിപ്പിക്കാനുള്ള അവസരമായും മാറാമെന്നാണ് വിലയിരുത്തൽ.



## മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ ഓഫ് ഷിക്കാഗോയ്ക്ക് പുതു നേതൃത്വം

ഷിക്കാഗോ: മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷന് പുതിയ നേതൃത്വം. ഷിക്കാഗോയിലെ നോർത്ത് ബ്രൂക്കിൽ ചേർന്ന വാർഷികപൊതുയോഗത്തിൽ മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ ഓഫ് ഷിക്കാഗോയുടെ 2025–27 കാലയളവിലേക്കുള്ള പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. പ്രസിഡന്റായി ബിനു കൈതക്കത്തൊട്ടിയിൽ, വൈസ് പ്രസിഡന്റായി മഹേഷ് കൃഷ്ണൻ, ജനറൽ സെക്രട്ടറിയായി റ്റാജു കണ്ടാരപ്പള്ളിൽ, ജോയിന്റ്സെക്രട്ടറിയായി നിഥിൻ എസ്. നായർ, ട്രഷററായി മനോജ് വഞ്ചിയിൽ എന്നിവരെ ഐകകണ്ഠേന തെരഞ്ഞെടുത്തു. രണ്ടുവർഷത്തെ സേവനത്തിനുശേഷം സ്ഥാനമൊഴിയുന്ന പ്രസിഡന്റ് റോയി നെടുംചിറ പുതിയ ഭാരവാഹികൾക്ക് ആശംസകൾ നേർന്നു. മഹേഷ് കൃഷ്ണൻ പ്രവർത്തനറിപ്പോർട്ടും, സാബു തറത്തട്ടേൽ സാമ്പത്തികറിപ്പോർട്ടും അവതരിപ്പിച്ചു.

സ്ഥാപക അംഗങ്ങളായ പീറ്റർ കുളങ്ങര, സതീശ് നായർ, വർഗീസ് പാലമലയിൽ, വിജി നായർ, ജോൺ പാട്ടപ്പതി തുടങ്ങിയവരുടെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നിയന്ത്രിച്ചു. ട്രസ്റ്റ് ബോർഡ് ചെയർമാനായി സ്റ്റീഫൻ കിഴക്കേക്കുറ്റും, ചെയർമാനായി റോയി നെടുംചിറയും നിയമിതരായി. പോൾസൺ കുളങ്ങര ഏവർക്കും നന്ദി പറഞ്ഞു. സ്നേഹവിരുന്നോടെ യോഗം അവസാനിച്ചു.

*റ്റാജു കണ്ടാരപ്പള്ളിൽ*

## ഇന്ത്യയ്ക്ക് പ്രഹരം, പാക്കിസ്ഥാന് തലോടൽ! ട്രംപിന്റെ പുതിയ പ്രഖ്യാപനം

(ഒന്നാം പേജ് തുടർച്ച)

ഇന്ത്യയും അമേരിക്കയും ഏറെ നാളായി ഇക്കാര്യത്തിൽ ചർച്ച നടത്തുന്നുണ്ടെങ്കിലും ധാരണയായിരുന്നില്ല. ഓഗസ്റ്റ് ഒന്ന് മുതൽ പുതിയ നികുതി ആകുമെന്നും അതിന് മുമ്പ് എല്ലാ രാജ്യങ്ങൾക്കും അമേരിക്കയുമായി കരാറിലെത്താൻ അവസരം നൽകുമെന്നുമായിരുന്നു ട്രംപ് പറഞ്ഞത്. ഇതുവരെ കരാറിലെത്താത്ത സാഹചര്യത്തിലാണ് ഇന്ത്യയ്ക്ക് 25 ശതമാനം താരിഫ് പ്രഖ്യാപിച്ചത്.

### നയങ്ങളിലെ ഇരട്ടത്താപ്പ്

ഇന്ത്യയ്ക്ക് 25 ശതമാനം തീരുവയും അധിക പിഴയും പ്രഖ്യാപിച്ച് മണിക്കൂറുകൾക്ക് ശേഷം, ട്രംപ് പാകിസ്ഥാനുമായി ഒരു വ്യാപാര കരാർ പ്രഖ്യാപിച്ച് രംഗത്തെത്തി. പാക്കിസ്ഥാന്റെ കയ്യിലുള്ള എണ്ണ ശേഖരം വികസിപ്പിക്കാൻ യു.എസ് തയ്യാറാണെന്നാണ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കിയിരിക്കുന്നത്. ഈ കാര്യത്തിൽ പാക്കിസ്ഥാനെ സഹായിക്കുന്നതിനായി ഒരു കരാർ ഒപ്പിട്ടതായും ട്രംപ് പറഞ്ഞു. സമൂഹമാധ്യമ പ്ലാറ്റ്ഫോമായ ട്രൂത്ത് സോഷ്യലിലെ ഒരു പോസ്റ്റിലൂടെയാണ് ട്രംപ് ഇക്കാര്യം പ്രഖ്യാപിച്ചത്.

''പാക്കിസ്ഥാനുമായി ഞങ്ങൾ ഒരു കരാർ ഒപ്പിട്ടു. അതിലൂടെ പാക്കിസ്ഥാനും അമേരിക്കയും അവരുടെ വമ്പിച്ച എണ്ണ ശേഖരം വികസിപ്പിക്കുന്നതിന് ഒരുമിച്ച് പ്രവർത്തിക്കും. ഈ പങ്കാളിത്തത്തിന് നേതൃത്വം നൽകുന്ന എണ്ണ കമ്പനിയെ തിരഞ്ഞെടുക്കുന്ന പ്രക്രിയയിലാണ് ഞങ്ങൾ. ആർക്കറിയാം, ഒരുപക്ഷേ അവർ ഒരു ദിവസം ഇന്ത്യയ്ക്ക് എണ്ണ വിറ്റേക്കും.'' ട്രംപ് കുറിച്ചു.

അതേസമയം കരാർ പ്രകാരം ഏത് കമ്പനിയ്ക്കാണ് ഇതിന്റെ ചുമതല നൽകേണ്ടതെന്ന് ഇതുവരെ തീരുമാനിച്ചിട്ടില്ലെന്നും ട്രംപ് കൂട്ടിച്ചേർത്തു. ഒരു ദിവസം പാക്കിസ്ഥാൻ ഇന്ത്യയ്ക്ക് എണ്ണ വിൽക്കുമെന്നവരെ ട്രംപ് പറഞ്ഞുവച്ചു. ട്രംപിന്റെ തീരുമാനം ഇന്ത്യയ്ക്ക് തിരിച്ചടിയായേക്കും. റഷ്യയിൽ നിന്ന് വില കുറഞ്ഞ എണ്ണ വാങ്ങിയതിന് പിന്നാലെ ഇന്ത്യയ്ക്ക് 25% തീരുവയും പിഴയും പ്രഖ്യാപിച്ചതിന് പിന്നാലെയാണ് പാക്കിസ്ഥാനുമായി കരാർ ഒപ്പിട്ടതായി ട്രംപ് പ്രഖ്യാപിച്ചത്.

യുഎസിനെ അങ്ങേയറ്റം സന്തോഷിപ്പിക്കാൻ ആഗ്രഹിക്കുന്ന നിരവധി രാജ്യങ്ങളിലെ നേതാക്കളുമായി താൻ സംസാരിച്ചിട്ടുണ്ടെന്നും ഇതേ പോസ്റ്റിൽ ട്രംപ് പറയുന്നു. താരിഫ് കുറയ്ക്കുന്നതിനായി നിരവധി രാജ്യങ്ങൾ യുഎസിന് വാഗ്ദാനങ്ങൾ നൽകുന്നുണ്ടെന്നും ഇത് രാജ്യത്തിന്റെ വ്യാപാര കമ്മി വൻതോതിൽ കുറയ്ക്കുമെന്നും ട്രംപ് കൂട്ടിച്ചേർത്തു.

### ഇന്ത്യൻ വിപണിയിൽ കൂടുതൽ അവസരം

ഇന്ത്യൻ വിപണിയിൽ അമേരിക്കക്ക് കൂടുതൽ അവസരം വേണം എന്ന് ട്രംപ് ആവശ്യപ്പെടുന്നുണ്ട്. ഇന്ത്യൻ സംരംഭകരെ പ്രതിസന്ധിയിലാക്കുന്ന നീക്കമാകുമിത്. റഷ്യയുമായി ഇടപാട് തുടരുന്നതിനെതിരെ ചുമത്തിയ ഉപരോധവും ഓഗസ്റ്റ് ഒന്ന് മുതൽ നിലവിൽ വരുമെന്ന് അമേരിക്ക അറിയിച്ചിട്ടുണ്ട്. അമേരിക്കയിലേക്ക് ഇന്ത്യ പ്രധാനമായും കയറ്റുമതി ചെയ്യുന്നത് മരുന്നുകൾ ഉൾപ്പെടെയുള്ള വസ്തുക്കളാണ്. ഇവയ്ക്ക് ഇനി അമേരിക്കയിൽ ചെലവേറും. ഇത് മറ്റു രാജ്യങ്ങൾക്ക് അവസരം കിട്ടാൻ കാരണമാകും.

## ഐസിഇ തടങ്കൽ കേന്ദ്രങ്ങളിലേക്കുള്ള സന്ദർശനങ്ങൾ പരിമിതപ്പെടുത്തി; ട്രംപ് ഭരണകൂടത്തിനെതിരെ കേസുമായി ഡെമോക്രാറ്റ്സ്

വാഷിംഗ്ടൺ: നിയമവിരുദ്ധമായി യുഎസിൽ താമസിക്കുന്നതായി സംശയിക്കുന്ന കുടിയേറ്റക്കാരെ പാർപ്പിച്ചിരിക്കുന്ന തടങ്കൽ കേന്ദ്രങ്ങളിലേക്കുള്ള പ്രവേശനം പരിമിതപ്പെടുത്താനുള്ള ട്രംപ് ഭരണകൂടത്തിന്റെ ശ്രമത്തിനെതിരെ കേസ് ഫയൽ ചെയ്ത് ഡെമോക്രാറ്റിക് കോൺഗ്രസ് അംഗങ്ങൾ.

യുഎസിലുടനീളമുള്ള സംസ്ഥാനങ്ങളിലെ ഡെമോക്രാറ്റിക് നിയമനിർമ്മാതാക്കൾ ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ് തടങ്കൽ കേന്ദ്രങ്ങളിൽ പ്രവേശിക്കാനുള്ള ശ്രമങ്ങൾ ട്രംപ് ഭരണകൂടം തടഞ്ഞുവെന്നും അത്തരം സ്ഥലങ്ങൾ സന്ദർശിച്ച് പരിശോധിക്കാനുള്ള പദ്ധതികൾ വൈകിപ്പിക്കാൻ ശ്രമിച്ചതായും കേസ് ആരോപിച്ചു.

നാടുകടത്തൽ കാത്തിരിക്കുന്നവരെ പാർപ്പിക്കുന്ന സൗകര്യങ്ങളിലേക്ക് കോൺഗ്രസ് അംഗങ്ങൾക്ക് പ്രവേശനം ഉറപ്പുനൽകുന്ന ഫെഡറൽ നിയമത്തിലെ ഒരു വ്യവസ്ഥയുടെ ലംഘനമാണ് ഐസിഇയുടെ മേൽനോട്ടം വഹിക്കുന്ന ഹോംലാൻഡ് സെക്യൂരിറ്റി വകുപ്പിന്റെ നടപടികൾ എന്ന് നിയമനിർമ്മാതാക്കൾ അവരുടെ പരാതിയിൽ വാദിച്ചു.

ദീർഘകാല തടങ്കൽ കേന്ദ്രങ്ങളല്ലാത്തതിനാൽ, നിയമനിർമ്മാതാക്കൾക്ക് ഐസിഇ ഫീൽഡ് ഓഫീസുകളും മറ്റ് ഹ്രസ്വകാല പ്രോസസ്സിംഗ് സൗകര്യങ്ങളും സന്ദർശിക്കാൻ സ്വയമേവ പ്രവേശനമില്ലെന്ന നിലപാടും ഐസിഇ സ്വീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും, ചില ഐസിഇ ഫീൽഡ് ഓഫീസുകൾ അടുത്തിടെ താൽക്കാലിക തടങ്കൽ കേന്ദ്രങ്ങളായി ഉപയോഗിച്ചുവരുന്നു, ന്യൂയോർക്കിലും മറ്റ് നഗരങ്ങളിലും ദിവസങ്ങളോളം തടവുകാരെ പാർപ്പിക്കുന്ന സൗകര്യങ്ങളുണ്ട്.

അനധികൃത കുടിയേറ്റത്തിനെതിരെ ട്രംപ് ഭരണകൂടം ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനിടെയാണ് ബുധനാഴ്ചത്തെ കേസ് വരുന്നത്. സമീപ ആഴ്ചകളിൽ, ഐസിഇ റെക്കോർഡ് എണ്ണം തടവുകാരെ അതിന്റെ വിശാലമായ തടങ്കൽ സംവിധാനത്തിലേക്ക് മാറ്റി. ഈ ആഴ്ചയിലെ കണക്കനുസരിച്ച്, നാടുകടത്തൽ നേരിടുന്ന 57,000 വ്യക്തികളെ ഏജൻസി കസ്റ്റഡിയിലെടുത്തിട്ടുണ്ടെന്ന് ആഭ്യന്തര സർക്കാർ ഡാറ്റ പറയുന്നു.

## ഷിക്കാഗോ മലയാളി അസോസിയേഷൻ ഡോഗ് ഷോ 2025 വൻവിജയം



ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ശ്വാനപ്രദർശനവും മത്സരവും ശ്രദ്ധേയമായി. അസോസിയേഷന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരമൊരു പ്രദർശനം സംഘടിപ്പിച്ചത്. ജൂലൈ 27ഞായറാഴ്ച വൈകിട്ട് 4 മണിക്ക് ഷിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ വെച്ച് നടന്ന പ്രദർശനത്തിലും മൽസരത്തിലും പത്ത് നായ്ക്കുട്ടികൾ പങ്കെടുത്തു.

ഡോഗ് ഷോ 2025 പ്രശസ്ത വെറ്ററിനറി ഡോക്ടറും ഈ രംഗത്ത് നാല്പതിൽപരം വർഷങ്ങളുടെ അനുഭവസമ്പത്തുമുള്ള ഡോ. ലൂക്ക് വട്ടമറ്റം ഉദ്ഘാടനം ചെയ്തു. നായകളും നമ്മെപ്പോലെ സാമൂഹിക ജീവികളാണെന്നും അവരുടെ വിശ്വസ്തതയും സ്നേഹവും കുറും അളക്കാൻ കഴിയാത്തതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രസിഡന്റ് ജെസ്സി റിൻസി അധ്യക്ഷത വഹിച്ച യോഗത്തിൽ ഫോമാ ആർ.വി.പി ജോൺസൻ കണ്ണൂക്കാടൻ, അസോ.പി.ആർ.ഓ ബിജു മുണ്ടക്കൽ, ഫിലിപ്പ് പുത്തൻപുരയിൽ, വർഗീസ് തോമസ് എന്നിവർ സംസാരിച്ചു. ഡോ. സൂസൻ ചാക്കോ, ആഗ്നെസ് തോമസ്, ജോസ് മണക്കാട്ട്, സിബിൽ ഫിലിപ്പ് എന്നിവർ പ്രദർശനത്തിന് നേതൃത്വം നൽകി.

ബിജു വാക്കേലിന്റെ ഡ്യൂക്ക് എന്ന നായ്ക്കുട്ടി ഒന്നാം സ്ഥാനവും, എബ്രഹാം ജോർജിന്റെ ജിമ്മി രണ്ടാം സ്ഥാനവും ടോമി ഫിലിപ്പിന്റെ പ്രിൻസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. എല്ലാ മത്സരാർത്ഥികൾക്കും ബാഡ്ജുകളും സമ്മാനിച്ചു.

*ബിജു മുണ്ടക്കൽ*

**Holiday Let**
**Penthouse in Kochi**

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#072325

**കെയർഗിവറെ ആവശ്യമുണ്ട്**

ഷിക്കാഗോ ഒർലാൻഡ് പാർക്കിൽ പ്രായമായ മാതാപിതാക്കളെ ശുശ്രൂഷിക്കുന്നതിന് വീട്ടിൽ താമസിച്ചോ, വന്നുപോയോ ആഴ്ചയിൽ 3 ദിവസം, പകൽ മാത്രം. താൽപ്പര്യമുള്ളവർ ബന്ധപ്പെടുക

**708 – 256 – 4880**

#072325

**SEEKING BRIDEGROOM**

**We are seeking a** suitable alliance for our niece, aged 25, from Idukki. She has completed her B.Tech in Computer Science from Amal Jyothi College of Engineering Kanjirappally. She worked with Infosys for almost 3 years and is currently pursuing a course in Data Analytics. We are looking for a Christian (RCSC) boy from a respected family background. For more details, please contact:

**Chavara ID: CKTA500214**
**847-778-6907 (Chicago)**

#072325

**SEEKING BRIDE**

**We are seeking** a suitable alliance for our nephew, aged 29, from Idukki.

He has completed his MBA from Rajagiri College of Social Sciences and is currently working in our family business.

We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.

**Chavara ID: CKTA459984**
**847-778-6907 (Chicago)**

#073025

**ROOMS FOR RENT IN DOWNERS GROVE**

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.

For more information
**Contact: +1-630-723-1112 or email: siby.joseph1@gmail.com**

#072325

**വരനെ ആവശ്യമുണ്ട്**

ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി(യുഎസ് സിറ്റിസൺ) അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786 – 868 – 7192, 786 – 825 – 5748**

#072325

## നൊവേന

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.


1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**എബ്രഹാം ജോർജ്**

#073025

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ഫിലിപ്പ് വർഗീസ്**

#073025

Newspaper for Malayalees Worldwide ◆Estd.2020

വാചകം VACHAKAM

To Advertise
1 773 – 888 – 2242
1 773 – 842 – 9149
1 773 – 888 – 2243
vachakamonline@gmail.com
news@vachakam.com

Vachakam.com

For E-Paper reading visit Vachakam.com

## എപ്സ്റ്റീനുമായി ബന്ധപ്പെട്ട ഫയലുകൾ പുറത്തുവിടാനൊരുങ്ങി സെനറ്റ് ഡെമോക്രാറ്റുകൾ



ന്യൂയോർക്ക്: ലൈംഗിക കുറ്റവാളി ജെഫ്രി എപ്സ്റ്റീനുമായി ബന്ധപ്പെട്ട കൂടുതൽ ഫയലുകൾ പുറത്തുവിടാൻ ഒരുങ്ങി സെനറ്റ് ഡെമോക്രാറ്റുകൾ. നീതിന്യായ വകുപ്പിനെ ഇതിനായി നിർബന്ധിക്കാൻ ഒരു നിഗൂഢമായ നടപടിക്രമം ഉപയോഗിക്കുകയാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഓഗസ്റ്റിൽ നിയമനിർമ്മാതാക്കൾ ഒരു മാസത്തെ അവധിക്ക് തയ്യാറെടുക്കുമ്പോൾ, ഈ വിഷയം സജീവമായി നിലനിർത്താനുള്ള ഏറ്റവും പുതിയ തന്ത്രമാണിത്.

അറ്റോർണി ജനറൽ പാം ബോണ്ടിക്ക് അയച്ച പുതിയ കത്തിൽ, സെനറ്റ് മൈനോറിറ്റി നേതാവ് ചക്ക് ഷൂമറും സെനറ്റ് ഹോംലാൻഡ് സെക്യൂരിറ്റി കമ്മിറ്റിയിലെ ഡെമോക്രാറ്റുകളും എപ്സ്റ്റീനുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും പുറത്തുവിടണമെന്ന് ആവശ്യപ്പെട്ടു. ഓഡിയോ, വീഡിയോ, മറ്റ് പ്രസക്തമായ രേഖകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഓഗസ്റ്റ് 15നകം രേഖകൾ കൈമാറണമെന്നും ഇരകളുടെ സ്വകാര്യതയും വിവരങ്ങളും സംരക്ഷിക്കുന്നതിന് ഉചിതമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നും കത്തിൽ അഭ്യർത്ഥിക്കുന്നു. കൂടാതെ, ഓഗസ്റ്റ് 29നകം ഒരു ബ്രീഫിംഗും ഡെമോക്രാറ്റുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ നീക്കം എപ്സ്റ്റീൻ കേസിലെ കൂടുതൽ വിവരങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കാൻ സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ആരോഗ്യ വിഭാഗത്തെ തള്ളി ട്രംപിന്റെ കനത്ത നടപടി; വാക്സിൻ റെഗുലേറ്ററെ പിരിച്ചുവിട്ടതായി റിപ്പോർട്ട്

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ (FDA) നിയന്ത്രണ ഏജൻസിയുടെ മുൻനിര വാക്സിൻ റെഗുലേറ്ററെ പിരിച്ചുവിട്ടതായി റിപ്പോർട്ട്. പൊളിറ്റിക്കോ എന്ന പ്രശസ്ത ന്യൂസ് പോർട്ടൽ ആണ് ബുധനാഴ്ച ഇത് റിപ്പോർട്ട് ചെയ്തത്.

അതേസമയം ആരോഗ്യ വകുപ്പിന്റെ സെക്രട്ടറി റോബർട്ട് എഫ്. കെനഡി ജൂനിയറെയും, FDA കമ്മീഷണറായ മാർട്ടി മകറിയെയും മറികടന്ന് ആണ് ട്രംപ് ഈ നിർദേശം നൽകിയത് എന്നാണ് ആ റിപ്പോർട്ടിൽ പറയുന്നത്. വിഷയവുമായി ബന്ധപ്പെട്ട അടുത്ത വൃത്തങ്ങളിലുള്ള നാല് പേരാണ് ഈ വിവരം മാധ്യമത്തിന് നൽകിയത് എന്നാണ് ലഭിക്കുന്ന വിവരം.



മൂല്യനിർണയത്തിനും സുരക്ഷയ്ക്കും ബാധകമായ വാക്സിൻകളുടെ നിലവാരവും അനുമതിയും നിയന്ത്രിക്കുന്ന വ്യക്തിയാണ് വാക്സിൻ റെഗുലേറ്റർ. ഇത്തരം പദവികൾ ആരോഗ്യ സുരക്ഷയ്ക്ക് അനിവാര്യമായവയാകുന്നതിനാൽ, ഇവയുടെ മാറ്റങ്ങൾ വളരെ പ്രധാനമാണ്.

റോബർട്ട് എഫ്. കെനഡി ജൂനിയർ, ട്രംപ് സർക്കാർ കാലത്ത് ആരോഗ്യ സെക്രട്ടറി എന്ന നിലയിൽ സേവനമനുഷ്ഠിച്ചിരുന്നുവെങ്കിലും, അദ്ദേഹവും മാർട്ടി മകറിയയും വാക്സിൻ റെഗുലേറ്ററെ പദവിയിൽ തുടരാൻ താല്പര്യം പ്രകടിപ്പിച്ചുവെന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ട്രംപ് അവരുടെ അഭിപ്രായങ്ങൾ പൂർണമായി തള്ളിക്കളഞ്ഞ്, നേരിട്ട് വാക്സിൻ റെഗുലേറ്ററെ പുറത്താക്കാൻ ഉത്തരവിട്ടതായാണ് ലഭിക്കുന്ന വിവരം.

അതേസമയം ഇതുവരെ ഔദ്യോഗികമായി ട്രംപ് ഓഫീസോ ആരോഗ്യ വകുപ്പോ ഇതിനെക്കുറിച്ച് പ്രതികരിച്ചിട്ടില്ല. എന്നാൽ ആരോഗ്യ വിദഗ്ധരും പൊതുജനാരോഗ്യ പ്രവർത്തകരും ഈ നീക്കം ആശങ്കയോടെയാണ് കാണുന്നത്.

സാങ്കേതിക വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യേണ്ട തീരുമാനങ്ങൾ രാഷ്ട്രീയമാക്കപ്പെടുമ്പോൾ അതിന്റെ ദൂഷ്യഫലങ്ങൾ സാരമായിരിക്കുമെന്നാണ് ഏവരുടെയും ആശങ്ക.



# ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ ഇടവകദിനം അവിസ്മരണീയമായി

ഷിക്കാഗോ: ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാം വാർഷികത്തിന്റെ ഭാഗമായി നടത്തപ്പെട്ട ഇടവക ദിനം വർണ്ണോജ്ജ്വലമായ പരിപാടിളോടെ അവിസ്മരണീയമായി. ജൂലൈ 20 ഞായറാഴ്ച രാവിലെ പത്ത് മണിക്ക് ഷിക്കാഗോ സീറോ മലബാർ രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ട ആഘോഷമായ പോന്റിഫിക്കൽ കുർബ്ബാനയോടെയാണ് ഇടവകദിനത്തിന് ആരംഭം കുറിച്ചത്.

ദിവ്യബലിക്ക് ശേഷം ഇടവകയിൽ ഈ വർഷത്തിൽ പതിനഞ്ചാമത് ജന്മദിനം ആഘോഷിച്ച കുട്ടികളെയും, ഇരുപത്തിയഞ്ചാമത്,അൻപതാമത്വിവാഹവാർഷികങ്ങൾ ആഘോഷിച്ച ദമ്പതികളെയും ആദരിച്ച് അവർക്ക് ഉപഹാരങ്ങൾ നൽകി. തുടർന്ന് എല്ലാ പ്രായക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് രസകരമായ ഗെയിമുകൾ സജി പുതൃക്കയിൽ, സാജു കണ്ണമ്പള്ളി എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

വിഭവ സമൃദ്ധമായ ഉച്ചഭക്ഷണത്തോടെ ഇടവകദിനം സമാപിച്ചു. പതിനഞ്ചാമത് വാർഷികത്തിന്റെ ഭാഗമായി ദൈവാലയത്തിന്റെ പൂന്തോട്ടത്തിൽ നടത്തപ്പെട്ട ഫലവൃക്ഷ നടലിന് ക്നാനായ റീജിയൻ ഡയറക്ടർ ഫാ. തോമസ് മുളവനാൽ നേതൃത്വം നൽകി. വികാരി. ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, സണ്ണി മേലേടം, സ്റ്റീഫൻ കിഴക്കേക്കുറ്റ്, സ്റ്റീഫൻ ചൊള്ളമ്പേൽ ടോണി പുളിയറതുണ്ടത്തിൽ, മിനി എടകര എന്നീ പതിനഞ്ചാം വാർഷിക കമ്മറ്റിയംഗങ്ങളും പരിപാടികൾക്ക് നേതൃത്വം നൽകി.

◗ *അനിൽ മറ്റത്തിക്കുന്നേൽ*

# ഫെഡറൽ ധനസഹായം പുനസ്ഥാപിക്കും; ബ്രൗൺ സർവകലാശാലയുമായി ട്രംപ് ഭരണകൂടം 50 മില്യൺ ഡോളറിന്റെ കരാറിലെത്തി



ന്യൂയോർക്ക്: ഫെഡറൽ ധനസഹായം പുനസ്ഥാപിക്കുന്നതിനായി ട്രംപ് ഭരണകൂടം ബ്രൗൺ സർവകലാശാലയുമായി മൾട്ടി മില്യൺ ഡോളറിന്റെ കരാറിൽ എത്തിയതായി റിപ്പോർട്ട്. കഴിഞ്ഞയാഴ്ച കൊളംബിയ സർവകലാശാലയുമായുള്ള 221 മില്യൺ ഡോളറിന്റെ ഒത്തുതീർപ്പിന് ശേഷം ഒരു എലൈറ്റ് സർവകലാശാലയുമായുള്ള അവരുടെ രണ്ടാമത്തെ പ്രധാന കരാറാണിത്.

വൈവിധ്യം, തുല്യത തുടങ്ങി നിരവധി നടപടികൾക്ക് ബ്രൗൺ സമ്മതിച്ചതിന് പകരമായി, ആരോഗ്യ, മനുഷ്യ സേവന വകുപ്പിൽ നിന്നുള്ള മരവിപ്പിച്ച എല്ലാ ഗ്രാന്റുകളും ഫെഡറൽ സർക്കാർ പുനസ്ഥാപിക്കുകയും, ഭാവി ധനസഹായത്തിനുള്ള സ്കൂളിന്റെ യോഗ്യത പുനസ്ഥാപിക്കുകയും, സർവകലാശാലയെക്കുറിച്ചുള്ള എല്ലാ തീർപ്പുകൽപ്പിക്കാത്ത അന്വേഷണങ്ങളും അവസാനിപ്പിക്കുകയും ചെയ്യുമെന്ന് ഒരു വൈറ്റ് ഹൗസ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

ബുധനാഴ്ച പ്രഖ്യാപിച്ച കരാർ പ്രകാരം, പ്രൊവിഡൻസ് ആസ്ഥാനമായുള്ള സ്കൂൾ റോഡ് ഐലൻഡ് വർക്ക്ഫോഴ്സ് ഡെവലപ്മെന്റ് ഓർഗനൈസേഷനുകൾക്ക് 10 വർഷത്തിനുള്ളിൽ 50 മില്യൺ ഡോളർ ഗ്രാന്റായി നൽകുമെന്ന് വൈറ്റ് ഹൗസ് ഉദ്യോഗസ്ഥയും ബ്രൗൺ പ്രസിഡന്റുമായ ക്രിസ്റ്റീന പാക്സൺ പറഞ്ഞു.

ബ്രൗൺ ''ഫെഡറൽ ഗവൺമെന്റിന് യാതൊരു പേയ്മെന്റുകളോ പിഴകളോ നൽകുന്നില്ല'' എന്ന് പാക്സൺ സർവകലാശാല സമൂഹത്തിന് അയച്ച കത്തിൽ പറഞ്ഞു.

കൊളംബിയയുടെ കരാറിൽ നിന്ന് ഇത് വ്യത്യസ്തമാണ്, അതിന്റെ കീഴിൽ സ്കൂൾ മൂന്ന് വർഷത്തിനുള്ളിൽ യുഎസ് ട്രഷറിക്ക് 200 മില്യൺ ഡോളറും യുഎസ് തുല്യ തൊഴിൽ അവസര കമ്മീഷൻ അന്വേഷണങ്ങൾ തീർപ്പാക്കാൻ 21 മില്യൺ ഡോളറും നൽകും. ബ്രൗണിന്റെ ദൗത്യം സംരക്ഷിക്കുന്ന സ്വമേധയാ ഉള്ള കരാറായിട്ടാണ് പാക്സൺ ഈ കരാറിനെ വിശേഷിപ്പിച്ചത്. ഇത് സർക്കാരിന് ബ്രൗണിന്റെ പാഠ്യപദ്ധതിയോ അക്കാദമിക് ഉള്ളടക്കമോ നിർദ്ദേശിക്കാനുള്ള അധികാരം നൽകുന്നില്ലെന്ന് ചൂണ്ടിക്കാട്ടി. തൊഴിൽ ശക്തി വികസനവും കരിയർ പരിശീലന പരിപാടികൾക്കുമാണ് ട്രംപ് ഭരണകൂടം മുൻഗണന നൽകിയിരിക്കുന്നത്.

# വന്ദന ഫ്രാൻസിസ്, പ്രീതി മേരി സിസ്റ്ററുടെയും അറസ്റ്റിൽ പ്രതിഷേധിച്ച് എസ്.എം.സി.സി.

അമേരിക്കയിലെ സിറോമലബാർ കത്തോലിക്ക കോൺഗ്രസ് (SMCC) അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാകുലേറ്റ് കോൺഗ്രിഗേഷൻ അംഗങ്ങളായ വന്ദന ഫ്രാൻസിസ് സിസ്റ്ററും പ്രീതി മേരി സിസ്റ്ററും ഉണ്ടായ അസാധാരണമാരുമായ അറസ്റ്റ് സംബന്ധിച്ച് തീവ്രവ്യഥയും പ്രതിഷേധവും രേഖപ്പെടുത്തുന്നു.

ഈ അഭവ്യമായ സംഭവത്തിൽ അഭിമാനത്തോടെ ആത്മാർത്ഥതയോടുകൂടി സേവനമനുഷ്ഠിച്ച സിസ്റ്റേഴ്സിനൊപ്പം ഞങ്ങൾ ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു. അവരുടെ മോചനത്തിനും നീതിയ്ക്കുമായി ആഗോളതലത്തിൽ ഉയരുന്ന ആവശ്യങ്ങളിലൊന്നായി ഞങ്ങളും എത്തുന്നു.





സാമൂഹികമായി പിൻപറ്റപ്പെട്ടവരോടും ദരിദ്രരുമായ സമൂഹങ്ങളോടും സഹനതേയും കരുണയെയും അഭിമുഖീകരിച്ച് സേവനം ചെയ്തു വരുന്ന മതനിഷ്ഠരായ സന്യാസിനികളോടുള്ള ഈ ക്രൂരതയും പീഡനവും മതാധിഷ്ഠിതമായ അസഹിഷ്ണുതയുടെ ഉയരുന്ന പ്രവണതയെ അടയാളപ്പെടുത്തുന്നു. അറസ്റ്റിലായ സിസ്റ്റേഴ്സിനോടും അവരുടെ കുടുംബങ്ങളോടും ഇന്ത്യയിലെ വ്യാപകമായ ക്രൈസ്തവ സമൂഹത്തോടും SMCC ശക്തമായ ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു.

സിസ്റ്റേഴ്സിന്റെ മോചനം അതിവേഗം നടപ്പിലാക്കുകയും, ഈ ഞെട്ടിക്കുന്ന സംഭവത്തെ ചുറ്റിപ്പറ്റി സമഗ്രവും പരസ്യവുമായ അന്വേഷണവും ഉറപ്പാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

ഇന്ത്യയിലെ ഏറ്റവും പിൻപറ്റപ്പെട്ട വിഭാഗങ്ങൾക്കായി വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സാമൂഹിക സേവനങ്ങൾ എന്നിവ ഒരുക്കിയതിൽ സിറോമലബാർ കത്തോലിക്ക സഭ നാം ബഹുമാനത്തോടെ ഓർമ്മിക്കുന്നു. മതം, ജാതി, നില യാതൊന്നിനും ഭേദമില്ലാതെ എല്ലാവരോടും കരുണയോടുള്ള സേവനമാണ് സഭയുടെ ദൗത്യമായിരുന്നത് എന്നും ആയിരുന്നു.

മതഅസഹിഷ്ണുത ഉയരുന്ന ഈ കാലഘട്ടത്തിൽ, ഇന്ത്യയിലെ ഭരണകൂടത്തോടും ബന്ധപ്പെട്ട എല്ലാ അധികാരികളോടും, മതസ്വാതന്ത്ര്യം സംരക്ഷിക്കുകയും രാജ്യത്തെ സമാധാനം നിലനിർത്തുകയും ചെയ്യാൻ SMCC ആഹ്വാനം ചെയ്യുന്നു.

മതപരമായ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും, പ്രത്യേകിച്ച് മറ്റുള്ളവരുടെ വേണ്ടി ത്യാഗശീലമായി സേവനം ചെയ്യുന്നവരുടെ സുരക്ഷയും മാനവും ഉറപ്പാക്കുകയും ചെയ്യുക എന്ന ഭരണഘടനാപരമായ കടമ നിർവഹിക്കണമെന്ന് ഇന്ത്യ സർക്കാരിനോടും ഞങ്ങൾ അഭ്യർഥിക്കുന്നു.



# അമേരിക്ക – യൂറോപ്യൻ യൂണിയൻ വാണിജ്യക്കരാർ; സംഘർഷത്തിന് അറുതി വരുത്തിയെങ്കിലും ചെലവേറും



അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും യൂറോപ്യൻ കമ്മീഷൻ അധ്യക്ഷ ഉർസുല വോൺ ഡെർ ലെയനും പുതു വാണിജ്യ കരാർ പ്രഖ്യാപിച്ചിരിക്കുകയാണ്. മിക്ക യൂറോപ്യൻ ചരക്കുകൾക്കും പതിനഞ്ച് ശതമാനം നികുതി ഏർപ്പെടുത്തുന്ന പ്രഖ്യാപനമാണ് ഇരുവരും കൈക്കൊണ്ടിരിക്കുന്നത്. ഓഗസ്റ്റ് ഒന്നിനകം വാണിജ്യ കരാറിലെത്തിയില്ലെങ്കിൽ മുപ്പത് ശതമാനം നികുതി ചുമത്തുമെന്ന പ്രസിഡന്റ് ട്രംപിന്റെ ഭീഷണി ഇതോടെ ഇല്ലാതായിരിക്കുകയാണ്.

അമേരിക്കൻ ഉപഭോക്താക്കൾ യൂറോപ്യൻ സാധനങ്ങൾ വാങ്ങുമ്പോൾ ഇറക്കുമതി നികുതിയിനത്തിൽ ചുമത്തപ്പെട്ട അധിക തുക കൂടി നൽകേണ്ടി വരുന്നു. ഇത് യൂറോപ്യൻ കമ്പനികൾക്കും അവർക്ക് ചരക്കുകൾ എത്തിച്ച് നൽകുന്ന പങ്കാളികൾക്കും ലാഭം നൽകുന്നു. അമേരിക്കയും യൂറോപ്യൻ യൂണിയനും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന നികുതി കരാറിനെക്കുറിച്ച് കൂടുതൽ അറിയാം.

സ്കോട്ട്ലൻഡിലെ തന്റെ ഗോൾഫ് കോഴ്സുകളിലൊന്ന് സന്ദർശിക്കുമ്പോഴാണ് ട്രംപും വോൺഡെയറും തമ്മിലുള്ള കരാർ പ്രഖ്യാപനം വന്നിരിക്കുന്നത്. ഇത് തികച്ചും അപൂർണമായ ഒരു കരാറാണ്. അമേരിക്ക ഇറക്കുമതി ചെയ്യുന്ന മിക്ക യൂറോപ്യൻ ചരക്കുകൾക്കും പതിനഞ്ച് ശതമാനം നികുതി ഏർപ്പെടുത്തിയെന്നതാണ് ഇതിലെ പ്രധാന വസ്തുത. കാറുകൾ, കമ്പ്യൂട്ടർ ചിപ്പുകൾ, മരുന്നുകൾ തുടങ്ങിയവയ്ക്കാണ് പ്രധാനമായും വില കൂടുക. ആദ്യം 20 ശതമാനം വർധനയെന്നായിരുന്നു ട്രംപിന്റെ നിർദ്ദേശം. ആദ്യം അൻപത് ശതമാനമെന്നും പിന്നീട് മുപ്പത് ശതമാനവുമെന്ന ട്രംപിന്റെ ഭീഷണിയേക്കാൾ കുറവുമാണ് ഇത്.

അതേസമയം തന്ത്രപരമായ പല ചരക്കുകൾക്കും പൂർണമായും നികുതി ഒഴിവാക്കാനും ഇരു ഭാഗവും ധാരണയിലെത്തിയതായും വോൺ ഡെർ ലെയൻ പറഞ്ഞു. വിമാനങ്ങൾ, വിമാന ഭാഗങ്ങൾ, ചില രാസവസ്തുക്കൾ, സെമികണ്ടക്ടർ ഉപകരണങ്ങൾ, ചില കാർഷികോത്പന്നങ്ങൾ, ചില പ്രകൃതി വിഭവങ്ങൾ, നിർണായക അസംസ്കൃത വസ്തുക്കൾ തുടങ്ങിയവയ്ക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. അതേസമയം ഇതിന്റെ വിശദാംശങ്ങൾ പുറത്ത് വിട്ടിട്ടില്ല.

ഈ പട്ടികയിലേക്ക് കൂടുതൽ വസ്തുക്കൾ എത്തിക്കാൻ ഇരു വിഭാഗവും ശ്രമിക്കുമെന്നും വോൺ പറഞ്ഞു. റഷ്യൻ ഊർജ്ജ വിതരണത്തിന് പകരമായി 75000 കോടി അമേരിക്കൻ ഡോളറിന്റെ പ്രകൃതി വാതകം, എണ്ണ, ആണവ ഇന്ധനം തുടങ്ങിയവ യൂറോപ്യൻ യൂണിയൻ അമേരിക്കയിൽ നിന്ന് വാങ്ങുമെന്നും ട്രംപ് അറിയിച്ചു.

ഇറക്കുമതി ചെയ്ത ഉരുക്കിന് അൻപത് ശതമാനം നികുതി തുടരുമെന്നാണ് ട്രംപ് പറയുന്നത്. ആഗോള ഉരുക്ക് ആവശ്യത്തെ നേരിടാൻ വേണ്ട ചർച്ചകൾ തുടരുമെന്ന് ഇരുവരും അറിയിച്ചിട്ടുണ്ട് നികുതി കുറയ്ക്കൽ, ഇറക്കുമതി ക്വാട്ട തുടങ്ങിയവ ഉപയോഗിച്ച് വില കുറയ്ക്കാനുള്ള ശ്രമങ്ങളാകും നടത്തുക. മരുന്നുകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നാണ് ട്രംപ് പറയുന്നത്. കഴിഞ്ഞ ദിവസം നടന്ന കരാർ ചർച്ചകളിൽ മരുന്നു വിഷയം പ്രത്യേകമായാണ് പരിഗണിച്ചതെന്ന് വോൺ ഡെർ ലെയൻ പറയുന്നു.

അധിക നിക്ഷേപത്തിനുള്ള 60000 കോടി ഡോളർ എവിടെ നിന്ന് വരുന്നുവെന്ന കാര്യം വ്യക്തമാക്കിയിട്ടില്ല. അതേസമയം കാർഷികോത്പന്നങ്ങളുടെ കാര്യം വരുമ്പോൾ ചുങ്കത്തിൽ കുറവ് വരുത്താനാകില്ലെന്നാണ് യൂറോപ്യൻ യൂണിയന്റെ നിലപാട്. എന്നാൽ ഇതിലും ഉത്പന്നങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടില്ല.

ട്രംപിന്റെ മുപ്പത് ശതമാനം ചുങ്കഭീഷണിയെ ഈ പതിനഞ്ച് ശതമാനം ചുങ്കം കൊണ്ട് മറികടക്കാനായി. എങ്കിലും ട്രംപ് അധികാരമേറും മുമ്പുണ്ടായിരുന്ന ഒരു ശതമാനത്തേക്കാൾ വളരെ വലുതാണിത്. ഒപ്പം ട്രംപിന്റെ അടിസ്ഥാന നികുതി നിരക്കായി പത്ത് ശതമാനത്തേക്കാളും. ഇറക്കുമതി ചുങ്കം കൂട്ടിയിരിക്കുന്നതിലൂടെ അമേരിക്കയിൽ വിൽക്കുന്ന യൂറോപ്യൻ ചരക്കുകൾക്ക് വില കൂടും.

ഇത് വിപണി പങ്കാളിത്തം കുറയ്ക്കുമെന്ന ആശങ്ക ഉയർത്തിയിട്ടുണ്ട്. അധിക വില ലാഭത്തിലും ഇടിവുണ്ടാക്കും. ഉയർന്ന ചുങ്കം യൂറോപ്യൻ കമ്പനികളുടെ കയറ്റുമതി വരുമാനത്തിലും ഇടിവുണ്ടാക്കും. ഇത് സമ്പദ്ഘടനയ്ക്ക് തിരിച്ചടിയാകും. പത്ത് ശതമാനമെന്ന അടിസ്ഥാന നിരക്ക് എന്നതിലൂടെ ചർച്ചകൾ നടക്കും. കാരണം യൂറോപ്യൻ യൂണിയൻ എക്സിക്യൂട്ടീവ് കമ്മീഷൻ ഇക്കൊല്ലത്തെ വളർച്ചാനിരക്ക് പ്രവചനം 1.3ശതമാനത്തിൽ നിന്ന് 0.9ശതമാനമാക്കി കുറച്ചിരുന്നു.

പതിനഞ്ച് ശതമാനം എന്നതാണ് തങ്ങൾക്ക് ചെയ്യാൻ കഴിയുന്നതിന്റെ ഏറ്റവും ഉയർന്ന നിരക്കെന്ന് വോൺ ഡെർ ലെയൻ പറയുന്നു. അമേരിക്കൻ വിപണികളിലെ സാന്നിധ്യത്തിനും ഇരുരാജ്യങ്ങളിലെയും കമ്പനികൾക്ക് സുസ്ഥിരതയും പ്രവചനക്ഷമതയും ഉറപ്പാക്കാൻ ഇതാവശ്യമാണെന്നും അവർ ചൂണ്ടിക്കാട്ടുന്നു.

ജർമ്മൻ ചാൻസിലർ ഫ്രെഡറിക് മെഴ്സ് കരാറിനെ സ്വാഗതം ചെയ്തു. അറ്റ്ലാന്റിക്കിനപ്പുറമുള്ള വാണിജ്യബന്ധങ്ങളിലെ അനാവശ്യ പ്രശ്നങ്ങൾ ഇതിലൂടെ ഒഴിവാക്കാനാകുമെന്നും ജർമ്മനി പറയുന്നു. തങ്ങളുടെ സുപ്രധാന താത്പര്യങ്ങൾ സംരക്ഷിക്കാനാകും. ട്രാൻസ് അറ്റ്ലാന്റിക് വാണിജ്യത്തിൽ കൂടുതൽ ഇളവുകളുണ്ടാകട്ടെ എന്ന് താൻ ആശംസിക്കുന്നുവെന്നും മെഴ്സ് പറയുന്നു.

ജർമ്മൻ വാണിജ്യമേഖലയ്ക്ക് ഇത് തിരിച്ചടിയാണ്. കയറ്റുമതി അധിഷ്ഠിത ജർമ്മൻ വ്യവസായത്തെ 15 ശതമാനം ചുങ്കമെന്നത് വളരെയധികം ബാധിക്കുമെന്ന് ഫെഡറേഷൻ നേതൃത്വത്തിലുള്ള വോൾഫ്ഗാങ് നിയെദർമാർക് ചൂണ്ടിക്കാട്ടുന്നു. എങ്കിലും ഭീഷണി മുഴക്കിയതിനെക്കാൾ കുറവാണ് എന്നത് ആശ്വാസകരമാണ്. ഈ കരാറുകളൊന്നും ഔദ്യോഗികമാക്കപ്പെട്ടിട്ടില്ല എന്നതാണ് ഇന്നത്തെ കരാറിന്റെ പ്രധാന സവിശേഷതയെന്നും ഐഎൻജി ബാങ്കിന്റെ ഗ്ലോബൽ ചീഫ് ഓഫ് മാക്രോ കാർസ്റ്റെൻ ബ്രെസെസ്കി പറയുന്നു. ഈ കരാറിന്റെ ഏറ്റവും വലിയ സവിശേഷത എന്നത് അടുത്തിടെ ഉണ്ടായ അസ്ഥിരതകൾക്ക് ഒരു അന്ത്യമുണ്ടാക്കുന്നു എന്നതാണ്. അമേരിക്കയൂറോപ്യൻ യൂണിയൻ വാണിജ്യ സംഘർഷം ആഗോള സമ്പദ്ഘടനയ്ക്ക് വലിയ ഭീഷണിയാണെന്നും ബ്രെസെസ്കി പറയുന്നു. ഇത് ഒഴിവാക്കാൻ കരാറിലൂടെ സാധിക്കും.

കാർ നിർമ്മാതാക്കൾക്ക് കാറുകൾ ഇപ്പോഴും പതിനഞ്ച് ശതമാനത്തിൽ തന്നെ വിൽക്കാനാകുമോയെന്ന് ചോദിച്ചാൽ നിലവിലുള്ള 27.5 ശതമാനത്തേക്കാൾ കുറവാണ് ഇതെന്നായിരുന്നു വോൺ ഡെർ ലെയ്ന്റെ മറുപടി. എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള കാറുകൾക്ക് ട്രംപ് ഏർപ്പെടുത്തിയിട്ടുള്ള 25 ശതമാനം നികുതിയേക്കാൾ കുറവാണ് ഇതെന്നും അവർ പറയുന്നു. ഇതിന് പുറമെ നേരത്തെ നിലവിലുള്ള അമേരിക്കൻ കാർ ചുങ്കം 2.5 ശതമാനം അമേരിക്കയുടെ കാർ ചുങ്കവും നിലവിലുണ്ട്.

ചില കമ്പനികൾക്ക് പുതിയ നികുതി നിർദ്ദേശം ഗുണകരമാണെന്ന് കാർ നിർമാതാക്കളായ വോൾക്സ് വാഗൺ പറയുന്നു. തങ്ങളുടെ ലാഭത്തിൽ 150 കോടി ഡോളറിന്റെ നഷ്ടം ഉയ്ന്ന നികുതി മൂലം സംഭവിച്ചതായും അവർ കൂട്ടിച്ചേർക്കുന്നു.



# പാലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിക്കാൻ കാനഡ

ഒട്ടാവ: പാലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിക്കാൻ കാനഡ പദ്ധതിയിടുന്നുണ്ടെന്ന് പ്രധാനമന്ത്രി മാർക്ക് കാർണി. ഇതോടെ സമീപ ദിവസങ്ങളിൽ ഇത്തരമൊരു പ്രഖ്യാപനം നടത്തുന്ന മൂന്നാമത്തെ ജി 7 രാഷ്ട്രമായി കാനഡ മാറി. ഹമാസില്ലാതെ അടുത്ത വർഷം പാലസ്തീൻ അതോറിറ്റി തിരഞ്ഞെടുപ്പ് നടത്തുന്നത് ഉൾപ്പെടെയുള്ള ജനാധിപത്യ പരിഷ്കാരങ്ങളെ ആശ്രയിച്ചാണ് ഈ നീക്കം എന്ന് കാർണി പറഞ്ഞു.

വെടിനിർത്തലിനും മറ്റ് വ്യവസ്ഥകൾക്കും ഇസ്രായേൽ സമ്മതിച്ചില്ലെങ്കിൽ സെപ്തംബറിൽ പാലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുമെന്ന് യുകെ പ്രഖ്യാപിച്ചതിന് ഒരു ദിവസത്തിന് ശേഷമാണ് അദ്ദേഹത്തിന്റെ പരാമർശം. ഫ്രാൻസും സമാനമായ പദ്ധതി അവതരിപ്പിച്ചിരുന്നു. യുഎന്നിലെ 193 അംഗരാജ്യങ്ങളിൽ 147 എണ്ണം പാലസ്തീൻ രാഷ്ട്രത്തെ ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ട്.

വരാനിരിക്കുന്ന യുഎൻ ജനറൽ അസംബ്ലിയിൽ കാനഡ പാലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി ഔദ്യോഗികമായി അംഗീകരിക്കുമെന്ന് കാർണി പറഞ്ഞു. അധിനിവേശ വെസ്റ്റ് ബാങ്കിലെ ഇസ്രായേലി കുടിയേറ്റ വ്യാപനം, ഗാസയിലെ വഷളായിക്കൊണ്ടിരിക്കുന്ന മാനുഷിക സാഹചര്യം, 2023 ഒക്ടോബർ 7ന് ഇസ്രായേലിനെതിരെ ഹമാസ് നടത്തിയ ആക്രമണം എന്നിവ കാനഡയുടെ വിദേശനയത്തിലെ നാടകീയമായ മാറ്റത്തിന് പിന്നിലെ കാരണങ്ങളായി അദ്ദേഹം ചൂണ്ടിക്കാട്ടി.

എന്നാൽ കാനഡയുടെ പ്രഖ്യാപനം ഇസ്രായേൽ വിദേശകാര്യ മന്ത്രാലയം നിരസിച്ചു. കാനഡയുടെ പദ്ധതി ‘ഗാസയിൽ വെടിനിർത്തൽ കൈവരിക്കാനുള്ള ശ്രമങ്ങളെയും ബന്ദികളെ മോചിപ്പിക്കുന്നതിനുള്ള ഒരു ചട്ടക്കൂടിനെയും ദോഷകരമായി ബാധിക്കുന്നു‘ എന്ന് എക്സിലെ ഒരു പോസ്റ്റിൽ മന്ത്രാലയം പറഞ്ഞു. കാനഡയിലെ കൺസർവേറ്റീവുകളും കാർണിയുടെ പ്രഖ്യാപനത്തെ എതിർത്തു. പാലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഏകദേശം 200 മുൻ കനേഡിയൻ അംബാസഡർമാരും നയതന്ത്രജ്ഞരും ഒപ്പിട്ട കത്ത് കാർണിക്ക് കൈമാറിയിരുന്നു.

# യുണൈറ്റഡ് എയർലൈൻസ് ജെറ്റ്ബ്ലൂ പങ്കാളിത്തത്തിന് ട്രംപ് ഭരണകൂടത്തിന്റെ അനുമതി

യുണൈറ്റഡ് എയർലൈൻസും ‘ബ്ലൂ സ്കൈ’ എന്നറിയപ്പെടുന്ന ജെറ്റ്ബ്ലൂവും തമ്മിലുള്ള സഹകരണ പറക്കൽ പദ്ധതിക്ക് യുഎസ് ഗതാഗത വകുപ്പിന്റെ അംഗീകാരം ലഭിച്ചു. പ്രസിഡന്റ് ട്രംപ് ഈ പങ്കാളിത്തത്തിന് അനുമതി നൽകിയതായി ചൊവ്വാഴ്ച യുണൈറ്റഡ് എയർലൈൻസ് പുറത്തിറക്കിയ പത്രക്കുറിപ്പിൽ അറിയിച്ചു. രണ്ട് വിമാനക്കമ്പനികളുടെയും യാത്രക്കാർക്ക് കൂടുതൽ വിപുലമായ യാത്രാ ഓപ്ഷനുകളും മികച്ച സൗകര്യങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പുതിയ സഹകരണം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ‘ബ്ലൂ സ്കൈ’ പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ യാത്രാ പദ്ധതികൾക്ക് ഏറ്റവും അനുയോജ്യമായ വിമാനങ്ങൾ കണ്ടെത്താനും ഇരു എയർലൈനുകളുടെയും സേവനങ്ങൾ പ്രയോജനപ്പെടുത്താനും സാധിക്കും. ഈ പങ്കാളിത്തം രണ്ട് എയർലൈനുകളുടെയും ലയനമല്ല. മറിച്ച്, 2027ൽ പ്രവർത്തനക്ഷമമാകുന്ന തിരക്കേറിയ ജെഎഫ്കെ അന്താരാഷ്ട്ര വിമാനത്താവളത്തിലെ സ്ലോട്ടുകളിലേക്ക് ജെറ്റ്ബ്ലൂ, യുണൈറ്റഡിന് പ്രവേശനം നൽകുന്ന ഒരു കരാറാണിത്. ഇതിന്റെ ഭാഗമായി, ‘നെറ്റ്ന്യൂട്രൽ എക്സ്ചേഞ്ച്’ എന്ന നിലയിൽ ജെറ്റ്ബ്ലൂവും യുണൈറ്റഡും ന്യൂവാർക്കിൽ എട്ട് ഫ്ളൈറ്റ് സമയങ്ങൾ പരസ്പരം കൈമാറുമെന്നും യുണൈറ്റഡ് എയർലൈൻസ് പ്രസ്താവനയിൽ വ്യക്തമാക്കി.



കേരളം വാചകം

# കരടുചട്ടം നടപ്പായാൽ സോളാർ വൈദ്യുതിയിൽ 1000 രൂപവരെ മാസം നഷ്ടം

തിരുവനന്തപുരം: പുരപ്പുറസോളാർ ഉപഭോക്താക്കൾക്ക് പ്രതിമാസം 600 മുതൽ 1000 രൂപവരെ അധികബാദ്ധ്യതയുണ്ടാകുന്ന സ്ഥിതി വരുന്നു. സോളാർ വൈദ്യുതി ഇടപാടിൽ മാറ്റങ്ങൾ വരുത്തിയുള്ള സംസ്ഥാന വൈദ്യുതിറെഗുലേറ്ററി കമ്മിഷന്റെ കരട് ചട്ടം അംഗീകരിക്കുന്നതോടെ ഇത് നടപ്പിലാവും. അതിനുള്ള നീക്കം അവസാന ഘട്ടത്തിലാണ്.

നെറ്റ് മീറ്ററിംഗിലെ നിയന്ത്രണങ്ങൾ, പുരപ്പുറ സോളാർ വൈദ്യുതി ഗ്രിഡിലേക്ക് നൽകി തിരിച്ച് വൈദ്യുതി എടുക്കുന്നതിന് ഏർപ്പെടുത്തിയ ടൈംസോൺ ഫാക്ടർ, ഗ്രിഡ് സപ്പോർട്ട് ചാർജ്, വാർഷിക സോളാർ ബാങ്കിംഗ് സെറ്റിൽമെന്റ് നിറുത്തലാക്കൽ എന്നിവ മൂലമാണ് നഷ്ടം സംഭവിക്കുക. ഇതോടെ സംസ്ഥാനത്തെ പുരപ്പുറ സോളാർപദ്ധതി അനാകർഷകമാകുന്ന സ്ഥിതിയാവും. രാജ്യത്ത് ഒരുകോടി വീടുകളിൽ പുരപ്പുറസോളാർ എത്തിക്കാൻ കേന്ദ്രസർക്കാർ പി.എം സൂര്യഘറിലൂടെ ലക്ഷ്യമിടുമ്പോഴാണ് കേരളത്തിലെ പ്രതികൂല സമീപനം.

2023ലെ കേന്ദ്രവൈദ്യുതി ചട്ടം അനുസരിച്ച് 10കിലോവാട്ട് വരെ നെറ്റ് മീറ്ററിംഗ് ഉപാധികളില്ലാതെ അനുവദിക്കാം. അയൽ സംസ്ഥാനമായ കർണാടകത്തിലും സോളാർ വൈദ്യുതി ഉത്പാദനത്തിൽ രാജ്യത്ത് ഒന്നാമത് എത്തിയ ഗുജറാത്തിലും ഒരുമാറ്റവുമില്ല.

അടിക്കടി കൂട്ടുന്ന വൈദ്യുതി താരിഫിൽ നിന്ന് രക്ഷപ്പെടാനാണ് ജനങ്ങൾ സോളാറിലേക്ക് മാറുന്നത്. കേന്ദ്രസർക്കാർ നൽകുന്ന സബ്സിഡിയാണ് ആകർഷണം. ഉത്പാദിപ്പിക്കുന്ന വൈദ്യുതി വ്യവസ്ഥകളോടെ മാത്രമേ വാങ്ങുകയുള്ളുവെന്ന് വരുന്നത് സർക്കാരിനെ വിശ്വസിച്ച് സോളാർ ഉത്പാദനത്തിന് ഇറങ്ങിയവരെ വഞ്ചിക്കുന്നതാണെന്നാണ് ആക്ഷേപം.



### സോൺ മൂലമുണ്ടാകുന്ന നഷ്ടം

രാവിലെ 6മുതൽ വൈകിട്ട് 6വരെയും വൈകിട്ട് 6മുതൽ രാത്രി 10വരെയും രാത്രി 10മുതൽ രാവിലെ 6വരെയുമായി മൂന്ന് ടൈം സോണുകളായാണ് തിരിച്ചിരിക്കുന്നത്. ഇതിൽ വൈകിട്ട് 6മുതൽ രാത്രി 10വരെയുള്ള സമയങ്ങളിൽ 0.67എന്ന ഫാക്ടറിലൂടെയും രാത്രി 10മുതൽ രാവിലെ 6വരെയുള്ള സമയത്ത് 0.85എന്ന ഫാക്ടറിലൂടെയും മാത്രമാണ് തിരിച്ചെടുക്കുക. നേരത്തെ പൂർണമായും ഉപാധികളില്ലാതെ എടുക്കാമായിരുന്നു.ഇതുമൂലം എനർജി ചാർജിൽ മാത്രം വരുന്ന അധികബാദ്ധ്യത ഇങ്ങനെ:

3കിലോവാട്ട് സോളാർ പ്ലാന്റ് സ്ഥാപിച്ച് കിലോവാട്ടിന് ദിവസം ശരാശരി നാല് യൂണിറ്റ് ഉത്പാദിപ്പിക്കുന്ന,പൂജ്യം രൂപ എനർജി ചാർജ് കൊടുക്കുന്ന ഒരു പുരപ്പുറ ഉത്പാദകന് കരട് നിർദ്ദേശിക്കുന്ന 'സോൺ ഫാക്ടർ' കൊണ്ട് മാത്രം ഉണ്ടാകുന്ന ബാദ്ധ്യത പ്രതിമാസം 177രൂപയാണ്. ഇത് 4കിലോവാട്ട് പ്ലാന്റിന് 254രൂപയും 5കിലോവാട്ട് പ്ലാന്റിന് 329രൂപയും 10കിലോവാട്ട് പ്ലാന്റിന് 801 രൂപയും 20 കിലോവാട്ട് പ്ലാന്റിന് 2694 രൂപയും ആയി വർദ്ധിക്കും.

### ബാങ്കിംഗ് സംവിധാനം ഒഴിവാക്കും

വൈദ്യുതി ബാങ്കിംഗ് സൗകര്യം നിറുത്തലാക്കുന്നതുമൂലം താരിഫ് പ്രകാരമുള്ള യൂണിറ്റ് നിരക്കും സെറ്റിൽമെന്റ് നിരക്കും തമ്മിലുള്ള വ്യത്യാസം മൂലമുണ്ടാകുന്ന ബാദ്ധ്യത കൂടും. യൂണിറ്റിന് രൂപ നിരക്കിൽ ഈടാക്കാൻ നിർദ്ദേശിക്കുന്ന ഗ്രിഡ് സപ്പോർട്ട് ചാർജും കൂടിചേർത്താൽ നഷ്ടം ഇരട്ടിയാകും.

താരിഫ് പ്രകാരമുള്ള യൂണിറ്റ് നിരക്കും സെറ്റിൽമെന്റ് നിരക്കും തമ്മിലുള്ള വ്യത്യാസം കൊണ്ടുള്ള ബാദ്ധ്യത ഇതിനു പുറമെയാണ്.

### മുണ്ടക്കൈ-ചൂരൽമല:

# വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകും, ദുരന്ത സ്മാരകം നിർമ്മിക്കാൻ 93.93 ലക്ഷം

തിരുവനന്തപുരം: വയനാട്ടിലെ മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽ കടകളും കച്ചവടവും വാടക കെട്ടിടങ്ങളും സാധനങ്ങളും മറ്റും നഷ്ടപ്പെട്ട വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകാനും തീരുമാനമായി. ഇതിന് പുറമെ തുടർചികിത്സ വേണ്ടവരുടെ ചികിത്സയ്ക്കുള്ള പണം ഡിസംബർ 31 വരെ അനുവദിക്കാനും ഈയിനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് 6 കോടി രൂപ അനുവദിച്ചും തീരുമാനമായി.

ഇതോടെ ആകെ പുനരധിവാസ പട്ടികയിലുള്ള ഗുണഭോക്താക്കളുടെ എണ്ണം 451 ആയി. നേരത്തെ 402 പേർക്ക് എൽസ്റ്റണിലെ ടൗൺഷിപ്പിൽ വീട് അനുവദിച്ചിരുന്നു. ദുരന്തത്തിന്റെ സ്മാരകം പുത്തുമല ഹൃദയഭൂമിയിൽ നിർമ്മിക്കും. ഇതിന് 93.93 ലക്ഷം രൂപ അനുവദിച്ചു. ഓണത്തിന് മുമ്പ് നിർമാണം തുടങ്ങും.

വീടിനായുള്ള ഗുണഭോക്തൃ പട്ടികയിൽഅപേക്ഷനൽകിയവരിൽ100ലേറെ പേരുടെ ഹിയറിങ്ങ് കഴിഞ്ഞെന്നും ഇനി പരിശോധന കൂടി നടത്തിയശേഷം അർഹതപ്പെട്ടവരെ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ പട്ടികപ്രകാരം ഉൾപ്പെടുത്തുമെന്നും റവന്യൂ മന്ത്രി കൂട്ടിച്ചേർത്തു. ഉൾപ്പെടാൻ കഴിയാത്തവരെ ദുരന്ത അതിജീവിതർക്കുള്ള മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കും. ഫീൽഡ് തല പരിശോധന ഓഗസ്റ്റ് മാസം തന്നെ തുടങ്ങും.

ദുരന്തമേഖലയിലെ ആദിവാസി വിഭാഗത്തിന്റെ പുനരധിവാസത്തിനായി മേപ്പാടി ഗ്രാമപഞ്ചായത്തിലെ വെള്ളരിമല പുതിയ വില്ലേജിൽ സർക്കാർ കണ്ടെത്തിയ അഞ്ച് ഹെക്ടർ ഭൂമിയുടെ ആർ ഒ ആർ (റെക്കോർഡ് ഓഫ് റൈറ്റ്സ്) ലഭ്യമാക്കാൻ വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. 13 കുടുംബങ്ങൾക്കാണ് ഇവിടെ വീടുകൾ ഉയരുക. പുഞ്ചിരിമട്ടം ഉന്നതിയിലെ അഞ്ചു കുടുംബങ്ങളും ഏറാട്ടുകുണ്ട് ഉന്നതിയിലെ അഞ്ച് കുടുംബങ്ങളും പുതിയ വില്ലേജിലെ മൂന്ന് കുടുംബങ്ങളുമാണ് സെറ്റിൽമെന്റിന്റെ ഭാഗമാകുന്നത്. ഓരോ കുടുംബത്തിനും വീടും 10 സെന്റ് ഭൂമിയും നൽകും.

വ്യാപാരികൾക്ക് സംഭവിച്ച നഷ്ടപരിഹാരത്തിന്റെ കണക്ക് ജില്ലാ ഭരണകൂടവും സാങ്കേതിക വിദഗ്ധരും ഉൾപ്പെട്ട സമിതി തിട്ടപ്പെടുത്തും.

കനത്ത മഴ തടസ്സം സൃഷ്ടിച്ചില്ലെങ്കിൽ ഈ വരുന്ന ഡിസംബർ 31 ആകുമ്പോഴേക്കും ടൗൺഷിപ്പിൽ മുഴുവൻ വീടുകളും പൂർത്തിയാക്കാൻ സാധിക്കുമെന്ന് മന്ത്രി രാജൻ ഉറപ്പ് നൽകി. വെറും മൂന്നര മാസം കൊണ്ടാണ് മാതൃക വീട് പൂർത്തീകരിച്ചത്. കഴിഞ്ഞ ഒക്ടോബർ 4 ന് സർക്കാർ എൽസ്റ്റണിലെ ഭൂമി ഏറ്റെടുത്തെങ്കിലും ഉടമകൾ കോടതിയെ സമീപിച്ചതിനാൽ ഈ വർഷം ഏപ്രിൽ 13 ന് മാത്രമാണ് നിർമാണം തുടങ്ങാൻ സാധിച്ചത്.

ഏത് തരത്തിലുള്ള സോഷ്യൽ ഓഡിറ്റിങ്ങിനും വിധേയമാകും വിധമുള്ള, അതിജീവിതരെ ചേർത്തുപിടിച്ചുള്ള സമഗ്ര പുനരധിവാസ പദ്ധതിയാണ് സർക്കാർ ലക്ഷ്യമിടുന്നത്. കുറവുകൾ ഉണ്ടാകാം. അതെല്ലാം ചർച്ച ചെയ്യാം. എല്ലാം പരിഗണിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.









# ഭൗമനിരീക്ഷണ ഉപഗ്രഹം നിസാർ വിക്ഷേപിച്ചു; ഇന്ത്യയു. എസ് സംയുക്ത സംരംഭം

തിരുവനന്തപുരം: മുണ്ടക്കൈയിലും ചൂരൽമലയിലുമുണ്ടായ ഉരുൾപൊട്ടലുകൾ ഇനി അപ്രതീക്ഷിതമാകില്ല. ദുരന്തങ്ങൾ മുൻകൂട്ടികണ്ട് അറിയിക്കാൻ ഭൂമിയിലാകമാനമുള്ള മനുഷ്യരെ സഹായിക്കാൻ നിസാർ ഉപഗ്രഹം വയനാട് ദുരന്തത്തിന്റെ ഒന്നാം വാർഷിക ദിനത്തിൽ വിജയകരമായി വിക്ഷേപിച്ചു.



ഐ.എസ്.ആർ.ഒ.യുടെ ജി.എസ്.എൽ.വി.എഫ്.16 റോക്കറ്റിൽ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ റോക്കറ്റ് വിക്ഷേപണകേന്ദ്രത്തിൽ നിന്ന് ഇന്നലെ (ജൂലായ് 30) വൈകിട്ട് 5.40നായിരുന്നു വിക്ഷേപണം. 19 മിനിറ്റിനുള്ളിൽ ഭൂമിയിൽ നിന്ന് 743കിലോമീറ്റർ ഉയരത്തിലുള്ള ഭ്രമണപഥത്തിലെത്തിച്ചു.

ഇന്ത്യയുടെയും അമേരിക്കയുടെയും ബഹിരാകാശ ഗവേഷണ സ്ഥാപനങ്ങൾ സംയുക്തമായി വികസിപ്പിച്ച ഭൗമനിരീക്ഷണ ഉപഗ്രഹമാണ് നിസാർ (നാസഐഎസ്ആർഒ സിന്തറ്റിക് ആപ്പർച്ചർ റഡാർ). ഭൗമനിരീക്ഷണ ഉപഗ്രഹങ്ങളിൽ ഏറ്റവും ശക്തിയേറിയതും അത്യാധുനികവും ചെലവേറിയതുമായ ഉപഗ്രഹമാണ് നിസാർ. അന്താരാഷ്ട്ര ബഹിരാകാശ ശാസ്ത്രരംഗത്ത് ഇന്ത്യയുടെയും ഐ.എസ്.ആർ.ഒ.യുടേയും സ്ഥാനം ഒരുപടി കൂടി ഉയർത്തുന്നതാണ് നിസാറിന്റെ വിക്ഷേപണ വിജയം. ശ്രീഹരിക്കോട്ടയിൽ നിന്നുള്ള 102-ാമത്തെ വിക്ഷേപണമാണിത്.

### നിസാർ ഉപഗ്രഹം

ഭാരം: 2392കിലോഗ്രാം, ചെലവ്: 13000കോടിരൂപ, ഇന്ത്യ 788കോടി നൽകി. ആയുസ്: 5വർഷം, സ്ഥാനം: ഭൂമിക്ക് 743കിലോമീറ്റർ മുകളിൽ ഉള്ള ഭ്രമണപഥം

### പ്രയോജനം

1. ഉരുൾപ്പൊട്ടലുകൾ, മണ്ണിടിച്ചിലുകൾ, അഗ്നിപർവ്വത വിസ്ഫോടനങ്ങൾ, ഭൂകമ്പങ്ങൾ എന്നിവ മുൻകൂട്ടിയറിയാം. 2. കടലിലെ മാറ്റങ്ങൾ, പുഴകളുടെ ഒഴുക്ക്, തീരശോഷണം, മണ്ണൊലിപ്പ് എന്നിവയുടെ കൃത്യമായകണക്ക് കിട്ടും. 3. കാട്ടുതീകൾ, ഹിമാനികളുടെ ചലനവും, മഞ്ഞുപാളികളുടെ മാറ്റം എന്നിവ തിരിച്ചറിഞ്ഞ് അറിയിക്കും. 4. കൃഷി ഭൂമിയിലെ മണ്ണിന്റെ ഈർപ്പം, വിളകളുടെ വളർച്ച, വനങ്ങളിലെ പച്ചപ്പിലെ മാറ്റങ്ങൾ എന്നിവ കണക്ക് സഹിതം അറിയാനാകും. 5. മേഘങ്ങളും മഴയും ഉള്ളപ്പോഴും രാപ്പകൽ ഭേദമില്ലാതെയും വിവരശേഖരണം നടത്തി വിവരങ്ങൾ നൽകും.

### സവിശേഷത

1. രണ്ടു റഡാറുകളുള്ള ആദ്യ ഭൂനിരീക്ഷണ ഉപഗ്രഹം. 2. ഭൂഗോളത്തെ മുഴുവൻ സ്ഥിരമായി സ്കാൻ ചെയ്യും. 3. ഇന്ത്യയും അമേരിക്കയും സംയുക്തഗവേഷണത്തിന്റെ ആദ്യനേട്ടം. 4. ഏറ്റവും ചെലവേറിയ ഭൂനിരീക്ഷണഉപഗ്രഹം. 5. ഭൂമിയേയും ജൈവവൈവിധ്യത്തേയും നിരീക്ഷിക്കാനുള്ള അസാധാരണശേഷി. 6. ആറുദിവസത്തിലൊരിക്കൽ ഭൂഗോളത്തെ മുഴുവൻ അരിച്ചുപെറുക്കും

### ലക്ഷ്യം

1. ഭൂമിയിലെ ജീവജാലങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുകയും. 2. ഭീഷണികൾ മുൻകൂട്ടി കണ്ട് പരിഹരിക്കാൻസഹായിക്കുകയും ചെയ്യുക. 3. ഭൂമിയിലെ ഇക്കോസിസ്റ്റം നിരീക്ഷിക്കുക. 4. കാർബൺ സ്റ്റേറേജ് മോണിറ്റർ ചെയ്യുക

### പ്രവർത്തനരീതി

ഐഎസ്ആർഒയുടെ എസ്ബാൻഡ് റഡാറും, നാസയുടെ എൽബാൻഡ് റഡാറും ചേർന്നുള്ള സിന്തറ്റിക് അപേർച്ചർ റഡാർ സങ്കേതികവിദ്യയാണ് നിസാർ ഉപഗ്രഹത്തിന്റെ കരുത്ത്. ഉപഗ്രഹത്തിൽ നിന്നുള്ള മൈക്രേവേവ് തരംഗങ്ങൾ ഭൂമിയിൽതൊട്ട് പ്രതിഫലിച്ച് തിരികെയെത്തും. തിരിച്ചെത്തുന്ന തരംഗങ്ങളിലെ മാറ്റങ്ങൾ ഭൂപ്രദേശത്തെ ഫേട്ടോഗ്രാഫുകളെക്കാൾ നന്നായി രേഖപ്പെടുത്തും.

എസ് ബാൻഡ് റഡാറിന് തരംഗദൈർഘ്യം കുറവാണ്. അതുകൊണ്ടു തന്നെ പ്രതലത്തിലെ ചെറുമാറ്റങ്ങൾ പോലും ഒപ്പിയെടുക്കും.

എൽ ബാൻഡ് റഡാറിന്റെ ഉയർന്ന തരംഗദൈർഘ്യം കൂടുതൽ ആഴത്തിലേക്കിറങ്ങി മണ്ണിനടിയിലേക്കും,വൃക്ഷത്തലപ്പുകൾക്ക് തഴേക്കും കടന്നു ചെല്ലും.












# നായ്ക്കളുടെ ദയാവധം: സർക്കാർ തീരുമാനം തടഞ്ഞ് ഹൈക്കോടതി




കൊച്ചി: മാറാരോഗവും ഗുരുതര മുറിവുകളുമുള്ള തെരുവുനായ്ക്കളുടെ ദയാവധത്തിനുള്ള സർക്കാർ തീരുമാനം ഹൈക്കോടതി താത്കാലികമായി തടഞ്ഞു. നായകടിയേറ്റവരുടെ നഷ്ടപരിഹാര അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള ജില്ലാതല സമിതികൾ മുഴുവൻ ജില്ലകളിലും ഒരു മാസത്തിനകം രൂപീകരിക്കണമെന്ന നിർദ്ദേശവും ജസ്റ്റിസ് സി.എസ്. ഡയസിന്റെ ഇടക്കാല ഉത്തരവിലുണ്ട്.

മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം, മൃഗ ജനന നിയന്ത്രണ ചട്ടം എന്നിവ അടിസ്ഥാനമാക്കി സുപ്രീം കോടതിയും ഹൈക്കോടതിയും നൽകിയ മാർഗനിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കിയാൽ നായ ഭീതിക്ക് പരിഹാരമാകുമെന്ന് സിംഗിൾബെഞ്ച് വിലയിരുത്തി. പോരായ്മകൾ പരിഹരിക്കണമെന്ന് നിർദ്ദേശിച്ചാണ് ദയാവധം തടഞ്ഞത്.

ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി, ജില്ലാ മെഡിക്കൽ ഓഫീസർ, തദ്ദേശ ഭരണ ജോയിന്റ് ഡയറക്ടർ എന്നിവർ ജില്ലാതല സമിതികളിൽ അംഗങ്ങളാകും. ജസ്റ്റിസ് എസ്. സിരിജഗൻ കമ്മറ്റിയിൽ ശേഷിക്കുന്ന പരാതികൾ കേരള ലീഗൽ സർവീസസ് അതോറിറ്റി ഏറ്റെടുത്ത് ജില്ലാ സമിതികൾക്ക് കൈമാറണം. പുതിയ അപേക്ഷകളായി പരിഗണിച്ച് വേഗം തീർപ്പാക്കണമെന്നും കോടതി ഉത്തരവിട്ടു.

വിഷയത്തിൽ അഡ്വ. പി. ദീപക്കിനെ അമിക്കസ് ക്യൂറിയായി നിയോഗിച്ചു. സംസ്ഥാന പൊലീസ് മേധാവിയേയും ദുരന്ത നിവാരണ അതോറിറ്റിയേയും സ്വമേധയാ കക്ഷി ചേർക്കുകയും ചെയ്തു. നായ കടി, മൃഗങ്ങളോടുള്ള ക്രൂരത എന്നിവയിൽ ഒരു വർഷത്തിനിടെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ രണ്ടാഴ്ചയ്ക്കകം നൽകാൻ ഡി.ജി.പിയോട് നിർദ്ദേശിച്ചു. തെരുവുനായ്ക്കളുടെ കസ്റ്റോഡിയൻ തദ്ദേശ ഭരണ സെക്രട്ടറിമാരായതിനാൽ കേസുകൾക്ക് ഉത്തരവാദിയാകുമെന്ന് കോടതി നേരത്തേ വാക്കാൽ പരാമർശിച്ചിരുന്നു.















# ഇരകളെ ചേർത്തുനിർത്താതെ ഇഴയുന്ന പുനരധിവാസം





ബാബു കദളിക്കാട്

സാമൂഹിക ദുരന്തത്തിന്റെ സൂചകമാകാറുണ്ട് ചിലപ്പോഴൊക്കെ പ്രകൃതി ദുരന്തമെന്നു രേഖപ്പെടുത്തി ജിം വാലിസ്. സമാധാനത്തിന്റെയും സാമൂഹിക നീതിയുടെയും വിഷയങ്ങളിൽ പ്രഖ്യാതനായ തന്റെ ഈ നിരീക്ഷണത്തിന് അടിവരയിട്ടുകൊണ്ട് ദൈവശാസ്ത്രജ്ഞൻ കൂടിയായ അദ്ദേഹം തുടർന്നു പറഞ്ഞതിങ്ങനെ: ചുഴലിക്കാറ്റ് അല്ലെങ്കിൽ വെള്ളപ്പൊക്കം പോലുള്ള ഒരു സ്വാഭാവിക പ്രകൃതി ദുരന്തം സംഭവിക്കുമ്പോൾ, മറഞ്ഞിരിക്കുന്നതോ അവഗണിക്കപ്പെട്ടതോ ആയ അടിസ്ഥാന സാമൂഹിക പ്രശ്നങ്ങളും അസമത്വങ്ങളും പിന്നാലെ തുറന്നുകാട്ടപ്പെടാറുണ്ട്.

ദാരിദ്ര്യം, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, വിവേചനം അല്ലെങ്കിൽ ഭരണത്തിലെ പരാജയങ്ങൾ എന്നിവ ഈ പ്രശ്നങ്ങളിൽ ഉൾപ്പെടാമെന്നും ചൂണ്ടിക്കാട്ടി ജിം വാലിസ്. 'അതേ സമയം, ഒരു ഉത്തേജകമായി പ്രവർത്തിക്കാനാകും ഇത്തരം സംഭവ വികാസങ്ങൾക്കെന്ന ഗുണഫലവുമുണ്ടാകാം. ഈ ബലഹീനതകളെ ഉയർത്തിക്കാട്ടാനും ദുരന്തഭൂമിയെ വലയം ചെയ്തിട്ടുള്ള സാമൂഹിക പ്രശ്നങ്ങളുടെ യഥാർത്ഥ വ്യാപ്തി വെളിപ്പെടാനും കളമൊരുങ്ങാം.' ജീവിതത്തിന്റെ സമൃദ്ധസൗന്ദര്യം നിറഞ്ഞുനിൽക്കുന്ന വയനാട്ടിലെ ഒരു ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയിലെ ജീവസാന്നിദ്ധ്യമാകെ തുടച്ചെടുത്ത ഉരുൾപൊട്ടലിന് ഒരാണ്ട് തികഞ്ഞപ്പോൾ കാലിക പ്രസക്തിയേറുന്നു ജിം വാലിസിന്റെ വാക്കുകൾക്ക്.

'ഇരകളെ ചേർത്തുനിർത്തും'... പ്രകൃതി ദുരന്തങ്ങൾക്കു പിന്നാലെ അന്തരീക്ഷത്തിൽ അലയടിക്കുന്ന ഈ പല്ലവിയുടെ നാനാർത്ഥങ്ങൾ തേടുകയാണിപ്പോൾ കേരളം. ഒരു വർഷം മുമ്പ്, ഒരു ദിവസം പുലരുമ്പോഴാണ് പുഞ്ചിരിമട്ടവും, മുണ്ടക്കൈയും, ചൂരൽമലയും, അട്ടാമലയും, ആറാമലയുമൊക്കെ ഭൂപടത്തിലെങ്ങുമില്ലാത്ത സ്വപ്നഗ്രാമങ്ങൾ മാത്രമായിത്തീർന്നത്. 298 മനുഷ്യ ജീവനുകൾക്കു മീതെ പാറകളും മണ്ണും ചെളിയും വെള്ളവുമൊക്കെച്ചേർന്ന് വലിയൊരു മൃതിമൈതാനം തീർത്തു. ഉരുൾജലം ഗ്രാമത്തെ രണ്ടായി പകുത്തതിനു പിന്നാലെ കുഴഞ്ഞു പുതയുന്ന മണ്ണിലൂടെ, മരണഭൂമിയിൽ ബാക്കിയായ മനുഷ്യർ നിലവിളിച്ചും കാണാതായവരുടെ പേരുകൾ വിളിച്ചും കരച്ചിലോടെ തിരഞ്ഞുകൊണ്ടിരുന്നു. എന്നാൽ, ദുരന്തങ്ങൾ വിലാപങ്ങളുടേതു മാത്രമല്ല, വാശിയോടെയുള്ള തിരിച്ചുവരവിന്റേതു കൂടിയാണെന്ന് ഓർമ്മപ്പെടുത്തുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളുടെയും പുനരധിവാസ ദൗത്യത്തിന്റെയും മാസങ്ങളായിരുന്നു പിന്നാലെ ദൃശ്യമായത്.

അഗ്നിരക്ഷാ സൈനികരും പൊലീസും സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും ദുരന്ത പ്രതികരണ സേനയും മുതൽ ഇന്ത്യൻ സൈനികരും അർദ്ധ സേനാ വിഭാഗങ്ങളും രാജ്യമെമ്പാടും നിന്നുള്ള സന്നദ്ധപ്രവർത്തകരും സുമനസുകളായ പൊതുജനങ്ങളും വരെ കൈകോർത്തു നടത്തിയ രക്ഷാദൗത്യത്തിന്റെ വൈപുല്യം ഇന്ത്യയിൽ മറ്റെവിടെയും ഏതു ദുരന്തമുഖത്തും നടന്ന രക്ഷാപ്രവർത്തനങ്ങളെ മറികടക്കുന്നതായിരുന്നു. മനുഷ്യജീവനെന്നല്ലാതെ മറ്റൊരു ചിന്തയും ആരുടെയും മനസിലുണ്ടായിരുന്നില്ല. ഉരുൾപൊട്ടൽ ബാക്കിവച്ചവരെയും, മണ്ണിൽ നിന്ന് വീണ്ടെടുത്തവരെയും ആശുപത്രികളിലേക്കും സുരക്ഷിത കേന്ദ്രങ്ങളിലേക്കും മാറ്റുന്നതിനും, ആശ്വാസകേന്ദ്രങ്ങളിൽ നിന്ന് പിന്നീട് അവരെ താത്കാലിക പുനരധിവാസ കേന്ദ്രങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ അതിന്റെ എല്ലാ ഔദ്യോഗിക സംവിധനങ്ങളെയും സജ്ജമാക്കി രംഗത്തിറക്കി.

ഉരുൾ പകുത്ത ഗ്രാമത്തെ കൂട്ടിയോജിപ്പിച്ച് സൈന്യം പണിത ബെയ്‌ലി പാലത്തിലൂടെ കേരളമെമ്പാടും നിന്ന് സഹായങ്ങൾ മലമുകളിലേക്ക് എത്തി. പ്രകൃതിദുരന്തം കശക്കിയെറിഞ്ഞ ഗ്രാമങ്ങളിൽ ജീവിതത്തിന്റെ പുതിയ ചിത്രം വരച്ചെടുക്കുകയെന്ന മഹാദൗത്യമായിരുന്നു, പിന്നെ. പഠനം തടസപ്പെട്ട കുട്ടികൾക്ക് താത്കാലിക ക്ലാസ് മുറികൾ, പുതിയ സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രി, ജീവനോപാധികൾ നഷ്ടമായവർക്ക് സാമ്പത്തിക സഹായം, ഉറ്റവരെ നഷ്ടപ്പെട്ടവർക്ക് സഹായധനം, കാർഷിക വിളകൾ നശിച്ചുപോയവർക്ക് അർഹമായ നഷ്ടപരിഹാരം, വാടകവീടുകളിലേക്കും ബന്ധുവീടുകളിലേക്കും താമസം മറേണ്ടിവന്നവർക്ക് പ്രതിമാസ സഹായം, അതിനൊപ്പം പുതിയ ടൗൺഷിപ്പിനായുള്ള നടപടി, ഏറ്റെടുക്കാൻ ഉദ്ദേശിച്ച സ്ഥലവുമായി ബന്ധപ്പെട്ട് അതിന്റെ ഉടമകൾക്കെതിരെ വേണ്ടിവന്ന നിയമ പോരാട്ടങ്ങൾ, പ്രത്യേക പാക്കേജിനായുള്ള അപേക്ഷയോട് കേന്ദ്രം കാട്ടിയ നിസംഗത, സമാന സന്ദർഭങ്ങളിൽ ഇതരസംസ്ഥാനങ്ങൾക്ക് നൽകാറുള്ള സഹായം പോലും അനുവദിച്ചില്ലെന്ന പരാതി... ഇത്തരം വാർത്തകൾ കേരളം സമ്മിശ്രവികാരങ്ങളോടെ കേട്ടുനിന്നു.

സർവവും നഷ്ടപ്പെട്ട ജനതയുടെ അതിജീവനത്തിന് പ്രതീക്ഷയേകുന്ന പച്ചപ്പുകൾ മുളയ്ക്കുന്നുവെന്നത് ആശ്വാസകരം. എന്നാൽ അത് ഒച്ചിഴയും വേഗത്തിലാണെന്നത് ആകുലപ്പെടുത്തുന്നതുമാണ്. നിസ്സഹായതയുടെ നിശബ്ദതയാണ് ഈ ഗ്രാമങ്ങളിലിപ്പോൾ. കൈപിടിച്ചുയർത്താനെത്തിയ കരങ്ങളുടെ കരുത്ത് ചോർന്നിട്ടില്ല. ഇനിയും കരുതലേകാൻ ജനത ഒപ്പമുണ്ട്. എന്നാൽ സമയബന്ധിതമായി കണ്ണീരൊപ്പാൻ ഭരണകൂടത്തിനായില്ലെന്ന ആശങ്ക പങ്കുവയ്ക്കുന്നുണ്ട് ദുരന്തഭൂമിയിൽനിന്നു കേൾക്കുന്ന വാർത്തകൾ. സർവവും നഷ്ടപ്പെട്ടവർക്ക് അന്തിയുറങ്ങാനുള്ള വീട് എത്രയും പെട്ടെന്ന് ഉറപ്പുവരുത്തുക ഭരിക്കുന്ന സർക്കാരിന്റെ ബാധ്യത മാത്രമല്ല, കടമകൂടിയാണ്. വീടിനായിരുന്നു മുഖ്യപരിഗണന സർക്കാർ നൽകിയതും. എന്നാൽ ഒരു വർഷം പിന്നിടുമ്പോഴും അർഹപ്പെട്ട ഒരാൾക്കുപോലും വീട് നൽകാൻ സർക്കാരിനായിട്ടില്ല.

### കഷ്ടമീ ജീവിതം

സർക്കാർ പദ്ധതികളിൽ പലതും പാതിവഴിപോലും എത്തിയിട്ടില്ല. പുനരധിവാസം പൂർത്തിയാകുംവരെ വീട്ടുവാടക സർക്കാർ നൽകുമെന്നായിരുന്നു പ്രഖ്യാപനം. മാസങ്ങൾ പിന്നിടവേ വാടക ലഭിക്കുന്ന കുടുംബങ്ങളിൽ കുറവ് വരുത്തി. ഇപ്പോൾ 535 കുടുംബങ്ങൾക്കായി ചുരുക്കി. ഉപജീവന സഹായത്തിന്റെ ഏഴാം ഗഡു വരെ നൽകിയത് 1123 പേർക്കാണ്. ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിന് എൽസ്റ്റൺ എസ്റ്റേറ്റിൽ നടപ്പാക്കുന്ന ടൗൺഷിപ്പ് പദ്ധതിയിലെ മാതൃകാ വീട് 70 ദിവസം കൊണ്ട് പൂർത്തിയാക്കുമെന്ന് സർക്കാർ ഉറപ്പുനൽകിയിരുന്നു. ടൗൺഷിപ്പിന്റെ നിർമാണപ്രവൃത്തി കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റിലെ 49.5 ഹെക്ടറിലാണ് നടക്കുന്നത്. അഞ്ചു സോണുകളിലായി ഏഴ് സെന്റ് വീതമുള്ള സ്ഥലത്ത് 1000 ചതുരശ്ര അടിയിൽ 410 വീടുകൾ നിർമിക്കാനാണ് പദ്ധതി. 140 വീടുകളുടെ നിർമാണമാണ് ഇപ്പോൾ നടക്കുന്നത്. ഇക്കഴിഞ്ഞ ഏപ്രിലിൽ പണി ആരംഭിച്ചുവെങ്കിലും മാതൃകാവീടിന്റെ പണിപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

ഭൂമി സംബന്ധിച്ചുള്ള കോടതി തർക്കവും സർക്കാർ കാര്യം മുറപോലെ എന്ന ആപ്തവാക്യവുമെല്ലാം ദുരന്തബാധിതരെയും ബാധിച്ചു. വീടുമാത്രമല്ല, ഇവർക്കു വേണ്ടത്. ഉപജീവനമാർഗം എങ്ങനെ എന്നത് വലിയ ചോദ്യചിഹ്നമാണ്. അതിന് പരിഹാരം കാണണമെങ്കിൽ ആദ്യം പൂവണിയേണ്ടത് വീടെന്ന സ്വപ്നം തന്നെ. ഇനിയും അതു വൈകുന്നപക്ഷം ദുരന്തരാത്രിയിൽ ജീവൻ മാത്രം തിരിച്ചുകിട്ടിയവരുടെ കണ്ണീർ പ്രവാഹം അടങ്ങില്ല. കൃഷി ചെയ്തു ജീവിതം നയിച്ചവർ, കച്ചവടക്കാർ, കെട്ടിട ഉടമകൾ, സ്വയം തൊഴിലെടുത്തിരുന്നവർ... ഇങ്ങനെ ഒരുപാട് പേർ ഉരുൾ ദുരന്തമേഖലയിൽ ജീവിച്ചിരുന്നു. ഇവരൊക്കെ ഇന്ന് വാടകവീട്ടിൽ കഷ്ടജീവിതം നയിക്കുകയാണ്.

കേന്ദ്ര സർക്കാർ കൈയൊഴിഞ്ഞപ്പോഴും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മലയാളികൾ അടക്കമുള്ളവരാണ് സംസ്ഥാന സർക്കാരിന് പുനരധിവാസത്തിന് കരുത്തേകിയത്. ഇതോടെ അതിവേഗം പുനരധിവാസം ലക്ഷ്യത്തിലെത്തുമെന്ന് അതിജീവിതരും പ്രത്യാശിച്ചു. സർക്കാരും സന്നദ്ധ സംഘടനകളും ഒന്നിച്ചെന്ന പ്രഖ്യാപനംകൂടി വന്നതോടെ ആശയേറി. പക്ഷേ, സർക്കാരിന്റെ സ്ഥലമെടുപ്പ് വൈകിയതോടെ പല സന്നദ്ധ സംഘടനകളും സ്വന്തമായി സ്ഥലം കണ്ടെത്തി വീട് നിർമാണം ആരംഭിച്ചു. സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ നിയമപ്രശ്നങ്ങൾ സങ്കീർണമായതോടെ ഭൂമിയേറ്റെടുക്കൽ തന്നെ അനന്തമായി നീണ്ടു. ഒടുവിൽ നിയമപ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് ഇക്കഴിഞ്ഞ മാർച്ച് 26നാണ് തറക്കല്ലിട്ടത്.

കേന്ദ്രസർക്കാർ മറ്റ് സംസ്ഥാനങ്ങൾക്ക് ദുരന്തപ്രതികരണ നിധിയിൽ നിന്ന് മുൻകൂർ ഗ്രാൻഡ് അനുവദിച്ചപ്പോൾ അപ്രയോഗിക ഉപാധികളോടെ വയനാടിന് കേന്ദ്രം അനുവദിച്ചത് 529.50 കോടി രൂപ വായ്പയായിട്ടായിരുന്നു. കേരളം പ്രതീക്ഷിച്ചതാകട്ടെ 2000 കോടിയുടെ പ്രത്യേക പക്കേജ്. നിങ്ങളൊറ്റയ്ക്കല്ലെന്നും ഞങ്ങൾ ഒപ്പമുണ്ടെന്നും പറയാതെ പറഞ്ഞായിരുന്നു മനുഷ്യർ ദുരന്തമുഖത്ത് സ്നേഹം ചൊരിഞ്ഞത്. ദുരന്തത്തിൽ ജീവൻ അവശേഷിച്ചവരെ ശിഷ്ടജീവിതത്തിന്റെ സജീവതയിലേക്ക് തിരികെ കൊണ്ടുവരാൻ ഇനിയുമായില്ലെങ്കിൽ സഹജീവികളോട് ചെയ്യുന്ന ക്രൂരതയാകും അത്, ഞങ്ങൾ ആരെയും സഹായിക്കുകയില്ലെന്ന് ഒരു സർക്കാർ ഉറക്കെ വിളിച്ചുപറയുന്നതു പോലെ. വീട് വെക്കാൻ നിരവധി നല്ല വ്യക്തികളും സംഘടനകളും സഹായം വാഗ്ദാനം ചെയ്തിരുന്നെങ്കിലും ഒന്നും നടന്നില്ല. അവർക്ക് താത്കാലികമായ ആശ്വാസങ്ങൾ നൽകി എന്നത് മറക്കുന്നുമില്ല. കേവല കക്ഷി രാഷ്ട്രീയ തർക്കങ്ങൾക്കപ്പുറം ആ മനുഷ്യർക്ക് നീതി ലഭ്യമാക്കാൻ കഴിയാതിരുന്നതെന്തുകൊണ്ട് എന്ന് എല്ലാവരും ഗൗരവതരമായി ചിന്തിക്കേണ്ടതുണ്ട്. സ്ഥലം ലഭ്യമായിരുന്നെങ്കിൽ പലരുടെയും സഹായത്തോടെ അവരൊക്കെ സ്വന്തമായി വീട് വെക്കുമായിരുന്നില്ലേ? ഒരു സ്ഥാപനം തന്നെ എല്ലാ വീടുകളും നിർമിക്കണമെന്ന് സർക്കാർ വാശി പിടിക്കേണ്ടതുണ്ടായിരുന്നോ? സ്ഥലം ലഭ്യമാക്കാൻ ഇത്ര കാലതാമസം ഉണ്ടായത് എന്തുകൊണ്ട്? സമാശ്വാസമേകാൻ കാട്ടിയ ജാഗ്രത പുനരധിവാസത്തിൽ ഉണ്ടായില്ലെന്നത് സത്യം.

### മാറ്റം അനിവാര്യം

ഉരുൾപൊട്ടൽ ദുരന്തം കേരളത്തിന് വലിയ ഒരുവിപത്തിന്റെ ഓർമപ്പെടുത്തലാണ്. കാലാവസ്ഥാ മാറ്റവും അനുബന്ധമായുണ്ടാകുന്ന തീവ്രമഴയും ഇന്ന് ആർക്കും നിഷേധിക്കാനാകാത്ത സത്യങ്ങളാണ്. ആഗോളതാപനത്തിന്റെ പരിണതിയിൽ കേരളത്തിലെ കാലാവസ്ഥാവ്യതിയാനം വെല്ലുവിളി നേരിടുമ്പോഴുണ്ടായ ദുരന്തം പരിസ്ഥിതി സംബന്ധിച്ച ശീലങ്ങൾക്കുള്ള പൊളിച്ചെഴുത്തും ആവശ്യപ്പെടുന്നു. അതിനുതകുന്നതരത്തിലുള്ള ഇടപെടലുകൾ നടത്താൻ സർക്കാരിനയോ എന്നത് ഈ വേളയിൽ പരിശോധിക്കേണ്ടിയിരിക്കുന്നു. ദുരന്തത്തിൽ നിന്ന് കേരളം എന്ത് പാഠങ്ങൾ പഠിച്ചു എന്നത് വ്യക്തമല്ല. ഏറെ പ്രതീക്ഷയോടെ നിർമിച്ച് കൊണ്ടിരിക്കുന്ന ദേശീയ പാത തന്നെ കാലാവസ്ഥാ മാറ്റത്തിന്റെ ഫലമായി വലിയ നാശം നേരിട്ടുകൊണ്ടിരിക്കുന്നു. 16 ഇടങ്ങളിൽ പാതയ്ക്ക് ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടെന്ന് കേന്ദ്ര മന്ത്രി തന്നെ സമ്മതിച്ചു. അതിതീവ്രമഴ ഇനിയും ഉണ്ടായാൽ മറ്റു പലയിടങ്ങളിലും ഇതുപോലെ വിനാശമുണ്ടാകാനുള്ള സാധ്യത നിലനിൽക്കവേ, അതിന്റെ നിർമാണ രീതികൾ ചോദ്യം ചെയ്യപ്പെടുന്നു.

കേരളത്തിന് കാലാവസ്ഥാമാറ്റത്തെ നേരിടാൻ തക്ക ശേഷിയില്ലാതായിക്കൊണ്ടിരിക്കുന്നു എന്ന കണ്ടെത്തലുകൾ ഉണ്ടായിട്ടുണ്ട്. 2018 ലെ മഹാപ്രളയത്തിനു ശേഷം കേന്ദ്ര സർക്കാരും യു എന്നും എ.ഡി. ബിയും ലോക ബാങ്കും ചേർന്ന് നടത്തിയ വിശദമായ പഠന റിപ്പോർട്ട് ഉണ്ട്. പി.ഡി.എൻ.എ (പോസ്റ്റ് ഡിസ്സാസ്റ്റർ നീഡ്സ് അനാലിസിസ് അഥവാ ദുരന്താനന്തര ആവശ്യങ്ങളെ സംബന്ധിച്ചുള്ള വിശകലന) റിപ്പോർട്ട് സർക്കാർ തന്നെ പുറത്തിറക്കിയതാണ്. ഇതുപോലെ മറ്റു നിരവധി പഠനങ്ങൾ നടന്നു. ലോകത്തെവിടെയും ദുരന്തങ്ങൾ സംഭവിച്ചാൽ മേൽ നടപടികൾ സംബന്ധിച്ച് ഇത്തരം പഠനങ്ങൾ നടത്താറുണ്ട്. നേപ്പാൾ ഭൂചലനം, ശ്രീലങ്കയിലെ ദുരന്തം എന്നിവ ചില ഉദാഹരണങ്ങൾ മാത്രം. കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ചാണ് ഈ പഠനം നടത്തിയിട്ടുള്ളത്. ഇത് സർക്കാർ രേഖയാണ്.

മുൻകരുതലുകൾ സംബന്ധിച്ച പി.ഡി.എൻ.എ റിപ്പോർട്ട് പ്രകാരം ഇടുക്കിയും വയനാടും പാരിസ്ഥിതികമായി ഏറെ ദുർബല പ്രദേശമാണ്. പ്രളയവും ഉരുൾപൊട്ടലുകളും ഉണ്ടാകുന്നത് തടയാൻ ഭൂവിനിയോഗ രീതികളിൽ കാതലായ മാറ്റങ്ങൾ അനിവാര്യം. വനഭൂമി മാത്രമല്ല നെൽവയലുകളും തണ്ണീർത്തടങ്ങളും മാറ്റാൻ പാടില്ല. ഒരോ തദ്ദേശ സ്ഥാപനങ്ങളും സ്വന്തം പ്രദേശത്തെ ഭൂമി ദുരന്ത സാധ്യതയും പാരിസ്ഥിതിക ദൗർബല്യങ്ങളും അനുസരിച്ച് മേഖലകളാക്കി തിരിക്കണം. പാരിസ്ഥിതിക ദുർബലം എന്ന് ഗാഡ്ഗിൽ റിപ്പോർട്ട് ചൂണ്ടിക്കാണിച്ച ഇടങ്ങളിൽ തന്നെയാണ് വലിയ നാശനഷ്ടങ്ങൾ സംഭവിച്ചിരിക്കുന്നത് എന്ന വസ്തുത നിഷേധിക്കാനാവില്ല. നിർമാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം വേണം എന്ന് വ്യക്തമായി പറയുന്നുണ്ട്. ഈ മേഖലകളിൽ പരിസ്ഥിതി സൗഹൃദ സാമഗ്രികളും നിർമാണ രീതിയും ഉപയോഗിക്കണം. ഭൂമിയിലേക്ക് വെള്ളം ഇറങ്ങുന്നത് തടസ്സപ്പെടുത്തുന്ന വിധത്തിൽ ഓടും സിമന്റും ഇടുന്നത് കുറയ്ക്കണം. പുതിയ കേരളം ഹരിത കേരളമായിരിക്കണം. ഒരു സുസ്ഥിര കെട്ടിട നിർമാണ മാർഗ നിർദേശം (ഗ്രീൻ ബിൽഡിംഗ് കോഡ്) ഉണ്ടാകണം.

എല്ലാ മേഖലകളിലും എല്ലാ കെട്ടിടങ്ങൾക്കും മലിനജല സംസ്കരണ സംവിധാനം ഉണ്ടായിരിക്കണം. മലിന ജലം സംസ്കരിച്ച് വീണ്ടും ഉപയോഗിക്കുകയോ ഭൂമിയിലേക്ക് റീചാർജ് ചെയ്യുകയോ വേണം. ജല മനേജ്മെന്റിനുള്ള സംവിധാനങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കണം. വളരെ ഉയർന്ന പ്രദേശത്തുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കണം. ജലവൈദ്യുത പദ്ധതികളുടെ വൃഷ്ടിപ്രദേശം സംരക്ഷിക്കണം. നദികളുടെ ഒഴുക്ക് തിരിച്ചുവിടാൻ പാടില്ല. ഖനനം, വ്യവസായങ്ങൾ, വൈദ്യുത പദ്ധതികൾ, റോഡുകൾ മുതലായവയുടെ നിർമാണങ്ങൾ സംബന്ധിച്ചും കർശനമായ നിർദേശങ്ങൾ റിപ്പോർട്ടിലുണ്ട്. പക്ഷേ ഇതിൽ പറയുന്ന നിർദേശങ്ങൾ പാലിക്കാൻ ശ്രമം നടക്കുന്നില്ലെന്നതാണ് ഖേദകരമായ വസ്തുത. വികസനത്തിന്റെ സമ്മർദങ്ങൾ ചൂണ്ടിക്കാട്ടപ്പെടുന്നു. വികസനത്തേക്കാൾ മുൻഗണന സുരക്ഷയ്ക്കായിരിക്കണമെന്നത് മറന്നാൽ ദുരന്തമുഖങ്ങൾ വീണ്ടും തുറന്നുവരുമെന്ന കാര്യമാകട്ടെ അറിയേണ്ടവർ അറിയുന്നില്ല.

കേരളം വാചകം

# രാഷ്ട്രീയ വനവാസത്തിന് ഒരുങ്ങുന്നതാര്?

ജനാധിപത്യത്തിൽ തെരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തുംവരെ ജനമനസ്സ് പ്രവചിക്കാൻ നിരനിൽക്കുന്നവരുടെ വാക്കുകൾക്ക് എത്രപേർ കാതോർക്കാറുണ്ട്? അഭിപ്രായ സർവ്വേകളുടെ ആധികാരികതയിൽ ലോകമാകെ സംശയത്തിന്റെ നിഴലിൽ നിൽക്കുന്ന കാലം. കേരളത്തിലെ വോട്ടർമാർ വി.ഡി. സതീശന്റെ രാഷ്ട്രീയ വനവാസം ആഗ്രഹിക്കുന്നുവോ എന്ന ചോദ്യം അപ്രസക്തമാണ്. ഏത് സർവ്വേകൾക്കിടയിലും ഒളിഞ്ഞു കിടക്കുന്ന ജനമനസിന്റെ പൊട്ടാത്ത ഒരു കണ്ണാടിയുണ്ട്. അതാണ് വരും നാളുകളിൽ കേരളം കാത്തിരിക്കുന്ന രാഷ്ട്രീയ ചിത്രം.



വി.ഡി. സതീശന്റെ ആത്മവിശ്വാസം ഭരണവിരുദ്ധ വികാരത്തിന്റെ ചെലവിൽ ആണെന്ന് വേണം കരുതാൻ. ഇടത് ഭരണത്തിന് സ്വാഭാവിക അന്ത്യം സംഭവിച്ചേക്കുമെന്ന പ്രതീക്ഷയിൽ കല്യാണപ്പന്തലിൽ തള്ളുണ്ടാക്കുന്ന മനുഷ്യരെപ്പോലെ പെരുമാറുന്ന ചില നേതാക്കൾ ആശയക്കുഴപ്പം സൃഷ്ടിക്കുന്നതിൽ ആശാന്മാരാണ്.

വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ അധികാരത്തിൽ തിരിച്ചെത്താമെന്നുള്ള കോൺഗ്രസിന്റെ ശ്രമം അപകടത്തിലാണെന്നും മൂന്നാം തവണയും പരാജയത്തിലേയ്ക്ക് കൂപ്പുകുത്തുമെന്നും തെരഞ്ഞെടുപ്പ് തന്ത്രജ്ഞൻ സുനിൽ കനുഗൊലു നടത്തിയ ആഭ്യന്തര സർവേയിൽ പറയുന്നതായി സൂചന വന്നത് ഒരു സൂചകമായി പോലും ഇവർ കാണുന്നില്ല. 2026ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പാർട്ടി മൂന്നാമത്തെ പരാജയത്തിലേയ്ക്ക് നീങ്ങുമെന്നാണ് റിപ്പോർട്ടിൽ സൂചിപ്പിച്ചത്. 2016ലേയും 2021ലേയും നിയമസഭാ തെരഞ്ഞെടുപ്പുകളിലെ തോൽവിക്ക് പിന്നാലെ, അധികാരം വീണ്ടെടുക്കാൻ ശ്രമിക്കുന്ന പാർട്ടിക്ക് സർവേ വലിയ തിരിച്ചടിയാകുമെന്നുമാണ് റിപ്പോർട്ട്.

കേരളത്തിൽ കോൺഗ്രസിനുള്ളിലെ ആഭ്യന്തരകലഹങ്ങളും പാർട്ടി വിരുദ്ധ പരാമർശങ്ങളും നിയന്ത്രിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ടെങ്കിലും അതൊന്നും ഗുണം ചെയ്യുന്നില്ലെന്നാണ് സർവേ സൂചിപ്പിക്കുന്നത്. ഇതിനകം തന്നെ പാർട്ടിക്ക് അധഃപതനം സംഭവിച്ചുകഴിഞ്ഞുവെന്ന് കനുഗൊലു സർവേയിൽ പറയുന്നു. പൊതുവിൽ കേരളത്തിൽ ഭരണ വിരുദ്ധ വികാരമുണ്ട്. പക്ഷേ കോൺഗ്രസിനുള്ളിൽ ആഭ്യന്തര സംഘർഷങ്ങൾ, മുഖ്യമന്ത്രിയെച്ചൊല്ലിയുള്ള തർക്കം, ശശി തരൂരിന്റെ സ്റ്റാർട്ട് അപ്പ് പ്രസ്താവന, ഡൽഹിയിൽ ഹൈക്കമാൻഡ് ഇടപെട്ട് നടത്തിയ ചർച്ചകൾ പാർട്ടിക്കകത്തും യു.ഡി.എഫിനകത്തും ഐക്യമില്ലെന്ന് തെളിയിക്കുന്നതാണ്.

കോൺഗ്രസിനകത്ത് നേതൃതർക്കമുണ്ട്. ശശി തരൂരിന്റെ നിലപാടുകളും അദ്ദേഹത്തോടുള്ള കോൺഗ്രസ് നേതാക്കളുടെ നിലപാടുകളും ആഭ്യന്തര സംഘർഷത്തിന്റെ ചിത്രമാണ് നൽകുന്നത്.

കോൺഗ്രസ് അധികാരത്തിൽ വരണമെങ്കിൽ ആദ്യം വേണ്ടത് സംഘടനാ സംവിധാനം മെച്ചപ്പെടുത്തുകയെന്നുള്ളതാണെന്നും ഈ തെരഞ്ഞെടുപ്പ് തോറ്റാൽ കോൺഗ്രസ് കേരളത്തിൽ ഇല്ലാതാകുമെന്നും രാഷ്ട്രീയ നിരീക്ഷകർ പറയുന്നു. ഇപ്പോൾ തന്നെ മുഖം രക്ഷിക്കാൻ കഴിയുന്നത് ലീഗെന്ന പാർട്ടി കൂടെയുള്ളതുകൊണ്ടാണ്. അവർ മലബാറിൽ നേടിയെടുക്കുന്ന സീറ്റ് തന്നെയാണ് രക്ഷ. തെക്കൻ കേരളത്തിലെ മുസ്ലീം വോട്ടുകളും മലബാറിലെ വിദ്യാസമ്പരായിട്ടുള്ളവരിൽ നിന്നുള്ള മുസ്ലീം വോട്ടുകളും സിറിയൻ ക്രിസ്ത്യൻ വോട്ടുകളുമൊന്നും തിരിച്ചുപിടിക്കാൻ കോൺഗ്രസിന് കഴിഞ്ഞിട്ടില്ല.

കേരളത്തിലെ ലോക്സഭാ തെരഞ്ഞെടുപ്പിലെ പ്രകടനത്തിൽ 2025 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനും 2026 ലെ നിയമസഭാ തിരഞ്ഞെടുപ്പിനുമുള്ള ഒരുക്കങ്ങൾ ആരംഭിക്കാൻ ബി.ജെ.പി സംസ്ഥാന നേതൃത്വത്തിന്റെ ആത്മവിശ്വാസം വടക്കേ ഇന്ത്യയിലെ കന്യാസ്ത്രീ വിഷയത്തിൽ കേരളത്തിലെ വോട്ട് ബാങ്കിൽ അടിപതറുമോ എന്ന വലിയൊരു ചോദ്യം മുന്നിലുണ്ട്.

സംസ്ഥാനത്ത് ആദ്യ ലോക്സഭാ സീറ്റ് തൃശ്ശൂരിൽ നേടിയ ബി.ജെ.പി, നിരവധി മണ്ഡലങ്ങളിൽ വോട്ട് വിഹിതം വർദ്ധിപ്പിച്ചതോടെ, വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ഭാവി പാർട്ടിയായി സ്വയം ബ്രാൻഡ് ചെയ്യുകയാണ്. കഴിഞ്ഞ വോട്ടെടുപ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച സ്ഥാനാർത്ഥികളോട് അതത് മണ്ഡലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും മാസത്തിൽ 10 ദിവസം അവിടെ ചെലവഴിക്കാനും ആവശ്യപ്പെടും.

തൃശൂർ ലോക്സഭാ മണ്ഡലത്തിലെ 11 നിയമസഭാ മണ്ഡലങ്ങളിൽ ബി.ജെ.പി ഒന്നാം സ്ഥാനത്തും എട്ട് നിയമസഭാ മണ്ഡലങ്ങളിൽ രണ്ടാം സ്ഥാനത്തും എത്തിയതായ കണക്കുകൾ ബി.ജെ.പി ക്യാമ്പിന് ആവേശം നൽകുന്നു. 2026 ലെ തിരഞ്ഞെടുപ്പിൽ ബി.ജെ.പി 20 നിയമസഭാ സീറ്റുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കും. തൃശ്ശൂരിൽ നിന്ന് 74,686 വോട്ട് നേടിയ സുരേഷ് ഗോപി, ബി.ജെ.പിയുടെ പ്രതീക്ഷകൾക്ക് തിരികൊളുത്തി. ഗുരുവായൂർ മാത്രമാണ് അദ്ദേഹത്തിന് സ്വാധീനം ചെലുത്താൻ കഴിയാതെ പോയ ഏക നിയമസഭാ മണ്ഡലം.

തൃശ്ശൂർ ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം രാഷ്ട്രീയ തൊട്ടുകൂടായ്മയെ മറികടക്കാൻ സഹായിച്ചതായി ബി.ജെ.പി നേതൃത്വം കരുതുന്നു. കേരളത്തിലെ വോട്ടർമാർക്ക് സംസ്ഥാനത്തിന്റെ ദ്വിമുഖ രാഷ്ട്രീയത്തിൽ വിശ്വാസം നഷ്ടപ്പെട്ടുവെന്ന് ബി.ജെ.പി നേതൃത്വം പ്രതീക്ഷിക്കുന്നു. വികസന അജണ്ടയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ മുന്നേറ്റം ഉണ്ടാക്കാം എന്നാണ് കണക്കുകൂട്ടൽ. സി.പി.എമ്മിൽ നിന്നും കോൺഗ്രസിൽ നിന്നും വോട്ടുകൾ മറിയുന്ന പ്രവണത ബി.ജെ.പി നിരീക്ഷിക്കുന്നുണ്ട്.

അതേസമയം മുന്നൊരുക്കവുമായി സി.പി.എം കളത്തിൽ ഇറങ്ങി കഴിഞ്ഞു. തദ്ദേശ തെരഞ്ഞെടുപ്പിന് മുന്നോടിയായി പാർട്ടി അംഗങ്ങൾ ഉൾപ്പെടുന്ന വാർഡ് ഡിവിഷൻ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കാൻ സി.പി.എം ഒരുങ്ങുകയാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ലോക്കൽ ഏരിയാ കമ്മിറ്റികൾക്കും സംസ്ഥാനത്തെ 14 ജില്ലാ കമ്മറ്റികൾക്കും സംസ്ഥാന കമ്മിറ്റി സർക്കുലർ മുഖേന അറിയിച്ചു കഴിഞ്ഞു.

പഞ്ചായത്തുകളിൽ വാർഡ് കമ്മിറ്റികളും മുനിസിപ്പൽ കോർപ്പറേഷൻ മേഖലകളിൽ പാർട്ടിയുടെ ഡിവിഷൻ കമ്മിറ്റികളും രൂപീകരിക്കാനാണ് നിർദ്ദേശം. തെരഞ്ഞെടുപ്പിന് മുൻപ് പാർട്ടി വോട്ടുകളുടെ പട്ടിക സംബന്ധിച്ച് കൃത്യമായ ധാരണ ഉണ്ടാക്കുകയാണ് ലക്ഷ്യം. പാർട്ടി വോട്ടുകളിൽ സംഭവിച്ചിട്ടുള്ള ചോർച്ചകളും പുതിയ വോട്ടർമാരുടെ കണക്കെടുപ്പും നടത്തേണ്ടതുണ്ട്. ഓഗസ്റ്റ് 15 നകം ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്തി പ്രാഥമിക പട്ടിക തയ്യാറാക്കാൻ ആണ് നിർദ്ദേശം.

രണ്ട് പാർട്ടി പ്രവർത്തകർ 30 വീടുകൾ എന്ന നിലയ്ക്ക് വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കണം. തെരഞ്ഞെടുപ്പ് കമ്മീഷന്റെ കരട് വോട്ടർ പട്ടിക എത്തുമ്പോൾ, അതിൽ ഒഴിവാക്കപ്പെട്ടവയും ഇരട്ട വോട്ടുകളും പാർട്ടി വോട്ടുകളും തരാതരം തിരിച്ചറിയാൻ വേണ്ടിയാണ് ഈ സംവിധാനം. പുതിയ വോട്ടർമാരെ ചേർക്കണം. ഒരു വാർഡിൽ നാല് സ്ക്വാഡുകൾ വീതം പ്രവർത്തിക്കണം. ഒരു പഞ്ചായത്തിൽ ഒരു ജില്ലാ കമ്മിറ്റി അംഗത്തിന് വീതം ചുമതല ഉണ്ടായിരിക്കും. മുനിസിപ്പൽ, കോർപ്പറേഷൻ മേഖലകളിൽ ഒരു സംസ്ഥാന കമ്മിറ്റി അംഗവും ഒരു ജില്ലാ സെക്രട്ടറിയേറ്റ് അംഗവും ചുമതലക്കാരവും.

നഗരപ്രദേശത്ത് ഫ്ളാറ്റുകൾ കേന്ദ്രീകരിച്ചും അല്ലാത്തിടങ്ങളിൽ വീട്ടുമുറ്റ യോഗങ്ങൾ സംഘടിപ്പിച്ചും പ്രത്യേക യോഗങ്ങൾ നടത്തണം. ഇതിന് അംഗൻവാടി, ഹരിത കർമ്മസേന, കുടുംബശ്രീ, ആശാവർക്കർമാർ, ഗ്രന്ഥശാലാ പ്രവർത്തകർ എന്നിവരുടെ സാന്നിധ്യം ഉണ്ടാകണം. തദ്ദേശ തെരഞ്ഞെടുപ്പുകളും പിന്നാലെ വരുന്ന നിയമസഭാ തെരഞ്ഞെടുപ്പും മുന്നിൽകണ്ടാണ് സി.പി.എമ്മിന്റെ മുന്നൊരുക്കം.

ഭരണവിരുദ്ധ വികാരങ്ങൾ എത്രയുണ്ടായാലും ഒരു കേഡർ പാർട്ടിയുടെ കെട്ടുറപ്പോടെ തന്നെയാണ് മുന്നിൽ കാണുന്ന തെരഞ്ഞെടുപ്പുകളെ നേരിടാൻ സി.പി.എം ഒരുക്കങ്ങൾ നടത്തുന്നത്. കേരളത്തിൽ കാവിയുടെ ലാഞ്ചന കാട്ടാതെ വോട്ടർമാരുടെ മനസ്സിൽ ഇടം നേടാനുള്ള അക്ഷീണ പ്രയത്നവുമായാണ് ബി.ജെ.പി ക്യാമ്പും മുന്നേറുന്നത്.

എന്നാൽ കോൺഗ്രസ് കൂടാരത്തിൽ ആവട്ടെ മൂപ്പിളമ തർക്കവും അധികാരം കയ്യിൽ കിട്ടിക്കഴിഞ്ഞതു മാതിരിയുള്ള ശരീരഭാഷയും പ്രകടിപ്പിച്ച് പ്രതിപക്ഷ ധർമ്മം പോലും മറന്നു വിഴുപ്പലക്കുയാണ് ഖദറിട്ട നേതാക്കൾ.

◗ പ്രജിത്ത് രാജ്







# കെ.എം. മാണിയുടെ മരണവും കോടതിയുടെ കോഴക്കേസ് തീർപ്പാക്കലും




കെ.എം. മാണിക്കെതിരെ അക്കാലത്ത് പലതരത്തിലുള്ള അന്വേഷണങ്ങളും നടന്നു. മാണി കോഴ ചോദിച്ചതിനും വാങ്ങിയതിനും തെളിവില്ലെന്നും കേസ് അവസാനിപ്പിക്കണം എന്നും ആവശ്യപ്പെട്ട് വിജിലൻസ് ഉദ്യോഗസ്ഥർ 2015 ജൂലൈയിൽ വിജിലൻസ് കോടതിയിൽ റിപ്പോർട്ടു നൽകി. ബാർ കോഴക്കേസിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് മാണിയും കേസ് എടുക്കണമെന്നാവശ്യപ്പെട്ട് വി.എസ്. അച്യുതാനന്ദനും ബാർ ഉടമയും ഹൈക്കോടതിയിൽ കേസ് കൊടുത്തിരുന്നു.



മഹാകവി പാലാ നാരായണൻ നായർ കെ.എം. മാണിയെ ഒരു കവിതയിൽ വിശേഷിപ്പിച്ചത് 'മാണി പ്രമാണി' എന്നാണ്. കെ.ആർ. നാരായണൻ പ്രസിഡന്റായ ശേഷം പാലായിൽ വന്നപ്പോൾ 'മാണി സാർ' എന്നാണ് അഭിസംബോധന ചെയ്തത്. രാഷ്ട്രീയ രംഗത്തെ നേട്ടങ്ങളാണ് ഈ വിളിപ്പേരുകൾക്കു പിന്നിൽ. ഒരു മണ്ഡലം രൂപീകരിച്ച ശേഷം ആ മണ്ഡലത്തിൽനിന്ന് എല്ലാ തിരഞ്ഞെടുപ്പിലും വിജയിക്കുക എന്ന റെക്കോർഡ് അടക്കം നിരവധി രാഷ്ട്രീയ നേട്ടങ്ങൾക്ക് ഉടമയാണ് കെ.എം. മാണി. 1967ൽ നിയമസഭാംഗമായി. 50 വർഷം മുമ്പ് മാർച്ച് 15ന് ആണ് കെ.എം. മാണി ആദ്യമായി നിയമസഭയിൽ എത്തിയത്. അതിന്റെ ആഘോഷങ്ങളെല്ലാം പൊടിപൊടിച്ചു. അദ്ദേഹത്തെ എല്ലാവരും മുക്തകണ്ഠം പ്രശംസിക്കാൻ മത്സരിക്കുകയായിരുന്നു.

കേരളരാഷ്ട്രീയത്തിൽ ആരു വിചാരിച്ചാലും മാറ്റിനിർത്താൻ കഴിയാത്ത, പകരക്കാരനില്ലാത്ത പ്രമാണിയാണ് കെ.എം. മാണിയെന്നു പറഞ്ഞത് പിണറായി വിജയൻ ആണ്. ഇങ്ങനെ പറഞ്ഞവരിൽ പലരും പിന്നീട് പിന്നിൽ നിന്നും കുത്തിയ ചരിത്രമാണുള്ളത്. എന്നാൽ ഉമ്മൻ ചാണ്ടി പറയുമായിരുന്നു

തനിക്കു മനസ്സിലാകാത്ത ഒരു കാര്യമുണ്ട്. ബാർ തുറന്നുകിട്ടാൻ ധനമന്ത്രിക്ക് എന്തിനു കോഴ കൊടുക്കണം? ധനമന്ത്രിക്ക് ഇതിൽ എന്താണു കാര്യം? ബാർ തുറക്കുന്ന കാര്യത്തിൽ ബജറ്റ് വഴി ഇടപെടൽ നടത്താൻ ധനമന്ത്രിക്ക് സാധിക്കില്ല. പിന്നെ എന്തിന് മാണിസാറിന് കോഴ നല്കണം? ഇതിൽ അന്നും എന്നും ഉറച്ചു നിന്നയാളാണ് ഉമ്മൻ ചാണ്ടി. ഇല്ലാത്ത പൂച്ചയെ ഇരുട്ടത്തു തപ്പുകയായിരുന്നു പ്രതിപക്ഷം എന്ന ആക്ഷേപം കുടി ഉണ്ട് ഉമ്മൻ ചാണ്ടിക്ക്. അത് സത്യമാണെന്നു കാലം തെളിയിക്കുകയും ചെയ്തു.

ഈ വിഷയത്തിൽ കെ.എം. മാണിയെ മരണം വരെ വേട്ടയാടുകയും ചെയ്തു. അവസാനകാലത്ത് പ്രായത്തിന്റെ പല അവശതകളും അദ്ദേഹത്തിനുണ്ടായിരുന്നു. ന്യൂമോണിയായെ തുടർന്ന് കൊച്ചിയിലെ ലേക്ഷോർ ആശുപത്രിയിൽ അദ്ദേഹത്തെ പ്രവേശിപ്പിച്ചു. 2019 ഏപ്രിൽ ഒൻപതിന് രാവിലെ

ആരോഗ്യസ്ഥിതി മെച്ചപ്പെട്ടിരുന്നെങ്കിലും മൂന്ന് മണിയോടെ വീണ്ടും സ്ഥിതി ഗുരുതരമാവുകയായിരുന്നു. ഹൃദയമിടിപ്പും രക്തസമ്മർദ്ദവും ക്രമാതീതമായി കുറഞ്ഞതോടെ മരണം സംഭവിക്കുകയായിരുന്നു.

ദീർഘകാലമായി ആസ്ത്മയ്ക്ക് ചികിത്സയിലായിരുന്ന കെ.എം. മാണിയ്ക്ക് ആശുപത്രിയിലെത്തുമ്പോൾ ശ്വാസകോശത്തിൽ അണുബാധയും ഉണ്ടായിരുന്നു. ട്യൂബ് വഴി അദ്ദേഹത്തിന് ഭക്ഷണം നൽകുകയായിരുന്നു.

കേരള രാഷ്ട്രീയത്തിന്റെ അമരത്ത് അരനൂറ്റാണ്ടിലധികം കാലം നിറഞ്ഞുനിന്ന നേതാവാണ് കെ.എം. മാണി. ഒരു കാലഘട്ടത്തിന്റെ സ്മരണയായ നേതാവ്, കേരളരാഷ്ട്രീയത്തിലെ അതികായനായ നേതാവ് പി.ടി. ചാക്കോയുടെ മരണത്തിന് പിന്നാലെ ചാക്കോയോട് കോൺഗ്രസ് നീതിപുലർത്തിയില്ലെന്ന് ആരോപിച്ച് തിരുനക്കരമൈതാനിയിൽ ഒരു യോഗം നടന്നു. അന്നവിടെ തിരികൊളുത്തി പിറന്നത് കേരള രാഷ്ട്രീയത്തിന്റെ ഗതിവിഗതികളെ നിശ്ചയിച്ച ഒരു പ്രസ്ഥാനമായിരുന്നു, കേരളാകോൺഗ്രസ്. ആ മൈതാനത്തിൽ പിറവിയെടുത്ത കേരളാകോൺഗ്രസിലേക്ക് പിന്നീടൊരു പകൽ കോട്ടയം ഡി.സി.സി ജനറൽ സെക്രട്ടറിയുമെത്തി.

കോട്ടയം കോൺഗ്രസുകാരെ അടിച്ചുവാരിക്കൂട്ടിയെത്തിയ ആ നേതാവിന്റെ പേര് കരിങ്ങോഴക്കൽ മാണി കുഞ്ഞുമാണിയെന്നായിരുന്നു. പിന്നീടയാൾ കേരളത്തിന്റെ കെ.എം. മാണിയും പാലായുടെ മാണി സാറുമായി. അഞ്ചരപതിറ്റാണ്ടുകാലം കേരളരാഷ്ട്രീയത്തിലെ അതികായനായി.


ജോഷി ജോർജ്

കെ.എം. മാണിയെ ഓർക്കുമ്പോൾ പാലായെക്കുറിച്ചും പറയണം. അവരങ്ങനെ ഇരട്ടപെറ്റവരെപോലെയായിരുന്നു. പാലാ സമം കെ.എം. മാണി എന്നതിനപ്പുറം ഒരു സമവാക്യം അവിടുത്തെ സമ്മതിദായകര് ആലോചിച്ചതേയില്ല. അഞ്ചു പതിറ്റാണ്ടിലേറെ എംഎൽഎ, ഒരു മണ്ഡലത്തില് നിന്ന് ഏറ്റവും കൂടുതൽ തവണ ജയിച്ചു കയറിയ രണ്ടാമത്തെ നിയമസഭാ സാമാജികൻ, പന്ത്രണ്ട് മന്ത്രിസഭകളിൽ അംഗം, അച്ച്യുതമേനോൻ സർക്കാരിൽ തുടങ്ങി, കെ. കരുണാകരൻ, എ.കെ. ആന്റണി, ഇ.കെ. നായനാർ അവസാനം ഉമ്മൻ ചാണ്ടി നയിച്ച സർക്കാരുകളിലും സുപ്രധാന വകുപ്പുകൾ കൈകാര്യം ചെയ്തു. ഏറ്റവും കൂടുതൽ ബജറ്റുകൾ അവതരിപ്പിച്ച ധനമന്ത്രി, ഒരു പക്ഷേ കേരള രാഷ്ട്രീയത്തിൽ ഇനിയാർക്കും സാധ്യമാവാത്ത റെക്കോർഡുകളുടെ കൂടി ചരിത്രമായിരുന്നു കെ.എം. മാണിയുടെ രാഷ്ട്രീയ ജീവിതം.

കോട്ടയം ജില്ല മീനച്ചിൽ താലൂക്കിലെ മരങ്ങാട്ടുപള്ളിയിൽ കർഷകദമ്പതികളായിരുന്ന തൊമ്മൻ മാണിയുടെയും ഏലിയാമ്മയുടേയും മകനായി 1933 ജനുവരി 30ന് ജനനം. തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളജ്, മദ്രാസ് ലോ കോളജിൽനിന്ന് നിയമബിരുദം. ഹൈക്കോടതി ജഡ്ജി പി. ഗോവിന്ദമേനോന്റെ കീഴിൽ 1955ൽ കോഴിക്കോട് അഭിഭാഷകനായി ചേർന്നു. രാഷ്ട്രീയത്തിൽ സജീവമായി. 1959ൽ കെ.പി.സി.സിയിൽ അംഗം. 1964 മുതൽ കേരള കോൺഗ്രസ്സിൽ. 1975ലെ സി. അച്യുതമേനോൻ മന്ത്രിസഭയിൽ ആദ്യമായി സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രിയായി.

തെരഞ്ഞെടുപ്പ് പ്രചാരണം സജീവമായിരിക്കുമ്പോഴാണ് കെ.എം. മാണിയുടെ വിടവാങ്ങൽ. ഉമ്മൻ ചാണ്ടിയെ സംബന്ധിച്ചിടത്തോളം വിശ്വസിക്കാവുന്ന സുഹൃത്തും ഉപദേഷ്ടാവുമായിരുന്നു മാണി. നിയമസഭാ പ്രവർത്തനത്തിൽ എന്നും മാതൃകയുമായിരുന്നു.

കെ.എം. മാണി അന്തരിച്ച് 24 മണിക്കൂറിനകം ബാർ കോഴക്കേസ് കോടതിയുടെ പരിഗമണനയ്ക്കു വന്നു. പുതിയ സാഹചര്യത്തിൽ കോഴക്കേസിന് പ്രസക്തിയില്ലെന്നു പറഞ്ഞ് കോടതി കേസ് തീർപ്പാക്കുകയും ചെയ്തു.

(തുടരും)

**" കെ.എം. മാണി കോഴ ചോദിച്ചതിനും വാങ്ങിയതിനും തെളിവില്ലെന്നും കേസ് അവസാനിപ്പിക്കണം എന്നും ആവശ്യപ്പെട്ട് വിജിലൻസ് ഉദ്യോഗസ്ഥർ 2015 ജൂലൈയിൽ വിജിലൻസ് കോടതിയിൽ റിപ്പോർട്ടു നൽകി. ബാർ കോഴക്കേസിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് മാണിയും, കേസ് എടുക്കണമെന്നാവശ്യപ്പെട്ട് വി.എസ്. അച്യുതാനന്ദനും ബാർ ഉടമയും ഹൈക്കോടതിയിൽ കേസ് കൊടുത്തിരുന്നു. എന്നാൽ അദ്ദേഹം മരിച്ച് ചൂടാറും മുമ്പ് ബാർ കോഴക്കേസ് കോടതിയുടെ പരിഗമണനയ്ക്കു വന്നു. പുതിയ സാഹചര്യത്തിൽ കോഴക്കേസിന് പ്രസക്തിയില്ലെന്നു പറഞ്ഞ് കോടതി കേസ് തീർപ്പാക്കുകയും ചെയ്തു.**


കെ.എം. മാണിയും ഭാര്യ കുട്ടിയമ്മയും



# റയോ തത്സുകിയുടെ ദുരന്ത പ്രവചനം സത്യമായോ? ഭൂകമ്പത്തിലും സുനാമിയിലും ആശങ്കപ്പെട്ട് ജപ്പാനും റഷ്യയും

റഷ്യയിലെ ഉപദ്വീപിൽ ബുധനാഴ്ച റിക്ടർ സ്കെയിലിൽ 8.8 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പമുണ്ടായതിന് പിന്നാലെ ജപ്പാൻ ഉൾപ്പെടെയുള്ള വിവിധ രാജ്യങ്ങളിൽ സുനാമി മുന്നറിയിപ്പ് പുറപ്പെടുവിച്ചിരിക്കുകയാണ്. ഇതിന് പിന്നാലെ വർഷങ്ങൾക്ക് മുമ്പ് ജാപ്പനീസ് എഴുത്തുകാരിയായ റയോ തത്സുകി നടത്തിയ പ്രവചനം വീണ്ടും ചർച്ചകളിൽ ഇടം നേടിയിരിക്കുകയാണ്. 2025 ജൂലൈ അഞ്ചിന് ജപ്പാനെ നടുക്കി വലിയ ദുരന്തമുണ്ടാകുമെന്നാണ് മാംഗ ആർട്ടിസ്റ്റുകൂടിയായ തത്സുകി നടത്തിയ പ്രവചനം.

ജൂലൈ അഞ്ചിന് ദുരന്തമൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടില്ലെങ്കിലും 25 ദിവസങ്ങൾക്ക് ശേഷം ജപ്പാന്റെ തീരങ്ങളിൽ സുനാമി തിരകൾ ആഞ്ഞടിച്ചിരിക്കുകയാണ്. ഇതാണ് പുതിയ അശങ്കയ്ക്ക് വഴിവച്ചിരിക്കുന്നത്.





### തത്സുകിയുടെ പ്രവചനം

ഭൂകമ്പത്തെക്കുറിച്ചുള്ള വാർത്തകൾ പുറത്തുവന്നതോടെ ജപ്പാന്റെ 'ബാബ വാംഗ' എന്നറിയപ്പെടുന്ന തത്സുകിയുടെ 'ഞാൻ കണ്ട ഭാവി'എന്ന രചനയിലേക്ക് എല്ലാവരുടെയും ശ്രദ്ധ തിരിഞ്ഞിരിക്കുകയാണ്. ഇതിൽ മുൻകാലങ്ങളിൽ സംഭവിച്ച പല ദുരന്തങ്ങളും കൃത്യമായി പ്രവചിച്ചിട്ടുണ്ടെന്ന് അവരുടെ പല ആരാധകരും വിശ്വസിക്കുന്നു. ഡയാന രാജകുമാരിയുടെയും ഫ്രെഡി മെർക്കുറിയുടെയും മരണം, ഏറ്റവും പ്രസിദ്ധമായ കോവിഡ് 19 പകർച്ചവ്യാധി, 2011 മാർച്ചിലെ ഭൂകമ്പം, സുനാമി എന്നിവയെല്ലാം അവർ കൃത്യമായി പ്രവചിച്ചതോടെയാണ് തത്സുകി ശ്രദ്ധ നേടിയത്.

2025 ജൂലൈയിൽ തത്സുകിയുടെ മാംഗയിൽ പരാമർശിച്ചിരിക്കുന്ന ഒരു പ്രവചനത്തെക്കുറിച്ച് അവരുടെ ആരാധകർ മുന്നറിയിപ്പ് നൽകിയിരുന്നു. ജൂലൈ അഞ്ചിന് വലിയൊരു ദുരന്തം സംഭവിക്കുമെന്ന് പലരും കരുതി. എന്നാൽ അത് പ്രത്യേകിച്ച് ഒന്നും സംഭവിക്കാത്തതിനാൽ ഭൂരിഭാഗം ആളുകളും അത് തള്ളിക്കളഞ്ഞു. എന്നാൽ ബുധനാഴ്ച റഷ്യയിലുണ്ടായ ശക്തമായ ഭൂകമ്പവും അതിന്റെ പിന്നാലെയുണ്ടായ സുനാമി മുന്നറിയിപ്പുകൾക്കും ശേഷം മാംഗയെക്കുറിച്ചുള്ള ചർച്ചകൾ വീണ്ടും സജീവമാകുകയാണ്. പ്രവചനം ഏതാനും ആഴ്ചകളിലേക്ക് മാറിപ്പോയതാണോയെന്ന് ആളുകൾ ആശ്ചര്യപ്പെടുന്നു.

'റഷ്യൻ തീരത്ത് 8.8 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തിന് ശേഷം ജപ്പാൻ തീരത്ത് മൂന്ന് മീറ്റർ ഉയരത്തിൽ സുനാമിയുണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. 2011ലെ ഭൂകമ്പം പ്രവചിച്ച ജാപ്പനീസ് മാംഗ പ്രവാചക റയോ തത്സുകിയുടെ പ്രവചനം വീണ്ടും ശരിയായിരിക്കുന്നു. ജപ്പാനിലുള്ളവർ സുരക്ഷിതരായിരിക്കുക,' ഒരു ഉപയോക്താവ് പറഞ്ഞു.

തത്സുകി നൽകിയ ദിവസം തന്നെ പ്രവചനം ഫലിച്ചില്ലെങ്കിലും അവരെ ബഹുമാനിക്കണമെന്ന് മറ്റൊരാൾ പറഞ്ഞു.

1952ന് ശേഷം ആദ്യമായാണ് റഷ്യയിലെ ഈ മേഖലയിൽ ഇത്ര ശക്തമായ ഭൂകമ്പം അനുഭവപ്പെടുന്നത്. റഷ്യയുടെ ഫാർ ഈസ്റ്റിലെ തീരദേശ നഗരമായ പെട്രോപാവ്ലോവ്സ്ക്കാംചാറ്റ്സ്കിയുടെ തെക്കുകിഴക്കായി ഏകദേശം 125 കിലോമീറ്റർ അകലെയായാണ് ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം. വൈകാതെ തന്നെ റഷ്യയുടെ കംചത്ക തീരത്തിന്റെ ചില ഭാഗങ്ങളിൽ മൂന്ന് മുതൽ നാല് മീറ്റർ വരെ(10 മുതൽ 13 അടി)സുനാമി തിരകൾ ഉണ്ടായി.

റഷ്യയിലെ ഭൂകമ്പത്തിന് പിന്നാലെ ജപ്പാന്റെ പസഫിക് തീരപ്രദേശത്ത് സുനാമി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വടക്കൻ മേഖലയിലെ പ്രധാന ദ്വീപായ ഹോക്കൈഡോയിൽ 30 സെന്റീമീറ്റർ വരെ തിരമാലകൾ അടിച്ചതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

ജപ്പാനിൽ നാശനഷ്ടമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും അടിയന്തര സാഹചര്യമുണ്ടായാൽ നേരിടുന്നതിന് ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചതായി ജാപ്പനീസ് സർക്കാർ അറിയിച്ചിട്ടുണ്ട്.






# രാഹുൽ ‘ചൈനാ ഗുരു’ : പരിഹസിച്ച് എസ്. ജയശങ്കർ

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂർ പാകിസ്ഥാനും ചൈനയ്ക്കും ഒന്നിക്കാൻ അവസരം നൽകിയെന്നും തന്റെ നിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ അവഗണിച്ചെന്നുമുള്ള കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ ആരോപണത്തെ പരിഹസിച്ച് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. രാഹുലിനെ ‘ചൈനാ ഗുരു‘ എന്ന് പരിഹസിച്ചുകൊണ്ട് ജയശങ്കർ രാജ്യസഭയിൽ മറുപടി നൽകി. കോൺഗ്രസ് നേതാവ് ജയ്റാം രമേശിനെയും പരിഹസിച്ചു.

ചില ആളുകൾ ചൈനയെക്കുറിച്ച് വലിയ ജ്ഞാനം വാഗ്ദാനം ചെയ്യുന്നു. എനിക്ക് ചൈനയെക്കുറിച്ച് അത്ര അറിവില്ലെന്നാണ് അവരുടെ അവകാശവാദം. ചൈനയിൽ ഏറ്റവും കൂടുതൽ കാലം സേവനമനുഷ്ഠിച്ചിട്ടുള്ള അംബാസഡറാണ് ഞാൻ. പക്ഷേ ഇവിടെ ചില ‘ചൈനാ ഗുരുക്ക‘ ന്മാരുണ്ട്. എതിർവശത്തിരിക്കുന്ന മാന്യ അംഗം(ജയ്റാം രമേശ്) ചൈനയോട് വളരെയധികം സ്നേഹമുള്ളയാളാണ്. അദ്ദേഹമാണ് ‘ചിൻന്ത്യ‘എന്ന പദം സൃഷ്ടിച്ചത് ട്രഷറി ബെഞ്ചുകളിൽ ചിരി പടർത്തി ജയശങ്കർ പറഞ്ഞു.

ചൈനയും പാകിസ്ഥാനും വളരെ അടുത്തെന്ന് ‘ചൈന ഗുരു‘ പറയുന്നു. അത് സത്യമാണ്. പക്ഷേ അവർ എന്തിനാണ് അടുത്തത്. അത് നമ്മൾ പാക് അധീന കാശ്മീർ എന്ന ഭൂമി അവർക്കിടയിൽ വിട്ടുകൊടുത്തതുകൊണ്ടാണ്. പാകിസ്ഥാന് അനുകൂലമായ സിന്ധു നദീ കരാർ ഉണ്ടാക്കിയ അബദ്ധം മറക്കാൻ കോൺഗ്രസ് താത്പര്യപ്പെടുന്നു. ജവഹർലാൽ നെഹ്റുവിന്റെ തെറ്റുകൾ മോദി തിരുത്തിയെന്നും ജയശങ്കർ പറഞ്ഞു.

### മദ്ധ്യസ്ഥതയ്ക്ക് ആരും വന്നിട്ടില്ല

ഓപ്പറേഷൻ സിന്ദൂർ തുടങ്ങിയ ശേഷം മദ്ധ്യസ്ഥതയുമായി ആരും ഇന്ത്യയെ സമീപിച്ചിട്ടില്ലെന്ന് ജയശങ്കർ ആവർത്തിച്ചു. ഒരു മദ്ധ്യസ്ഥതയ്ക്കും തയ്യാറല്ലെന്നും ദ്വികക്ഷി ചർച്ചമാത്രമാണ് പോം വഴിയെന്നും വെടിനിറുത്തലിന് പാകിസ്ഥാൻ മിലിട്ടറി ഓപ്പറേഷൻസ് ഡിജി വഴി സമീപിക്കണമെന്നും ഇന്ത്യ വ്യക്തമാക്കി. പ്രധാനമന്ത്രി നരേന്ദ്രമോദിയും യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി ഇക്കാര്യത്തിൽ ചർച്ച നടന്നിട്ടില്ലെന്നും ജയശങ്കർ പറഞ്ഞു.

### ട്രംപ് സത്യം പറയുമെന്ന് പേടി: രാഹുൽ

ലോക്സഭയിൽ തന്റെ വെല്ലുവിളി ഏറ്റെടുത്ത് ഓപ്പറേഷൻ സിന്ദൂർ വിഷയത്തിൽ യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കള്ളം പറഞ്ഞെന്ന് പറയാൻ പ്രധാനമന്ത്രി ധൈര്യം കാണിച്ചില്ലെന്ന് രാഹുൽ ഗാന്ധി. എന്താണ് സംഭവിച്ചതെന്ന് എല്ലാവർക്കും അറിയാം. അവർക്കത് പറയാൻ കഴിയുന്നില്ല. പ്രധാനമന്ത്രി എന്തെങ്കിലും പറഞ്ഞാൽ, ട്രംപ് ചിലതൊക്കെ തുറന്നുപറയും. അങ്ങനെ സത്യം മുഴുവൻ പുറത്തുവരും. അതുകൊണ്ടാണ് അത് പറയാത്തത്.

# മലയാളി കന്യാസ്ത്രീകൾക്ക് ജാമ്യമില്ല; കേസ് എൻ.ഐ.എ കോടതിയിലേക്ക്




ന്യൂഡൽഹി: ഛത്തീസ്ഗഡിൽ അറസ്റ്റിലായ മലയാളി കന്യാസ്ത്രീകളുടെ ജാമ്യാപേക്ഷ പരിഗണിക്കാൻ അധികാരമില്ലെന്നറിയിച്ച സെൻഷൻസ് കോടതി ബിലാസ്പുരിലെ എൻ.ഐ.എ കോടതിയെ സമീപിക്കാൻ നിർദ്ദേശിച്ചു. ജാമ്യമില്ലെന്നറിഞ്ഞതോടെ കോടതിക്ക് പുറത്ത് ബജ്രംഗ്ദൾ പ്രവർത്തകർ ആഹ്ലാദപ്രകടനം നടത്തി.

കന്യാസ്ത്രീകൾ അറസ്റ്റിലായ സമയത്ത് റെയിൽവേ സ്റ്റേഷനിൽ പ്രതിഷേധിച്ച ജ്യോതി ശർമയുടെ നേതൃത്വത്തിൽ ഇന്നലെ രാവിലെ മുതൽ ബജ്രംഗ്ദൾ പ്രവർത്തകർ കോടതിക്ക് മുന്നിൽ തടിച്ചുകൂടിയിരുന്നു.

ദുർഗിലെ ജയിലിൽ റിമാൻഡിൽ കഴിയുന്ന കന്യാസ്ത്രീകളുടെ ജാമ്യാപേക്ഷ ചൊവ്വാഴ്ച മജിസ്ട്രേട്ട് കോടതിയും തള്ളിയിരുന്നു. കേസിൽ ആരോപിച്ചിരിക്കുന്ന മനുഷ്യക്കടത്ത്, നിർബന്ധിത മതപരിവർത്തനം എന്നീ കുറ്റങ്ങൾ അധികാരപരിധിയിലല്ലെന്നായിരുന്നു ചൂണ്ടിക്കാട്ടിയത്. തുടർന്നാണ് സെഷൻസ് കോടതിയെ സമീപിച്ചത്.

സിറോ മലബാർ സഭയുടെ കീഴിൽ ചേർത്തല ആസ്ഥാനമായ അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്യുലേറ്റ് സന്യാസസഭയിലെ അംഗങ്ങളായ സിസ്റ്റർ വന്ദനയും സിസ്റ്റർ പ്രീതിയും കഴിഞ്ഞ വെള്ളിയാഴ്ചയാണ് ദുർഗ് റെയിൽവേ സ്റ്റേഷനിൽ വച്ച് അറസ്റ്റിലായത്.

### കേരളത്തിൽ പ്രതിഷേധം വ്യാപകം

ഛത്തീസ്ഗഡിൽ രണ്ട് കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്തതിൽ സംസ്ഥാനത്ത് പ്രതിഷേധം വ്യാപകം. തിരുവനന്തപുരത്ത് കെ.സി.ബി.സി പ്രസിഡന്റ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയുടെ നേതൃത്വത്തിൽ ബിഷപ്പുമാരും വൈദികരും കന്യാസ്ത്രീകളും അടക്കമുള്ളവർ വായ് മൂടിക്കെട്ടി രാജ്ഭവനിലേക്ക് മാർച്ച് നടത്തി.

കെ.പി.സി.സിയുടെ മാർച്ച് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്തു. സി.പി.ഐ ജില്ലാ കമ്മിറ്റിയും സി.എം.പിയും ജി.പി.ഒയ്ക്ക് മുമ്പിൽ ധർണ നടത്തി. വിവിധ സഭാ മേലദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ ചങ്ങനാശേരി, കോട്ടയം, എറണാകുളം എന്നിവിടങ്ങളിലും പ്രതിഷേധസംഗമം നടന്നു.

### ഇടത് നേതാക്കൾ സന്ദർശിച്ചു

ഇടത് നേതാക്കൾ ഇന്നലെ രാവിലെ ദുർഗ് ജില്ലാ ജയിലിലെത്തി കന്യാസ്ത്രീകളെ സന്ദർശിച്ചു. സി.പി.എം നേതാവ് വൃന്ദ കാരാട്ട്, സി.പി.ഐ നേതാവ് ആനി രാജ, എം.പിമാരായ ജോസ് കെ. മാണി, പി.പി സുനീർ, എ.എ. റഹീം, കെ. രാധാകൃഷ്ണൻ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

ചൊവ്വാഴ്ച സമയം കഴിഞ്ഞെന്ന് പറഞ്ഞ് ഇടത് സംഘത്തിന് സന്ദർശനാനുമതി നിഷേധിച്ചിരുന്നു. യു.ഡി.എഫ് എം.പിമാരും ബി.ജെ.പി പ്രതിനിധി അനൂപ് ആന്റണിയും ചൊവ്വാഴ്ച കന്യാസ്ത്രീകളെ സന്ദർശിച്ചിരുന്നു.

കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സി.ബി.സി.ഐ) സംഘം റായ്പുരിലെത്തി.












# ബി.ടി.എസ് വീണ്ടും ഒരുമിച്ച്, ആഗസ്റ്റിൽ ആരാധകർക്ക് മുന്നിൽ എത്തുന്നു?



ആരാധകർക്ക് എന്നും പ്രിയപ്പെട്ടതാണ് ബി.ടി.എസ് ആർമി. ഇപ്പോൾ ആർമിയിലെ അംഗമായ കിം തേഹ്യുങ് ഒരു ലൈവിൽ പറഞ്ഞ കാര്യങ്ങൾ ആണ് ആരാധകരെ ആവേശത്തിൽ ആക്കുന്നത്. ആർമി അംഗങ്ങളുടെ റീയൂണിയൻ സൂചനകൾ ആണ് കിം തേഹ്യുങ് നൽകുന്നത്. ''ആഗസ്റ്റിൽ ഒരു ചെറിയ സർപ്രൈസ് ഉണ്ടാകും. ആർമികൾക്ക് കാണാൻ എന്തെങ്കിലും ഉണ്ടാകും'' എന്നാണ് കിം തേഹ്യുങ് പറഞ്ഞത്. ഈ വാക്ക് കേട്ടതോടെയാണ് ആരാധകർ ആഗ്രഹത്തോടെ ആവേശത്തിൽ ആയത്. ഇത് BTS അംഗങ്ങൾ ഒറ്റക്കെട്ടായി വീണ്ടും ഒന്നിക്കാനുള്ള ഒരു സൂചന ആണോ അതോ തേഹ്യുങ്ന്റെ സോളോ പെർഫോമൻസോ പുതിയ പ്രോജക്ടോ ആണോ ഒരു പ്രത്യേക കോൺസേർട്ടോ വീഡിയോ റിലീസോ ആണോ എന്ന സംശയത്തിൽ ആണ് ഇപ്പോൾ ആരാധകർ.കാര്യം തേഹ്യുങ് കൂടുതൽ വിവരങ്ങൾ നൽകിയില്ലെങ്കിലും, ആരാധകർ വലിയ പ്രതീക്ഷയിലാണ്. 'ARMY-യെ ഞാൻ വളരെ മിസ്സ് ചെയ്യുന്നു. എല്ലാം ഇപ്പൊഴൊന്ന് മാറിയതുപോലെയാണ് തോന്നുന്നത്. പക്ഷേ, ഒരു കൺസേർട്ടിലോ സംഗീത പരിപാടിയിലോ കണ്ടുമുട്ടാനായാൽ വലിയ സന്തോഷകരമായിരിക്കും'' എന്നും അദ്ദേഹം പറഞ്ഞു.അതേസമയം തേഹ്യുങ് ഒറ്റയ്ക്ക് ഒരു യൂട്യൂബ് ചാനൽ തുടങ്ങാനായി ചിന്തിച്ചിരുന്നു. എന്നാൽ, അവസാനം അദ്ദേഹം ആ തീരുമാനം മാറ്റുകയായിരുന്നു. ''ഞാൻ എന്റെ സ്വന്തം YouTube തുടങ്ങാനായിരുന്നു ആദ്യം പ്ലാൻ ചെയ്തത്. പക്ഷേ ഒറ്റയ്ക്ക് ചെയ്യുന്നത് എനിക്ക് സന്തോഷം തോന്നിയില്ല. പിന്നെ ഞാൻ ചെയ്തില്ല.'' എന്നാണ് അദ്ദേഹം പറഞ്ഞത്.അതേസമയം 2022-ൽ BTS അംഗങ്ങൾ സോളോ പാതയിലേക്ക് മാറുകയും, ചിലർ സൈനിക സേവനത്തിനായി വിട്ടുനിൽക്കുകയും ചെയ്തതിനു ശേഷം, ഒറ്റക്കെട്ടായി BTS വീണ്ടും ഒന്നിക്കും എന്നത് ARMY-യുടെ ഏറ്റവും വലിയ ആഗ്രഹങ്ങളിലൊന്നാണ്. ഇപ്പോൾ എല്ലാ ആരാധകരും ആഗസ്റ്റിനായി കാത്തിരിക്കുന്നു... എന്തെങ്കിലും സ്പെഷ്യൽ സംഭവിക്കാൻ പോകുന്നു എന്ന ഉറച്ച വിശ്വാസത്തോടെ!

# 'ആമിർ ഖാൻ ടാക്കീസ്''; യുട്യൂബ് ചാനൽ പ്രഖ്യാപിച്ച് ആമിർ ഖാൻ




'ആമിർ ഖാൻ ടാക്കീസ്' എന്ന പേരിലുള്ള തന്റെ യുട്യൂബ് ചാനൽ പ്രഖ്യാപിച്ച് ബോളിവുഡ് സൂപ്പർതാരം ആമിർ ഖാൻ. ഇനി മുതൽ തിയേറ്റർ റിലീസിന് ശേഷം ആമിർ ഖാൻ പ്രൊഡക്ഷൻസിന്റെ സിനിമകൾ ഈ യുട്യൂബ് ചാനലിലൂടെ പ്രദർശിപ്പിക്കും.'ജനങ്ങളുടെ തിയറ്റർ' (ജൻതാ കാ തിയറ്റർ) എന്ന വിശേഷണത്തോടെയാണ് ചാനൽ അവതരിപ്പിച്ചിരിക്കുന്നത്. നടന്റെ ഏറ്റവും പുതിയ ചിത്രം സിതാരെ സമീൻ പർ ആയിരിക്കും ആമിർ ഖാൻ ടാക്കീസ് ചാനലിലൂടെയുള്ള ആദ്യ റിലീസ്. ഓഗസ്റ്റ് 1 നാണ് സിനിമ യുട്യൂബിൽ സ്ട്രീമിങ് ആരംഭിക്കുക. കാണുന്നതിന് മാത്രം പണം നൽകുന്ന പേ പെർ വ്യൂ മാതൃകയിൽ ആയിരിക്കും സിതാരെ സമീൻ പർ സിനിമയുടെ യുട്യൂബ് റിലീസ്. 100 രൂപയാണ് സിനിമ കാണാൻ മുടക്കേണ്ടത്.ഇതിലൂടെ പണം മുടക്കുന്ന ആൾക്ക് രണ്ട് ദിവസത്തെ ആക്സസ് (48 മണിക്കൂർ) ആയിരിക്കും ലഭിക്കുക. ഇന്ത്യയ്ക്കൊപ്പം യുഎസ്എ, കാനഡ, യുകെ, ഓസ്ട്രേലിയ, ജർമനി, ഇന്തോനേഷ്യ, ഫിലിപ്പീൻസ്, സിംഗപ്പൂർ, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിലും യുട്യൂബിലൂടെ ചിത്രം ലഭ്യമായിരിക്കും.

# എൽസിയു പൂർണമാകണമെങ്കിൽ വിജയ് സാർ വേണം: ലോകേഷ്



തമിഴ് സിനിമാ ലോകത്തെ ചുരുങ്ങിയ കാലം കൊണ്ട് തന്നെ കയ്യിലെടുത്ത സംവിധായകനാണ് ലോകേഷ് കനകരാജ്. തമിഴിലെ ആദ്യത്തെ സിനിമാറ്റിക് യൂണിവേഴ്സ് ആരംഭിച്ച സംവിധായകൻ കൂടിയാണ് അദ്ദേഹം.കമൽ ഹാസൻ നായകനായ വിക്രം എന്ന ചിത്രത്തിൽ കൈതി യിലെ കഥാപാത്രങ്ങളെ ഉൾപ്പെടുത്തിയാണ് ലോകേഷ് തന്റെ സിനിമാറ്റിക് യൂണിവേഴ്സ് ആരംഭിച്ചത്. വിജയ്, കാർത്തി, കമൽ ഹാസൻ, രജനികാന്ത് തുടങ്ങിയ താരങ്ങൾക്കൊപ്പം ലോകേഷ് സിനിമകൾ ചെയ്തിട്ടുണ്ട്. കമൽ ഹാസൻ, ഫഹദ് ഫാസിൽ, വിജയ് സേതുപതി, കാർത്തി, സൂര്യ എന്നിവരുൾപ്പെട്ട യൂണിവേഴ്സിൽ ലിയോ യിലൂടെ വിജയ്‌യും ഭാഗമായി. എൽ.സി.യുവിലാണോ അല്ലയോ എന്ന ചർച്ചയോടെ തമിഴ് സിനിമ കണ്ട ഏറ്റവും വലിയ ഹൈപ്പിലായിരുന്നു ലിയോ തിയേറ്ററുകളിലെത്തിയത്. ഇപ്പോഴിതാ എൽ.സി.യുവിൽ വിജയ്‌യുടെ സ്വാധീനത്തെക്കുറിച്ച് സംസാരിക്കുകയാണ് ലോകേഷ് കനകരാജ്. വിജയ് ഇല്ലെങ്കിൽ എൽസിയു പൂർണമാകില്ലെന്ന് പറയുകയാണ് ലോകേഷ്.'വിജയ് സാറില്ലെങ്കിൽ എൽസിയു പൂർണമാകില്ല. അദ്ദേഹം ഇനി സിനിമ ചെയ്യുമോ ഇല്ലയോ എന്ന് നമുക്കാർക്കും അറിയില്ല. കാരണം, ഇപ്പോൾ അദ്ദേഹത്തിന്റെ വിഷൻ മറ്റൊന്നാണ്. പക്ഷേ, എന്നായാലും എൽസിയു വിജയ് സാറിന്റെ സാന്നിധ്യമില്ലെങ്കിൽ പൂർണമാകില്ല. ലിയോ 2 അദ്ദേഹത്തെ വെച്ച് ചെയ്യണമെന്നൊക്കെ ആഗ്രഹമുണ്ട്,' ലോകേഷ് കനകരാജ് പറയുന്നു. സിനിമയുടെ പ്രമോഷൻ വേദിയിലാണ് ലോകേഷിന്റെ പ്രതികരണം. തന്റെ സിനിമകളിൽ ഏറ്റവും റീവാച്ച് ക്വാളിറ്റി ഉണ്ടെന്ന് കരുതുന്ന സിനിമകളിൽ ഒന്നാണ് ലിയോ എന്ന് അടുത്തിടെ സംവിധായകൻ ഒരഭിമുഖത്തിൽ പറഞ്ഞിരുന്നു. വിജയ്‌യെപ്പോലെ എൽ.സി.യുവിൽ ഒരുപാട് ആരാധകരുള്ള സൂര്യയെക്കുറിച്ചും ലോകേഷ് സംസാരിച്ചു.

## ബ്രാഡ്പിറ്റുമായുള്ള വിവാഹമോചനത്തെക്കുറിച്ച് തുറന്നുപറഞ്ഞ് ആഞ്ജലീന ജോളി

# 'കുടുംബം പോലും സുരക്ഷിതമല്ലെന്ന ഭയം ഉണ്ടായിരുന്നു'



ആഞ്ജലീന ജോളിയും ബ്രാഡ്പിറ്റുമായുള്ള വിവാഹ മോചനം വലിയ വാർത്തയായിരുന്നു. ഇപ്പോൾ തന്റെ മുൻ ഭർത്താവായ ബ്രാഡ്പിറ്റുമായുള്ള ബന്ധം നിലനിൽക്കുന്ന സമയത്ത് താൻ കുടുംബത്തിന്റെ സുരക്ഷയെക്കുറിച്ച് എങ്ങനെ പേടിച്ചിരുന്നുവെന്ന് തുറന്നു പറഞ്ഞ് രംഗത്ത് എത്തിയിരിക്കുകയാണ് ആഞ്ജലീന ജോളി. എന്റെ കുടുംബം പോലും സുരക്ഷിതമല്ലെന്ന ഭയം ഉണ്ടായിരുന്നു എന്നാണ് ആഞ്ജലീന ജോളി വ്യക്തമാക്കിയത്.ആഞ്ജലീന ജോളിയും പിറ്റും 2014-ലാണ് വിവാഹം കഴിച്ചത്. ഇരുവരും ഏറെക്കാലം ഹോളിവുഡിലെ മാതൃകാ ദമ്പതികൾ ആയിരുന്നു എങ്കിലും 2016-ൽ അവർ വേർപിരിയുകയായിരുന്നു. വിവാഹം കഴിഞ്ഞ് 2 വർഷം കൊണ്ട് തന്നെ ജോഡികൾ തമ്മിൽ പ്രശ്നങ്ങൾ ആരംഭിച്ചു എന്നാണ് പുറത്തു വന്ന റിപ്പോർട്ട് .''ഞാൻ എന്റെ കുടുംബത്തിന്റെയും സ്വന്തം സുരക്ഷിതത്വത്തിന്റെയും കാര്യത്തിൽ പേടിച്ചിരുന്നത് സത്യമാണ്. ഞാനത് തുറന്നുപറയുന്നു, പക്ഷേ ഇതിൽ കൂടുതലായി പറയാൻ എനിക്ക് ഇപ്പോൾ കഴിയില്ല, കാരണം ഇക്കാര്യം ഇപ്പോഴും കോടതികളിൽ തുടരുകയാണ്'' എന്നാണ് താരം പറഞ്ഞത്.''എനിക്ക് ആ തീരുമാനത്തിലേക്ക് എത്തിപ്പെടാൻ ഏറെ അനുഭവിക്കേണ്ടി വന്നു. എന്നാൽ എന്റെ കുട്ടികൾക്ക് വേണ്ടി ആ സമയത്ത് വേർപിരിയുക എന്നത് അനിവാര്യമായിരുന്നു'' എന്നും ആഞ്ജലീന ജോളി വ്യക്തമാക്കി.

# ഒരുമിച്ച് ഹോട്ടലിൽ അത്താഴം: കാത്തി പെറിയും ട്രൂഡോയും ഡേറ്റിങ്ങിലോ?






അമേരിക്കൻ പോപ്പ് താരം കാത്തി പെറിയും കനേഡിയൻ മുൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയും തമ്മിൽ ഡേറ്റിങ്ങിലെന്ന് അഭ്യൂഹം. ഇരുവരും ഒരുമിച്ച് റസ്റ്ററിന്റിൽ നിന്നും ഭക്ഷണം കഴിക്കുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നതിന് പിന്നാലെയാണ് സമൂഹമാധ്യമങ്ങളിൽ സംഭവം ചർച്ചയായത്. തിങ്കളാഴ്ച രാത്രി കാനഡയിലെ മോൺട്രിയലിലുള്ള ഹോട്ടലിലാണ് അത്താഴത്തിനായി ഇരുവരും ഒരുമിച്ചെത്തിയത്. വൻ സുരക്ഷാ സന്നാഹവും ഒപ്പമുണ്ടായിരുന്നു. ഭക്ഷണം കഴിച്ച ശേഷം ഷെഫിനെ അഭിനന്ദിക്കാൻ ഇരുവരും അടുക്കളയിലേക്ക് പോയതായും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.കാനഡയിൽ പര്യടനം നടത്തുന്ന കാത്തി പെറിയുടെ സംഗീത പരിപാടി മോൺട്രിയലിൽ ഉൾപ്പെടെ അരങ്ങേറുന്നുണ്ട്. 2015 മുതൽ കാനഡ പ്രധാനമന്ത്രിയായിരുന്ന ട്രൂഡോ ജനുവരിയിലാണ് രാജിവച്ചത്.കാത്തി പെറി നടൻ ഒർലാൻഡോ ബ്ലൂമായുള്ള ബന്ധം അടുത്തിടെയാണ് പിരിഞ്ഞത്. ഇരുവർക്കും നാല് വയസുള്ള മകളുണ്ട്. മുൻ ടിവി അവതാരകയും സാമൂഹികപ്രവർത്തകയുമായ സോഫിയയിൽ നിന്ന് 2023 ലാണ് ട്രൂഡോ വിവാഹമോചന നേടിയത്. 2005 ൽ വിവാഹിതരായ ഇരുവർക്കും മൂന്ന് മക്കളും ഉണ്ട്.

## 'പിങ്ക് പാന്തർ' ചിത്രത്തിൽ ഇൻസ്പെക്ടർ ക്ലൗസോയായി എഡ്ഡി മർഫി




പുതിയ 'പിങ്ക് പാന്തർ' എന്ന ചിത്രത്തിൽ ഇൻസ്പെക്ടർ ക്ലൗസോ എന്ന ഐക്കണിക് കഥാപാത്രത്തെ അവതരിപ്പിക്കാൻ ഒരുങ്ങി ഹാസ്യ നടൻ എഡ്ഡി മർഫി.നിലവിൽ പീറ്റ് ഡേവിഡ്സൺ, കെകെ പാമർ എന്നിവർക്കൊപ്പം 'ദി പിക്കപ്പ്' എന്ന സിനിമയിൽ അഭിനയിക്കുകയാണ് നടൻ. അൽ റോക്കറിന് ടുഡേയ്ക്ക് നൽകിയ അഭിമുഖത്തിൽ, ചിത്രത്തിൽ ഫങ്ക് സംഗീത ഇതിഹാസത്തെ അവതരിപ്പിക്കുമെന്ന് മർഫി പറഞ്ഞു.1963-ൽ ബ്ലെയ്ക്ക് എഡ്വേർഡ്സിന്റെ 'ദി പിങ്ക് പാന്തർ' എന്ന സിനിമയിൽ പീറ്റർ സെല്ലേഴ്സ് അവതരിപ്പിച്ച ഇൻസ്പെക്ടർ ക്ലൗസോ എന്ന കഥാപാത്രം പരാമർശിക്കപ്പെട്ടിരുന്നു. കൂടാതെ, നിരവധി തുടർചിത്രങ്ങളിൽ സെല്ലേഴ്സ് ഈ വേഷം ചെയ്തതിന് ശേഷം 2006-ൽ സ്റ്റീവ് മാർട്ടിൻ ആ വേഷം ഏറ്റെടുത്തു.2009-ൽ പുറത്തിറങ്ങിയ 'ദി പിങ്ക് പാന്തർ 2' എന്ന ചിത്രത്തിൽ തന്റെ വേഷം മാർട്ടിൻ വീണ്ടും അവതരിപ്പിച്ചു. ഇപ്പോൾ, എഡ്ഡി മർഫി ക്ലാസിക് ഫിലിം റീമേക്കിൽ അഭിനയിക്കും, കൂടാതെ മറ്റൊരു ചിത്രം - 1963-ൽ പുറത്തിറങ്ങിയ 'ഇറ്റ്സ് എ മാഡ്, മാഡ്, മാഡ്, മാഡ് വേൾഡ്' റീമേക്ക് ചെയ്യാനും അദ്ദേഹം താൽപ്പര്യം പ്രകടിപ്പിച്ചു.

## സാമന്ത സമ്മാനിച്ച കാറിൽ ശോഭിതയുമായി നാഗചൈതന്യ



തെലുങ്ക് നടൻ നാഗചൈതന്യയുടെ ഒരു വീഡിയോ സോഷ്യൽ മീഡിയ വീണ്ടും ചർച്ചയാവുന്നു. നടിയും ഭാര്യയുമായ ശോഭിത ധുലിപാലയ്ക്കൊപ്പം ചുവന്ന കാർ ഓടിച്ച് പോകുന്ന നാഗചൈതന്യയുടെ വിഡിയോ ആണ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ ചർച്ചയാവുന്നത്. അതേസമയം നാഗചൈതന്യ ഓടിക്കുന്ന ചുവന്ന കാർ ഫെറാറിയാണെന്നും അത് സമ്മാനിച്ചത് മുൻ ഭാര്യ സാമന്തയാണെന്നും ആണ് ആരാധകർ പറയുന്നത്. സാമന്ത ഇരുന്ന സീറ്റിൽ ശോഭിതയെ ഇരുത്തിയ നാഗചൈതന്യയ്ക്ക് എതിരെ വലിയ വിമർശനങ്ങൾ ആണ് വരുന്നത്. പണത്തിനും കാറിനും വില കൽപ്പിക്കുന്നു, എന്നാൽ നാഗചൈതന്യ സമ്മാനം നൽകിയ വ്യക്തിയെ വിലമതിച്ചില്ല എന്നിങ്ങനെയാണ് ആരാധകരുടെ കമന്റുകൾ. എന്നാൽ നാഗചൈതന്യ ശോഭിതയുമായി യാത്ര ചെയ്തത് നടൻ സ്വന്തം പണം ഉപയോഗിച്ച് വാങ്ങിയ കാറിലാണെന്ന് വ്യക്തമാക്കി മറ്റ് ചിലർ രംഗത്ത് എത്തി. സാമന്തയ്ക്കൊപ്പം നാഗചൈതന്യ നിൽക്കുന്ന ഫോട്ടോയിലെ കാർ ഫെറാറിയാണ്. എന്നാൽ അതേ കാറിൽ അല്ല നടൻ ശോഭിതയുമായി യാത്ര ചെയ്തതെന്നും നാഗചൈതന്യ ഓടിച്ചത് നിസ്സാൻ ജിടിആർ ആണെന്നും ആണ് ആരാധകർ പറയുന്നത്.

## പ്രണയ വാർത്തകളെകുറിച്ച് പ്രതികരിച്ചു ലിയം നീസനും പാമെല ആൻഡേഴ്സണും



ആദ്യമായി പ്രണയ വാർത്തകളെ കുറിച്ച് പ്രതികരിച്ചു ലിയം നീസനും പാമെല ആൻഡേഴ്സണും രംഗത്ത്. ഹോളിവുഡിന്റെ അതികായൻ ലിയം നീസനും മോഡലും നടിയുമായ പാമെല ആൻഡേഴ്സണും തമ്മിലുള്ള പ്രണയവാർത്തകൾ കുറച്ചു നാളായി പുറത്തു വന്നിട്ട്.. എന്നാൽ ഇരുവരും ഇതുവരെ വാർത്തയിൽ പ്രതികരിച്ചിരുന്നില്ല. ഇപ്പോൾ ആദ്യമായി പ്രതികരിച്ചു രംഗത്ത് എത്തിയിരിക്കുകയാണ് താരങ്ങൾ.താരങ്ങളുടെ പുതിയ സിനിമയായ The Naked Gun പ്രമോട്ട് ചെയ്യുന്നതിനിടയിലാണ് സംഭവം ഉണ്ടായത്. പരിപാടിക്കിടെ ഇരുവരും കാമറയ്ക്കു മുൻപിൽ കാമുകന്മാരെ പോലെ ചുംബിക്കുന്നപോലുള്ള ഭാവം കാണിച്ചു. തുടർന്ന് അവതാരകൻ ചോദിച്ചപ്പോൾ, ''എനിക്ക് ചോദ്യം മനസ്സിലാകുന്നില്ല'' എന്നാണ് പാമെല പറഞ്ഞത്. എന്നാൽ നീസൺ ചോദ്യത്തിന് മറുപടി നൽകി.''ഞങ്ങൾ ചിത്രീകരണത്തിൽ ആണ് കണ്ടുമുട്ടിയത്. പക്ഷേ ഉടൻ തന്നെ ഞങ്ങൾ തമ്മിൽ ഒരു മനോഹരമായ ഒരു ബന്ധം ഉണ്ടെന്നു മനസ്സിലായി. അതിനെ ശക്തിപ്പെടുത്താനല്ല, അതിനെ സ്വതന്ത്രമായി ഒഴുകാൻ വിട്ടു'' എന്നാണ് അദ്ദേഹം പറഞ്ഞത്. ''ആ ബന്ധം വളരെ പെട്ടെന്ന് ഉണ്ടായതാണ് എന്നും അതിലൊരു സത്യസന്ധതയുണ്ട്'' എന്നും പാമെല കൂട്ടിച്ചേർത്തു.

## രജനികാന്തിന്റെ ബിയോപിക്കിൽ ആര് നായകനാവും? പേര് പറഞ്ഞ് ലോകേഷ്

രജനീകാന്ത്-ലോകേഷ് കനകരാജ് കൂട്ടുകെട്ടിൽ ഒരുങ്ങുന്ന കൂലി എന്ന ചിത്രത്തിനായി ആരാധകർ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. സൂപ്പർസ്റ്റാർ ചിത്രം ഓഗസ്റ്റ് 14 ന് ലോകമെമ്പാടുമുള്ള തിയേറ്ററുകളിൽ എത്തും. കൂലിയുടെ ലൊക്കേഷനിൽ വച്ച് രജനികാന്ത് തന്റെ ജീവചരിത്രം എഴുതുകയായിരുന്നുവെന്ന് ലോകേഷ് അടുത്തിടെ വെളിപ്പെടുത്തിയിരുന്നു. രജനീകാന്തിന്റെ ജീവിതം സിനിമയായാൽ ആരാണ് സൂപ്പർസ്റ്റാറായി അഭിനയിക്കുക എന്ന ചോദ്യത്തിന് ലോകേഷ് നൽകിയ ഉത്തരം സോഷ്യൽ മീഡിയയിൽ വൈറലായിരിക്കുകയാണ്. ധനുഷ്, വിജയ് സേതുപതി, ശിവകാർത്തികേയൻ എന്നീ മൂന്ന് താരങ്ങളുടെ പേരുകളാണ് ലോകേഷ് നിർദേശിച്ചത്. രജനി സാറിന്റെ വിവിധ കാലഘട്ടങ്ങളെ ഇവർ അവതരിപ്പിച്ചാൽ നന്നാവുമെന്നും സംവിധായകന് അഭിമുഖത്തിൽ പറഞ്ഞു. രജനി സാറിന്റെ പഴയകാല ലുക്ക് ചെയ്യാൻ ധനുഷ് സാർ അനുയോജ്യനാണെന്ന് ലോകേഷ് പറയുന്നു. 90കളിലെ രജനി സാറിനെ വിജയ് സേതുപതി, ശിവകാർത്തികേയൻ എന്നിവർ ചെയ്താൽ നന്നായിരിക്കും. മികച്ച അഭിനേതാക്കൾ നമുക്ക് ഒരുപാടുണ്ട്. അവരിൽ ആര് ചെയ്താലും അത് നല്ലതായിരിക്കും-ലോകേഷ് പറഞ്ഞു.

## സംസാരിക്കാനോ നടക്കാനോ വായിക്കാനോ പോലും കഴിയില്ല; ഹോളിവുഡ് നടൻ ബ്രൂസ് വില്ലിസിന്റെ ആരോഗ്യം ക്ഷയിക്കുന്നു



ഇതിഹാസ ഹോളിവുഡ് താരം ബ്രൂസ് വില്ലിസിന്റെ ആരോഗ്യനില വഷളാവുന്നതായി റിപ്പോർട്ട്. പെരുമാറ്റം, ഭാഷ, വ്യക്തിത്വം എന്നിവയെ ബാധിക്കുന്ന, ഫ്രോൊടോടെമ്പറൽ ഡിമെൻഷ്യ എന്ന രോഗമാണ് അദ്ദേഹത്തിന് പിടിപെട്ടിരിക്കുന്നതെന്നാണ് റിപ്പോർട്ട്. ദ എക്സ്പ്രസ് ആണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. ഡൈ ഹാർഡ്, പൾപ്പ് ഫിക്ഷൻ, ദി സിക്സ്ത് സെൻസ് തുടങ്ങിയ ചിത്രങ്ങളിലെ അഭിനയത്തിലൂടെ പ്രശസ്തനാണ് ഈ അമേരിക്കൻ നടൻ. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുകയാണ് ഇദ്ദേഹം. 70 വയസുകാരനായ ബ്രൂസിന് ഇപ്പോൾ സംസാര ശേഷി ഏതാണ്ട് പൂർണമായി നഷ്ടപ്പെട്ടുവെന്നും ശരീരം അനക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നുമാണ് പുറത്തുവന്നരുന്ന റിപ്പോർട്ട്. ആശയവിനിമയത്തിനുള്ള കഴിവിനെ ബാധിക്കുന്ന അഫേസിയ എന്ന നാഡീ സംബന്ധമായ രോഗം സ്ഥിരീകരിച്ചതിനെ തുടർന്ന് 2022 മാർച്ചിൽ ബ്രൂസ് വില്ലിസ് അഭിനയ രംഗത്ത് നിന്ന് വിട്ടുനിൽക്കുകയാണ്. കുടുംബം തന്നെയാണ് ഇക്കാര്യം അറിയിച്ചത്. 2023 ലാണ് അദ്ദേഹത്തിന് ഫ്രോൊടോടെമ്പറൽ ഡിമെൻഷ്യ സ്ഥിരീകരിച്ചു. താരത്തിന്റെ ഭാര്യ എമ്മ ഹെമിംഗ്, മുൻഭാര്യ ഡെമി മൂർ, അവരുടെ മക്കൾ എന്നിവരുൾപ്പെടെയുള്ള കുടുംബം അദ്ദേഹത്തെ പരിചരിക്കാനും അദ്ദേഹത്തിന്റെ അവസ്ഥയെക്കുറിച്ച് ബോധവൽക്കരണം നടത്താനും ഒന്നിച്ചുനിൽക്കുകയാണ്.

## ‘അവതാർ’ ആനിമേറ്റഡ് സ്പിൻ-ഓഫ് അണിയറയിൽ? മനസ്സ് തുറന്ന് കാമറൂൺ





ലോകമെമ്പാടും നിരവധി പ്രേക്ഷകരുള്ള ചിത്രങ്ങളിൽ ഒന്നാണ് അവതാർ. അവതാർ: ഫയർ ആൻഡ് ആഷ് എന്ന പേരിൽ അവതാറിന്റെ മൂന്നാം ഭാഗവും ഒരുങ്ങിയിരിക്കുകയാണ്. ജയിംസ് കാമറൂൺ തന്നെയാണ് സംവിധാനം നിർവഹിക്കുന്നത്.ഇപ്പോഴിതാ ഒരു ആനിമേറ്റഡ് അവതാർ സിനിമയോ സ്പിൻ-ഓഫ് പരമ്പരയോ നിർമ്മിച്ചേക്കുമെന്ന് സൂചന നൽകിയിരിക്കുകയാണ് ജെയിംസ് കാമറൂൺ. സയൻസ് ഫിക്ഷൻ ഫ്രാഞ്ചൈസിയുടെ അടുത്ത ഭാഗമായ അവതാർ: ഫയർ ആൻഡ് ആഷിന്റെ ചിത്രീകരണം പൂർത്തിയാക്കുന്നതിനൊപ്പം, ഒരു ആനിമേറ്റഡ് സ്പിൻ-ഓഫ് സീരീസോ സിനിമയ്ക്കോവേ താൻ ഡിസ്നിയെ സമീപിച്ചതായും 70 കാരനായ സംവിധായകൻ വെളിപ്പെടുത്തി.‘എനിക്ക് അടിസ്ഥാനപരമായി ലോകത്തിൽ തന്നെയുള്ള ഒരു ആനിമേറ്റഡ് ആന്തോളജി പരമ്പര ചെയ്യാൻ ആഗ്രഹമുണ്ട്, പക്ഷേ ആ ലോകത്തിൽ നിന്ന് നിങ്ങൾ പ്രതീക്ഷിക്കാത്ത കഥകൾ ചെയ്യണം -അദ്ദേഹം എംപയർ മാസികയ്ക്ക് നൽകിയ അഭിമുഖത്തിൽ വിശദീകരിച്ചു. മാട്രിക്സ് പരമ്പരയിലെ ആനിമേറ്റഡ് ആന്തോളജി സ്പിൻ-ഓഫ് ചിത്രമായ ദി അനിമാട്രിക്സിനോട് സമാനമായിരിക്കും ഈ അവതാർ പ്രോജക്റ്റ് എന്ന് സംവിധായകൻ പരാമർശിച്ചു. അതേസമയം ഫ്രാഞ്ചൈസിയുടെ ആദ്യ ചിത്രമായ അവതാർ 2009 ലാണ് പുറത്തിറങ്ങിയത്. തുടർന്ന് ഇതിൻറെ തുടർച്ചയായ അവതാർ: ദി വേ ഓഫ് വാട്ടർ 2022-ൽ പുറത്തിറങ്ങി. ഒരു അഗ്നി പർവതത്തിന് സമീപം സ്ഥിതി ചെയ്യുന്ന ആഷ് ഗ്രാമത്തിലുള്ള ഗോത്ര വർഗ്ഗക്കാരുടെ കഥയാണ് അവതാർ: ഫയർ ആൻഡ് ആഷ് പറയുന്നത്.

## പാറോറയുടെ ലോകം വീണ്ടും തുറന്ന് ജെയിംസ് കാമറൂൺ; ’അവതാർ ഫയർ ആൻഡ് ആഷ്’ട്രെയ്‌ലർ

2025ൽ ഏറ്റവും കൂടുതൽ ആകാംക്ഷയോടെ കാത്തിരിക്കുന്ന ചിത്രങ്ങളിൽ ഒന്നാണ് അവതാർ: ഫയർ ആൻഡ് ആഷ്. ഫന്റാസ്റ്റിക് ഫോർ: ഔദ്യോഗിക ട്രെയിലർ അടുത്തിടെ തിയേറ്ററുകളിൽ പുറത്തിറങ്ങി. എന്നിരുന്നാലും, തിയേറ്ററുകൾക്ക് മാത്രമായി പുറത്തിറക്കിയ ട്രെയിലറിന്റെ ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിച്ചിരുന്നു. ഇപ്പോഴിതാ അണിയറ പ്രവർത്തകർ ട്രെയ്‌ലർ യൂട്യൂബിൽ പങ്കുവെച്ചിരിക്കുകയാണ്.ജെയിംസ് കാമറൂൺ സംവിധാനം ചെയ്ത ചിത്രത്തിന്റെ ട്രെയ്‌ലറിൽ പുതിയ സാഹസികമായ ദൃശ്യങ്ങൾക്കൊപ്പം തന്നെ പരിചിതമായ മുഖങ്ങളും കാണാൻ സാധിക്കും. ജെയിക് സള്ളി, നെയ്തിരി, തുടങ്ങി സള്ളി കുടുംബത്തിലെ എല്ലാ അംഗങ്ങളും അവസാന യുദ്ധത്തിന് തയ്യാറാണ്. എന്തായിരിക്കും മൂന്നാം ഭാഗത്തിന്റെ കഥയെന്ന് വെളിപ്പെടുത്താതെ അത്ഭുതപ്പെടുത്തുന്ന ദൃശ്യങ്ങളാണ് ട്രെയ്‌ലറിലൂടെ പുറത്തുവിട്ടിരിക്കുന്നത്. 2 മിനിറ്റ് 25 സെക്കൻഡ് ദൈർഘ്യമുള്ള ട്രെയിലർ നമ്മൾ പ്രതീക്ഷിച്ച അതിശയിപ്പിക്കുന്ന ദൃശ്യങ്ങളോടെയാണ് ആരംഭിക്കുന്നത്. ഡിസംബർ 19നാണ് പ്രേക്ഷകർ കാത്തിരിക്കുന്ന ’അവതാർ 3’ തിയേറ്ററിലെത്തുന്നത്. നാലും അഞ്ചും ഭാഗങ്ങൾ 2029 ഡിസംബർ 21നും 2031 ഡിസംബർ 19നും റിലീസ് ചെയ്യും. ഗെയിം ഓഫ് ത്രോൺസ് താരം ഊന ചാപ്ലിൻ അവതരിപ്പിക്കുന്ന വരാങ്ങിന്റെ ആമുഖമാണ് ട്രെയിലറിലെ ഒരു പ്രധാന വെളിപ്പെടുത്തൽ. ’അവതാറും’ ’ദ വേ ഓഫ് വാട്ടറും’ ആഗോള ബോക്സ് ഓഫീസിൽ 2 ബില്യൺ ഡോളർ കളക്ട് ചെയ്തിരുന്നു.




## ജഡാനരയുമായി വേറിട്ട ലുക്കിൽ സഞ്ജയ്; രാജാസബ്” ഫസ്റ്റ് ലുക്ക്

ഇതിഹാസങ്ങളും, പുരാണങ്ങളും, ചേർത്ത ത്രില്ലിംഗ് മുഹൂർത്തങ്ങളുമായി പുറത്തിറങ്ങാനിരിക്കുന്ന പ്രഭാസിന്റെ ഹൊറർ ഫാന്റസി ത്രില്ലർ ’രാജാസബ്’ ചിത്രത്തിലെ സഞ്ജയ് ദത്തിന്റെ ഞെട്ടിക്കുന്ന ലുക്ക് പുറത്ത്. ഇടതൂർന്ന, നര കയറിയ മുടിയിഴകളും ദുരൂഹത നിഴലിക്കുന്ന കണ്ണുകളുമായി നിൽക്കുന്ന സഞ്ജയ് ദത്തിൻറെ പോസ്റ്ററാണ് അദ്ദേഹത്തിന് ജന്മദിന സമ്മാനമായി അണിയറപ്രവർത്തകർ പുറത്തുവിട്ടിരിക്കുന്നത്. ടി.ജി. വിശ്വപ്രസാദ് നിർമ്മിച്ച് മാരുതി സംവിധാനം ചെയ്യുന്ന ചിത്രം ഡിസംബർ അഞ്ചിനാണ് വേൾഡ് വൈഡ് റിലീസിനായി ഒരുങ്ങുന്നത്.’ഞങ്ങളുടെ പവർഹൗസ്, വേഴ്സറ്റൈൽ ആക്ടർ സഞ്ജുബാബയ്ക്ക് ജന്മദിനാശംസകൾ, ഏവരേയും നടുക്കുന്നതും വിസ്മയിപ്പിക്കുന്നതുമായ ആ നിമിഷങ്ങൾക്കായി ഒരുങ്ങിക്കോളൂ...’ എന്ന് കുറിച്ചുകൊണ്ടാണ് പോസ്റ്റർ പുറത്തുവിട്ടിരിക്കുന്നത്. ’രാജാ സാബി’ൻറെ ടീസർ അടുത്തിടെ പുറത്തിറങ്ങിയത് ഏവരും ഏറ്റെടുത്തിരുന്നു. സഞ്ജയ് ദത്ത്, നിധി അഗർവാൾ, മാളവിക മോഹനൻ, റിദ്ധി കുമാർ തുടങ്ങി നിരവധി താരങ്ങളാണ് ചിത്രത്തിൽ ഒരുമിക്കുന്നത്. തെലുങ്ക്, തമിഴ്, മലയാളം, കന്നഡ, ഹിന്ദി എന്നീ അഞ്ച് ഭാഷകളിലായി പാൻ ഇന്ത്യൻ ചിത്രമായി പ്രദർശനത്തിനെത്തുന്ന രാജാസാബ് പീപ്പിൾ മീഡിയ ഫാക്ടറിയുടെ ബാനറിൽ ടി.ജി. വിശ്വപ്രസാദാണ് നിർമ്മിക്കുന്നത്.

# സുരേഷ്ഗോപിക്ക് പകരം പ്രഭു, 'സമ്മർ ഇൻ ബത്‌ലഹേം' പ്ലാൻ ചെയ്തത് തമിഴിൽ; സിബി മലയിൽ






മലയാളികൾക്ക് നിരവധി ഹിറ്റ് ചിത്രങ്ങൾ നൽകിയ സംവിധായകനാണ് സിബി മലയിൽ. പ്രിയദർശൻ, ഫാസിൽ എന്നിവരുടെ സഹായിയായിട്ടായിരുന്നു തുടക്കം. നിരവധി മുൻനിര നായകന്മാർക്കും നായികമാർക്കുമൊപ്പം അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.മലയാളത്തിലെ ഹിറ്റ് ചിത്രങ്ങളിലൊന്നായ സമ്മർ ഇൻ ബെത്‌ലഹേം അദ്ദേഹം സംവിധാനം ചെയ്തു. മഞ്ജു വാര്യരായിരുന്നു ആ ചിത്രത്തിലെ നായിക. അടുത്തിടെ ഒരു അഭിമുഖത്തിൽ അദ്ദേഹം മഞ്ജു വാര്യരെക്കുറിച്ച് സംസാരിച്ചിരുന്നു. സമ്മർ ഇൻ ബത്‌ലഹേം എന്ന ചിത്രം ജയറാം, പ്രഭു, മഞ്ജു വാര്യർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി തമിഴിലാണ് ആദ്യം പ്ലാൻ ചെയ്തിരുന്നതെന്നാണ് അദ്ദേഹം പറയുന്നത്.'അന്ന് തമിഴിൽ രഞ്ജിത്തിന്റെ കഥക്ക് ക്രേസിമോഹൻ എന്നയാളാണ് തിരക്കഥ ഒരുക്കിയിരുന്നത്. എന്നാൽ തമിഴിലേക്ക് വരാൻ ആദ്യം വൈമുഖ്യം പ്രകടിപ്പിച്ചെങ്കിലും പിന്നീട് മഞ്ജു സമ്മതിക്കുകയായിരുന്നു. അങ്ങനെ പ്രഭുവും മഞ്ജുവും ചേർന്ന ഒരു ഗാനം മദ്രാസിൽ ചിത്രീകരിച്ചിരുന്നു.പക്ഷേ ആ ചിത്രത്തിന്റെ ആദ്യ ഷെഡ്യൂളിൽ തന്നെ നിർമാതാവിന്റെ ചില സാമ്പത്തിക പ്രശ്നങ്ങൾ കാരണം ചിത്രം നിന്നുപോയി. പിന്നീടാണ് ആ സിനിമ മലയാളത്തിൽ ചെയ്യുന്നതെന്നും പ്രഭുവിന്റെ റോൾ സുരേഷ് ഗോപി ചെയ്യുകയായിരുന്നുവെന്നും സിബി പറഞ്ഞു



# ദി ഫന്റാസ്റ്റിക് ഫോർ: ഫസ്റ്റ് സ്റ്റെപ്സ്; മാർവെൽ പടത്തിന് ബോക്സ് ഓഫീസിൽ ഇടിവ്



മാർവൽ സിനിമാറ്റിക് യൂണിവേഴ്സിന് ലോകമെമ്പാടും ആരാധകരു്. മാർവൽ പുറത്തിറക്കുന്ന എല്ലാ സിനിമകൾക്കും എപ്പോഴും മികച്ച സ്വീകാര്യതയാണ് ലഭിക്കുന്നത്. തിയേറ്ററുകളിൽ എത്തിയ ഏറ്റവും പുതിയ മാർവൽ സിനിമ 'ദി ഫന്റാസ്റ്റിക് ഫോർ: ഫസ്റ്റ് സ്റ്റെപ്സ്' ആണ്. റിലീസ് ചെയ്ത് നാല് ദിവസങ്ങൾക്ക് ശേഷം, ഇന്ത്യൻ ബോക്സ് ഓഫീസിൽ മികച്ച കളക്ഷൻ നേടാൻ ചിത്രത്തിന് കഴിഞ്ഞു.സാക്നിൽക്കിന്റെ റിപ്പോർട്ട് പ്രകാരം, ദി ഫന്റാസ്റ്റിക് ഫോർ: ഫസ്റ്റ് സ്റ്റെപ്സ് നാലാം ദിവസം (ഒന്നാം തിങ്കളാഴ്ച) ഇന്ത്യൻ ബോക്സ് ഓഫീസിൽ 2 കോടി രൂപ നേടി. ആദ്യ തിങ്കളാഴ്ച വരെ ഇന്ത്യയിലെ ബോക്സ് ഓഫീസിൽ ചിത്രം 22.10 കോടി രൂപ നേടി. മൂന്നാം ദിവസം (ഒന്നാം ഞായറാഴ്ച) ഇന്ത്യൻ ബോക്സ് ഓഫീസിൽ ദി ഫന്റാസ്റ്റിക് ഫോർ: ഫസ്റ്റ് സ്റ്റെപ്സ് 7.25 കോടി രൂപ നേടി.അതിനാൽ, മുൻ ദിവസത്തെ അപേക്ഷിച്ച്, ദി ഫന്റാസ്റ്റിക് ഫോർ: ഫസ്റ്റ് സ്റ്റെപ്സ് തിങ്കളാഴ്ച ഏകദേശം 72% ഇടിവ് രേഖപ്പെടുത്തി. ലോസ് ഏഞ്ചൽസ് ടൈംസ് റിപ്പോർട്ട് പ്രകാരം, ദി ഫന്റാസ്റ്റിക് ഫോർ: ഫസ്റ്റ് സ്റ്റെപ്സ് 200 മില്യൺ ഡോളർ ബജറ്റിലാണ് നിർമ്മിച്ചത്. ചിത്രത്തിലെ പ്രകടനങ്ങൾക്കും വിഎഫ്എക്സിനും കയ്യടി ലഭിക്കുന്നു്. ഏറെ നാളുകൾക്ക് ശേഷം പുറത്തിറങ്ങിയ മികച്ച മാർവെൽ സിനിമയാണ് ഇതെന്നാണ് അഭിപ്രായങ്ങൾ.

# 'ഡ്രാഗണിൽ' പ്രശാന്ത് നീൽ വാങ്ങുന്നതെത്ര?

കന്നഡ സിനിമാ വ്യവസായത്തിന് ആഗോള പ്രശസ്തി നേടിക്കൊടുത്ത ചിത്രമാണ് കെജിഎഫ് ഫ്രാഞ്ചൈസി 2018 ൽ പുറത്തിറങ്ങിയ കെജിഎഫ് ചാപ്റ്റർ 1, വളരെക്കാലമായി കന്നഡ സിനിമ കിട്ടില്ലാത്ത ഒരു വലിയ വിദേശ പ്രേക്ഷകരെ തിയേറ്ററുകളിലേക്ക് കൊണ്ടുവന്നു. വലിയ പ്രീ-റിലീസ് ഹൈപ്പോടെ തിയേറ്ററുകളിൽ എത്തിയ കെജിഎഫ് ചാപ്റ്റർ 2, ആദ്യ ഭാഗത്തേക്കാൾ അഞ്ച് മടങ്ങ് കൂടുതൽ കളക്ഷൻ നേടി. കെജിഎഫ് സംവിധായകൻ പ്രശാന്ത് നീലിൻറെ തെലുങ്ക് സിനിമാ അരങ്ങേറ്റമായിരുന്ന സലാർ ആദ്യ ഭാഗവും വലിയ കളക്ഷനാണ് നേടിയത്. പ്രശാന്ത് നീൽ സംവിധാനം ചെയ്ത അവസാന മൂന്ന് ചിത്രങ്ങൾ ചേർന്ന് നേടിയ കളക്ഷൻ 2150 കോടിയാണ്. ഇപ്പോഴിതാ സംവിധാനം ചെയ്യുന്ന അടുത്ത ചിത്രത്തിൽ തൻെറ പ്രതിഫലക്കാര്യത്തിൽ ഒരു പ്രധാന മാറ്റം കൊണ്ടുവന്നിരിക്കുകയാണ് പ്രശാന്ത് നീൽ. ജൂനിയർ എൻടിആർ നായകനാവുന്ന ചിത്രമാണ് പ്രശാന്ത് നീലിൻറേതായി അടുത്തതായി പുറത്തുവരിക. ഡ്രാഗൺ എന്നാണ് ചിത്രത്തിൻറെ പേരെന്ന് റിപ്പോർട്ടുകൾ എത്തിയിരുന്നുവെങ്കിലും ഇത് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. അവസാന ചിത്രമായ സലാറിൽ 100 കോടിയാണ് പ്രശാന്ത് നീൽ പ്രതിഫലമായി വാങ്ങിയതെന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. എന്നാൽ ഡ്രാഗണിൽ പ്രതിഫലമായി ഒരു രൂപ പോലും പ്രശാന്ത് വാങ്ങുന്നില്ല എന്നാണ് തെലുങ്ക് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. മറിച്ച് ലാഭവിഹിതം ഉൾപ്പെടുത്തി ഉള്ളതാണത്രേ നിർമ്മാതാക്കളുമായുള്ള കരാർ. ഇത് പ്രകാരം ലാഭത്തിൻെറ 50 ശതമാനം സംവിധായകന് ആയിരിക്കും.

# നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

170




ശരത്കാല സന്ധ്യ കുളിർതൂകി നിന്നു
മലര്ക്കാവിൽ എങ്ങോ കുയിൽ പാടി വന്നു
(ശരത്കാല...)

കളിയായി ഞാൻ ചിരിയായി ഞാൻ
പറഞ്ഞാലുമത് നീപാലപ്പൂഞ്ചോട്ടിൽ
ജല ദേവതേ അറിയാതെയത് നീ
കരഞ്ഞില്ലേയതിനാൽ ഞാനോ നോവുന്നു
(ശരത്കാല ...)

ആരാരും കാണാതിവിടെ മുന്നിൽ പൂപോലെ വന്നു വിടർന്നു
ആരാരും കാനതിവിടെ മുന്നിൽ പൂപോലെ വന്നു വിടർന്നു
സുന്ദരി നിന്നിൽ വിരിഞ്ഞിടും മോഹനം രാഗം അറിഞ്ഞു ഞാൻ
കല്ലോലിനിയുടെ മാറിൽ പോയ് കഥകൾ പറഞ്ഞിടാം
കളികൾ പറഞ്ഞിടാം ഹൃദയം മറന്നിടാം മധുരം നുകർന്നിടാം
ശശികല മിഴികളിൽ ഒളിയുമായ് വിളിക്കുന്നു നീ വാ
(ശരത്കാല ...)



ഈ ഗാനം പാടാനിവിടെ
എന്നിൽ ഹാ ദാഹം വന്നു വളർന്നു
കണ്മണിയെന്നിൽ വളർന്നിടും
മന്മഥ മോഹം അറിഞ്ഞുവോ
ഏകാന്തതയുടെ തേരിൽ പോയ്
പുളകം വിതച്ചിടാം
ചിരികൾ പൊഴിച്ചിടാം
കരളിൽ നിറച്ചിടാം അകലെ പറന്നിടാം
അഴിമുഖ തിരകളും ചിരിയുമായ്
വിളിക്കുന്നു നീ ..വാ .. (ശരത്കാല ...)

# യുഎസിൽ കത്തിക്കയറി 'കൂലി' അഡ്വാൻസ് ബുക്കിങ്



ലോകേഷ് കനകരാജിന്റെ സംവിധാനത്തിലെത്തുന്ന 'കൂലി' കോളിവുഡിലെ ഈ വർഷത്തെ ഏറ്റവും വലിയ പ്രതീക്ഷയുള്ള സിനിമകളിൽ ഒന്നാണ്. കോളിവുഡിലെ അടുത്ത സെൻസേഷൻ ആകാൻ കെൽപ്പുള്ള ചിത്രമാണ് ഇത്. ഇപ്പോഴിതാ സിനിമയുടെ അഡ്വാൻസ് ബുക്കിംഗ് യുകെ, യുഎസ് ഉൾപ്പെടെയുള്ള വിദേശ വിപണികളിൽ ആരംഭിച്ചു. അമേരിക്കയിൽ ചിത്രത്തിന് മികച്ച പ്രതികരണം ലഭിച്ചതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. രാജ്യത്ത് മാത്രം 5,00,000 ഡോളറിന്റെ ടിക്കറ്റുകൾ വിറ്റു. യുഎസിൽ ചിത്രം പ്രീ-സെയിൽസിൽ 2 മില്യൺ ഡോളർ കടക്കുമെന്ന് പ്രതീക്ഷിക്കുന്നതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. യുകെയിൽ സിനിമ പ്രദർശിപ്പിക്കുന്ന തിയേറ്ററുകളുടെ ലിസ്റ്റും പുറത്തു വന്നിട്ടു്.അതേസമയം സിനിമയുടെ ട്രെയ്‌ലർ ആഗസ്റ്റ് 2 ന് പുറത്തുവിടും. ചിത്രം ആഗസ്റ്റ് 14 ന് പുറത്തിറങ്ങും. രജനികാന്തും ലോകേഷ് കനകരാജും ആദ്യമായി ഒന്നിക്കുന്ന ചിത്രമാണ് കൂലി.

# കാട്ടിലുള്ള യമണ്ടൻ കുറുക്കന്മാരേ കടന്നുവരൂ, നാട്ടിലുള്ള 'കുറുക്കന്മാരെ' കൂവിത്തോൽപ്പിക്കൂ പ്ലീസ്...

കേരളാ വിൻഡോ



ആന്റണി ചടയംമുറി



കേരളത്തിൽ മൊത്തം 5000 കുറുക്കന്മാരുണ്ടെന്നും, അതിൽ ഭൂരിപക്ഷവും കാട്ടിലല്ല, നാട്ടിലാണ് വസിക്കുന്നതെന്നും വനംവകുപ്പ് പറയുന്നു. ഈ കണക്ക് മാധ്യമങ്ങളിൽ വന്നപ്പോൾ തന്നെ മൃഗങ്ങളുടെ ഡിസ്ക്കവറി ചാനലിൽ ആ വാർത്ത വന്നിട്ടുണ്ട്. അല്ലെങ്കിൽ രണ്ടു ദിവസം കഴിയുന്നതിനു മുമ്പുതന്നെ ഒരു കുട്ടിയെ നാട്ടുവഴിയിൽ വച്ച് ഒരു കുറുക്കൻ കടിക്കുമോ? ഏതായാലും നാട്ടിൽ വച്ച് കുറുക്കൻ കടിച്ചാൽ നഷ്ടപരിഹാരം നൽകാതെ തലയൂരാമെന്ന് വകുപ്പിലെ ചില ഏമാന്മാർ കരുതിയിരിക്കാം. കടി കിട്ടിയവർ അതിനു കുറുക്കൻ നാടനാണോ കാടനാണോ എന്ന വെറ്ററിനറി സർജന്റെ സാക്ഷ്യപത്രങ്ങളും സംഘടിപ്പിക്കേണ്ടി വരാം.

ഒരു ചോദ്യം കൂടി: വന്യമൃഗങ്ങൾ കൂടെക്കൂടെ നാട്ടിലിറങ്ങുമ്പോൾ, നാട്ടിലുള്ള മനുഷ്യരിലേക്ക് അവയുടെ മൃഗീയ പെരുമാറ്റങ്ങൾ പകരുമോ? പക്ഷെ ഈ ചോദ്യം കേട്ടാൽ ഉടനെ വന്യമൃഗങ്ങൾ ടാക്സി പിടിച്ചുവന്ന് നമ്മെ ദേഹോപദ്രവ മേൽപ്പിച്ചെന്നു വരാം. കാട്ടാനകൾ കുട്ടിയാനകളെ പരിപാലിക്കുന്നതും കരുതലോടെ ഒപ്പം നടത്തുന്നതും കാണുമ്പോൾ സ്വന്തം കുഞ്ഞുങ്ങളെ കിണറ്റിലെറിഞ്ഞു കൊല്ലുകയും, വിഷം കൊടുത്തു കൊല്ലുകയും ചെയ്യുന്ന മനുഷ്യരുടെ മനോഭാവം കണ്ട് മൃഗങ്ങൾ അവയുടെ ഇല്ലാത്ത വിരൽ മൂക്കത്ത് വച്ച് കഷ്ടമെന്നു പറയും.

ഓരോ ദിവസവും രാവിലെ ചാനൽ വാർത്തകളിലേക്ക് കണ്ണയയ്ക്കുമ്പോൾ നാം ഞെട്ടിത്തെറിക്കുന്നു. ഇന്നുമുണ്ട് (ബുധൻ) അത്തരമൊരു വാർത്ത സ്വന്തം കുഞ്ഞിനെ ഗർഭത്തിൽ ചുമക്കുന്ന ഭാര്യയെ മാരകമായ വിധത്തിൽ ഉപദ്രവിച്ച ഒരു ഭർത്താവിനെ ഇന്ന് പൊലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. എന്തൊക്കെയായാലും മൊബൈൽ ഫോണിനെ നിരന്തരം തെറി പറയുന്നവർക്കുള്ള മറുപടിയെന്നോണം, ഗാർഹിക പീഡനങ്ങളുടെ 'ലൈവ്' സംപ്രേഷണം, ഇത്തരം കുറ്റവാളികൾക്ക് കൈവിലങ്ങൊരുക്കുന്നുണ്ടെന്ന യാഥാർത്ഥ്യം നാം കാണേണ്ടതുണ്ട്.

### ഭ്രാന്തല്ല, മാഷേ വട്ട്, വട്ട്...

കേരളത്തിൽ 2023 ജനുവരി 1 മുതൽ 2025 ഫെബ്രുവരി 28 വരെയുള്ള കാലയളവിലുണ്ടായത് 5 കൂട്ടക്കൊലപാതകങ്ങളാണ്. ഈ കേസുകളിൽ കുറ്റവാളികളുടെ പ്രായം 20 മുതൽ 40 വയസ്സാണ്. അതായത് ആയുസ്സിന്റെ ഏറ്റവും നല്ല കാലഘട്ടത്തിലാണ് ഈ പ്രതികൾ തങ്ങളുടെ ഉറ്റവരുടെയും പ്രിയപ്പെട്ടവരുടെയും നേർക്ക് കൊലക്കത്തികൾ ഉയർത്തുന്നത്. ഈ ക്രിമിനൽ മനസ്സുകൾ രൂപപ്പെടുന്നത് നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലുമാണെന്ന സത്യം ഓർമ്മിക്കണം. അതുകൊണ്ട് ഗാർഹിക-സാമൂഹികാന്തരീക്ഷങ്ങളിൽ പരക്കുന്ന ദുരന്തത്തിന്റെ വിഷവാതകങ്ങളുടെ തോതളക്കാനും മുന്നറിയിപ്പ് നൽകാനുമുള്ള ദുരന്തമാപിനികൾ തയ്യാറാക്കേണ്ടതുണ്ട്. ഇതിനാകട്ടെ മനുഷ്യ മനസ്സുകളുമായി നേർബന്ധമുള്ള മത, സാംസ്കാരിക, സാമൂഹിക പ്രസ്ഥാനങ്ങളാണ് മുൻകൈ എടുക്കേണ്ടത്. പൊതുനന്മ വളർത്താനുള്ള ഈ പ്രസ്ഥാനങ്ങൾ മറ്റു പല വ്യർത്ഥമായ കാര്യങ്ങളുടെയും പിന്നാലെ പരക്കം പായുകയാണെന്ന് സംശയിക്കണം.

മനുഷ്യരുടെ ജീവസന്ധാരാണച്ചെലവുകളുടെ മിതത്വം ഇന്ന് മിക്ക കുടുംബങ്ങളും പാലിക്കുന്നില്ല. കേരളത്തിലെ ഭൂരിപക്ഷം കുടുംബങ്ങളും ജീവസന്ധാരണ മാർഗങ്ങൾ തടസ്സപ്പെട്ട നിലയിലാണ്. മറ്റു ചിലരാകട്ടെ ആഡംബരവും ധൂർത്തും തലയ്ക്കു പിടിച്ചവരാണ്. മനുഷ്യോചിതമല്ലാത്ത രാസലഹരിക്കുവേണ്ടിയും അയൽക്കാരനെ അസൂയപ്പെടുത്താനുള്ള ഡംഭ് കാണിക്കാനും ചിലർ ശ്രമിക്കുന്നു. ഇങ്ങനെ യഥാർത്ഥ ആവശ്യങ്ങളുടെ മിതത്വത്തിനു പകരം അമിത ധനസമ്പാദനത്തിന്റെ ചെകുത്താൻ വഴികൾ തെളിയുന്നു. ഭ്രാന്ത് എന്ന മനുഷ്യന്റെ മനസ്സിന്റെ താളം തെറ്റലിനപ്പുറം, അത് ചുറ്റുമുള്ളവരെ മുഴുവൻ ശത്രുക്കളാക്കുന്ന 'മുഴുവട്ടായി' പരിണമിക്കുന്നു. സമ്പത്തിന്റെ ആർജ്ജിക്കലും ചെലവഴിക്കലും ക്രമം തെറ്റിയതായി പരിണമിക്കുമ്പോൾ, അത്തരമൊരു കുടുംബ-സാമൂഹികാവസ്ഥ പല ക്രമസമാധാന പ്രശ്നങ്ങൾക്കും വഴിമരുന്നിടുകയാണ്. അമേരിക്കൻ മനഃശാസ്ത്രജ്ഞന്മാരുടെ സംഘടന (ഏ.പി.എ.) സമൂഹ മനഃശാസ്ത്രത്തെ അപഗ്രഥിച്ച് തയ്യാറാക്കിയ 15 ഉപവിഭാഗങ്ങളിൽ കിംവദന്തികളുടെയും പരസ്യങ്ങളുടെയും മനഃശാസ്ത്രം വരെയുണ്ട്. കേരളത്തിൽ പരസ്യങ്ങൾ ചമയ്ക്കുന്ന മായാമയൂരങ്ങൾക്ക് പിന്നാലെ പായുന്ന മലയാളികൾ ചെന്നു വീഴുന്ന കെണികൾ, അവരുടെ തന്നെ ജീവിതം തകർക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്.

### പുഴയിലെ ഒഴുക്കും, പണത്തിന്റെ ഒഴുക്കും

ഈ ആഴ്ചക്കുറിപ്പിൽ ആദ്യം വരേണ്ട വിഷയം വയനാട് ദുരന്തത്തിന്റെ ആണ്ടോർമ്മയായിരുന്നുവെന്ന് പറയുന്നവരുണ്ടാകാം. ചാനലുകളും പത്രങ്ങളും ഇത്തരമൊരു വാർഷിക ചടങ്ങിന് കാത്തുനിൽക്കാതെ വയനാട്ടിലെ ദുരിതബാധിതരെ ജനസമക്ഷം അവതരിപ്പിക്കേണ്ടിയിരുന്നു എന്നുള്ള വാദഗതിക്കാരുമുണ്ട്.

മനപ്പൂർവം ജനങ്ങൾ കബളിപ്പിക്കപ്പെടുന്ന അവസ്ഥയാണ് വയനാട്ടിലുള്ളത്. കേന്ദ്ര-സംസ്ഥാന ഭരണകൂടങ്ങൾ അവരെ പറഞ്ഞു പറ്റിച്ചു. ഇന്ത്യൻ പ്രധാനമന്ത്രിയുടെ വയനാട് സന്ദർശനം മലയാളികൾക്ക് പ്രതീക്ഷ നൽകിയെങ്കിലും 'കൃത്യമായ രാഷ്ട്രീയ ദുർലാക്കോടെ' യുള്ള നടപടികളാണ് ഡെൽഹിയിൽ നിന്നുണ്ടായത്. വിദേശത്തു നിന്ന് സംഭാവനകൾ സ്വീകരിക്കാൻ മഹാരാഷ്ട്രയ്ക്ക് അനുമതി നൽകിയത് പുതിയ നിയമം അനുസരിച്ചാണെന്ന് കേന്ദ്രം വിശദീകരിച്ചത് ഓർമ്മയില്ലേ? പ്രകൃതിദുരന്തബാധിതരുടെ ബാങ്ക് വായ്പകൾ എഴുതിത്തള്ളാനുള്ള നിയമം കേരളാ ഹൈക്കോടതിയിൽ കേസ് വന്നതോടെ കേന്ദ്രം തിരുത്തിയതും നമുക്ക് മറക്കാനാവില്ല.

കേന്ദ്രത്തിന്റെ നടപടികൾ എന്തായാലും ദുരന്തബാധിതരായ കേരളീയരെ ചേർത്തുപിടിക്കേണ്ട കേരള സർക്കാർ എന്താണ് ചെയ്തത്? ദുരിതാശ്വാസനിധിയിലേക്ക് ഇതേവരെ ലഭിച്ച 772.11 കോടി രൂപയിൽ വെറും 108.19 കോടി രൂപ ചെലവഴിച്ച് ബാക്കിയുള്ളത് ഖജനാവിലിട്ട് സുഖിച്ചിരിക്കുകയാണെന്ന പരാതിക്ക് എന്ത് വിശദീകരണം നൽകാനുണ്ട്? ലൈഫ് മിഷൻ വീടിന് 4ലക്ഷം രൂപയും, വയനാട്ടിൽ ഏതോ ലേബർ സൊസൈറ്റി നിർമ്മിക്കുന്ന വീടിന് 20 ലക്ഷവുമെന്ന കണക്ക് എങ്ങനെ ശരിയാകും? നല്ല വരുമാനമുണ്ടായിരുന്ന ഏക്കർ കണക്കിന് സ്ഥലങ്ങൾ ഉരുൾ പൊട്ടലിൽ ഒലിച്ചുപോയവർക്ക് എന്ത് നൽകി? പുഴയുടെ ഒഴുക്ക് കൃത്യമാക്കാൻ സംരക്ഷണ ഭിത്തി നിർമ്മിക്കാൻ മുന്നേ പേര് സൂചിപ്പിച്ച സൊസൈറ്റിക്ക് 100 കോടി രൂപയിലേറെ രൂപ അനുവദിച്ച സർക്കാർ മുണ്ടക്കൈ ചൂരൽമല പ്രദേശങ്ങളിൽ 20 ലക്ഷം മുതൽ രണ്ടരക്കോടി രൂപ വരെയുള്ള നഷ്ടം സംഭവിച്ച വ്യാപാരികളെ ഒരുവർഷം കഴിഞ്ഞിട്ടും ചർച്ചയ്ക്കു പോലും ക്ഷണിച്ചിട്ടില്ല. ജീവസന്ധാരണോപാധികൾ നഷ്ടപ്പെട്ടവർ (ഓട്ടോ, ടാക്സി, പിക്കപ്പ് വാനുകൾ, ലോറികൾ, ഉന്തുവണ്ടികൾ, ട്രാക്ടറുകൾ മുതലായവ) തങ്ങൾ ഇനിയെന്തു ചെയ്യുമെന്ന് ചോദ്യമുയർത്തുമ്പോൾ, എല്ലാം ഫയലാക്കി മേലോട്ട് അയച്ചിട്ടുണ്ടെന്ന മറുപടിയാണോ സർക്കാർ ഉദ്യോഗസ്ഥർ നൽകേണ്ടത്? വിവാദ സൊസൈറ്റി കെട്ടിയുയർത്തിയ സംരക്ഷണ ഭിത്തി ഒരു മാസം മുമ്പ് പെയ്തമഴയിൽ തകർന്നു വീണതിന് എന്തു ന്യായീകരണം പറയാനുണ്ട്?

### ഒരു പായ കിട്ടിയിരുന്നെങ്കിൽ..?

പഴയ സൂപ്പർസ്റ്റാർ ജയനെ മിമിക്രിക്കാർ അവതരിപ്പിക്കുമ്പോൾ ഒരു പായ കിട്ടിയിരുന്നെങ്കിൽ ഒന്നുറങ്ങാമായിരുന്നുവെന്ന ഡയലോഗ് കേൾക്കാറുണ്ട്. വനം വകുപ്പ് മന്ത്രി ഇപ്പോൾ ആ പരുവത്തിലാണ്. ദിവസേന കാട്ടാനയാക്രമണത്തിൽ ഒരാൾ വീതം കൊല്ലപ്പെടാൻ തുടങ്ങിയതോടെ പത്രങ്ങൾ നൽകിവരുന്ന അങ്ങാടി നിലവാരത്തിന്റെ നിർവികാരതയിലേക്ക് ഇത്തരം ദുരന്തവാർത്തകൾ ചുരുണ്ടു കൂടിയിട്ടുണ്ട്.

ചൊവ്വാഴ്ചയും ഒരു ടാപ്പിംഗ് തൊഴിലാളി കാട്ടാനയാക്രമണത്തിൽ കൊല്ലപ്പെട്ടത് 'വയനാട് ദുരന്ത ഫെസ്റ്റി'നിടയിൽ മുങ്ങിപ്പോകാനാണ് സാധ്യത. മലയോരങ്ങളിൽ, നഷ്ടപരിഹാരം നൽകാതിരിക്കാൻ വനംവകുപ്പ് പുതിയ വഴികൾ തേടുന്നുണ്ട്. ഈയിടെ ഒരു വീട്ടമ്മ കാട്ടാനയാക്രമണത്തിൽ കൊല്ലപ്പെട്ടപ്പോൾ, ആ മരണത്തിനു കാരണം ഭർത്താവിന്റെ മർദ്ദനം മൂലമാണെന്ന് വരുത്തിത്തീർക്കാൻ ശ്രമമുണ്ടായി. സർക്കാർ ഡോക്ടറുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടാണ് ആ ഹതഭാഗ്യനായ ഭർത്താവിന്റെ തുണയ്ക്കെത്തിയത്.

കടലോരത്ത് 2 തിമിംഗലങ്ങളും 5 ഡോൾഫിനുകളും ചത്ത് തീരത്തടിഞ്ഞതിനും വനംവകുപ്പിന് ന്യായീകരണമുണ്ട്. വന്യജീവി സംരക്ഷണത്തിന്റെ ഷെഡ്യൂൾ ഒന്നിലാണ് തിമിംഗലങ്ങളും ഡോൾഫിനുകളും. അതുകൊണ്ട് ഇവയുടെ മരണത്തിൽ അസ്വാഭാവികമായി ഒന്നുമില്ലെന്ന് വനംവകുപ്പ് സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞു. വിഷസ്ഫോടക വസ്തുക്കൾ കയറ്റി വന്ന കപ്പലുകൾ അറബിക്കടലിൽ മുങ്ങിയതിന്റെ നഷ്ടപരിഹാരക്കേസുകൾ നൽകിയ കേരളത്തിന് വനം വകുപ്പിന്റെ 'വിചിത്ര കണ്ടെത്തൽ' എത്രത്തോളം സഹായകമാകുമെന്ന് കണ്ടറിയണം.

### ഇടതുകാലിലെ മന്ത് 'വലതി'ലേക്ക്?

ഇടത്തരം മലയാളികളുടെ സാമ്പത്തികോന്നമനത്തിന് വളരെയേറെ സംഭാവന നൽകിയവയാണ് സഹകരണ സംഘങ്ങൾ. കമ്മ്യൂണിസ്റ്റ് പാർട്ടികൾ, ഇടതോ, വലതോ ആകട്ടെ സഹകരണ മേഖലയിലൂടെ കർഷകർക്കും ചെറുകിട കച്ചവടക്കാർക്കുമെല്ലാം മൂലധന ലഭ്യത ഉറപ്പാക്കിയ ഭൂതകാലം നമുക്ക് മറക്കാനാവില്ല. പിന്നീട് എന്തുകൊണ്ടോ, രാഷ്ട്രീയ പാർട്ടികൾക്ക് എളുപ്പത്തിൽ നിറവേറ്റാൻ കഴിയുമായിരുന്ന ക്ഷേമപ്രവർത്തനങ്ങളിൽ നിന്ന് എപ്പോഴോ അവർ വഴിതെറ്റിപ്പോയോ? ഇപ്പോൾ സഹകരണ സംഘങ്ങളുടെ നിയന്ത്രണം നിയമപരമായി ഏറ്റെടുക്കാൻ ബി.ജെ.പി. പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. സഹകരണ സംഘങ്ങളിലൂടെ കേന്ദ്രസർക്കാരിന്റെ ക്ഷേമപദ്ധതികൾ നേരിട്ട് ജനങ്ങളിൽ എത്തിക്കാൻ സഹകരണ നിയമത്തിന്റെ പൊളിച്ചെഴുത്ത് വേണമെന്ന കേന്ദ്രനിലപാടിന് രാഷ്ട്രീയലാക്കുണ്ടെന്ന് ചിലർ പരാതിപ്പെടുന്നുണ്ട്. എല്ലാ പഞ്ചായത്തിലും, ഓരോ ജില്ലയിലും ഓരോ നഗരങ്ങളിലും സ്ഥാപിക്കുന്ന സഹകരണ സംഘങ്ങൾക്കായുള്ള ഏകീകൃത കമ്പ്യൂട്ടർ ശൃംഖലയും, ദേശീയതലത്തിലുള്ള ഡാറ്റാബേസും കൂടി ഇതോടൊപ്പം ലക്ഷ്യമിടുന്നുണ്ട്.

വാഴ്സിറ്റികൾ ചുവപ്പണിയിക്കുന്നതിനുപകരം കാവിയണിയിക്കാനുള്ള കേന്ദ്രനീക്കമെന്നതുപോലെ, സഹകരണ സംഘങ്ങളും പൂർണ്ണമായും രാഷ്ട്രീയവൽക്കരിക്കപ്പെടാം. ഇത് ഒരർത്ഥത്തിൽ, സഹകരണമേഖലയിലെ അവിഹിതമായ രാഷ്ട്രീയ കൈകടത്തിലിന്റെ പരിണിത ഫലമാണോയെന്ന വിലയിരുത്തൽ ബന്ധപ്പെട്ടവർ നടത്താൻ അനുയോജ്യമായ സമയമാണിത്.

### നിയമനങ്ങളിലെ ഉഡായിപ്പും ആലസ്യവും

സംസ്ഥാനം ഒന്നാകെ രാസലഹരിക്കെതിരെയുള്ള പോരാട്ടത്തിലാണ്. പക്ഷെ, രാസലഹരി കേസുകളുടെ വിചാരണ വൈകാൻ സർക്കാർ തടസ്സമുണ്ടാക്കിയാലോ? ഈയിടെ പുറത്തുവന്ന വാർത്തയിൽ 529 ലഹരിക്കേസുകളുടെ വിചാരണ സാമ്പിൾ പരിശോധനാഫലം ലഭിക്കാത്തതിനാൽ വൈകുന്നുവെന്ന വെളിപ്പെടുത്തൽ സർക്കാരിന് ഇക്കാര്യത്തിലുള്ള ആലസ്യം പ്രകടമാക്കുന്നുണ്ട്. സെഷൻസ് കോടതികളിൽ 418, സ്പെഷ്യൽ കോടതി 94, മജിസ്ട്രേട്ട് കോടതി 17 എന്നിങ്ങനെയാണ് വിചാരണ വൈകുന്ന കേസുകളുടെ കണക്ക്. ഇതുമൂലം പല പ്രതികളും ജാമ്യത്തിലിറങ്ങുകയാണ്. ഫോറൻസിക് ലാബുകളിൽ വേണ്ടത്ര സ്റ്റാഫില്ലാത്തതാണ് പരിശോധനാ ഫലം വൈകാൻ കാരണമത്രെ.

ഇക്കാര്യത്തിൽ സർക്കാരും പി.എസ്.സി.യും സംയുക്തയോഗം വിളിക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ലാബുകളിൽ എത്ര ഒഴിവുണ്ടെന്ന് അറിയിക്കണമെന്നും കോടതി ആവശ്യപ്പെട്ടിരുന്നു. പക്ഷെ സർക്കാർ അതൊന്നും ചെവിക്കൊണ്ടതേയില്ല. രാസലഹരിക്കെതിരെയുള്ള 'ഇവന്റ് മാമാങ്ക'ങ്ങൾക്കപ്പുറം സർക്കാരിന്റെ ആത്മാർത്ഥത ചിലരെങ്കിലും സംശയിച്ചാൽ അവരെ എങ്ങനെ കുറ്റം പറയാനാകും.



# അങ്ങിനെ അതും നേടിയിരിക്കുന്നു ബി.ജെ.പി..!




കേരളത്തിൽ നിന്നും ആർ.എസ്.എസുകാരനായ സദാനന്ദനെ രാഷ്ട്രപതി രാജ്യസഭാംഗമാക്കിയ സംഭവം ഏറെയൊന്നും ചർച്ച ചെയ്യപ്പെടാതെ പോയി. അതിനു കാരണം മറ്റു ചില സംഭവവികാസങ്ങൾ ഉരുത്തിരിഞ്ഞു വന്നതുകൊണ്ടായിരിക്കാം. അല്ലെങ്കിൽ ബോധപൂർവ്വം അങ്ങിനെ ഉണ്ടാക്കിയെടുത്തതുമാകാം.

സാഹിത്യം, ശാസ്ത്രം, കല, സാമൂഹ്യസേവനം തുടങ്ങിയ മേഖലകളിൽ സവിശേഷ ജ്ഞാനമോ അനുഭവസമ്പത്തോ ഉള്ള പ്രമുഖരെ രാജ്യസഭയിലേക്കു നാമനിർദേശം ചെയ്യാൻ ഭരണഘടനയുടെ ആർട്ടിക്കിൾ 80 രാഷ്ട്രപതിക്കു നൽകുന്ന അവസരമുപയോഗിച്ചാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. സ്വതന്ത്രഭാരതത്തിൽ ഈ ബഹുമതി ആദ്യമായി ലഭിച്ച മലയാളി അന്ന് മലയാളികൾക്കിടയിൽ മാത്രമല്ല അഖിലേന്ത്യാതലത്തിൽ തന്നെ അറിയപ്പെട്ടിരുന്ന സർദാർ കെ.എം. പണിക്കരാണ്.

തുടർന്നുള്ള വർഷങ്ങളിൽ, ഗാന്ധിജിയുടെ സഹപ്രവർത്തകനായും ഗാന്ധിഗ്രാം റൂറൽ യൂണിവേഴ്സിറ്റിയുടെ സ്ഥാപക വൈസ് ചാൻസലറായും രാജ്യമൊട്ടാകെ അറിയപ്പെട്ട ജി. രാമചന്ദ്രനും രാഷ്ട്രത്തെയാകെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത കാർട്ടൂണിസ്റ്റ് അബു എബ്രഹാമും ഹരിതവിപ്ലവനായകനായ കൃഷിശാസ്ത്രജ്ഞൻ എം.എസ്. സ്വാമിനാഥനും ബഹിരാകാശ ശാസ്ത്രജ്ഞനായ കെ. കസ്തൂരി രംഗനും ഒക്കെയാണ് നാമനിർദേശത്തിലൂടെ രാജ്യസഭയിലെത്തിയ മലയാളികൾ. കേരളത്തിനു മാത്രമല്ല, ഭാരതത്തിനും ലോകത്തിനാകെയും ഈടുറ്റ സംഭാവനകൾ നൽകി ചരിത്ര വ്യക്തിത്വങ്ങളായവർ.

2014 ൽ ഭാരതീയ ജനതാ പാർട്ടി കേന്ദ്രത്തിൽ അധികാരത്തിലെത്തിയ ശേഷം കേരളത്തിൽ നിന്ന് ഇതുവരെ മൂന്ന് പേരെ നാമനിർദ്ദേശം ചെയ്തിരുന്നു. ഭരത് അവാർഡ് നേടിയ നടൻ സുരേഷ് ഗോപിയെയും ഒളിംപ്യൻ പി.ടി. ഉഷയെയും ആണ് നേരത്തെ നാമനിർദ്ദേശം ചെയ്തത്. സുരേഷ് ഗോപി പിന്നീട്,ബി.ജെ.പിസ്ഥാനാർത്ഥിയായി നിയമസഭയിലേക്കും ലോകസഭയിലേക്കും മത്സരിക്കുകയും ലോക്സഭയിലേക്ക് തൃശൂരിൽ നിന്ന് ജയിച്ച് ബി.ജെ.പിക്ക് കേരളത്തിൽ നിന്നുള്ള ആദ്യ ലോകസഭാ ജയം സമ്മാനിക്കുകയും ചെയ്തു.

കേരളത്തിൽ നിന്ന് ആദ്യമായാണ് പൂർണ്ണ സമയ, ആർ.എസ്.എസ്, ബി.ജെ.പി പ്രവർത്തകനായ ഒരാളെ രാഷ്ട്രപതി രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യുന്നത്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ കേരളത്തിൽ വന്ന് 2026 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ അധികാരം പിടിക്കുമെന്ന് പ്രഖ്യാപിച്ച് മണിക്കൂറുകൾക്കകമാണ് ഈ തിരുമാനം വരുന്നത് എന്നുകൂടി അറിയേണ്ടതുണ്ട്.

> പൃഥ്വിരാജ് കപൂർ എന്ന നടനേയും ശാസ്ത്രജ്ഞനായ സത്യേന്ദ്രനാഥ് ബോസിനേയും നർത്തകിയായ രുഗ്മിണീ ദേവി അരുൺഡേലിനേയും നിയമജ്ഞനായ അല്ലാടി കൃഷ്ണസ്വാമി അയ്യരേയും പോലെയുള്ളവരെ ഉൾപ്പെടുത്തി ആരംഭിക്കുകയും സാലിം അലിയും ഷബാനാ ആസ്മിയും എം.എഫ്. ഹുസൈനും പോലെയുള്ളവർ ഇടം പിടിക്കുകയും സച്ചിൻ ടെൻഡുൽക്കറും ഇളയരാജയും പോലെയുള്ളവർ എത്തിച്ചേരുകയും ചെയ്ത ഒരു പട്ടികയിലേക്കാണ് ഒരു സാധാരണ രാഷ്ട്രീയപ്രവർത്തകനെ രാഷ്ട്രപതി രാജ്യസഭയിലേക്ക് നിയോഗിച്ചിരിക്കുന്നത്.

സദാശിവൻ എന്ന വ്യക്തിയെ ബി.ജെ.പി നിർദ്ദേശിച്ചിരുന്നെങ്കിൽ ആരും അത് എതിക്കാൻ പോകുകയില്ല. സ്വന്തം പാർട്ടിക്കുവേണ്ടി അക്രമത്തിൽ പരിക്കേറ്റ ഒരാളെ ആ രാഷ്ട്രീയപാർട്ടിക്കു സംരക്ഷിക്കാനോ ഉയർത്തിക്കാട്ടാനോ ശ്രമിക്കാം. അവർക്കു തിരഞ്ഞെടുപ്പുകളിൽ സീറ്റുകൾ നൽകാം.

ജനം പരാജയപ്പെടുത്തുകയാണെങ്കിൽ (അത് ഇദ്ദേഹത്തിന്റെ കാര്യത്തിൽ രണ്ടുവട്ടം സംഭവിച്ചിട്ടുണ്ടത്രെ) മറ്റ് അവസരങ്ങൾ ഭരണകക്ഷികൾക്കു ലഭ്യമാണ്. രാജ്യസഭയിലേക്കു തന്നെ മത്സരിപ്പിച്ച് അംഗമാക്കാം. നിയമസഭകളിലെ ഭൂരിപക്ഷമനുസരിച്ച് അതു സാധ്യമാണ്. ഫലത്തിൽ അതും ജനഹിതത്തെ മറികടക്കുന്ന മാർഗമാണെങ്കിലും നിയമസഭകളിലേക്കു നേടിയ ജനാധിപത്യജയങ്ങളെ അടിസ്ഥാനമാക്കി തങ്ങൾക്കിഷ്ടമുള്ളവരെ രാജ്യസഭയിലേക്കെത്തിക്കാൻ ഈ വഴി രാഷ്ട്രീയകക്ഷികൾ പലപ്പോഴും ഉപയോഗിക്കാറുണ്ട്. അതിപ്പോൾ ഒരു നാട്ടുനടപ്പുപോലെയായിരിക്കുന്നു. ഇപ്പോൾ അരങ്ങേറിയ രീതി ഏറെതാമസിയാതെ നാട്ടുനടപ്പാകുകയും ചെയ്തേക്കാം..! കണ്ണൂരിലെ അക്രമരാഷ്ട്രീയത്തിന്റെ ഭാഗമായി രണ്ടു കാലുകളും നഷ്ടപ്പെട്ട ഒരാളാണ് എറ്റവും ഒടുവിൽ രാജ്യസഭയിലെത്തിയിരിക്കുന്ന വ്യക്തി. കണ്ണൂർ ജില്ലയിൽ അഞ്ച് വർഷത്തിന്റെ ഇടവേളയിൽ സി.പി.എമ്മിലെ സുധീഷും, സദാനന്ദനും അക്രമരാഷ്ട്രീയത്തിന്റെ ഇരകളാണ്. ഈ രണ്ട് നേതാക്കളും എതിർപാർട്ടിക്കാരുടെ അക്രമത്തിന് ഇരയായത്.

1994 ജനുവരി 25ന്, അന്ന് ആർ.എസ്.എസിന്റെ ജില്ലാ സഹകാര്യവാഹ് ആയിരുന്ന സദാനന്ദന് സി.പി.എം പ്രവർത്തകരുടെ വെട്ടേറ്റാണ് ഇരുകാലുകളും നഷ്ടപ്പെട്ടത്. ആർ.എസ്.എസ് ജില്ലാ സഹകാര്യവാഹകയായിരുന്ന സമയത്താണ് യുവാവായ സദാനന്ദൻ രാഷ്ട്രീയ അക്രമത്തിനിരയാകുന്നത്.


1994 ജനുവരി 25 രാത്രി 8.20 സദാനന്ദന്റെ വീടിന് സമീപത്ത് വച്ചായിരുന്നു ആക്രമണം. രണ്ട് കാലുകളിലും വെട്ടേറ്റ് വീണ അദ്ദേഹത്തെ ആംബുലൻസിൽ ആശുപത്രിയിൽ എത്തിച്ചെങ്കിലും കാലുകൾ മുറിച്ചുമാറ്റേണ്ടിവന്നു. സംഭവം നടക്കുമ്പോൾ മുപ്പത് വയസ്സായിരുന്നു. ഇതിന് തിരിച്ചടിയായി 24 മണിക്കൂറിനകം നടത്തിയ അതിക്രമത്തിൽ അന്ന് എസ്.എഫ്.ഐ സംസ്ഥാന നേതാവും ജില്ലാപഞ്ചായത്തംഗവുമായിരുന്ന കെ.വി. സുധീഷിനെ വീട്ടിൽ കയറി വെട്ടിക്കൊലപ്പെടുത്തി.

പിന്നീട് ദിവസങ്ങളോളം കണ്ണൂർ സംഘർഷഭരിതമായി തുടർന്നു എന്നത് ചരിത്രം..! കേരളത്തിലെ അക്രമരാഷ്ട്രീയം ദേശീയതലത്തിൽ ചർച്ചാവിഷയമാക്കാനാണത്രെ ഈ നാമ നിർദേശം. അപ്പോൾ ഭരണഘടനയോ? ഭരണഘടനയുടെ എൺപതാം വകുപ്പ് വിഭാവനം ചെയ്ത ഉന്നതലക്ഷ്യങ്ങളോ?

നടനായ പൃഥ്വിരാജ് കപൂറും ശാസ്ത്രജ്ഞനായ സത്യേന്ദ്രനാഥ് ബോസും നർത്തകിയായ രുഗ്മിണീദേവ് അരുൺഡേലും നിയമജ്ഞനായ അല്ലാടി കൃഷ്ണസ്വാമി അയ്യരും പോലെയുള്ളവരെ ഉൾപ്പെടുത്തി ആരംഭിക്കുകയും സാലിം അലിയും ഷബാനാ ആസ്മിയും എം.എഫ്. ഹുസൈനും പോലെയുള്ളവർ ഇടം പിടിക്കുകയും സച്ചിൻ ടെൻഡുൽക്കറും ഇളയരാജയും പോലെയുള്ളവർ എത്തിച്ചേരുകയും ചെയ്ത ഒരു പട്ടികയിലേക്കാണ് ഒരു സാധാരണ രാഷ്ട്രീയപ്രവർത്തകനെ നിയോഗിച്ചിരിക്കുന്നത്.

◗ *എമ എൽസ എൽവിൻ*

# ഓഗസ്റ്റ് രണ്ട് ലോകത്തെ ഇരുട്ടിലാക്കുമോ? ആ അപൂർവ്വ സൂര്യഗ്രഹണം എന്താണ്?



ഓഗസ്റ്റ് രണ്ടിന് ലോകം അപൂർവ്വ സൂര്യഗ്രഹണത്തിന് സാക്ഷ്യം വഹിക്കുമെന്ന പ്രചരണങ്ങൾ സോഷ്യൽ മീഡിയയിൽ ശക്തമാകുകയാണ്. ഈ ദിവസം പൂർണ്ണ സൂര്യഗ്രഹണം സംഭവിക്കാൻ പോകുന്നുവെന്നും ചില രാജ്യങ്ങൾ പകൽ മുഴുവൻ ഇരുട്ടിലാകും എന്ന തരത്തിലുമാണ് പ്രചരണം. എന്നാൽ ഇത് തികച്ചും തെറ്റായ പ്രചരണമാണെന്ന് ശാസ്ത്രജ്ഞർ തന്നെ വ്യക്തമാക്കുന്നത്. ഈ വർഷം ഓഗസ്റ്റ് രണ്ടിന് പൂർണ്ണമായോ ഭാഗികമായോ സൂര്യഗ്രഹണം ഉണ്ടാകില്ലെന്ന് നാസയും മറ്റ് നിരീക്ഷണാലയങ്ങളും വ്യക്തമാക്കുന്നു.

യഥാർത്ഥത്തിൽ 2027 ഓഗസ്റ്റ് രണ്ടിന് പൂർണ്ണ സൂര്യഗ്രഹണം സംഭവിക്കാൻ പോകുന്നുണ്ട്. ഇതാണ് ഈ വർഷം സൂര്യഗ്രഹണം എന്ന രീതിയിൽ പ്രചരിക്കുന്നത്. 'ഗ്രേറ്റ് നോർത്ത് ആഫ്രിക്കൻ എക്ലിപ്സ്' എന്ന് വിളിക്കപ്പെടുന്ന 2027 ൽ വരാനിരിക്കുന്ന ഈ സമ്പൂർണ സൂര്യഗ്രഹണം ഏകദേശം ആറ് മിനിറ്റ് നീണ്ടുനിൽക്കുമെന്നാണ് ശാസ്ത്ര ലോകം പറയുന്നത്. യൂറോപ്പ്, ആഫ്രിക്ക, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലാണ് ഈ ഗ്രഹണം ദൃശ്യമാകുക. മൊറോക്കോ, ഈജിപ്ത്, സൗദി അറേബ്യ എന്നിവിടങ്ങളിൽ ഉച്ചനേരത്ത് തന്നെ സമ്പൂർണ അന്ധകാരം അനുഭവപ്പെടുമെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇന്ത്യയിൽ സമ്പൂർണ ഗ്രഹണം ദൃശ്യമല്ലെങ്കിലും, ആ സമയത്ത് ഭാഗിക സൂര്യഗ്രഹണം ദൃശ്യമാകും.

അന്തരീക്ഷ ഗവേഷണത്തിന്റെ കാര്യത്തിൽ സമ്പൂർണ സൂര്യഗ്രഹണത്തിന് വലിയ പ്രാധാന്യമുണ്ട്. സൂര്യനിൽ നിന്ന് പുറപ്പെടുന്ന കോസ്മിക് ഊർജം പഠിക്കാൻ ഗ്രഹണ സമയം സഹായകമാണെന്നാണ് ഗവേഷകർ പറയുന്നത്. സാധാരണ ദിവസങ്ങളെ അപേക്ഷിച്ച് ഗ്രഹണ സമയത്ത് പുറപ്പെടുന്ന ഊർജം പഠിക്കുന്നത് താരതമ്യേന എളുപ്പമാണെന്നും അവർ കരുതുന്നു. സൂര്യഗ്രഹണം അതിശയകരമായ ഒരു പ്രതിഭാസമാണ്. പകലിനെ രാത്രിയാക്കി മാറ്റുന്ന ഈ സംഭവം, കുറച്ച് നിമിഷങ്ങളോളം ലോകം ഇരുട്ടിലായത് പോലെ തോന്നിപ്പിക്കും. അതായത് ചന്ദ്രൻ സൂര്യനെ പൂർണമായി മറയ്ക്കുമ്പോൾ, പകൽ സമയത്ത് ഇരുട്ട് പരക്കുന്നു.

ചന്ദ്രൻ ഭൂമിക്കും സൂര്യനും ഇടയിൽ വന്ന് സൂര്യന്റെ ഉപരിതലത്തിൽ തന്റെ നിഴൽ വീഴ്ത്തുമ്പോഴാണ് ഈ പ്രതിഭാസംസംഭവിക്കുന്നത്.ഇതിനാൽ ഭൂമിയിൽ നിന്ന് നോക്കുമ്പോൾ സൂര്യൻ ചന്ദ്രന്റെ നിഴലിൽ ദൃശ്യമാകും. പലർക്കും ജീവിതത്തിൽ ആദ്യമായി കാണുന്ന ഏറ്റവും ദൈർഘ്യമേറിയ സമ്പൂർണ സൂര്യഗ്രഹണമായിരിക്കും ഇത്. ഇത്രയും ദൈർഘ്യമേറിയ മറ്റൊരു സമ്പൂർണ സൂര്യഗ്രഹണം 2114ൽ മാത്രമേ സംഭവിക്കാനിടയുള്ളൂ എന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

ഗ്രഹണം അറ്റ്ലാന്റിക് മഹാസമുദ്രത്തിൽ ആരംഭിച്ച്, ദക്ഷിണ സ്പെയിനിലൂടെയും ജിബ്രാൾട്ടറിലൂടെയും വടക്കേ ആഫ്രിക്കയിലേക്ക് നീങ്ങും. മൊറോക്കോ, അൾജീരിയ, ടുണീഷ്യ, ലിബിയ, ഈജിപ്റ്റ് എന്നീ രാജ്യങ്ങളെ ഉൾക്കൊള്ളുന്ന ഈ ഗ്രഹണ പാത, തുടർന്ന് ചെങ്കടൽ വഴി സൗദി അറേബ്യ, യമൻ, സൊമാലിയയിലെ ചില പ്രദേശങ്ങളിലേക്ക്നീങ്ങും.ഈജിപ്തിലെലക്സറിൽ ആറ് മിനിറ്റോളം സമ്പൂർണ ഗ്രഹണം ദൃശ്യമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

ഇന്ത്യയിൽഈഗ്രഹണംസമ്പൂർണമായി ദൃശ്യമാകില്ല. ഡൽഹി, മുംബൈ, ചെന്നൈ, കൊൽക്കത്ത തുടങ്ങിയ നഗരങ്ങളിൽ ഭാഗിക ഗ്രഹണം മാത്രമേ ദൃശ്യമാകൂ. ഇന്ത്യയിൽ വൈകുന്നേരം 4:30ന് ഗ്രഹണം ആരംഭിക്കുകയും സൂര്യാസ്തമനംവരെതുടരുകയുംചെയ്യും. അത്ഭുതകരമായ പ്രകൃതി പ്രതിഭാസം ലോകമെമ്പാടുമുള്ള ആളുകളെ ആകർഷിക്കുന്ന ഒരു അനുഭവമായിരിക്കും. പ്രത്യേകിച്ച് ശാസ്ത്രജ്ഞർക്കും ആകാശനിരീക്ഷകർക്കും ഇത് ചരിത്രത്തിൽ ഇടംനേടുന്ന ഒരു സംഭവമായും മാറും.




# റെക്കോർഡുകളുടെ തോഴൻ! 131 വർഷം പഴക്കമുള്ള റെക്കോഡ് തകർത്ത് രവീന്ദ്ര ജഡേജ

ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയിൽ ഇന്ത്യൻ സൂപ്പർ താരം രവീന്ദ്ര ജഡേജ മികച്ച ഫോമിലാണ്. മാഞ്ചസ്റ്ററിൽ നടന്ന നാലാം ടെസ്റ്റിന്റെ രണ്ടാം ഇന്നിംഗ്സിൽ ജഡേജ നേടിയ മികച്ച സെഞ്ച്വറി ഇന്ത്യൻ ആരാധകർ പെട്ടെന്ന് മറക്കില്ല. ഈ മത്സരത്തിൽ, ഇംഗ്ലണ്ടിന്റെ ആദ്യ ഇന്നിംഗ്സിൽ ജഡേജ നാല് വിക്കറ്റുകളും വീഴ്ത്തിയിരുന്നു. സാക്ക് ക്രാളി, ജോ റൂട്ട്, ബെൻ സ്റ്റോക്സ്, ബ്രൈഡൺ കാർസ് എന്നിവരുടെ വിക്കറ്റുകൾ ജഡേജ വീഴ്ത്തി. ഈ പ്രകടനം ജഡേജയ്ക്ക് ചില അത്ഭുതകരമായ റെക്കോർഡുകളും നേടിക്കൊടുത്തു.ഇംഗ്ലണ്ടിന് എതിരെ ഒരേ ടെസ്റ്റിൽ സെഞ്ചുറിയും നാല് വിക്കറ്റും നേടുന്ന ഏറ്റവും പ്രായം കൂടിയ താരമെന്ന റെക്കോഡാണ് ജഡേജക്ക് സ്വന്തമായത്. മാഞ്ചസ്റ്ററിൽ ഈ നേട്ടം കൈവരിക്കുമ്പോൾ 36 വർഷവും 229 ദിവസവുമായിരുന്നു ജഡേജയുടെ പ്രായം. 131 വർഷങ്ങൾക്ക് മുൻപ് ഓസ്ട്രേലിയയുടെ ജോർജ് ഗിഫൺ സ്ഥാപിച്ച റെക്കോഡാണ് ഇപ്പോൾ ജഡേജ തകർത്തിരിക്കുന്നത്. അന്ന് ഈ നേട്ടം സ്വന്തമാക്കുമ്പോൾ 35 വർഷവും 269 ദിവസങ്ങളുമായിരുന്നു അദ്ദേഹത്തിന്റെ പ്രായം. തന്റെ 36-ാം ജന്മദിനത്തിന് ശേഷം ഈ അപൂർവ ഡബിൾ നേടുന്ന ആദ്യ താരവും രവീന്ദ്ര ജഡേജയാണ്.ഇംഗ്ലണ്ടിൽ നടക്കുന്ന ഒരു ടെസ്റ്റ് മത്സരത്തിൽ സെഞ്ചുറിയും നാല് വിക്കറ്റും നേടുന്ന പ്രായം കൂടിയ താരമെന്ന റെക്കോഡും ഇതിനൊപ്പം ജഡേജ സ്വന്തമാക്കി.1952 ൽ വിനു മങ്കാദ് സ്ഥാപിച്ച റെക്കോഡാണ് ജഡേജ മറികടന്നത്. വിദേശ മൈതാനത്ത് നടക്കുന്ന ഒരു ടെസ്റ്റ് മത്സരത്തിൽ സെഞ്ചുറിയും നാല് വിക്കറ്റുകളും നേടുന്ന പ്രായം കൂടിയ താരവും ജഡേജയാണ്. മുൻ ഇന്ത്യൻ താരം പോളി ഉമ്രിഗറിനെയാണ് ഈ നേട്ടത്തിൽ ജഡേജ പിന്നിലാക്കിയത്.

## ദക്ഷിണാഫ്രിക്കൻ പരമ്പരക്കുള്ള സ്ക്വാഡുകൾ പ്രഖ്യാപിച്ചു ഓസ്ട്രേലിയ

അടുത്ത മാസം ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഏകദിന, ടി20 പരമ്പരകൾക്കുള്ള ഓസ്ട്രേലിയൻ ടീമുകളെ പ്രഖ്യാപിച്ചു. വെസ്റ്റ് ഇൻഡീസിനെതിരായ ടി20 പരമ്പരയിൽ മികച്ച പ്രകടനം കാഴ്ചവച്ച യുവതാരം മിച്ചൽ ഓവനെയും ഏകദിന ടീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതാണ് ശ്രദ്ധേയം. ബിഗ് ബാഷ് ലീഗിൽ ഹൊബാർട്ട് ഹറികെയിൻസിന്റെ ഓപ്പണറായ ഓവൻ, ഓസ്ട്രേലിയക്കായുള്ള അരങ്ങേറ്റ ടി20 മത്സരത്തിൽ തന്നെ അർധസെഞ്ചുറി നേടി തിളങ്ങിയ താരമാണ്. വെസ്റ്റിൻഡീസിന് എതിരായ ടി20 പരമ്പരയിൽ നാല് കളികളിൽ നിന്ന് 41.66 ബാറ്റിങ് ശരാശരിയിൽ 125 റൺസാണ് അദ്ദേഹം നേടിയത്. 192.31 സ്ട്രൈക്ക് റേറ്റിൽ ബാറ്റ് വീശിയ അദ്ദേഹം അഞ്ച് ഫോറുകളും 12 സിക്സറുകളും ഈ പരമ്പരയിൽ നേടി. ഈ പ്രകടനം തന്നെയാണ് ഇപ്പോൾ ഏകദിന ടീമിലേക്കും താരത്തിന് വിളി വരാൻ കാരണം.സീനിയർ താരങ്ങളായ




ട്രാവിസ് ഹെഡ്, ജോഷ് ഹേസൽവുഡ് എന്നിവർ ഏകദിന, ടി20 പരമ്പരകൾക്കുള്ള ടീമിലേക്ക് മടങ്ങിയെത്തി എന്നതാണ് ശ്രദ്ധേയം. മൂന്ന് ഏകദിന മത്സരങ്ങളും മൂന്ന് ടി20 മത്സരങ്ങളുമാണ് ഓസ്ട്രേലിയയും ദക്ഷിണാഫ്രിക്കയും തമ്മിൽ കളിക്കുക. ടി20 പരമ്പരയാണ് ആദ്യം. ഓഗസ്റ്റ് 10, 12, 14 തീയതികളിൽ ടി20 പോരാട്ടങ്ങൾ നടക്കും. ഓഗസ്റ്റ് 19, 22, 24 തീയതികളിലാണ് ഏകദിന പരമ്പരയിലെ മത്സരങ്ങൾ.

## ടി20 റാങ്കിങ്ങിൽ കുതിച്ച് അഭിഷേക് ശർമ, ട്രാവിസ് ഹെഡിന് സ്ഥാനചലനം



ടി20 റാങ്കിംഗിൽ ഒന്നാം സ്ഥാനത്തെത്തി ഇന്ത്യൻ ഓപ്പണർ അഭിഷേക് ശർമ. ടി20 റാങ്കിംഗിൽ ഒന്നാം സ്ഥാനത്തെത്തുന്ന മൂന്നാമത്തെ ഇന്ത്യൻ താരമാണ് അഭിഷേക് ശർമ.വിരാട് കോലിയും സൂര്യകുമാർ യാദവും മാത്രമാണ് അഭിഷേകിന് മുമ്പ് ടി20 റാങ്കിംഗിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഇന്ത്യൻ താരങ്ങൾ. ഒരു വർഷമായി ഒന്നാം സ്ഥാനത്ത് തുടർന്ന ഹെഡിനെയാണ് അഭിഷേക് പിന്തള്ളിയത്. വെസ്റ്റ് ഇൻഡീസിനെതിരായ ടി20 പരമ്പരയിൽ വിശ്രമം അനുവദിച്ച ഹെഡ് കളിച്ചിരുന്നില്ല. ഇതോടെയാണ് ഓസീസ് ഓപ്പണർക്ക് ഒന്നാം സ്ഥാനം നഷ്ടമായത്.കഴിഞ്ഞ വർഷം ടി20 ലോകകപ്പിനുശേഷമാണ് സൂര്യകുമാർ യാദവിനെ പിന്തള്ളി ട്രാവിസ് ഹെഡ് ഒന്നാം സ്ഥാനത്ത് എത്തിയത്. ഒന്നാം സ്ഥാനത്തുള്ള അഭിഷേകിന് 829 റേറ്റിംഗ് പോയന്റുള്ളപ്പോൾ ഹെഡിന് 814 റേറ്റിംഗ് പോയന്റാണുള്ളത്. 804 റേറ്റിംഗ് പോയന്റുമായി തിലക് വർമയാണ് മൂന്നാം സ്ഥാനത്ത്.

## 'സിറ്റി മാനേജ്മെന്റിന്റെ സമ്മർദം തളർത്തി'; പെപ് ഗ്വാർഡിയോള



മാഞ്ചസ്റ്റർ സിറ്റിയുമായുള്ള കരാർ അവസാനിച്ചാൽ ഫുട്ബോളിൽ നിന്ന് ഇടവേള എടുക്കുമെന്ന് കോച്ച് പെപ് ഗ്വാർഡിയോള വ്യക്തമാക്കി. സിറ്റി മാനേജ്മെന്റിന്റെ സമ്മർദങ്ങൾ തന്നെ തളർത്തിയെന്നും ഗ്വാർഡിയോള പറഞ്ഞു.പുതിയ സീസണുള്ള ഒരുക്കങ്ങൾക്കിടെയാണ് ഗ്വാർഡിയോളയുടെ ഞെട്ടിക്കുന്ന വെളിപ്പെടുത്തൽ. 2027ൽ മാഞ്ചസ്റ്റർ സിറ്റിയുമായുള്ള കരാർ പൂർത്തിയായാൽ ഫുട്ബോളിൽ നിന്ന് മാറിനിൽക്കും. ഇടവേള പതിനഞ്ചുവർഷം വരെ നീണ്ടുനിന്നേക്കാം. സിറ്റി മാനേജ്മെന്റിന്റെ സമ്മർദം തന്നെ തളർത്തി. മാനസികവും ശാരീരികവുമായി കരുത്ത് വീണ്ടെടുക്കാൻ ദീർഘ ഇടവേള ആവശ്യമാണെന്നും അൻപത്തിനാലുകാരനായ ഗ്വാർഡിയോള കൂട്ടിച്ചേർത്തു. 2016ൽ മാഞ്ചസ്റ്റർ സിറ്റിയിലേക്ക്. ആറ് പ്രീമിയർ ലീഗ് കിരീടവും ചാമ്പ്യൻസ് ലീഗ് കിരീടവും ഉൾപ്പടെ ഗ്വാർഡിയോള സിറ്റിയുടെ ഷെൽഫിൽ എത്തിച്ചത് പതിനെട്ട് പ്രധാന ട്രോഫികൾ. സിറ്റിയുടെ പരിശീലക സ്ഥാനം ഒഴിഞ്ഞ ശേഷം ഏതെങ്കിലും പ്രധാന ദേശീയ ടീമിന്റെ കോച്ചാവണമെന്ന് ഗ്വാർഡിയോള മുമ്പ് പറഞ്ഞിരുന്നു. ഈ തീരുമാനം മാറ്റിയാണ് ഫുട്ബോളിൽ നിന്ന് ഇടവേളയെടുക്കാൻ ഗ്വാർഡിയോള തീരുമാനിച്ചിരിക്കുന്നത്.

# ജോവോ ഫെലിക്സിനെ സ്വന്തമാക്കി അൽ നാസർ

ജോവോ ഫെലിക്സിനെ വൻതുകയ്ക്ക് സ്വന്തമാക്കി സൗദി പ്രോ ലീഗ് ക്ലബ്ബായ അൽ നാസർ. 260 ദശലക്ഷം അമേരിക്കൻ ഡോളറിനാണ് ഫെലിക്സിനെ അൽ നാസർ സ്വന്തമാക്കിയത്. 25 വയസ്സുകാരനായ ഫെലിക്സ് രണ്ട് വർഷത്തെക്കാണ് അൽ നാസറുമായി കരാർ ഒപ്പുവെച്ചിരിക്കുന്നത്. ഇംഗ്ലീഷ് പ്രീമിയർ ലീഗ് ക്ലബ്ബായ ചെൽസിയിൽ നിന്നാണ് ഫെലിക്സിന്റെ അൽ നാസറിലേക്കുള്ള വരവ്. താരം ഇനി ക്രിസ്റ്റ്യാനോ റൊണാൾഡോയ്ക്കൊപ്പം സൗദി ലീഗിൽ പന്ത് തട്ടും. അൽ നാസറിന് പുറമെ ഫെലിക്സിന്റെ പഴയ ക്ലബ്ബായ ബെൻഫിക്കയും താരത്തിനുവേണ്ടി രംഗത്തുണ്ടായിരുന്നു. അറ്റാക്കിങ് മിഡ്ഫീൽഡറായും, ഫോർവേഡായും കളിക്കുന്ന ഫെലിക്സ് 2025 ക്ലബ് ലോകകപ്പ് നേടിയ ചെൽസി ടീമിലും ഉൾപ്പെട്ടിരുന്നു. അന്ന് കോൾ പാൽമറിന്റെ ഇരട്ട ഗോളിന്റെയും, ജോവാ പെഡ്രോയുടെ ഗോളിന്റെയും കരുത്തിൽ പി എസ് ജി യെ തകർത്ത് കിരീടത്തിൽ മുത്തമിട്ടിരുന്നു.



## 'ഏഷ്യ കപ്പിൽ ഇന്ത്യ കളിക്കണം, ഇല്ലെങ്കിൽ പാക്കിസ്ഥാന് അത് ഗുണം ചെയ്യും'; കായിക മന്ത്രാലയം

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ലീഗ് ഘട്ട മത്സരം സെപ്റ്റംബർ 14 ന് നടക്കാനിരിക്കെ, ഏഷ്യാ കപ്പ് ക്രിക്കറ്റ് മത്സരത്തിൽ പാകിസ്ഥാനെ ബഹിഷ്കരിക്കുന്നത് അവരെ എതിർപ്പില്ലാതെ ജയിക്കാൻ അനുവദിക്കുമെന്ന് സർക്കാർ വൃത്തങ്ങൾ. പൊതുജനവികാരത്തോട് ബിസിസിഐ എങ്ങനെ പ്രതികരിക്കുമെന്ന് കാത്തിരുന്ന് കാണാമെന്ന് കായിക മന്ത്രാലയ വൃത്തങ്ങൾ പിടിഐയോട് പറഞ്ഞു. നിലവിൽ, ദേശീയ കായിക ഭരണ ബിൽ പാസാക്കാൻ ബാക്കിയുള്ളതിനാൽ ബിസിസിഐ കായിക മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്നില്ല. അതിനാൽ, ഈ വിഷയത്തിൽ മന്ത്രാലയത്തിന് ഇടപെടാനാവില്ലെന്നും വ്യക്തമാക്കി.'ഇത് ഒരു ദ്വിരാഷ്ട്ര പരമ്പരയല്ല. ഇന്ത്യ ഇത്തരം ബഹുരാഷ്ട്ര ടൂർണമെന്റുകളിൽ കളിക്കാൻ വിസമ്മതിച്ചാൽ അത് പാകിസ്ഥാന് ഗുണം ചെയ്യും; അത് അവർക്ക് വാക്കോവർ നൽകുന്നതിന് തുല്യമായിരിക്കും,' സർക്കാർ വൃത്തങ്ങൾ പറഞ്ഞു.'ഒളിമ്പിക്സ് സമയത്ത്, ഒരു പാകിസ്ഥാൻ ടീമോ അത്‌ലറ്റോ ഇന്ത്യയ്ക്കെതിരെ കളിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ, ഇന്ത്യ എന്തുകൊണ്ട് മത്സരിക്കാതെ പാകിസ്ഥാനെ ജയിക്കാൻ അനുവദിക്കണം? ഇന്ത്യ കളിച്ച് പാകിസ്ഥാനെ പരാജയപ്പെടുത്തണം,' അവർ കൂട്ടിച്ചേർത്തു.ഇന്ത്യ-പാക് മൽസരത്തിനെതിരെ സമൂഹമാധ്യമങ്ങളിൽ പൊജുജന രോഷം ശക്തമാണ്.

## ലെജൻഡ്സ് ക്രിക്കറ്റ് സ്പോൺഷർഷിപ്പിൽ നിന്നും പിൻവാങ്ങി ഈസ് മൈ ട്രിപ്പ്


ലെജൻഡ്സ് ക്രിക്കറ്റിൽ ഇന്ത്യയും പാകിസ്താനും സെമിഫൈനലിൽ മുഖാമുഖമെത്തിയതോടെ സ്പോൺഷർഷിപ്പിൽ നിന്നും പിൻവാങ്ങി ഇന്ത്യൻ കമ്പനി. ടൂർണമെന്റിന്റെ ലീഗ് മത്സരങ്ങൾ പൂർത്തിയായി, സെമി ഫൈനൽ ചിത്രം തെളിഞ്ഞതിനു പിന്നാലെയാണ് ചാമ്പ്യൻഷിപ്പിന്റെ പ്രധാന സ് പോൺസർമാരായ 'ഈസ് മൈ ട്രിപ്പ്' പിൻമാറ്റം പ്രഖ്യാപിച്ചത്. നേരത്തെ ലീഗ് റൗണ്ടിൽ പാകിസ്താനെതിരെ കളിക്കില്ലെന്ന് പ്രഖ്യാപിച്ച് ഇന്ത്യൻ ടീം അംഗങ്ങൾ മത്സരത്തിൽ നിന്നും പിന്മാറിയിരുന്നു. വ്യാഴാഴ്ചത്തെ മത്സരത്തിൽ ഇന്ത്യ കളിക്കുമോയെന്ന് ഇനിയും വ്യക്തമല്ല.

## ബുമ്രക്ക് വിശ്രമം അനുദിക്കണമെന്ന് ബിസിസിഐ മെഡിക്കൽ ബോർഡ്; ഓവൽ ടെസ്റ്റിൽ കളിക്കില്ല



ഓവലിൽ ഇംഗ്ലണ്ടിനെതിരെ നടക്കുന്ന അഞ്ചാമത്തെയും അവസാനത്തെയും ടെസ്റ്റിൽ മുൻനിര ഫാസ്റ്റ് ജസ്പ്രീത് ബുമ്ര കളിക്കില്ല. ബുമ്രയ്ക്ക് വിശ്രമം നൽകണമെന്ന് ബിസിസിഐ മെഡിക്കൽ സംഘം ടീം മാനേജാമെന്റിന് നിർദേശം നൽകി. ബുമ്രയ്ക്ക് പകരം പരിക്കിൽ നിന്ന് മോചിതനായ ആകാശ് ദീപ് ഇന്ത്യൻ ഇലവനിൽ ഇടം നേടും.പരമ്പര ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഇന്ത്യൻ ടീം മാനേജ്മെന്റ് അഞ്ച് ടെസ്റ്റുകളിൽ മൂന്നെണ്ണത്തിന് മാത്രമേ ബുമ്രയുടെ സേവനം ലഭ്യമാകൂ എന്ന് പ്രഖ്യാപിച്ചിരുന്നു. പരിധിയിൽ കൂടുതൽ ബൗൾ ചെയ്യേണ്ടി വരുന്നു എന്നതാണ് ബുമ്ര നേരിടുന്ന പ്രശ്നം. കഴിഞ്ഞ ഓസ്ട്രേലിയൻ പര്യടനത്തിനിടെ നടുവിന് വേദന പിടിപെട്ട ബുമ്രക്ക് പിന്നീട് വന്ന ടി-20 ലോകകപ്പിൽ കളിക്കാൻ സാധിച്ചിരുന്നില്ല. ഈ വർഷം ഇന്ത്യക്കായി ഏറ്റവുമധികം പന്തെറിഞ്ഞ പോസ് ബൗളറും ബുമ്രയാണ്. മാഞ്ചസ്റ്ററിൽ നടന്ന നാലാം ടെസ്റ്റിലും ബുമ്ര 33 ഓവർ ബൗൾ ചെയ്തിരുന്നു. ഇതൊക്കെയാണെങ്കിലും ഓവലിൽ ഇന്ത്യയെ പരമ്പര സമനിലയിലാക്കാൻ സഹായിക്കുന്നതിനായി ബുമ്ര കളിക്കുമെന്നായിരുന്നു ടീം ഇതുവരെ നൽകിയിരുന്ന വിവരം. ബിസിസിഐയുടെ മെഡിക്കൽ സംഘത്തിന്റെ നിർദേശത്തോടെ ഈ സാധ്യത പൂർണമായും അടഞ്ഞു. പരമ്പരയിലെ നിർണായക മത്സരത്തിൽ ജസ്പ്രീത് ബുംറയുടെ പങ്കാളിത്തം ബാറ്റിംഗ് പരിശീലകൻ സിതാൻഷു കൊട്ടക് തള്ളിക്കളഞ്ഞതിന് മണിക്കൂറുകൾക്ക് ശേഷമാണ് ഇത്. 'ബുംറ ഇപ്പോൾ തന്റെ ഭാരം അനുസരിച്ച് ഫിറ്റ്നസാണ്. കഴിഞ്ഞ മത്സരത്തിൽ അദ്ദേഹം ഒരു ഇന്നിംഗ്സ് ബൗൾ ചെയ്തിട്ടുണ്ട്. അതിനാൽ വ്യക്തമായും ഹെഡ് കോച്ചും, ഫിസിയോയും, ക്യാപ്റ്റനും ചർച്ച ചെയ്ത് തീരുമാനമെടുക്കും. ഒരു ചർച്ചയും നടന്നിട്ടില്ല,' കൊട്ടക് മത്സരത്തിന് രണ്ട് ദിവസം മുമ്പ് പറഞ്ഞു. ഓവൽ ടെസ്റ്റിൽ മുഹമ്മദ് സിറാജാകും ഇന്ത്യയുടെ പേസ് ബൗളിംഗിനെ നയിക്കുക.

# കരൾ കാൻസർ തടയാൻ വാക്സിനുകൾ ഫലപ്രദമാണോ?



കാൻസർ പ്രതിരോധത്തിൽ വാക്സിനുകളെക്കുറിച്ച് ചിന്തിക്കുന്നവർ കുറവായിരിക്കും. എന്നാൽ കരൾ കാൻസറിന്റെ കാര്യത്തിൽ, അവ മിക്കവാറും സൂപ്പർ ഹീറോകളാണ്. കരൾ കാൻസർ, പ്രത്യേകിച്ച് ഹെപ്പറ്റോസെല്ലുലാർ കാർസിനോമ (HCC) എന്നറിയപ്പെടുന്ന ഏറ്റവും സാധാരണമായ തരം, പലപ്പോഴും കരൾ കോശങ്ങൾക്ക് ദീർഘകാലമായി ഉണ്ടാകുന്ന പരിക്കുകളോടെയാണ് ആരംഭിക്കുന്നത്.

ഹെപ്പറ്റൈറ്റിസ് ബി വൈറസ് (HBV), ഹെപ്പറ്റൈറ്റിസ് സി വൈറസ് (HCV). ഈ വൈറസുകളുമായുള്ള ദീർഘകാല അണുബാധകൾ നിങ്ങളുടെ കരളിനെ വർഷങ്ങളോളം വീർപ്പിക്കുകയും, സിറോസിസ് ഉണ്ടാകുന്നതിനും ചിലപ്പോൾ കാൻസറിനും വഴിയൊരുക്കുകയും ചെയ്യുന്നു.

### വാക്സിൻ ഫലപ്രദമാണോ?

ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ സുരക്ഷിതവും ഫലപ്രദവുമാണ്, 1980കൾ മുതൽ നിലവിലുണ്ട്. 'കാൻസർ പ്രതിരോധശേഷി' എന്ന് ലേബൽ ചെയ്ത ആദ്യത്തെ വാക്സിനാണ് ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ. നവജാതശിശുക്കൾക്ക് സാർവത്രിക ഹെപ്പറ്റൈറ്റിസ് ബി വാക്സിനേഷൻ നടപ്പിലാക്കിയതിനുശേഷം, യുവാക്കളിൽ കരൾ കാൻസർ നിരക്ക് കുത്തനെ കുറഞ്ഞുവെന്ന് അടുത്തിടെ തായ്‌വാനിൽ നിന്നുള്ള ഒരു പഠനം കാണിച്ചിരുന്നു. വാക്സിൻ എടുക്കാത്തവരെ അപേക്ഷിച്ച് വാക്സിൻ എടുക്കുന്ന കുട്ടികൾക്ക് കരൾ കാൻസർ വളരെ കുറവാണ്.

ഒരിക്കൽ വാക്സിനേഷൻ എടുത്താൽ, നിങ്ങൾക്ക് പൊതുവെ ജീവിതകാലം മുഴുവൻ സംരക്ഷണം ലഭിക്കും, ഇത് അപകടസാധ്യത കുറയ്ക്കുന്നതിനുള്ള ഏറ്റവും എളുപ്പമുള്ള മാർഗങ്ങളിലൊന്നായി മാറുന്നു. ലോകമെമ്പാടുമുള്ള കരൾ കാൻസറിന്റെ ഒരു പ്രധാന കാരണമായ ഹെപ്പറ്റൈറ്റിസ് ബി വൈറസ് (HBV) അണുബാധ തടയുന്നതിലൂടെ, ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ദീർഘകാലാടിസ്ഥാനത്തിൽ കരൾ കാൻസറിനെ തടയാൻ സഹായിക്കുന്നു.


വിട്ടുമാറാത്ത HBV അണുബാധ കരളിന്റെ ദീർഘകാല വീക്കത്തിലേക്ക് നയിച്ചേക്കാം, ഇത് വർഷങ്ങളായി സിറോസിസ് (ഏറ്റവും സാധാരണമായ തരം കരൾ കാൻസറിലേക്ക്) പുരോഗമിക്കും.

### വാക്സിൻ എങ്ങനെ പ്രവർത്തിക്കും?

എച്ച്ബിവിക്കെതിരെ ആന്റിബോഡികൾ ഉത്പാദിപ്പിക്കാൻ വാക്സിൻ നിങ്ങളുടെ രോഗപ്രതിരോധ സംവിധാനത്തെ പരിശീലിപ്പിക്കുന്നു. അതിനാൽ നിങ്ങൾക്ക് എപ്പോഴെങ്കിലും വൈറസ് നേരിടേണ്ടി വന്നാൽ, അത് ദോഷം വരുത്തുന്നതിന് മുമ്പ് നിങ്ങളുടെ ശരീരം അതിനെ ചെറുക്കുന്നു.

എച്ച്ബിവി അണുബാധയെ നേരത്തെ തടയുന്നതിലൂടെ, കരൾ വീക്കം, കാൻസറിലേക്ക് നയിച്ചേക്കാവുന്ന ശൃംഖലയെ വാക്സിൻ മുറിച്ചുമാറ്റുന്നു.

## കോവിഡും ലോക്ക്ഡൗണും തലച്ചോറിനെ 5.5 മടങ്ങ് വേഗത്തിൽ പ്രായമാക്കിയെന്ന് ഗവേഷകർ



കോവിഡ് ബാധിച്ചാലും ഇല്ലെങ്കിലും മഹാമാരി അനുഭവം തലച്ചോറിനെ വേഗത്തിൽ വാർദ്ധക്യത്തിലേക്ക് നയിച്ചുവെന്ന് പഠന റിപ്പോർട്ട്. വൈറസ് മാത്രമല്ല,ലോക്ക്ഡൗണിന്റെ സമ്മർദ്ദം, ഒറ്റപ്പെടൽ അടക്കം വിവിധ ഘടകങ്ങൾ തലച്ചോറിന്റെ ആരോഗ്യത്തെ ബാധിച്ചു എന്നാണ് ഇത് കാണിക്കുന്നതെന്നും നേച്ചർ മാഗസിനിൽ പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ടിൽ പറയുന്നു.

പാൻഡെമിക്കിന് മുമ്പ് പഠിച്ചവരുടെ തലച്ചോറുകളെ അപേക്ഷിച്ച് പാൻഡെമിക് കാലഘട്ടത്തിലെ തലച്ചോറുകൾ ഏകദേശം 5.5 മാസം വേഗത്തിൽ പ്രായമാകുമെന്ന് സ്കാനുകൾ കാണിച്ചു. പുരുഷന്മാരിലും, പ്രായമായവരിലും, കൂടുതൽ ദുർബലമായ ആരോഗ്യം, താഴ്ന്ന വിദ്യാഭ്യാസ നിലവാരം, വരുമാനം എന്നിവയുള്ളവരിലും ഈ ആഘാതം കൂടുതലായി കാണപ്പെടുന്നു.

യുകെ ബയോബാങ്ക് (യുകെബിബി) പഠനത്തിൽ നിന്നുള്ള സീരിയൽ ന്യൂറോഇമേജിംഗ് ഡാറ്റയും പാൻഡെമിക്കിന് മുമ്പും ശേഷവുമുള്ള ശേഷവുമുള്ള ബ്രെയിൻ സ്കാനുകളും ഗവേഷകർ ഉപയോഗിച്ചാണ് ഈ കണ്ടെത്തലിൽ എത്തിയിരിക്കുന്നത്.

ദീർഘകാലാടിസ്ഥാനത്തിൽ തലച്ചോറിന്റെ ആരോഗ്യം നിരീക്ഷിക്കുന്നതിന്റെയും ആരോഗ്യകരമായ ജീവിതശൈലി ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും പ്രാധാന്യം ഈ പഠനം എടുത്തുകാണിക്കുന്നുവെന്ന് ഗുരുഗ്രാമിലെ പരാസ് ഹെൽത്തിലെ ന്യൂറോളജി ചെയർപേഴ്സൺ ഡോ. എം.വി. പത്മ ശ്രീവാസ്തവ പറയുന്നു.

കോവിഡ് മഹാമാരി കാലത്ത് ഒരിക്കലും രോഗം ബാധിച്ചിട്ടില്ലാത്ത ആളുകളിൽ പോലും തലച്ചോർ പ്രായമാകുന്നതിന്റെ വേഗം വർധിച്ചതായും പഠനം കണ്ടെത്തി. മാറ്റങ്ങൾ വൈറസ് കാരണമല്ല. മറിച്ച് എല്ലാവരും അനുഭവിച്ച സമ്മർദ്ദം, ഒറ്റപ്പെടൽ, ദൈനംദിന ജീവിതത്തിലെ തടസ്സങ്ങൾ എന്നിവ മൂലമാണ് ഉണ്ടായത്. നമ്മുടെ മാനസികവും വൈകാരികവുമായ അന്തരീക്ഷം തലച്ചോറിന്റെ ആരോഗ്യത്തെ എത്രത്തോളം ശക്തമായി ബാധിക്കുമെന്ന് ഇത് കാണിക്കുന്നു.

നിലവിലുള്ള ഗവേഷണങ്ങൾ സൂചിപ്പിക്കുന്നത് സമ്മർദ്ദം നിയന്ത്രിക്കൽ, സാമൂഹിക ബന്ധം നിലനിർത്തൽ, പതിവ് ശാരീരിക പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, മനസ്സിനെ സജീവമായി നിലനിർത്തൽ എന്നിവ യുൾപ്പെടെ ആരോഗ്യകരമായ ഒരു ജീവിതശൈലി നിലനിർത്തുന്നത് മൊത്തത്തിലുള്ള തലച്ചോറിന്റെ ആരോഗ്യത്തിന് ഗുണം ചെയ്യുമെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

## ലക്ഷണങ്ങൾ കണ്ടുതുടങ്ങിയാലും ഡിമെൻഷ്യ രോഗനിർണയം നടത്താൻ 3.5 വർഷമെടുക്കുമെന്ന് പഠനം



ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടും ഡിമെൻഷ്യ ബാധിച്ചവരിൽ രോഗനിർണയം നടത്താൻ ശരാശരി 3.5 വർഷമെടുക്കുമെന്ന് പുതിയ പഠനം.ഡിമെൻഷ്യയുടെ പ്രാരംഭ ലക്ഷണങ്ങളിൽ ഓർമ്മക്കുറവ്, വാക്കുകൾ ഓർമിച്ചെടുക്കാനുള്ള ബുദ്ധിമുട്ട്, ആശയക്കുഴപ്പം, മാനസികാവസ്ഥയിലും പെരുമാറ്റത്തിലുമുള്ള മാറ്റങ്ങൾ എന്നിവ ഉൾപ്പെടാം.

ഇന്റർനാഷണൽ ജേണൽ ഓഫ് ജെറിയാട്രിക് സൈക്യാട്രിയിൽ പ്രസിദ്ധീകരിച്ച പഠനം, ചെറുപ്പത്തിൽ തന്നെ രോഗം ആരംഭിക്കുന്നതും ഫ്രണ്ടോടെംപോറൽ ഡിമെൻഷ്യ ഉണ്ടാകുന്നതും രോഗനിർണയത്തിന് കൂടുതൽ സമയമെടുക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കാണിക്കുന്നു.

ഡിമെൻഷ്യയുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗനിർണയം നടത്താൻ 4.1 വർഷം എടുത്തേക്കാം, ചില ഗ്രൂപ്പുകൾക്ക് കൂടുതൽ കാലതാമസം അനുഭവപ്പെടാനുള്ള സാധ്യത കൂടുതലാണ്. ഡിമെൻഷ്യയുടെ സമയബന്ധിതമായ രോഗനിർണയം ഒരു പ്രധാന ആഗോള വെല്ലുവിളിയായി തുടരുന്നു, സങ്കീർണ്ണമായ നിരവധി ഘടകങ്ങളാൽ ഇത് രൂപപ്പെടുന്നു, കൂടാതെ അത് മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ആരോഗ്യ സംരക്ഷണ തന്ത്രങ്ങൾ അടിയന്തിരമായി ആവശ്യമാണ്.

സമയബന്ധിതമായ രോഗനിർണയം ചികിത്സകളിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുകയും ചില ആളുകൾക്ക്, ലക്ഷണങ്ങൾ വഷളാകുന്നതിന് മുമ്പ് നേരിയ ഡിമെൻഷ്യയുമായി ജീവിക്കുന്ന സമയം വർദ്ധിപ്പിക്കുകയും ചെയ്യും, ലണ്ടൻ യൂണിവേഴ്സിറ്റി കോളേജിലെ (യുസിഎൽ) സൈക്യാട്രി വിഭാഗത്തിലെ ഡോ. വാസിലികി ഒർഗെറ്റ പറഞ്ഞു.

പഠനത്തിനായി, യൂറോപ്പ്, യുഎസ്, ഓസ്ട്രേലിയ, ചൈന എന്നിവിടങ്ങളിൽ മുമ്പ് പ്രസിദ്ധീകരിച്ച 13 പഠനങ്ങളിൽ നിന്നുള്ള ഡാറ്റ യുസിഎൽ ഗവേഷകർ അവലോകനം ചെയ്തു, 30,257 പങ്കാളികളുടെ ഡാറ്റ റിപ്പോർട്ട് ചെയ്തു. ലോകമെമ്പാടുമായി 57 ദശലക്ഷത്തിലധികം ആളുകളെ ബാധിക്കുന്ന ഒരു വളർന്നുവരുന്ന പൊതുജനാരോഗ്യ പ്രശ്നമാണ് ഡിമെൻഷ്യ. ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിൽ 50–65 ശതമാനം കേസുകൾ മാത്രമേ രോഗനിർണയം നടത്തുന്നുള്ളൂവെന്നും പല രാജ്യങ്ങളിലും ഇതിലും കുറഞ്ഞ രോഗനിർണയ നിരക്കുകളുണ്ടെന്നും പഠനങ്ങൾ കണക്കാക്കുന്നു.

## ഈ പ്രഭാതഭക്ഷണം കാൻസർ സാധ്യത കുറയ്ക്കും; യുഎസിലെ ഉന്നത ഡോക്ടർ പറയുന്നു!



നിങ്ങളുടെ ആരോഗ്യത്തിൽ ഭക്ഷണക്രമം നിർണായക പങ്ക് വഹിക്കുന്നു. ശരിയായ ഭക്ഷണക്രമം നിങ്ങളെ രോഗങ്ങളിൽ നിന്ന് പോലും സംരക്ഷിക്കും. കാൻസർ രോഗികളെ ചികിത്സിക്കുന്ന ന്യൂയോർക്ക് സിറ്റി ആസ്ഥാനമായുള്ള ബോർഡ്സർട്ടിഫൈഡ് ഇന്റേണൽ മെഡിസിൻ ഫിസിഷ്യനായ ഡോ. ടിം റ്റിയുട്ടൻ, കാൻസർ സാധ്യത കുറയ്ക്കാൻ കഴിയുന്ന പ്രഭാതഭക്ഷണത്തെക്കുറിച്ച് പറയുന്നത് ഒന്ന് വായിച്ചു നോക്കൂ..

തന്റെ പ്രിയപ്പെട്ട പ്രഭാതഭക്ഷണം യോഗേർട്ടും ബെറിയുമാണെന്നാണ് ഡോ. ടിം പറയുന്നത്. ഒരുപോലെ സമൃദ്ധവും ആരോഗ്യകരവുമായ ഈ പ്രഭാതഭക്ഷണത്തിന് കാൻസറിനുള്ള സാധ്യത കുറയ്ക്കാൻ കഴിയും.

ഇത് ലളിതവും ഉണ്ടാക്കാൻ എളുപ്പവുമാണ്, കൂടാതെ നിങ്ങളുടെ പതിവ് പ്രഭാതഭക്ഷണത്തേക്കാൾ രുചികരവുമാണ്. ഈ പ്രഭാതഭക്ഷണത്തിൽ മൂന്ന് ചേരുവകൾ മാത്രമേ ഉള്ളൂ ഗ്രീക്ക് യോഗേർട്ട്, ബെറി, ഗ്രാനോള.

ഗ്രീക്ക് യോഗേർട്ട് പ്രോട്ടീന്റെ മികച്ച ഉറവിടമാണ്. പേശികളെ ബലമാക്കാൻ ഗ്രീക്ക് യോഗേർട്ട് സഹായിക്കുന്നു. ഇതിലെ പ്രോബയോട്ടിക്കുകൾ കുടലിന്റെ ആരോഗ്യത്തിന് ഗുണം ചെയ്യും. തൈര് ആരോഗ്യകരമായ കുടൽ മൈക്രോബയോമിനെ പ്രോത്സാഹിപ്പിക്കും, കൂടാതെ ഇത് വീക്കം കുറയ്ക്കുന്നതിനും വൻകുടൽ കാൻസർ ഉൾപ്പെടെയുള്ള ചില അർബുദ സാധ്യത കുറയ്ക്കുന്നതിനും കാരണമാകുന്നു.

രണ്ടാമത്തെ ചേരുവയായ ബെറികൾ രുചിമുകുളങ്ങൾക്കും ആരോഗ്യത്തിനും ഒരുപോലെ അനുയോജ്യമാണ്. ബ്ലൂബെറി, സ്ട്രോബെറി, റാസ്ബെറി തുടങ്ങിയ ബെറികളിൽ ആന്തോസയാനിനുകൾ, വിറ്റാമിൻ സി തുടങ്ങിയ ആന്റിഓക്സിഡന്റുകൾ അടങ്ങിയിട്ടുണ്ട്. പ്രത്യേകിച്ച് ബ്ലൂബെറികൾ, വൻകുടൽ കാൻസറിനുള്ള സാധ്യത കുറയ്ക്കുകയും വൻകുടൽ കാൻസറിനെ തടയുകയും ചെയ്യുന്നു. ഇതിൽ ടെറോസ്റ്റിൽബീൻ എന്ന സംയുക്തം അടങ്ങിയിരിക്കുന്നു, ഇത് വൻകുടൽ കാൻസറിനെ തടയാൻ കഴിയുന്ന ശക്തമായ ആന്റിഓക്സിഡന്റാണ്.

പ്രാതൽ ധാന്യമായ ഗ്രാനോളയിൽ പലപ്പോഴും റോൾഡ് ഓട്സ്, നട്സ്, വിത്തുകൾ, തേൻ (അല്ലെങ്കിൽ ബ്രൗൺ ഷുഗർ പോലുള്ള മറ്റ് മധുരപലഹാരങ്ങൾ), ചിലപ്പോൾ പഫ്ഡ് റൈസ് എന്നിവയുടെ മിശ്രിതമുണ്ട്. ഗ്രാനോള രാവിലെ ഊർജ്ജം വർദ്ധിപ്പിക്കുകയും ചെയ്യും. കുറഞ്ഞ അളവിൽ പഞ്ചസാരയും, ഉയർന്ന പ്രോട്ടീനും, ഉയർന്ന നാരുകളും ഉള്ള ഗ്രാനോള തിരഞ്ഞെടുക്കാനാണ് ഡോ. ടിം നിർദ്ദേശിക്കുന്നത്.

# ഐഫോൺ ഉപയോക്താക്കളെ.. സേഫ് ആവണമെങ്കിൽ ഈ സെറ്റിംഗ്സ് ഓഫ് ആക്കൂ !

ഓരോ ആപ്പുകൾ ഫോണിൽ ഇൻസ്റ്റാൾ ചെയ്യുമ്പോഴും ഒരു കൂട്ടം പെർമിഷനുകൾ അഥവാ അനുമതികൾ ഈ ആപ്പുകൾ ചോദിച്ച് വാങ്ങാറുണ്ട്.

ആപ്പിൾ ഐഫോണിലെ ചില സെറ്റിങ്സ് പ്രയോജനപ്പെടത്തി ചില ആപ്പ് ഡെവലപ്പർമാർ നിങ്ങൾ സന്ദർശിക്കുന്ന വെബ്സൈറ്റ്, യാത്ര ചെയ്യുന്ന സ്ഥലം ഉൾപടെയുള്ള വിവരങ്ങൾ ശേഖരിക്കുന്നുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്രൊഫൈലുകൾ വിൽപനചരക്കാക്കുന്നു.

നിയമപരമായാണ് ഈ വിവരശേഖരണം നടക്കുന്നത്. കാരണം നിയമം നിർദേശിക്കുന്നതനുസരിച്ച് ഈ വിവരശേഖരണം ഉപഭോക്താവിന് വേണ്ടെന്ന് വെക്കാനുള്ള ഓപ്ഷനുകൾ നൽകിയാണ് ആപ്പുകൾ ഇത് ചെയ്യുന്നത്.

എന്നാൽ ആപ്പുകളുടെ ഈ രഹസ്യ നിരീക്ഷണം നിർത്തലാക്കുന്നതിനുള്ള സെറ്റിങ്സ് തങ്ങളുടെ ഫോണിലുണ്ടെന്ന് മിക്ക ഉപഭോക്താക്കൾക്കും അറിയില്ല. ആപ്പുകളുടെ നിരീക്ഷണം ഒഴിവാക്കുന്നതിനുള്ള ഓപ്ഷനുകളാണ് ഇവിടെ പരിചയപ്പെടുത്തുന്നത്.

### ആഡ് ട്രാക്കിങ്

ഓരോ ആപ്പുകളിലും ഉപഭോക്താക്കൾ എന്തെല്ലാം ചെയ്യുന്നുണ്ട് എന്ന് അതിന്റെ ഡെവലപ്പർമാർക്ക് അറിയാൻ സാധിക്കും എന്നതിൽ യാതൊരു സംശയവും വേണ്ട. എന്നാൽ അതിന് പുറമെ വെബ് സെർച്ച്, ലൊക്കേഷൻ ഉൾപ്പടെ ഉപഭോക്താക്കളുടെ ഫോൺ ഉപയോഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ അവർ ശേഖരിക്കുന്നുണ്ട്. ഈ വിവരങ്ങൾ മറ്റ് കമ്പനികളുമായി പങ്കുവെക്കുകയോ വിൽക്കുകയോ ചെയ്യുന്നുണ്ടാവാം.



ഐഫോണിൽ സെറ്റിങ്സ് തുറന്ന്, അതിൽ Privacy & Securtiy > യിൽ Tracking തിരഞ്ഞെടുക്കുക. ഇതിൽ ഫോണിലെ ആപ്പുകളുടെ പട്ടിക കാണാം. അതിൽ ഓരോന്നും തിരഞ്ഞെടുത്ത് ഓഫ് ചെയ്യാം.

### സിഗ്നിഫിക്കന്റ് ലൊക്കേഷൻ

നിങ്ങൾ സന്ദർശിക്കുന്ന ഇടങ്ങൾ ഏതെല്ലാമെന്ന വിവരം ഐഫോണിൽ ശേഖരിക്കപ്പെടുന്നുണ്ട്. നാവിഗേഷനും മാപ്പ് ശുപാർശകളും വേഗത്തിലാക്കുന്നതിന് വേണ്ടിയാണെന്നാണ് ഇതിൽ ആപ്പിളിന്റെ വിശദീകരണം.

ഇങ്ങനെ ശേഖരിക്കുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി മാപ്പിൽ ചില യാത്രാ നിർദേശങ്ങൾ ലഭിച്ചേക്കാം.

ഇത് ഒഴിവാക്കാൻ Settings-Privacy & Securtiy Location Services System Services-Significant Locations ഓപ്റ്റ് ഔട്ട് ചെയ്യുകയും നിലവിലെ ഡേറ്റ നീക്കം ചെയ്യുകയും ചെയ്യുക. ഇത് ചെയ്താൽ നിങ്ങൾക്ക് വരുന്ന നാവിഗേഷൻ നിർദേശങ്ങൾ നിങ്ങളുടെ വ്യക്തിഗത താത്പര്യങ്ങൾ അനുസരിച്ചുള്ളതാവില്ല.

### ലൊക്കേഷൻ ട്രാക്കിങ്

ജിപിഎസ് ബ്ലൂടൂത്ത്, വൈഫൈ ഹോട്ട്സ്പോട്ടുകൾ, സെല്ലുലാർ ടവർ ലൊക്കേഷൻ എന്നിവയെല്ലാം പ്രയോജനപ്പെടുത്തിയാണ് ഫോണിന്റെ ലൊക്കേഷൻ കണ്ടെത്തുന്നത്.

ആപ്പുകൾ ഉപയോഗിക്കുന്ന സമയത്തും ആപ്പിൾ ലൊക്കേഷൻ ശേഖരിക്കുന്നുണ്ട്.

ആപ്പ്സ്റ്റോർ, ആപ്പിൾ മ്യൂസിക്, ആപ്പിൾ ടിവി, ബുക്സ് ഉൾപ്പടെയുള്ള സ്റ്റോക്ക് ആപ്പുകൾ ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്.

നാവിഗേഷൻ ആപ്പുകൾക്ക് പ്രവർത്തിക്കാൻ നിങ്ങളുടെ ലൊക്കേഷൻ ആവശ്യമുണ്ടാവാം. ലൊക്കേഷൻ സെറ്റിങ്സ് മാറ്റേണ്ടത് ഇങ്ങനെ.

Settings > Privacy & Securtiy > Location Serviceലെ ഓരോ ആപ്പുകളുടേയും ലൊക്കേഷൻ പെർമിഷൻ ഓഫ് ചെയ്യാൻ ഇവിടെ സൗകര്യമുണ്ട്.

# ബ്രൗസിംഗ് രംഗത്ത് ഇനി മത്സരം മുറുകും! എഡ്ജ് ബ്രൗസറിൽ കോപൈലറ്റ് എഐ മോഡ്




വെബ് ബ്രൗസിംഗ് രംഗത്ത് കൃത്രിമ ബുദ്ധിക്കെതിരായ പോരാട്ടം ശക്തമാക്കുന്നതിനായി മൈക്രോസോഫ്റ്റ് എഡ്ജ് ബ്രൗസറിൽ എഐ അധിഷ്ഠിത 'കോ -പൈലറ്റ് മോഡ്' അവതരിപ്പിച്ചു.

ഉപയോക്താക്കളുടെ ബ്രൗസിംഗ് അനുഭവം മെച്ചപ്പെടുത്തുന്നതിനാണ് ഈ ഫീച്ചർ എഡ്ജിൽ അവതരിപ്പിച്ചിരിക്കുന്നതെന്ന് മൈക്രോസോഫ്റ്റ് വ്യക്തമാക്കി. ഗൂഗിൾ 'എഐ സെർച്ച് മോഡ്', പെർപ്ലെക്സിറ്റി 'കോമറ്റ് ബ്രൗസർ' എന്നിവ അടുത്തിടെ അവതരിപ്പിച്ചതിന് ശേഷമാണ് മൈക്രോസോഫ്റ്റിന്റെ ഈ നീക്കം.

മൈക്രോസോഫ്റ്റ് ഇപ്പോൾ എഡ്ജ് ബ്രൗസറിൽ പുതിയ കോ-പൈലറ്റ് മോഡ് കൊണ്ടുവന്നിരിക്കുകയാണ്. എഡ്ജിൽ വിഷയാടിസ്ഥാനത്തിൽ സെർച്ചുകൾ ഏകീകരിക്കുന്നതിനും ടാസ്ക്കുകൾ ചെയ്യാനും ഉപഭോക്താക്കളെ കോ-പൈലറ്റ് മോഡ് സഹായിക്കും.

ഓപ്പൺ ചെയ്തിരിക്കുന്ന എല്ലാ ടാബിലെയും സെർച്ച് ഫലങ്ങൾ യൂസർ ടാബുകൾ സ്വിച്ച് ചെയ്യാതെ തന്നെ താരതമ്യം ചെയ്യാനും കോ-പൈലറ്റ് മോഡിനാവുമെന്ന് മൈക്രോസോഫ്റ്റ് വ്യക്തമാക്കി. ഇതിന് മുമ്പ് ഓപ്പൺ എഐ 'സെർച്ച്ജിപിടി'യും (Search-GPT) ഗൂഗിൾ 'എഐ മോഡും' (AI Mode) അവതരിപ്പിച്ചിരുന്നു. ജെമിനി 2.5 ലാർജ് ലാംഗ്വേജ് മോഡലിന്റെ (LLM) ഒരു കസ്റ്റം പതിപ്പ് ഉപയോഗിച്ചാണ് ഗൂഗിളിന്റെ എഐ സെർച്ച് മോഡ് പ്രവർത്തിക്കുന്നത്. എഐ മോഡ് വഴിയുള്ള സെർച്ചിന് മൾട്ടിമോഡൽ പിന്തുണ ഗൂഗിൾ നൽകുന്നു. സെർച്ചിനായി വോയിസ് മോഡിലൂടെയോ, ടൈപ്പ് ചെയ്തോ, ഒരു ഫോട്ടോ അപ്ലോഡ് ചെയ്തോ നിങ്ങൾക്ക് എഐ മോഡ് ഗൂഗിളിൽ ഉപയോഗിക്കാം.

# വിൻഡോസിൽ ഇനി മുതൽ വാട്സ്ആപ്പില്ല; പകരം വെബ് റാപ്പർ സിസ്റ്റം എത്തുന്നു

കമ്പ്യൂട്ടറുകളിൽ വാട്ട്സ്ആപ്പ് ഉപയോഗിക്കാൻ നമ്മളിൽ മിക്കവരും വിൻഡോസിനെയാണ് ആശ്രയിക്കുന്നത്. ഇപ്പോഴിതാ വാട്ട്സ്ആപ്പ് വിൻഡോസ് പതിപ്പ് നിർത്തലാക്കാൻ പദ്ധതിയിടുന്നതായി റിപ്പോർട്ട്. പകരം, വെബ് ബ്രൗസറിനെ അടിസ്ഥാനമാക്കിയുള്ള ഒരു വെബ് റാപ്പർ സിസ്റ്റം വാട്ട്സ്ആപ്പ് അവതരിപ്പിക്കുമെന്നാണ്റപ്പോർട്ട്.മെറ്റയുടെ ഉടമസ്ഥതയിലുള്ള ഇൻസ്റ്റന്റ് മെസേജിംഗ് പ്ലാറ്റ്ഫോമായ വാട്ട്സ്ആപ്പ്, ആൻഡ്രോയിഡ്, ഐഒഎസ്, ഐപാഡോസ്, മാകോസ്, വെയർഒഎസ്, വിൻഡോസ് എന്നിവയുൾപ്പെടെ വിവിധ പ്ലാറ്റ്ഫോമുകൾക്കായി ഇതുവരെ പ്രത്യേക ആപ്ലിക്കേഷനുകൾ ഉപയോഗിച്ചിരുന്നു. ഒരു മാറ്റം വരുത്തുന്നതിനായി, മെറ്റ നേറ്റീവ് വിൻഡോസ് ആപ്പ് ഉപേക്ഷിച്ച് വാട്ട്സ്ആപ്പിനായി ഒരു വെബ് റാപ്പർ സിസ്റ്റത്തിലേക്ക് മാറുകയാണെന്ന് റിപ്പോർട്ട്. മൈക്രോസോഫ്റ്റ് സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യാൻ കഴിയുന്ന ആപ്പിന്റെ നിലവിലെ പതിപ്പിൽ നിന്ന് വളരെ വ്യത്യസ്തമായിരിക്കും ഈ പുതിയ വാട്ട്സ്ആപ്പ് വെബ് റാപ്പർ പതിപ്പ്. വാട്സ്ആപ്പ് ഇനിമുതൽ വെബ് റാപ്പർ സാങ്കേതികവിദ്യ ഉപയോഗിച്ചായിരിക്കും വിൻഡോസ് കമ്പ്യൂട്ടറുകളിൽ ലഭ്യമാവുക. ഒരു ആപ്ലിക്കേഷനായി പ്രവർത്തിക്കുന്നതിന് പകരം വാട്സ്ആപ്പ് വെബ് ബ്രൗസർ വഴി പ്രവർത്തിക്കുന്ന സംവിധാനമാണിത്. മൈക്രോസോഫ്റ്റ് എഡ്ജ് ബ്രൗസറിന്റെ വെബ്വ്യൂ2 സാങ്കേതികവിദ്യയുമായി ഇത് സംയോജിപ്പിക്കുമെന്നും റിപ്പോർട്ടുകളുണ്ടെങ്കിലും ഇതുവരെ സ്ഥിരീകരണമില്ല.



## ശക്തമാക്കാം നിങ്ങളുടെ ഓൺലൈൻ സുരക്ഷ: ഫേസ്ബുക്കിലും ഇൻസ്റ്റാഗ്രാമിലും ഹാക്കർമാരെ തടയാൻ അത്യാവശ്യമായി ചെയ്യേണ്ട കാര്യങ്ങൾ

ഡിജിറ്റൽ ലോകത്ത് നമ്മുടെ വ്യക്തിപരമായ വിവരങ്ങൾ സുരക്ഷിതമാക്കേണ്ടത് ഇന്നത്തെ കാലത്ത് അതീവ പ്രധാനമാണ്. ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പോലുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറിയപ്പോൾ, അവ ഹാക്കർമാരുടെ കണ്ണിൽപ്പെടാതെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഏറുകയാണ്. 2025 ജൂലൈ മാസത്തിലെ പുതിയ സുരക്ഷാ ക്രമീകരണങ്ങളും മെറ്റാ (Meta) പുറത്തിറക്കിയ ഏറ്റവും പുതിയ മാറ്റങ്ങളും ഓരോ ഉപയോക്താവുംഅറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

### എന്തുകൊണ്ട് സുരക്ഷയ്ക്ക് പ്രാധാന്യം നൽകണം?

ഹാക്കർമാർ നിരന്തരം പുതിയ വഴികൾ തേടുകയാണ് നിങ്ങളുടെ അക്കൗണ്ടുകൾ കൈക്കലാക്കാൻ. നിങ്ങളുടെ സ്വകാര്യ വിവരങ്ങൾ, ചിത്രങ്ങൾ, സന്ദേശങ്ങൾ എന്നിവ ദുരുപയോഗം ചെയ്യപ്പെടാം. സാമ്പത്തിക തട്ടിപ്പുകൾക്കും വ്യക്തിപരമായ മാനഹാനിക്കും ഇത് വഴി വെക്കാം.അതിനാൽ,നിങ്ങളുടെഅക്കൗണ്ടുകൾക്ക് ഒരു ഇരട്ട സംരക്ഷണം നൽകുന്നത് നിർബന്ധമാണ്.

### 2025 ജൂലൈയിലെ പ്രധാന സുരക്ഷാ അപ്ഡേറ്റുകളും നിർദ്ദേശങ്ങളും:

**1. ടുഫാക്ടർ ഓതന്റിക്കേഷൻ (Two-Factor Authentication - 2FA) നിർബന്ധമാക്കുക:** ഇതൊരു ഇരട്ട സംരക്ഷണ കവചമാണ്. നിങ്ങളുടെ പാസ്വേഡ് അറിഞ്ഞാൽ പോലും മറ്റൊരാൾക്ക് നിങ്ങളുടെ അക്കൗണ്ടിൽ പ്രവേശിക്കാൻ കഴിയില്ല. നിങ്ങളുടെ ഫോണിലേക്ക് വരുന്ന OTP (One Time Password) ഉപയോഗിച്ചോ Authenticator App (Google Authenticator, MicrosoftAuthenticator പോലുള്ളവ)ഉപയോഗിച്ചോഇത്സജ്ജീകരിക്കാം.

■ **ഫേസ്ബുക്കിൽ സജ്ജീകരിക്കാൻ:** Settings & Privacy > Settings > Securtiy and Login > Use two-factor authentication

■ **ഇൻസ്റ്റാഗ്രാമിൽ സജ്ജീകരിക്കാൻ:** Settings and privacy > Accounts Center > Password and securtiy > Two-factor authentication

**പുതിയ അപ്ഡേറ്റ്:** മൈക്രോസോഫ്റ്റ് ഓതന്റിക്കേറ്റർ ആപ്പിൽ 2025 ജൂലൈ മുതൽ ഓട്ടോഫിൽ ഫീച്ചറുകൾ നിർത്തലാക്കുമെന്നും ഓഗസ്റ്റ് മുതൽ പാസ്‌വേഡുകൾ ലഭ്യമാകില്ലെന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ, മറ്റ് Authenticator ആപ്പുകൾ ഉപയോഗിക്കുന്നത് കൂടുതൽ സുരക്ഷിതമായിരിക്കും.

**2. ശക്തമായ പാസ്‌വേഡുകൾ ഉപയോഗിക്കുക:** സാധാരണ പാസ്‌വേഡുകൾക്ക് പകരം, അക്ഷരങ്ങളും അക്കങ്ങളും ചിഹ്നങ്ങളും ചേർന്ന സങ്കീർണ്ണമായ പാസ്‌വേഡുകൾ ഉപയോഗിക്കുക. നിങ്ങളുടെ പേര്, ജനനത്തീയതി, ഫോൺ നമ്പർ എന്നിവ പാസ്‌വേഡായി ഉപയോഗിക്കുന്നത് പൂർണ്ണമായും ഒഴിവാക്കുക.ഓരോഅക്കൗണ്ടിനുംവ്യത്യസ്ത പാസ്‌വേഡുകൾ ഉപയോഗിക്കുന്നതാണ് ഏറ്റവും ഉത്തമം.

**3. അജ്ഞാത ലിങ്കുകളിൽ ക്ലിക്ക് ചെയ്യരുത്:** സോഷ്യൽ മീഡിയ വഴിയോ ഇമെയിൽ വഴിയോ വരുന്ന അജ്ഞാത ലിങ്കുകളിൽ ക്ലിക്ക് ചെയ്യുന്നത് ഹാക്കിംഗിന് എളുപ്പവഴിയൊരുക്കും. സൗജന്യ ഓഫറുകൾ, സമ്മാനങ്ങൾ, ആകർഷകമായ തലക്കെട്ടുകൾ എന്നിവ ഉപയോഗിച്ച് നിങ്ങളെ ആകർഷിക്കാൻ ഹാക്കർമാർ ശ്രമിക്കാം. ഇത്തരം ലിങ്കുകൾ തുറക്കുന്നതിന് മുൻപ് ഉറവിടം വിശ്വസനീയമാണോ എന്ന് പരിശോധിക്കുക.

**4. പ്രൈവസി സെറ്റിംഗ്സുകൾ ക്രമീകരിക്കുക:** നിങ്ങളുടെ പോസ്റ്റുകളും വിവരങ്ങളും ആർക്കൊക്കെ കാണാൻ കഴിയണം എന്ന് തീരുമാനിക്കുന്നത് നിങ്ങളുടെ പ്രൈവസി സെറ്റിംഗ്സുകളാണ്.

**ഫേസ്ബുക്കിൽ:** Settings & Privacy > Settings > Privacy എന്ന വിഭാഗത്തിൽ പോസ്റ്റുകൾ, ഫോട്ടോകൾ, വ്യക്തിഗത വിവരങ്ങൾ എന്നിവയുടെ കാണാനുള്ള അനുമതികൾ (Public, Friends, Only Me) ക്രമീകരിക്കുക.

**ഇൻസ്റ്റാഗ്രാമിൽ:** നിങ്ങളുടെ അക്കൗണ്ട് Private ആക്കുക വഴി, നിങ്ങളെ ഫോളോ ചെയ്യുന്നവർക്ക് മാത്രമേ നിങ്ങളുടെ പോസ്റ്റുകൾ കാണാൻ കഴിയൂ. Settings and privacy > Account privacy എന്നതിൽ Private Account ഓൺ ചെയ്യുക.

**5. ടെക്സ്റ്റ് സന്ദേശങ്ങളിലെ സുരക്ഷാ മുന്നറിയിപ്പുകൾ ശ്രദ്ധിക്കുക:** ഇൻസ്റ്റാഗ്രാമും ഫേസ്ബുക്കും നിങ്ങളുടെ അക്കൗണ്ടുമായി ബന്ധപ്പെട്ട സുരക്ഷാ അറിയിപ്പുകൾ ഇമെയിൽ വഴി അയക്കാറുണ്ട്. support.facebook.com, support.instagram.com, facebookmail.com, mail.instagram.com, global.metamail.com എന്നീ ഡൊമൈനുകളിൽ നിന്നുള്ള ഇമെയിലുകൾ മാത്രം വിശ്വസിക്കുക. സംശയകരമായ ഇമെയിലുകൾ റിപ്പോർട്ട് ചെയ്യുക.

**6. കണക്ട് ചെയ്ത ആപ്പുകൾ ശ്രദ്ധിക്കുക:** നിങ്ങളുടെ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം അക്കൗണ്ടുകളുമായി കണക്ട് ചെയ്തിട്ടുള്ള മൂന്നാം കക്ഷി ആപ്ലിക്കേഷനുകൾക്ക് നിങ്ങളുടെ വിവരങ്ങളിലേക്ക് പ്രവേശനം ലഭിച്ചിട്ടുണ്ടാവാം. കാലക്രമേണ ഉപയോഗിക്കാത്ത ആപ്പുകൾക്ക് നൽകിയിട്ടുള്ള അനുമതികൾ നീക്കം ചെയ്യുക.

**ഫേസ്ബുക്കിൽ:** Settings & Privacy > Settings > Apps and Websites

**ഇൻസ്റ്റാഗ്രാമിൽ:** Settings and privacy > Apps and websites

**7. യുവ ഉപയോക്താക്കൾക്കുള്ള പുതിയ സുരക്ഷാ ഫീച്ചറുകൾ (ജൂലൈ 2025 അപ്ഡേറ്റ്):** മെറ്റാ അടുത്തിടെ കുട്ടികളെയും കൗമാരക്കാരെയും സംരക്ഷിക്കുന്നതിനായി പുതിയ സുരക്ഷാ ഫീച്ചറുകൾ അവതരിപ്പിച്ചു. സംശയാസ്പദമായ അക്കൗണ്ടുകളെ ബ്ലോക്ക് ചെയ്യാനും റിപ്പോർട്ട് ചെയ്യാനും ഇത് എളുപ്പമാക്കുന്നു. ഇൻസ്റ്റാഗ്രാം അക്കൗണ്ട് എപ്പോഴാണ് നിർമ്മിച്ചതെന്നും അതുപോലെ ഹാക്കർമാരെ തിരിച്ചറിയാനുള്ള സുരക്ഷാ ടിപ്പുകളും കൗമാരക്കാർക്ക് ലഭ്യമാക്കും. കൂടാതെ, കൗമാരക്കാരുടെ അക്കൗണ്ടുകൾക്ക് ഏറ്റവും ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ മെറ്റാ സ്വയമേവ നൽകുന്നുണ്ട്. ഇത് അപകീർത്തികരമായ സന്ദേശങ്ങൾ ഫിൽട്ടർ ചെയ്യാനും അജ്ഞാത അക്കൗണ്ടുകളിൽ നിന്നുള്ള സമ്പർക്കം പരിമിതപ്പെടുത്താനും സഹായിക്കും. സൈബർ സുരക്ഷാ വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്, ഹാക്കർമാർ നിരന്തരം പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനാൽ, ഉപയോക്താക്കൾ പുതിയ സുരക്ഷാ അപ്ഡേറ്റുകളെക്കുറിച്ച് ബോധവാന്മാരായിരിക്കുകയും അവയ്ക്ക് അനുസരിച്ചു മാറ്റങ്ങൾ വരുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണെന്നാണ്. നിങ്ങളുടെ വിവരങ്ങൾ ഓൺലൈനിൽ പങ്കിടുമ്പോൾ അതീവ ജാഗ്രത പുലർത്തുക. ഒരു അക്കൗണ്ട് ഹാക്ക് ചെയ്യപ്പെട്ടാൽ, ഉടൻ തന്നെ പാസ്‌വേഡ് മാറ്റുകയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിനെ വിവരമറിയിക്കുകയും ചെയ്യുക.

ഓരോ ഉപയോക്താവും സ്വന്തം അക്കൗണ്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലൂടെ, നമുക്ക് കൂടുതൽ സുരക്ഷിതമായ ഒരു ഓൺലൈൻ ലോകം കെട്ടിപ്പടുക്കാൻ സാധിക്കും.




◗ റോബിൻസ് ആന്റണി

## ലെബനനനുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസ്:

# സ്വിറ്റ്സർലൻഡ് എച്ച്എസ്ബിസി ബ്രാഞ്ചിനെതിരെ അന്വേഷണം

ന്യൂയോർക്ക്: ലെബനനനുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ സ്വിറ്റ്സർലൻഡ് എച്ച്എസ്ബിസി ബ്രാഞ്ചിനെതിരെ അന്വേഷണം. ലെബനൻ സെൻട്രൽ ബാങ്കുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ സംബന്ധിച്ച് ബാങ്കിന്റെ സ്വിസ് സ്വകാര്യ ബാങ്കിംഗ് വിഭാഗത്തെക്കുറിച്ച് അന്വേഷണം നടത്തിവരികയാണെന്ന് സ്വിസ് അറ്റോർണി ജനറലിന്റെ ഓഫീസ് അറിയിച്ചു.ലെബനന്റെ മുൻ സെൻട്രൽ ബാങ്കിന്റെ മേധാവി കോടിക്കണക്കിന് ഡോളർ തട്ടിയെടുത്തതായി ആരോപിക്കപ്പെടുന്ന കള്ളപ്പണം വെളുപ്പിക്കൽ സംബന്ധിച്ച സ്വിസ് അന്വേഷണത്തിന്റെ കേന്ദ്രബിന്ദുവാണ് എച്ച്എസ്ബിസി ഹോൾഡിംഗ്സ് പിഎൽസിയുടെ സ്വിസ് സ്വകാര്യ ബാങ്ക് എന്നാണ് റിപ്പോർട്ട്. കേസുമായി ബന്ധപ്പെട്ട് എച്ച്എസ്ബിസി പ്രൈവറ്റ് ബാങ്ക് (സൂയിസ്) എസ്എ, പേര് വെളിപ്പെടുത്താത്ത ഒരു വ്യക്തി, മറ്റ് നാല് അജ്ഞാത വ്യക്തിക ൾ എന്നിവർക്കെതിരെ സ്വിസ് ഫെഡറൽ പ്രോസിക്യൂട്ടർമാർ ജനുവരിയിൽ അന്വേഷണം ആരംഭിച്ചതായി ബുധനാഴ്ച ഒരു പ്രസ്താവനയിൽ പറഞ്ഞു. 2020 മുതൽ, ലെബനന്റെ മുൻ സെൻട്രൽ ബാങ്ക് ഗവർണറായിരുന്ന റിയാദ് സലാമയെ ചുറ്റിപ്പറ്റിയുള്ള കേസ് സ്വിസ് പ്രോസിക്യൂട്ടർമാർ അന്വേഷിച്ചുവരികയാണ്. കഴിഞ്ഞ വർഷം പൊതു ഫണ്ട് ദുരുപയോഗം ചെയ്യുക, വ്യാജരേഖ ചമയ്ക്കുക, നിയമവിരുദ്ധ ഇടപെടൽ, കള്ളപ്പണം വെളുപ്പിക്കൽ എന്നീ കുറ്റങ്ങളാണ് ഇാൾക്കെതിരെ ചുമത്തിയിരിക്കുന്നത്. സലാമ മൂന്ന് പതിറ്റാണ്ടോളം ലെബനന്റെ സെൻട്രൽ ബാങ്കിന്റെ തലവനായിരുന്നു. തുടർന്ന് സ്ഥാനമൊഴിഞ്ഞു. യുഎസും യുകെയും അദ്ദേഹത്തിന് ഉപരോധം ഏർപ്പെടുത്തിയിട്ടുണ്ട്. യുഎസ് ട്രഷറി അദ്ദേഹം തന്റെ അധികാര സ്ഥാനം ദുരുപയോഗം ചെയ്ത് തന്നെയും കൂട്ടാളികളെയും സമ്പന്നരാക്കിയെന്ന് ആരോപിച്ചു. സലാമ തനിക്കെതിരായ ആരോപണങ്ങൾ പലതവണ നിഷേധിച്ചിട്ടുണ്ട്, കൂടാതെ മുൻ ധനകാര്യ കരിയറിൽ തന്റെ സമ്പത്ത് സമ്പാദിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. കള്ളപ്പണം വെളുപ്പിക്കൽ കേസിൽ സ്വിസ്, ഫ്രഞ്ച് നിയമ നിർവ്വഹണ ഏജൻസികൾ അന്വേഷണം നടത്തിവരികയാണെന്ന് ബുധനാഴ്ച നേരത്തെ യുകെ ബാങ്ക് അറിയിച്ചിരുന്നു. അന്വേഷണങ്ങൾ പ്രാരംഭ ഘട്ടത്തിലാണെന്നും രണ്ട് ചരിത്രപരമായ ബാങ്കിംഗ് ബന്ധങ്ങൾ' എന്ന് ബാങ്ക് പറഞ്ഞതുമായി ബന്ധപ്പെട്ട സാധ്യമായ കുറ്റകൃത്യങ്ങൾ അധികൃതർ പരിശോധിച്ചുവരികയാണെന്നും ഒരു പ്രസ്താവനയിൽ പറയുന്നു. സ്ഥാപനത്തിൽ ഉണ്ടാകാവുന്ന ആഘാതം ഗണ്യമായിരിക്കുമെന്ന് എച്ച്എസ്ബിസി മുന്നറിയിപ്പ് നൽകി.രാഷ്ട്രീയക്കാരുടെ ഉടമസ്ഥതയിലുള്ള ഉയർന്ന അപകടസാധ്യതയുള്ള അക്കൗണ്ടുകളിൽ എച്ച്എസ്ബിസിയുടെ സ്വകാര്യ ബാങ്ക് മതിയായ പരിശോധനകൾ നടത്തുന്നതിൽ പരാജയപ്പെട്ടതായി സ്വിറ്റ്സർലൻഡിന്റെ സാമ്പത്തിക നിയന്ത്രണ ഏജൻസി കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്നു. 2002 നും 2015 നും ഇടയിൽ നടത്തിയ മൊത്തം 300 മില്യൺ ഡോളറിലധികം ഇടപാടുകളുമായി ബന്ധപ്പെട്ട ഗുരുതരമായ നിയമ ലംഘനങ്ങൾ കണ്ടെത്തിയതായി ഫിൻമ അന്ന് വ്യക്തമാക്കിയിരുന്നു.




## സെക്കോണമിയെ ഏറ്റെടുക്കാൻ ചൈനയിലെ ഇ കോം ഭീമൻ ജെഡി.കോം




ഡ്യൂസെൽഡോർഫ്: ജർമ്മൻ ഇലക്ട്രോണിക്സ് റീട്ടെയിലറായ സെക്കോണമിയെ 2.5 ബില്യൺ ഡോളറിന് ഏറ്റെടുക്കാൻ ചൈനയിലെ ഇ കോം ഭീമൻ ജെഡി.കോം.അടുത്ത വർഷം ആദ്യ പകുതിയിൽ കരാർ പൂർത്തിയാകുമെന്ന് സെക്കോണമിയുടെ സിഇഒ പറഞ്ഞു.ബുധനാഴ്ച പ്രഖ്യാപിച്ച ഈ കരാർ, അലിബാബയും ആമസോണുമായി മത്സരിക്കുന്ന ചൈനയിലെ ഏറ്റവും വലിയ ഓൺലൈൻ റീട്ടെയിലർമാരിൽ ഒന്നായ ജെഡി.കോമിന് തങ്ങളുടെ ബിസ്സിനസ് ചൈനയ്ക്ക് പുറത്തേക്ക് വികസിപ്പിക്കാൻ ഇത് സഹായിക്കും. സിക്കണോമിയുടെ ബ്രാൻഡുകളും ആസ്ഥാനവും മാറില്ല. സെക്കോണമിയുടെ മീഡിയമാർക്ക്, സാറ്റേൺ ബ്രാൻഡുകൾ ജെഡി.കോമിന് യൂറോപ്പിലെ ഏറ്റവും വലിയ ഇലക്ട്രോണിക് സാധനങ്ങളുടെ ഓൺലൈൻ ഷോപ്പുകളിൽ ഒന്നിലേക്കും നിരവധി യൂറോപ്യൻ രാജ്യങ്ങളിലെ ഏകദേശം 1,000 സ്റ്റോറുകളുടെ ശൃംഖലയിലേക്കും പ്രവേശനം നൽകും. രണ്ട് ശൃംഖലകളിലും ഏകദേശം 50,000 പേർ ജോലി ചെയ്യുന്നു.

## പ്രധാന പലിശ നിരക്കിൽ മാറ്റം വരുത്താതെ യുഎഇ സെൻട്രൽ ബാങ്ക്



ദുബായ്: ഓവർനൈറ്റ് ഡെപ്പോസിറ്റ് ഫെസിലിറ്റി (ഒഡിഎഫ്) യുടെ അടിസ്ഥാന നിരക്ക് 4.40 ശതമാനമായി നിലനിർത്താൻ യുഎഇ സെൻട്രൽ ബാങ്ക് (സിബിയുഎഇ).റിസർവ് ബാലൻസുകളുടെ പലിശ നിരക്ക് (ഐഒആർബി) മാറ്റമില്ലാതെ നിലനിർത്താനുള്ള യുഎസ് ഫെഡറൽ റിസർവിന്റെ പ്രഖ്യാപനത്തെ തുടർന്നാണ് ഈ തീരുമാനം.തീരുമാനത്തിന് മുന്നോടിയായി, സെൻട്രൽ ബാങ്കുകൾ അതിന്റെ ബെഞ്ച്മാർക്ക് നിരക്ക് സ്ഥിരമായി നിലനിർത്തുമെന്ന് പ്രതീക്ഷിച്ചിരുന്നു, എന്നാൽ സെപ്റ്റംബർ യോഗത്തോടെ ഫെഡ് നിരക്കുകൾ കുറയ്ക്കാൻ നല്ല സമയമായിരിക്കുമെന്ന് വിദഗ്ധർ പറയുന്നു.'സിബിയുഎഇയിൽ നിന്ന് ഹ്രസ്വകാല ലിക്വിഡിറ്റി കടമെടുക്കുന്നതിന് ബാധകമായ പലിശ നിരക്ക് എല്ലാ സ്റ്റാൻഡിംഗ് ക്രെഡിറ്റ് സൗകര്യങ്ങൾക്കും അടിസ്ഥാന നിരക്കിനേക്കാൾ 50 ബേസിസ് പോയിന്റുകൾ കൂടുതലായി നിലനിർത്താനും സിബിയുഎഇ തീരുമാനിച്ചു,' സുപ്രീം ബാങ്ക് ഒരു പ്രസ്താവനയിൽ പറഞ്ഞു.

## എഐ അല്ല അതിനപ്പുറം ചാടിക്കടക്കാൻ കെൽപ്പുള്ളതാണ്

# ഈ അഞ്ച് മേഖലകൾ, കാരണം അറിയാം?

എല്ലാ മേഖലയിലും എഐയുടെ സ്വാധീനം ശക്തമായി മാറുന്ന കാലഘട്ടമാണ് ഇത്. പല കമ്പനികളും എഐ മുന്നിൽ കണ്ട് ജീവനക്കാരെ വെട്ടികുറയ്ക്കുകയും തൊഴിലവസരങ്ങൾ ഇല്ലാതാക്കുകയും ഹയറിംഗ് നടപടികൾ നിർത്തിവയ്ക്കുകയും ചെയ്യുന്ന കാഴ്ചയാണ് ഇപ്പോൾ ഉള്ളത്. ഇക്കാര്യത്തിൽ ഏറ്റവും വലിയ തിരിച്ചടി ഏൽക്കേണ്ടി വരുന്നത് ഐടി മേഖലയിലെ ജീവനക്കാർക്കാണ്. കാരണം ഇതുൾപ്പെട്ടെ മേഖല കൂടിയാണ് എഐ സംവിധാനങ്ങളിൽ ഗവേഷണം നടത്തുന്നതും അവയെ പരിചയപ്പെടുത്തുന്നതും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഐടി മേഖലയിലെ ജീവനക്കാർക്ക് ആശങ്ക സൃഷ്ടിക്കുന്നു എന്നത് വാസ്തവമാണ്.എന്നാൽ ഈ സാഹചര്യത്തിലും, അഞ്ച് തരം ഐടി ജോലികൾക്ക് എഐ ഭീഷണിയില്ലെന്ന് വിദഗ്ധർ പറയുന്നു. സൈബർ സെക്യൂരിറ്റി എഞ്ചിനീയർമാരാണ് ഈ പട്ടികയിലെ ആദ്യത്തെ വിഭാഗം. ഈ രംഗത്ത് എഐയുടെ സാധ്യതകൾ വിലയിരുത്തുന്നുണ്ടെങ്കിലും, പ്രശ്നപരിഹാരത്തിന് മനുഷ്യരുടെ അനുഭവപരിജ്ഞാനം അനിവാര്യമാണെന്നാണ് വലിയൊരു വിഭാഗം ആളുകളും വിദഗ്ധരും ചൂണ്ടിക്കാട്ടുന്നത്.എംബഡ്ഡഡ് സിസ്റ്റംസ് എഞ്ചിനീയർമാരും സുരക്ഷിത മേഖലയിലാണെന്ന് വിലയിരുത്തപ്പെടുന്നു. ഇന്റർനെറ്റ് ഓഫ് തിംഗ്സ് (ക്വീo), ഓട്ടോമോട്ടീവ്, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ തുടങ്ങിയ മേഖലകളിൽ എംബഡ്ഡഡ് സിസ്റ്റംസ് എഞ്ചിനീയർമാർക്ക് വലിയ ഡിമാൻഡുണ്ട്. ഈ മേഖലകളിൽ മനുഷ്യ വിഭവശേഷി ഒഴിച്ചുകൂടാനാവാത്തതാണ്.റോബോട്ടിക് എഞ്ചിനീയർമാർക്കും അടുത്ത ദശകത്തിൽ മികച്ച സാധ്യതകളുള്ള വിഭാഗമാണ്. അതിനാൽ അവർക്കും ആശങ്ക വേണ്ടെന്ന് വിദ്ഗധർ പറയുന്നു. ക്വാണ്ടം കമ്പ്യൂട്ടിംഗിൽ താൽപ്പര്യമുള്ളവർക്ക് ഈ രംഗത്ത് തിളങ്ങാനാകും. ഇവിടെ, സർഗ്ഗാത്മകതയും പുതിയ കണ്ടുപിടുത്തങ്ങളും ആവശ്യമാണ്, ഇത് എഐക്ക് പൂർണ്ണമായി നിറവേറ്റാൻ കഴിയില്ല.ഡെവലപ്മെന്റ് ഓപ്പറേഷൻ എഞ്ചിനീയർമാർക്കും എഐ മൂലം ദോഷകരമായ സാഹചര്യങ്ങൾ ഉണ്ടാകില്ല. അതിനാൽ, സൈബർ സെക്യൂരിറ്റി, എംബഡ്ഡഡ് സിസ്റ്റംസ്, ഡെവലപ്മെന്റ് ഓപ്പറേഷൻസ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, റോബോട്ടിക് എഞ്ചിനീയർമാർ തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് നിലവിൽ ഭയപ്പെടേണ്ടതില്ലെന്ന വിലയിരുത്തലിലാണ് വിദഗ്ധർ.അതിനാൽ തന്നെ ഭാവിയിൽ ഐടി മേഖല തിരഞ്ഞെടുക്കുന്നവർ ഈ വിഭാഗങ്ങളെ കൂടുതലായി ആശ്രയിക്കാൻ തുടങ്ങുന്നതാവും നല്ലത്. കോഡിംഗ് ഉൾപ്പെടെയുള്ള സകല മേഖലകളും എഐ കൈകാര്യം ചെയ്തു തുടങ്ങിയിട്ടുണ്ട്. വമ്പൻ കമ്പനികൾ വലിയൊരു ശതമാനം ജീവനക്കാരെ പിടിച്ചുവിടുകയും ചെയ്യുന്ന സാഹചര്യത്തിൽ കളമറിഞ്ഞ് കളിക്കുകയേ നിവൃത്തിയുള്ളൂ.



# എയർ ട്രാഫിക് കൺട്രോൾ തടസ്സം: യു.കെയിൽ റദ്ദാക്കിയത് 150 ലധികം വിമാനങ്ങൾ

## സംവിധാനങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമായെന്ന് നാറ്റ്സ്

ലണ്ടൻ: 20 മിനിറ്റ് നീണ്ടുനിന്ന എയർ ട്രാഫിക് കൺട്രോൾ തടസ്സം മൂലം യുകെയിലുടനീളം വിമാനങ്ങൾ നിലത്തിറക്കുകയും ടേക്ക് ഓഫുകൾ താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു. ഇതേത്തുടർന്ന് 150-ലധികം വിമാനങ്ങൾ റദ്ദാക്കിയതായാണ് വിവരം.അതേസമയം എയർ ട്രാഫിക് കൺട്രോൾ ദാതാവായ നാറ്റ്സ് തങ്ങളുടെ സംവിധാനങ്ങൾ വീണ്ടും പൂർണ്ണമായും പ്രവർത്തനക്ഷമമാണെന്നും വ്യോമഗതാഗത ശേഷി സാധാരണ നിലയിലേക്ക് മടങ്ങുകയാണെന്നും പറഞ്ഞു. എന്നാൽ തടസ്സത്തെത്തുടർന്ന് പല സർവീസുകളും വൈകി.''ഇത് റഡാറുമായി ബന്ധപ്പെട്ട ഒരു പ്രശ്നമായിരുന്നു, സുരക്ഷ ഉറപ്പാക്കാൻ ഞങ്ങൾ ട്രാഫിക് കുറച്ച സമയത്ത് ബാക്കപ്പ് സിസ്റ്റത്തിലേക്ക് വേഗത്തിൽ മാറിയതിലൂടെ ഇത് പരിഹരിച്ചു.''- നാറ്റ്സ് പറഞ്ഞു. ഇത് സൈബർ പ്രതിസന്ധിയുമായി ബന്ധപ്പെട്ടതാണെന്നതിന് തെളിവുകളൊന്നുമില്ലെന്നും കൂട്ടിച്ചേർത്തു.ബുധനാഴ്ച യു.കെ വിമാനത്താവളങ്ങളിലായി 84 പുറപ്പെടലുകളും 71 എത്തിച്ചേരലുകളും റദ്ദാക്കിയതായി ഫ്ളൈറ്റ് വിശകലന വിദഗ്ധരായ സിറിയം പറഞ്ഞു. ആകെ 155 എണ്ണം റദ്ദാക്കിയതായി ബിബിസി റിപ്പോർട്ട് ചെയ്തു. ഇതിൽ ഭൂരിഭാഗവും ലണ്ടൻ ഹീത്രോയിലായിരുന്നു, ആകെ 29 പുറപ്പെടലുകളും 17 എത്തിച്ചേരലുകളും റദ്ദാക്കി.

വിമാനങ്ങൾ വഴിതിരിച്ചുവിട്ടതിനെത്തുടർന്ന് ആയിരക്കണക്കിന് യാത്രക്കാരാണ് യൂറോപ്പിലുടനീളം കുടുങ്ങിക്കിടക്കുന്നത്. ചിലർ അവരുടെ പുറപ്പെടൽ നഗരങ്ങളിലേക്ക് മടങ്ങുന്നു. ഗാറ്റ്വിക്ക്, ബർമിംഗ്ഹാം, എഡിൻബർഗ്, ഹീത്രോ, മാഞ്ചസ്റ്റർ തുടങ്ങി വിമാനത്താവളങ്ങളിലെ വിമാന തടസം മണിക്കൂറുകളോളം നീണ്ടുനിൽക്കും. യുകെയിലുടനീളം 20 മിനിറ്റ് എയർ ട്രാഫിക് കൺട്രോൾ തടസ്സം മൂലം വിമാനങ്ങൾ നിലത്തിറക്കുകയും ടേക്ക് ഓഫുകൾ നിർത്തിവയ്ക്കുകയും ചെയ്തതിനെത്തുടർന്ന് വിമാന തടസ്സം മണിക്കൂറുകളോളം നീണ്ടുനിൽക്കുമെന്നാണ് വിലയിരുത്തൽ. എയർ ട്രാഫിക് കൺട്രോൾ ദാതാവായ നാറ്റ്സ് തങ്ങളുടെ സംവിധാനങ്ങൾ വീണ്ടും പൂർണ്ണമായും പ്രവർത്തനക്ഷമമാണെന്നും വിമാന




ഗതാഗത ശേഷി സാധാരണ നിലയിലേക്ക് മടങ്ങുകയാണെന്നും പറഞ്ഞു. എന്നാൽ തടസ്സത്തെത്തുടർന്ന് വിമാനങ്ങളുടെ ബാക്ക്ലോഗ് ഉണ്ടെന്നും പറഞ്ഞു.''എല്ലാ വിമാനത്താവളങ്ങളിലെയും പുറപ്പെടലുകൾ പുനരാരംഭിച്ചു, ബാക്ക്ലോഗ് സുരക്ഷിതമായി പരിഹരിക്കാൻ ഞങ്ങൾ ബാധിച്ച എയർലൈനുകളുമായും വിമാനത്താവളങ്ങളുമായും പ്രവർത്തിക്കുന്നു. ഈ പ്രശ്നം ബാധിച്ച എല്ലാവരോടും ഞങ്ങൾ ക്ഷമ ചോദിക്കുന്നു,'' കമ്പനി വ്യക്തമാക്കി.

# സ്വീഡിഷ് തടവുകാരെ കാത്തിരിക്കുന്ന ജയിൽ സെല്ലുകൾ പ്രദർശിപ്പിച്ച് എസ്റ്റോണിയ



എസ്റ്റോണിയ: അടുത്ത വർഷം അവസാനം മുതൽ 600 തടവുകാരെ വരെ അയയ്ക്കുന്നതിനുള്ള സ്വീഡനുമായുള്ള നിർദ്ദിഷ്ട കരാർ എങ്ങനെ നടപ്പിലാക്കുമെന്ന് ഉദ്യോഗസ്ഥർ വിശദീകരിച്ചപ്പോൾ, ബുധനാഴ്ച എസ്റ്റോണിയ അതിന്റെ ടാർട്ടസ് ജയിലിലെ നിരവധി ഒഴിഞ്ഞ സെല്ലുകളിൽ ചിലത് പ്രദർശിപ്പിച്ചു.ഇരു രാജ്യങ്ങളുടെയും പാർലമെന്റ് ഇതുവരെ അംഗീകരിച്ചിട്ടില്ലാത്ത അന്തർ-സർക്കാർ കരാർ, ജയിൽ തിരക്ക് പരിഹരിക്കുന്നതിനുള്ള ലോകമെമ്പാടുമുള്ള നിരവധി പദ്ധതികളിൽ ഒന്നാണിത്. ഈ മാസം പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ട് അനുസരിച്ച് യൂറോപ്യൻ രാജ്യങ്ങളിൽ മൂന്നിലൊന്ന് ഭാഗത്തെ നിർണായക വെല്ലുവിളിയാണിത്.ടാർട്ടു ജയിലിലെ 933 സ്ഥലങ്ങളിൽ ഏകദേശം 600 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. 2002 ൽ പൂർത്തിയാക്കിയ സൗകര്യം ഉദ്യോഗസ്ഥർ മാധ്യമപ്രവർത്തകർക്ക് കാണിച്ചുകൊടുത്തു. എസ്റ്റോണിയയിലെ ഒരു തടവുകാരന് സ്വീഡൻ പ്രതിമാസം 8,500 യൂറോ നൽകും, സ്വീഡനയിൽ പ്രതിമാസം ശരാശരി 11,500 യൂറോ ലാഭിക്കാം.


ടാർട്ടുവിലേക്ക് അയയ്ക്കാൻ തിരഞ്ഞെടുക്കപ്പെടുന്ന തടവുകാരുടെ ചെക്കുകൾ എസ്റ്റോണിയ സ്വന്തമായി നടത്തുമെന്നും തടവുകാരെ തിരിച്ചയക്കാനുള്ള അവകാശം അവർക്കുണ്ടെന്നും എസ്റ്റോണിയൻ ജയിൽ ആൻഡ് പ്രൊബേഷൻ സർവീസ് മേധാവി റൈറ്റ് കുസെ പറഞ്ഞു. തീവ്രവാദത്തിൽ ഉറച്ചുനിൽക്കുന്ന സംഘടിത കുറ്റകൃത്യ ശൃംഖലകളിലെ പ്രവർത്തകരെ തങ്ങൾ സ്വീകരിക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു.തലസ്ഥാനമായ ടാലിന് ശേഷം എസ്റ്റോണിയയിലെ രണ്ടാമത്തെ വലിയ നഗരമായ ടാർട്ടുവിലെ ചില ആളുകൾ ഈ പദ്ധതി തൊഴിലവസരങ്ങളിലും സമ്പദ്വ്യവസ്ഥയ്ക്ക് ഉത്തേജനവും നൽകുമെന്ന് വിശ്വസിക്കുന്നു. ചില തടവുകാരെ ട്രാൻസ്ഫറിൽ നിന്ന് ഒഴിവാക്കുമെന്ന് സ്വീഡനിലെ ജയിൽ ആൻഡ് പ്രൊബേഷൻ സർവീസിലെ അന്താരാഷ്ട്ര കാര്യങ്ങളുടെ ഓഫീസ് മേധാവി മാർട്ടിൻ ഗില്ല റോയിട്ടേഴ്സിനോട് പറഞ്ഞു.മെയ് മാസത്തിൽ 141% ജയിൽ ഒക്യുപൻസി നിരക്ക് ഉണ്ടായിരുന്ന സ്വീഡൻ ശേഷി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും ജയിൽ ബാർജുകൾ പോലുള്ള ഓപ്ഷനുകൾ പരിഗണിച്ചിട്ടുണ്ടെന്നും ഗില്ല പറഞ്ഞു. ടാർട്ടുവിൽ, ജയിൽ ഉൾവശം തിളക്കമുള്ള മഞ്ഞ, വയലറ്റ് നിറങ്ങളിൽ വരച്ചിരുന്നു, തടി ഫർണിച്ചറുകളും ബങ്ക് ബെഡുകളും ഉണ്ടായിരുന്നു. കലാ, സംഗീത മുറികൾ ഉണ്ടായിരുന്നു, തടവുകാർക്ക് വീട്ടിൽ കുടുംബാംഗങ്ങളെ വീഡിയോ കോളിംഗ് ചെയ്യുന്നതിനായി ടാബ്ലെറ്റുകൾ ലഭ്യമാകുമെന്ന് ന്യൂസ് പറഞ്ഞു. അതേസമയം പുനരധിവാസ പരിപാടികൾ, കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും സന്ദർശനവുമായി ബന്ധപ്പെട്ട വെല്ലുവിളികൾ, മതം ആചരിക്കാനുള്ള അവകാശം ഉറപ്പാക്കൽ എന്നിവ ഇപ്പോഴും പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളിൽ ഉൾപ്പെടുന്നു.

## വില 6.4 ബില്യൺ ഡോളർ: ഷ്നൈഡർ ഇലക്ട്രിക് ഇന്ത്യയുടെ പൂർണ ഉടമസ്ഥാവകാശം 6.4 ബില്യൺ ഡോളറിന് ഏറ്റെടുക്കും




ഫ്രാൻസ്: ഫ്രഞ്ച് ഇലക്ട്രിക്കൽ ഉപകരണ നിർമ്മാതാക്കളായ ഷ്നൈഡർ ഇന്ത്യൻ സംയുക്ത സംരംഭത്തിലെ 35% ഓഹരികൾ 5.5 ബില്യൺ യൂറോയ്ക്ക് (6.4 ബില്യൺ ഡോളർ) വാങ്ങാൻ സമ്മതിച്ചതായി ബുധനാഴ്ച വ്യക്തമാക്കി. ഡാറ്റാ സെന്ററുകൾക്കായുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും പ്രധാന വിതരണക്കാരായ ഷ്നൈഡർ, ഇലക്ട്രിക് ഇന്ത്യയുടെ പൂർണ ഉടമസ്ഥാവകാശം അതിന്റെ മൂന്നാമത്തെ വലിയ വിപണി സംബന്ധിച്ച തീരുമാനം വേഗത്തിലാക്കുമെന്ന് വ്യക്തമാക്കി.സമീപ വർഷങ്ങളിൽ കമ്പനി ഇന്ത്യയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. 31 ഫാക്ടറികളും അത്രയും വിതരണ കേന്ദ്രങ്ങളുമുള്ള അതിന്റെ നാല് ആഗോള കേന്ദ്രങ്ങളിൽ ഒന്നാണ് ഈ രാജ്യം. ഷ്നൈഡർ 2020 ൽ ഇന്ത്യൻ ഇൻഫ്രാസ്ട്രക്ചർ സ്ഥാപനമായ എൽ & ടിയിൽ നിന്ന് ബിസിനസിന്റെ 65% വാങ്ങിയിരുന്നു.

## ഇറാനിയൻ കപ്പൽ ശൃംഖലയ്ക്ക് ഉപരോധവുമായി യുഎസ്



വാഷിംഗ്ടൺ: ടെഹ്റാനിലെ പ്രധാന ആണവ കേന്ദ്രങ്ങളിൽ ബോംബാക്രമണം നടത്തിയതിന് പിന്നാലെ ഇറാനുമായി ബന്ധപ്പെട്ട 115-ലധികം വ്യക്തികൾ, സ്ഥാപനങ്ങൾ, കപ്പലുകൾ എന്നിവയ്ക്കെതിരെ ഉപരോധങ്ങൾ പ്രഖ്യാപിച്ചു യുഎസ് ട്രഷറി വകുപ്പ്.പരമോന്നത നേതാവ് ആയത്തുള്ള അലി ഖമേനിയുടെ ഉപദേഷ്ടാവായ അലി ഷംഖാനിയുടെ മകൻ മുഹമ്മദ് ഹൊസൈൻ ഷംഖാനിയുടെ ഷിപ്പിംഗ് കമ്പനികളെയാണ് ഉപരോധങ്ങൾ പ്രധാനമായും ലക്ഷ്യമിടുന്നത്. 2018 ന് ശേഷം ഇറാന് മേൽ ചുമത്തുന്ന ഏറ്റവും വലിയ ഉപരോധ നടപടിയാണിതെന്ന് യുഎസ് ട്രഷറി പറഞ്ഞു.ടെഹ്റാനിൽ വ്യക്തിപരമായ ബന്ധങ്ങളും അഴിമതിയും ഉപയോഗിച്ച് കോടിക്കണക്കിന് ഡോളർ ലാഭമുണ്ടാക്കാൻ ഷംഖാനി ശ്രമിച്ചതായി ട്രഷറി ആരോപിച്ചു. ഇതിൽ ഭൂരിഭാഗവും ഇറാനിയൻ ഭരണകൂടത്തെ പിന്തുണയ്ക്കാനാണ് ഉപയോഗിക്കുന്നത്. 15 ഷിപ്പിംഗ് സ്ഥാപനങ്ങൾ, 52 കപ്പലുകൾ, 12 വ്യക്തികൾ, 53 സ്ഥാപനങ്ങൾ എന്നിവയെയാണ് പുതിയ ഉപരോധങ്ങൾ ലക്ഷ്യമിടുന്നത്. ജൂലൈയിൽ ആദ്യം യൂറോപ്യൻ യൂണിയൻ ഷംഖാനിക്ക് ഉപരോധം ഏർപ്പെടുത്തിയിരുന്നു.

*In Loving Memory*



# JABULA SAMUEL (77)

Woodridge, IL (Kottarathil Chengannur, Kerala)

**July 27, 2025**

| Wake Service: | Funeral Service: |
| --- | --- |
| Friday, August 1, 2025, 5:00-9:00 pm | Saturday, August 2, 2025, 9:00-11:30 am |
| St. Thomas Mar Thoma Church, Lombard, IL | St. Thomas Mar Thoma Church, Lombard, IL |

*With Prayers,*

*Husband:* **Kottarathil Samuel**

*Children:* **Susan Mathew** (Tom Mathew)

*Grandchildren:* **Sophie, Thomas, and Ephrem**